12
ഫെബ്രുവരി 2019 ചൊവ്വ
1194 മകരം 29
തിരുവനന്തപുരം

# കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU www.keralakaumudi.com www.facebook.com/keralakaumudi

## ഒറ്റനോട്ടം



പ്രചാരണം നയിക്കാൻ കെ.പി.സി.സിക്ക് അഞ്ച് ഉപസമിതി
പേജ് 7



തലസ്ഥാനത്ത് ഞാൻ പാർട്ടി സ്ഥാനാർത്ഥി: പി.പി. മുകുന്ദൻ
പേജ് 7



മന്ത്രി ബാലൻ വഴിവിട്ട നിയമനം നടത്തിയെന്ന്
പേജ് 7



യു.പിയിൽ കോൺഗ്രസ് പ്രചാരണ രഥപ്രയാണം
പേജ് 9



## ആറ്റുകാൽ ഉത്സവം ഇന്ന് തുടങ്ങും

തിരുവനന്തപുരം: ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ പൊങ്കാല മഹോത്സവത്തിന് ഇന്ന് തുടക്കം. രാത്രി 10.20ന് തോറ്റംപാട്ട് പാടി കാപ്പ് കെട്ടി ദേവിയെ കുടിയിരുത്തുന്നതോടെ 10 ദിവസം നീണ്ടുനിൽക്കുന്ന ഉത്സവത്തിന് തുടക്കമാകും. 20നാണ് പൊങ്കാല. ഒരുക്കങ്ങൾ വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉച്ചകഴിഞ്ഞ് 3.30ന് ആറ്റുകാലെത്തും. അംബ, അംബിക, അംബാലിക ആഡിറ്റോറിയങ്ങളിൽ നടക്കുന്ന കലാപരിപാടികളുടെ ഉദ്ഘാടനം വൈകിട്ട് 6.30ന് നടൻ മമ്മൂട്ടി നിർവഹിക്കും.

ക്ഷേത്രനടയിൽ രണ്ട് ലക്ഷം പേർക്ക് പൊങ്കാലയിടാനുള്ള സൗകര്യമുണ്ടാവും. കൂടുതൽ പ്രദേശങ്ങളിൽ പൊങ്കാലയിടാൻ സൗകര്യം ഒരുക്കും. 40 ലക്ഷം ഭക്തർ പൊങ്കാലയ്ക്കെത്തുമെന്നാണ് കരുതുന്നത്.

## തലവര

പശുവിൽ നിന്നെടുക്കുന്ന പാലിന്റെ കടം നമുക്ക് തീർക്കാനാവില്ല - പ്രധാനമന്ത്രി



പാലും തേനുമൊഴുക്കുമെന്ന് പറഞ്ഞെടുത്ത വോട്ടിന്റെ കടം എഴുതിത്തള്ളാം



അഡിഷണൽ അഡ്വക്കേറ്റ് ജനറലുമായി കൂടിക്കാഴ്ചയ്ക്ക് ശേഷം ഹൈക്കോടതിയിൽ നിന്ന് പുറത്തേക്കിറങ്ങിയ ദേവികുളം സബ് കളക്ടർ രേണുരാജ്

## സബ് കളക്ടറുടെ റിപ്പോർട്ട്

# മൂന്നാർ പഞ്ചാ. സെക്രട്ടറിക്കെതിരെ കോടതിയലക്ഷ്യ നടപടി വേണം

### എസ്. രാജേന്ദ്രന്റെ സാന്നിദ്ധ്യത്തിൽ നിർമ്മാണം

കൊച്ചി: ഹൈക്കോടതിവിധിലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ മൂന്നാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്യാൻ നടപടി എടുക്കണമെന്നാവശ്യപ്പെട്ട് അഡ്വക്കേറ്റ് ജനറലിന് ദേവികുളം സബ് കളക്ടർ രേണു രാജ് റിപ്പോർട്ട് നൽകി. റവന്യൂ അധികൃതർ തടഞ്ഞിട്ടും എസ്. രാജേന്ദ്രൻ എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ നിർമ്മാണം തുടർന്നെന്നും റിപ്പോർട്ടിലുണ്ട്.

മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിനു കീഴിലുള്ള എട്ട് വില്ലേജുകളിലെ നിർമ്മാണങ്ങൾക്ക് റവന്യൂ അധികൃതരുടെ എൻ.ഒ.സി വേണമെന്ന് 'വൺ എർത്ത് വൺ ലൈഫ്' എന്ന സംഘടനയുടെ ഹർജിയിൽ 2010 ജനവരി 21 ന് ഹൈക്കോടതി വിധിച്ചിരുന്നു. ഇതു പാലിക്കാൻ മൂന്നാർ, പള്ളിവാസൽ, ചിന്നക്കനാൽ, ദേവികുളം എന്നീ പഞ്ചായത്തുകൾക്കു കത്ത് നൽകി. എന്നിട്ടും മൂന്നാർ പഞ്ചായത്തിലെ മൂലക്കട ഭാഗത്ത് മുതിരപ്പുഴയാറിന് സമീപം നിയമവിരുദ്ധ നിർമ്മാണം നടക്കുന്നതായി പരാതിയുണ്ടായി. പഞ്ചായത്ത് സെക്രട്ടറിക്ക് ഫെബ്രുവരി അഞ്ചിന് സ്റ്റോപ്പ് മെമ്മോ നൽകിയ ശേഷവും ഇത് തുടർന്നപ്പോൾ സ്പെഷ്യൽ വില്ലേജ് ഓഫീസറെയും ഭൂസംരക്ഷണ സേനാംഗങ്ങളെയും പരിശോധനയ്ക്ക് നിയോഗിച്ചു. നിർമ്മാണ കരാറുകാരനും പഞ്ചായത്തംഗങ്ങളും ചേർന്ന് ഇവരെ ആക്ഷേപിച്ചു.

ഇതറിഞ്ഞ് ദേവികുളം ഭൂരേഖ തഹസിൽദാർ ഉമാശങ്കറിനെ അയച്ചു. മൂന്നാർ പഞ്ചായത്ത് പ്രസിഡന്റിന്റെയും അംഗങ്ങളുടെയും നേതൃത്വത്തിൽ സ്ത്രീകൾ ഉൾപ്പെടെ സംഘടിച്ചെന്നറിഞ്ഞ് മൂന്നാർ എസ്.ഐയോടു സ്ഥലത്തെത്താൻ നിർദേശിച്ചു. അനധികൃത നിർമ്മാണം നിറുത്താനും ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകാനും ഇമെയിലിലൂടെ ഡിവൈ.എസ്.പിക്ക് നിർദേശം നൽകി. കളക്ടറുടെ നിർദേശാനുസരണം നിർമ്മാണം നിറുത്താൻ പഞ്ചായത്ത് സെക്രട്ടറിയോട് ഫോണിലൂടെയും ആവശ്യപ്പെട്ടിരുന്നു. പക്ഷേ എസ്. രാജേന്ദ്രൻ എം.എൽ.എയുടെ സാന്നിദ്ധ്യത്തിൽ നിർമ്മാണം തുടർന്നെന്നും റിപ്പോർട്ടിൽ പറയുന്നു.

### സബ് കളക്ടർ ഹൈക്കോടതിയെ സമീപിക്കും

കൊച്ചി : മൂന്നാറിലെ അനധികൃത നിർമ്മാണം തടയണമെന്നാവശ്യപ്പെട്ട് ദേവികുളം സബ് കളക്ടർ രേണുരാജ് ഹൈക്കോടതിയിൽ ഇന്ന് ഹർജി നൽകുമെന്ന് സൂചന.

റവന്യൂ അധികൃതരുടെ എൻ.ഒ.സിയില്ലാതെ മൂന്നാറിൽ നിർമ്മാണം പാടില്ലെന്ന ഹൈക്കോടതി വിധി പഞ്ചായത്ത് ലംഘിച്ചെന്ന് ചൂണ്ടിക്കാട്ടിയാവും ഹർജി. ഇതിന്മേൽ കോടതിയലക്ഷ്യ നടപടി സ്വീകരിക്കണോയെന്ന കാര്യം ഹൈക്കോടതി തീരുമാനിക്കട്ടെയെന്ന നിലപാടിലാണ് സർക്കാർ. ഇന്നലെ വൈകുന്നേരം രേണുരാജ് ഹൈക്കോടതിയിലെത്തി അഡിഷണൽ അഡ്വക്കേറ്റ് ജനറൽ രഞ്ജിത്ത് തമ്പാനുമായി രണ്ടു മണിക്കൂറോളം ചർച്ച നടത്തി. തുടർന്നാണ് അനധികൃത നിർമ്മാണം തടയണമെന്ന ആവശ്യവുമായി ഹൈക്കോടതിയെ സമീപിക്കാൻ തീരുമാനിച്ചത്.

രാജേന്ദ്രനെതിരെ നടപടിയെടുക്കും: സി.പി.എം - പേജ് 7

## മരണത്തിന് കീഴടങ്ങും മുമ്പ് കുട്ടികളെ സുരക്ഷിതരാക്കി ഡ്രൈവർ അങ്കിൾ

കൊല്ലം: നെഞ്ചിലെ പ്രാണൻ പിടഞ്ഞ വേദനയിലും പതറാതെ സ്കൂൾബസ് പാതയോരത്ത് ഒതുക്കി അമ്പതോളം കുട്ടികളെ സുരക്ഷിതരാക്കിയ ശേഷം ഡ്രൈവർ മരണത്തിന് കീഴടങ്ങി. തങ്കശേരി മൗണ്ട് കാർമ്മൽ ആംഗ്ലോ ഇന്ത്യൻ സ്കൂളിലെ ഡ്രൈവർ കൊല്ലം തിരുമുല്ലവാരം നന്ദിലത്തുതറയിൽ വി.എസ്. നന്ദകുമാറിനാണ് (49) ഇങ്ങനെയൊരു ജീവിതാന്ത്യം.

അമ്പതോളം കുട്ടികളുമായി സ്കൂളിൽ നിന്ന് പുറപ്പെട്ട ബസ് ഇന്നലെ വൈകിട്ട് 4.10ന് തങ്കശേരി കാവൽ ജംഗ്ഷന് സമീപം എത്തിയപ്പോഴാണ് നന്ദകുമാറിന് നെഞ്ചുവേദന തുടങ്ങിയത്. ബസിന്റെ നിയന്ത്രണം നഷ്ടപ്പെടുത്താതെ പാതയോരത്ത് ഒതുക്കി കുട്ടികളെ സുരക്ഷിതരാക്കിയ ശേഷമാണ് നെഞ്ചുവേദനയുടെ കാര്യം ബസിലെ സഹായിയോട് പറഞ്ഞത്. കുട്ടികളെ സുരക്ഷിതമായി വീടുകളിലെത്തിക്കണമെന്ന് പറഞ്ഞ ശേഷം നന്ദകുമാർ ആട്ടോയിൽ ജില്ലാ ആശുപത്രിയിലേക്ക് പോയി. ജില്ലാ ആശുപത്രിയിൽ ചികിത്സ തുടങ്ങുന്നതിനിടെ മരണം സംഭവിച്ചു. മറ്റൊരു ഡ്രൈവറെ വരുത്തി കുട്ടികളെ സ്കൂൾ അധികൃതർ സുരക്ഷിതമായി വീടുകളിലെത്തിച്ചു.

ഷൈലജയാണ് ഭാര്യ. മകൻ: മിഥുൻ. സംസ്കാരം ഇന്ന് 12ന് നടക്കും.

## ഷുക്കൂർ വധക്കേസിൽ സി.ബി.ഐ കുറ്റപത്രം

# ജയരാജനും രാജേഷിനുമെതിരെ കൊലക്കുറ്റം, ഗൂഢാലോചന

തലശ്ശേരി: ഏറെ കോളിളക്കം സൃഷ്ടിച്ച അരിയിൽ ഷുക്കൂർ വധക്കേസിൽ സി.പി.എമ്മിന്റെ പ്രമുഖ നേതാവും കണ്ണൂർ ജില്ലാ സെക്രട്ടറിയുമായ പി. ജയരാജൻ, പാർട്ടി എം.എൽ.എ ടി.വി. രാജേഷ് എന്നിവർക്കെതിരെ കൊലക്കുറ്റവും വധ ഗൂഢാലോചനയും ചുമത്തി സി.ബി.ഐ തലശേരി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. 302, 120 ബി വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്. 28 മുതൽ 33 വരെയുള്ള പ്രതികൾക്ക് കൊലപാതകത്തിൽ തുല്യപങ്കാണെന്നും സി.ബി.ഐ കണ്ടെത്തി. ജയരാജൻ മുപ്പത്തിരണ്ടാം പ്രതിയും രാജേഷ് മുപ്പത്തിമൂന്നാം പ്രതിയുമാണ്. കേസ് 14ന് കോടതി പരിഗണിക്കും.

മുസ്ലിംലീഗിന്റെ വിദ്യാർത്ഥി വിഭാഗമായ എം.എസ്.എഫിന്റെ പ്രാദേശിക നേതാവായിരുന്ന അബ്ദുൾ ഷുക്കൂറിനെ (24), 2012 ഫെബ്രുവരി 20ന് സി.പി.എം ശക്തികേന്ദ്രമായ ചെറുകുന്ന് കീഴറയിൽ പാർട്ടി പ്രവർത്തകർ തടഞ്ഞുവച്ച് രണ്ടര മണിക്കൂർ വിചാരണയ്ക്കു ശേഷം കുത്തിക്കൊന്നെന്നാണ് കേസ്. ഷുക്കൂറിന്റെ സുഹൃത്ത് സക്കറിയയ്ക്ക് ആക്രമണത്തിൽ മാരക പരിക്കേൽക്കുകയും ചെയ്തു.

പി. ജയരാജനും ടി.വി. രാജേഷും സഞ്ചരിച്ച വാഹനം തളിപ്പറമ്പിന് സമീപം പട്ടുവം അരിയിലിൽ യൂത്ത് ലീഗ് പ്രവർത്തകർ തടഞ്ഞ് ആക്രമിച്ച് മണിക്കൂറുകൾക്കകമായിരുന്നു കൊല. 2016ലാണ് കേസ് സി.ബി.ഐക്ക് വിട്ടത്.

ഷുക്കൂറിനെ സി.പി.എം പ്രവർത്തകർ പിടികൂടിയ വിവരം അറിഞ്ഞിട്ടും കൊല നടത്തുന്നത് തടയാൻ ശ്രമിച്ചില്ലെന്ന കുറ്റമായിരുന്നു ഇരുവർക്കുമെതിരെ 118-ാം വകുപ്പ് പ്രകാരം കേസിന്റെ ആദ്യ ഘട്ടത്തിൽ ചുമത്തിയിരുന്നത്. എന്നാൽ. സി.ബി.ഐയുടെ തുടരന്വേഷണത്തിൽ കൊലക്കുറ്റം ചുമത്തിയിരിക്കുകയാണ്.

സി.ബി.ഐ എസ്.പി. ഹരികുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കുറ്റപത്രം സമർപ്പിച്ചത്. നേരത്തേ എറണാകുളം സി.ബി.എ കോടതിയിൽ സമർപ്പിച്ച കുറ്റപത്രം തലശേരി കോടതിയിലേക്ക് മാറ്റുകയായിരുന്നു.

സുപ്രീംകോടതിയുടെ നിർദ്ദേശത്തിനു പിന്നാലെ മൂന്നു മാസം കൊണ്ട് അന്വേഷണം പൂർത്തിയാക്കിയാണ് സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചത്. വാഹനം ആക്രമിക്കപ്പെട്ടതിനെ തുടർന്ന് ജയരാജനും രാജേഷും ചികിത്സ തേടിയ തളിപ്പറമ്പ് സഹകരണ ആശുപത്രി കേന്ദ്രീകരിച്ച് കൊലപാതക ഗൂഢാലോചന നടന്നെന്ന് കുറ്റപത്രത്തിൽ പറയുന്നു.



കേസ് 14ന് തലശേരി കോടതി പരിഗണിക്കും

### ജയരാജൻ വിചാരണ നേരിടണം

ഷുക്കൂർ വധക്കേസിൽ പി.ജയരാജനെ നേരത്തേ അറസ്റ്റ് ചെയ്തതിനാൽ ഇനി പുതുതായി അറസ്റ്റിന്റെ ആവശ്യമുണ്ടാവില്ലെന്നും വിചാരണ നേരിടേണ്ടി വരുമെന്നും നിയമവിദഗ്ദ്ധർ പറഞ്ഞു. കൊലപാതകം നടക്കുമെന്നറിയാമായിരുന്നിട്ടും തടയാൻ ശ്രമിക്കാത്തതിന് ഇന്ത്യൻ ശിക്ഷാ നിയമം 118 പ്രകാരമാണ് ജയരാജനെ അറസ്റ്റ് ചെയ്തിരുന്നത്. ഇപ്പോൾ കടുത്ത വകുപ്പുകൾ ചുമത്തിയതോടെ ജയരാജനെ കൊലക്കേസിൽ കുട്ടിച്ചേർക്കുകയാണ് സി.ബി.ഐ ചെയ്തത്.



ജയരാജന്റെ ജാമ്യാപേക്ഷ കണ്ണൂർ കോടതി തള്ളിയെങ്കിലും 25,000 രൂപയുടെ സ്വന്തം ജാമ്യവും തുല്യതുകയ്ക്കുള്ള രണ്ട് ആൾ ജാമ്യവും എന്ന ഉപാധിയിൽ ഹൈക്കോടതി ജാമ്യം അനുവദിച്ചിരുന്നു. ഇതിനു ശേഷമാണ് കേസ് സി.ബി.ഐ അന്വേഷിക്കാൻ ഹൈക്കോടതി ഉത്തരവിട്ടത്. കുറ്റപത്രം നൽകിയതിനാൽ ജയരാജൻ കോടതിയിൽ ഹാജരായി നടപടികൾ നേരിടേണ്ടി വരും. ഹാജരായില്ലെങ്കിൽ വാറണ്ട് പുറപ്പെടുവിക്കാൻ സി.ബി.ഐക്ക് അപേക്ഷിക്കാം.

### നിയമ പോരാട്ടം തുടരും: ഷുക്കൂറിന്റെ മാതാവ്

നീതി ലഭിക്കുംവരെ നിയമ പോരാട്ടം തുടരുമെന്ന് ഷുക്കൂറിന്റെ മാതാവ് പി.സി. ആത്തിക്ക പറഞ്ഞു. വിചാരണ സി.ബി.ഐ കോടതിയിൽ തന്നെ നടത്തണമെന്ന് ആവശ്യപ്പെട്ട് വീണ്ടും ഹൈക്കോടതിയെ സമീപിക്കും. എത്ര വൈകിയാലും നീതി ലഭിക്കുമെന്നാണ് ഉറച്ച വിശ്വാസം.



### ടി.വി.രാജേഷിന് പ്രത്യേക കോടതി

കണ്ണൂർ: ഷുക്കൂർ വധക്കേസിൽ ടി.വി. രാജേഷിനെതിരായ കേസ് പരിഗണിക്കുക പ്രത്യേക കോടതിയിലാവും. എം.എൽ.എ, എം.പി തുടങ്ങി ജനപ്രതിനിധികൾ പ്രതികളായ കേസുകൾ വേഗത്തിൽ തീർപ്പാക്കണമെന്ന് സുപ്രീംകോടതി വിധിച്ചിരുന്നു. തുടർന്ന് ജില്ലാതലങ്ങളിൽ പ്രത്യേക കോടതികൾ സ്ഥാപിക്കാനും ധാരണയായിരുന്നു. ഇപ്പോൾ എറണാകുളത്താണ് പ്രത്യേക കോടതിയുള്ളത്. വൈകാതെ മറ്റു ജില്ലകളിലും പ്രത്യേക കോടതികൾ സ്ഥാപിതമാകും.

### ഭാര്യയെയും മകളെയും എയ്ഡ്സ് രോഗികളാക്കി

## അധമനായ ആ പിതാവിന് ജീവിതാന്ത്യം വരെ ജയിൽ

ആലപ്പുഴ: അച്ഛൻ പകർന്നു നൽകിയ എയ്ഡ്സ് രോഗം മൂലം അമ്മയില്ലാതായ പെൺകുട്ടിയെ 12 വയസു മുതൽ ലൈംഗിക പീഡനത്തിനിരയാക്കിവന്ന അധമനായ ആ അച്ഛന് ഇനി ജീവിതാന്ത്യം വരെ ജയിലിൽ കിടക്കാം. അച്ഛനിൽ നിന്ന് മകളും എയ്ഡ്സ് ബാധിതയാണെന്നതാണ് ദയനീയം. ചെങ്ങന്നൂർ സ്വദേശിയായ അമ്പതുകാരനെയാണ് ആലപ്പുഴ അഡിഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജി എസ്.എച്ച്. പഞ്ചാപകേശൻ ശിക്ഷിച്ചത്.

മഹാരാഷ്ട്രയിലെ സ്വകാര്യ കമ്പനിയിൽ ജോലിക്കാരനായിരുന്ന ഇയാളുടെ ഭാര്യ 2012ൽ ആണ് എയ്ഡ്സ് മൂർച്ഛിച്ച് മരണമടഞ്ഞത്. അവിടെ വഴിവിട്ട ജീവിതം നയിച്ചിരുന്ന പ്രതിയാണ് ഭാര്യയ്ക്ക് രോഗം നൽകിയതെന്ന് പരിശോധനകളിൽ നിന്ന് വ്യക്തമായിരുന്നു. അമ്മ ജീവിച്ചിരിക്കെ തന്നെ പെൺകുട്ടിയെ ഇയാൾ ശാരീരികമായി ചൂഷണം ചെയ്തിരുന്നെന്നാണ് കേസ്. 2013ന് ആഗസ്റ്റ് 30 വരെ ഇതു തുടർന്നു. പെൺകുട്ടിയിൽ നിന്ന് വിവരം ലഭിച്ച പ്രദേശവാസിയായ അംഗൻവാടി വർക്കർ കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററെ അറിയിച്ചതോടെയാണ് സംഭവം പുറംലോകം അറിയുന്നത്. കോ-ഓർഡിനേറ്റർ ബന്ധപ്പെട്ടതോടെ, അന്ന് ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി വൈസ് പ്രിൻസിപ്പലായിരുന്ന ഡോ. സൈറു ഫിലിപ്പിന്റെ നേതൃത്വത്തിലുള്ള സംഘം കുട്ടിയുടെ വീട്ടിൽ അന്വേഷണത്തിനെത്തി. പ്രതി ഇവരെ തടഞ്ഞു. ഇതോടെ ചെങ്ങന്നൂർ പൊലീസെത്തി മൊഴി രേഖപ്പെടുത്തിയ ശേഷം അറസ്റ്റ് ചെയ്യുകയായിരുന്നു. അന്നു മുതൽ ജയിലിലാണ് ഇയാൾ. ഇരയായ പെൺകുട്ടി യുടെ സഹോദരൻ ബന്ധുക്കളുടെ സംരക്ഷണയിലാണ്.



### ഇന്ത്യൻ ശിക്ഷാ നിയമം 376

ഇന്ത്യൻ ശിക്ഷാ നിയമം 376, 376 എഫ്.എൻ, ജുവനൈൽ ജസ്റ്റിസ് ആക്ട് 23 വകുപ്പ് പ്രകാരമാണ് ശിക്ഷ. ജീവിതാന്ത്യംവരെ തടവിൽ കഴിയണമെന്ന് വിധി ന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. രണ്ടു ലക്ഷം രൂപ പിഴയൊടുക്കണം. ഇത് പ്രത്യേക പരിചരണത്തിൽ കഴിയുന്ന പെൺകുട്ടിക്ക് നൽകണം. ഒപ്പം കേരള വിക്ടിംസ് കോമ്പൻസേഷൻ റൂൾസ് പ്രകാരമുള്ള സഹായങ്ങൾ ഇരയ്ക്ക് ലഭ്യമാക്കാൻ കോടതി ജില്ലാ ലീഗൽ സർവീസ് അതോറിട്ടിയെ ചുമതലപ്പെടുത്തി. പ്രോസിക്യൂഷനുവേണ്ടി ഗവ. പ്ലീഡറും അഡിഷണൽ പബ്ലിക് പ്രോസിക്യൂട്ടറുമായ സി. വിധു ഹാജരായി.

## സിമെന്റുവില വീണ്ടും കത്തിക്കയറി: രണ്ടാഴ്ച്ചയ്ക്കുള്ളിൽ കൂട്ടിയത് 80 രൂപ

▶ വി. ജയകുമാർ

കോട്ടയം : സിമെന്റ് ബാഗ് ഒന്നിന് ഒറ്റയടിക്ക് അമ്പതു രൂപ കൂട്ടി സാധാരണക്കാരെ പിഴിയുന്ന കമ്പനികൾ വീണ്ടും 30 രൂപ കൂടി വർദ്ധിപ്പിച്ച് പകൽക്കൊള്ള തുടരുന്നു. മറ്റു സംസ്ഥാനങ്ങളിൽ വില കൂടാതിരിക്കെ രണ്ടാഴ്ചയ്ക്കുള്ളിൽ കേരളത്തിൽ മാത്രം 80 രൂപയുടെ വർദ്ധനയാണുണ്ടായത്. വില കുറയ്ക്കാൻ കമ്പനി പ്രതിനിധികളുടെ യോഗം വിളിക്കുമെന്ന് വ്യവസായമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയെങ്കിലും നടപടിയുണ്ടായില്ല. ഫെബ്രുവരി ഒന്നിനായിരുന്നു 50 രൂപ കൂട്ടിയത്. കഴിഞ്ഞ ദിവസം ബാഗ് ഒന്നിന് 30 രൂപ കൂടി കൂട്ടിയെന്ന് കമ്പനികൾ വിതരണക്കാരെ അറിയിച്ചു. 27ന് നിർമ്മാണ മേഖല സ്തംഭിപ്പിച്ചുള്ള ബന്ത് പ്രഖ്യാപിച്ചിരിക്കുകയാണ് സിമെന്റ് ഡീലേഴ്സ് അസോസിയേഷൻ. ഉത്പാദനത്തിൽ കുറവ് വരുത്തി കൃത്രിമക്ഷാമമുണ്ടാക്കി വില കൂട്ടാനുള്ള തന്ത്രമാണ് ദക്ഷിണേന്ത്യൻ സിമെന്റ് കമ്പനികൾ നടത്തുന്നതെന്നാണ് വിവരം. നേരത്തേ കോംപറ്റീഷൻ കമ്മിഷൻ ഒഫ് ഇന്ത്യ കൃത്രിമക്ഷാമമുണ്ടാക്കിയ കമ്പനികൾക്ക് 6300 കോടി രൂപ പിഴയിട്ടിരുന്നു. സിമെന്റിന് വില കൂടുമ്പോൾ അധികമായി ലഭിക്കുന്ന നികുതി വരുമാനത്തിൽ കണ്ണുവച്ചാണ് സർക്കാർ ഇടപെടാത്തതെന്നും ആക്ഷേപമുണ്ട്.



### വിലക്കയറ്റം ഇങ്ങനെ

- ജനുവരിയിൽ ബാഗ് ഒന്നിന് 350-370 രൂപ
- ഫെബ്രു. 1 400 - 420
- ഫെബ്രു. 10 430 - 450

### സർക്കാർ സിമെന്റും കൂട്ടി 30 രൂപ !

പൊതുമേഖലാ കമ്പനികളുടെ ഇടപെടലിലൂടെയാണ് മറ്റു സംസ്ഥാനങ്ങൾ സിമെന്റ് വില പിടിച്ചു നിറുത്തുന്നത്. സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള മലബാർ സിമെന്റിന്റെ ഉത്പാദനം കൂട്ടി വില പിടിച്ചു നിറുത്തുമെന്ന് മന്ത്രി ഇ.പി. ജയരാജൻ നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. അതേസമയം കേരള വിപണിയിൽ നാലു ശതമാനം മാത്രം പങ്കാളിത്തമുള്ള മലബാർ സിമെന്റ് മറ്റു കമ്പനികൾ വില കൂട്ടിയതിന്റെ ചുവട് പിടിച്ച് മുപ്പത് രൂപ കൂട്ടി. സർക്കാർ ചുമത്തിയ അധിക നികുതിയും പ്രളയ സെസും നടപ്പാക്കുന്നതോടെ സിമെന്റ് വില ഇനിയും ഉയരും.

KAUMUDI FOLLOW UP

## റാഫേൽ: അഴിമതിവിരുദ്ധ ചട്ടം ഒഴിവാക്കി

ന്യൂഡൽഹി: ഇന്ത്യയും ഫ്രാൻസും റാഫേൽ യുദ്ധവിമാന ഇടപാടിൽ ഒപ്പിടും മുൻപ് പ്രതിരോധ ഇടപാടുകളിലെ അഴിമതിവിരുദ്ധ ചട്ടങ്ങളിൽ ഇളവു നൽകിയെന്ന് ദേശീയ മാദ്ധ്യമം റിപ്പോർട്ടു ചെയ്തു. ഇടപാടിൽ കമ്മിഷൻ വാങ്ങി മൂന്നാമതൊരു അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് തടയുന്ന ചട്ടം ഇല്ലാതാക്കിയെന്നും ദ ഹിന്ദുവിന്റെ റിപ്പോർട്ടിൽ പറയുന്നു.

സപ്ലൈ പ്രോട്ടോക്കോളിലെ ഇടപാടു നടക്കാൻ സ്വാധീനം ചെലുത്തൽ, ഇടപെടൽ, കമ്മിഷൻ വാങ്ങൽ, മറ്റൊരു അക്കൗണ്ടിൽ പണം നിക്ഷേപിക്കൽ എന്നിവയ്ക്ക് പിഴ ചുമത്തുന്ന ബന്ധപ്പെട്ട ചട്ടങ്ങൾ റാഫേൽ നിർമ്മാതാക്കളായ ദസാൾട്ടിന് ഇളവു ചെയ്തെന്നാണ് ആരോപണം.

മുൻ പ്രതിരോധമന്ത്രി മനോഹർ പരീക്കർ അദ്ധ്യക്ഷനായ ഡിഫൻസ് അക്വിസിഷൻ കൗൺസിൽ (ഡി.എ.സി ) 2016 സെപ്തംബറിൽ ചേർന്ന് സപ്ലൈ പ്രോട്ടോക്കോളിൽ മാറ്റം വരുത്തിയാണ് ഇളവ് നൽകിയത്.

സഞ്ചയനം നാളെ (13.2.2019, 8 AM)



എം. അമ്മിണിക്കുട്ടി (76)
റിട്ട. ഹെഡ്നേഴ്സ്, ജില്ലാ ആശുപത്രി, കൊല്ലം
ഗ്രീഷ്മം, തമ്പുരാക്കുളം, മയ്യനാട്, കൊല്ലം
ആത്മാവിന് നിത്യശാന്തി നേർന്നു കൊണ്ട്
ദുഃഖിതനായ ഭർത്താവ്: കെ.എൻ. ശശിധരൻ
(റിട്ട. ടെക്നിക്കൽ അസിസ്റ്റന്റ്, കൊല്ലം ഡി.എം.ഒ)
മക്കൾ: സിന്ധുറാണി. എസ് (എച്ച്.എസ്.എസ്.ടി മയ്യനാട് എച്ച്.എസ്.എസ്), ഡോ. ശ്യാംലാൽ. എസ് (സീനിയർ കൺസൾട്ടന്റ് ന്യൂറോളജിസ്റ്റ് കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം).
മരുമക്കൾ: സി. സുരേഷ് (എഞ്ചിനീയർ, എക്സ് യാഡ് മാനേജർ ലാമ്പ്രറൽ, യു.എ.ഇ). ഡോ. മായ എം.കെ. (പീഡിയാട്രിഷൻ കോസ്മോ പൊളിറ്റൻ ഹോസ്പിറ്റൽ തിരുവനന്തപുരം)
ചെറുമക്കൾ: കാർത്തിക സുരേഷ്, ശ്രീഹരി ശ്യാം, ശിവഹരി ശ്യാം. ബന്ധുമിത്രാദികൾ

# അനന്തപുരി

www.keralakaumudi.com www.facebook.com/keralakaumudi



## സിറ്റി കൗമുദിയിൽ

- നിശബ്ദതാഴ്‌വര കാട്ടുകയറുന്നു
- ടാക്സിഡ്രൈവർമാരുടെ അനിശ്ചിതകാലസമരം നാളെമുതൽ
- മെഡിക്കൽകോളേജിൽ നൂതനസംവിധാനങ്ങൾ

## കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രം

തിരുവനന്തപുരം : കിഴക്കുംകര കുഴിവിളാകത്ത് തമ്പുരാൻ ക്ഷേത്രത്തിൽ എല്ലാ മലയാളമാസം ഒന്നാം തീയതി തോറും നടത്തിവരുന്ന സമൂഹ ഗണപതി ഹോമം 13ന് രാവിലെ ക്ഷേത്രശാന്തി സൗമിത്രന്റെ മുഖ്യകാർമ്മികത്വത്തിൽ നടക്കുമെന്ന് ക്ഷേത്ര സെക്രട്ടറി കെ.പി. ശൈലചന്ദ്രൻ അറിയിച്ചു. തുടർന്ന് കഞ്ഞിസദ്യയും ഉണ്ടായിരിക്കും.

## കുരുത്തോല തേരുവിളക്ക്

തിരുവനന്തപുരം: ആറ്റുകാൽ മഹോത്സവത്തിന്റെ രണ്ടാം ദിവസമായ 13ന് മണക്കാട് നിവാസികളുടെ തേരുവിളക്ക് ഉണ്ടാകും. കുരുത്തോല, പൂവ് തുടങ്ങിയ പാരമ്പര്യചാർത്തോടെ എഴുപതോളം വാദ്യകലാകാരന്മാരുടെയും ബാലികമാർ ഏന്തുന്ന അഷ്ടമംഗല്യവിളക്കിന്റെയും പരമ്പരാഗത അനുഷ്ഠാനത്തിന്റെയും അകമ്പടിയോടെ മണക്കാട് ജംഗ്ഷനിൽ നിന്ന് ഏഴോടെ തേരുവിളക്ക് ക്ഷേത്രസന്നിധിയിൽ എത്തിച്ചേരും.

## പ്രതിഷേധവും വിശദീകരണ യോഗവും

തിരുവനന്തപുരം: സ്റ്റേറ്റ് ബാങ്ക് യൂണിയൻ എറണാകുളം ആക്ടിംഗ് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി എൻ.എസ് ജയന്റെ ആത്മഹത്യയിൽ പ്രതിഷേധിച്ച് സ്റ്റേറ്റ് ബാങ്ക് യൂണിയൻ ഇന്ന് വൈകിട്ട് 5ന് എസ്.ബി.ഐയുടെ ലോക്കൽ ഹെഡ് ഓഫീസിന് മുന്നിൽ പ്രതിഷേധവും വിശദീകരണ യോഗവും സംഘടിപ്പിക്കും.

## ശാന്തിവിള ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കണം

നേമം: ശാന്തിവിള താലൂക്ക് ആശുപത്രിയുടെ ശോചനീയാവസ്ഥയിൽ പ്രതിഷേധിച്ച് കേരള ജനപക്ഷം നേമം നിയോജകമണ്ഡലം പ്രസിഡന്റ് രതീഷ് ഉപയോഗിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ജില്ലാ പ്രസിഡന്റ് കെ.ഒ. രാജൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന നേതാക്കളായ കെ.കെ. ചെറിയാൻ, വെള്ളനാട് സാജൻ, അറയ്ക്കൽ ബേബിച്ചൻ, ജില്ലാ നേതാക്കളായ രഞ്ജിത്ത്, നീതു, ജിജു ജി. പാപ്പനംകോട്, സജു പൂഴിക്കുന്ന്, അനിൽ കഴക്കൂട്ടം എന്നിവർ സംസാരിച്ചു. ഡയാലിസിസ് യൂണിറ്റും പ്രസവ വാർഡും ട്രോമാകെയർ യൂണിറ്റും കുട്ടികളുടെ വാർഡും ഉടനെ ആരംഭിക്കണമെന്നും ആരോഗ്യമന്ത്രി വിഷയത്തിൽ ഇടപെടണമെന്നും കേരള ജനപക്ഷം പാർട്ടി നേമം നിയോജകമണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

## തെരുവ് വിളക്കുകൾ കത്തിക്കണം

തിരുവനന്തപുരം: കരിക്കകം പ്രദേശത്തെ ചെറുതും വലുതുമായ എട്ടോളം ക്ഷേത്രങ്ങളിൽ ഉത്സവം ആരംഭിക്കുന്നതിന്റെ ഭാഗമായി വാർഡിലെ കത്താത്തതും പുതുതായി കത്തിക്കേണ്ടതുമായ മുഴുവൻ തെരുവ് വിളക്കുകളും കത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് കോൺഗ്രസ് കടകംപള്ളി മണ്ഡലം കമ്മിറ്റി വൈസ് പ്രസിഡന്റ് വി.ആർ സുരേഷ് ബാബു, എസ്.എൻ ട്രസ്റ്റ് ബോർഡ് മെമ്പർ കരിക്കകം കെ.സുരേന്ദ്രൻ എന്നിവർ ആവശ്യപ്പെട്ടു.

## യോഗം ചേർന്നു

തിരുവനന്തപുരം: വേളി സെന്റ് തോമസ് ദേവാലയത്തിൽ വി. അന്തോനീസിന്റെ തിരുനാളിനോടനുബന്ധിച്ച് മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥർ യോഗം ചേർന്നു. ട്രാൻസ്പോർട്ട്, ഇലക്ട്രിസിറ്റി ബോർഡ്, വാട്ടർ അതോറിട്ടി, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, അഗ്നിശമനസേന, പൊലീസ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. ഇടവക ഭാരവാഹികൾ, വാർഡ് കൗൺസിലർ മേടയിൽ വിക്രമൻ തുടങ്ങിയവരും സന്നിഹിതരായിരുന്നു.

## ആദരിച്ചു

തിരുവനന്തപുരം: ഭാരത് സേവക് സമാജിന്റെ അഖിലേന്ത്യ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ബി.എസ്. ബാലചന്ദ്രനെ ശാസ്ത്ര സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച പരിപാടിയിൽ വിവിധ സാംസ്കാരിക സംഘടനാ പ്രതിനിധികൾ ആദരിച്ചു. കെ.പി.സി.സി മുൻ പ്രസിഡന്റ് എം.എം. ഹസൻ ഉദ്ഘാടനം ചെയ്തു. മുൻ മന്ത്രി കെ. ശങ്കരനാരായണപിള്ള അദ്ധ്യക്ഷനായി. ഡോ.എം.ആർ. തമ്പാൻ, ചുനക്കര രാമൻകുട്ടി, പ്രൊഫ.ജി. ബാലചന്ദ്രൻ, സുദർശൻ കാർത്തികപ്പറമ്പിൽ, കെ.എ. ബീന, കല്ലിയൂർ ഗോപകുമാർ, കലാം കൊച്ചേറ, ഡോ. മുരളീധരൻ എന്നിവർ സംസാരിച്ചു. ബാലചന്ദ്രൻ നന്ദി പറഞ്ഞു. തുടർന്ന് സദാശിവൻ പൂത്തുരിന്റെ നേതൃത്വത്തിൽ കവിയരങ്ങ് നടന്നു.

## ഇ.എസ്.ഐ പ്രത്യേക പരാതി പരിഹാര മേള

തിരുവനന്തപുരം: ഇ.എസ്.ഐ സ്കീമിൽ നിന്നു ലഭ്യമാക്കുന്ന മെഡിക്കലും അനുബന്ധ സേവനങ്ങളും സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പരാതി പരിഹാര മേള ഇന്ന് ഉച്ചയ്ക്ക് 2ന് ഇ.എസ്.ഐ തൈക്കാട് സബ് റീജിയണൽ ഓഫീസിൽ നടക്കും.

## സ്റ്റാർട്ടപ്പ് കോൺക്ലേവ് 18ന്

തിരുവനന്തപുരം: അന്താരാഷ്ട്ര ആയുഷ് കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന സ്റ്റാർട്ടപ്പ് കോൺക്ലേവ് 18ന് നടക്കും. രാവിലെ 9ന് ഇൻസ്റ്റിട്യൂട്ട് ഓഫ് എൻജിനിയേഴ്സ് ഹാളിൽ ആരംഭിക്കുന്ന പരിപാടിയിൽ അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. രാജീവ് സദാനന്ദൻ അദ്ധ്യക്ഷത വഹിക്കും. കേരള സ്റ്റാർട്ടപ് മിഷൻ സി.ഇ.ഒ സജി ഗോപിനാഥ് മുഖ്യപ്രഭാഷണം നടത്തും. ആയുഷ് മേഖലയിലെ പുതിയ സംരംഭകരെ പരിചയപ്പെടുത്തുന്നതോടൊപ്പം നൂതന ആശയങ്ങൾക്ക് വേണ്ട സാങ്കേതിക സഹായവും മാർഗനിർദ്ദേശങ്ങളും വിദഗ്ദ്ധരിൽ നിന്ന് ലഭ്യമാക്കുകയാണ് കോൺക്ലേവിന്റെ ലക്ഷ്യം.

## റോബിൻസൺ ഫാം കാർഷികോത്സവ്

കഴക്കൂട്ടം: കൃഷിഭവനുമായി സഹകരിച്ച് കലാനിധിയുടെ മെമ്പറായ റോബിൻസന്റെ ചന്തവിളയിലെ ഫാമിൽ 'റോബിൻസൺ ഫാം കാർഷികോത്സവ് 2019 ' സംഘടിപ്പിക്കുന്നു. നാളെ വൈകിട്ട് 3 ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യും. കലാനിധി ജനറൽ സെക്രട്ടറി ഗീതാ രാജേന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ കൃഷി വകുപ്പിന്റെയും കലാനിധിയുടെയും കർഷകശ്രീ പുരസ്കാരം റോബിൻസിന് നൽകി ആദരിക്കും. നഗരസഭയുടെ യാചക പുനരധിവാസ കേന്ദ്രമായ 'സാക്ഷാത്കാരം' വൃദ്ധസദനത്തിലെയും, 'സായാഹ്നം' അന്തേവാസികൾക്കും റോബിൻസൺ ഫാം പച്ചക്കറി കിറ്റ് വിതരണം നടത്തും. കൃഷിഭവൻ അസിസ്റ്റന്റ് ഡയറക്ടർ ബീനാകുമാരി .എ, കഴക്കൂട്ടം കൃഷിഭവൻ അഗ്രികൾച്ചർ ഓഫീസർ റീജാ .എസ് എന്നിവർ പങ്കെടുക്കും.



ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ക്ഷേത്രവും പരിസരവും ദീപാലംകൃതമായപ്പോൾ ഫോട്ടോ: അജയ് മധു

## ടൈപ്പിസ്റ്റ് റാങ്ക് ഹോൾഡർമാരുടെ സമരം ആറാം ദിനത്തിലേക്ക്

തിരുവനന്തപുരം: പഞ്ചായത്തുകളിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുക, നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുക തുടങ്ങിയ വിവിധ ആവശ്യങ്ങളുന്നയിച്ച് ഓൾ കേരള ടൈപ്പിസ്റ്റ് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തുന്ന അനിശ്ചിതകാല പ്രതിഷേധ സമരം ആറാം ദിവസത്തിലേക്ക് കടന്നു.

2016ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റ് പ്രകാരം 25ശതമാനം നിയമനം മാത്രമേ നടന്നിട്ടുള്ളൂ, റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് 6 മാസം കഴിഞ്ഞാണ് പല ജില്ലകളിലും നിയമനം തുടങ്ങിയത്, ഓഖി, പ്രളയം തുടങ്ങിയ സംഭവങ്ങളാൽ നിയമനം ഇടക്കാലത്ത് മുടങ്ങി, നിലവിൽ ഗ്രാമ പഞ്ചായത്തുകളിലും മറ്റ് ഡിപ്പാർട്ട്മെന്റുകളിലും താത്കാലിക ജീവനക്കാരാണ് ജോലി ചെയ്യുന്നത്.

പഞ്ചായത്തുകളിൽ പുതിയ തസ്തിക സൃഷ്ടിക്കണം, നിലവിലുള്ള എൽ.ഡി ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടണം, അല്ലെങ്കിൽ ഒരു വർഷത്തേക്കുള്ള സൂപ്പർ ന്യൂമററി ഒഴിവുകൾ റിപ്പോർട്ട് ചെയ്യണം തുടങ്ങി വിവിധ ആവശ്യങ്ങളുന്നയിച്ചാണ് സമരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും മന്ത്രിമാർക്കും നിവേദനം നൽകിയിട്ടുണ്ടെന്നും പ്രശ്നപരിഹാരമുണ്ടായില്ലെങ്കിൽ ശക്തമായ സമര പരിപാടികളുമായി മുന്നോട്ട് പോകുമെന്നും ഭാരവാഹികൾ പറഞ്ഞു.

കൂടുതൽ പ്രാദേശിക വാർത്തകൾ പേജ് 3,11

# കഴക്കൂട്ടത്ത് ഷീ ലോഡ്ജിന് തറക്കല്ലിട്ടു

■ ഉയരുന്നത് നഗരസഭയുടെ രണ്ടാമത്തെ വനിതാലോഡ്ജ്

തിരുവനന്തപുരം: നഗരത്തെ സ്ത്രീ സൗഹൃദമാക്കുകയെന്ന ലക്ഷ്യത്തോടെ നഗരസഭ നടപ്പാക്കുന്ന പദ്ധതികളുടെ ഭാഗമായി തലസ്ഥാനത്ത് വീണ്ടും ഷീ ലോഡ്ജ് ഉയരുന്നു.

നിവാസമെന്ന പേരിൽ കഴക്കൂട്ടത്ത് നിർമ്മിക്കുന്ന നഗരസഭയുടെ രണ്ടാമത്തെ ഷീലോഡ്ജിന് മേയർ വി.കെ. പ്രശാന്ത് കഴക്കൂട്ടം സോണൽ ഓഫീസ് പരിസരത്ത് ഇന്നലെ തറക്കല്ലിട്ടു. രണ്ട് വർഷംകൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

കഴിഞ്ഞയാഴ്ച ശ്രീകണ്ഠേശ്വരത്ത് നഗരത്തിലെ ആദ്യ ഷീ ലോഡ്ജ് തുറന്നിരുന്നു. ചടങ്ങിൽ സിനിമാ താരം പ്രേംകുമാർ, അസിസ്റ്റന്റ് എൻജിനിയർ രാജീവ്, ഹെൽത്ത് ഇൻസ്പെക്ടർ അനൂപ്റോയി, ഫെഡറേഷൻ ഓഫ് റസിഡന്റ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീകുമാർ, മുൻ പഞ്ചായത്ത് പ്രസിഡന്റ് ധർമ്മപാലൻ, മുൻ വൈസ് പ്രസിഡന്റ് ബാബുക്കുട്ടൻ, മുൻ പഞ്ചായത്ത് അംഗം നവാസ്, അനിൽകുമാർ, ശങ്കരൻകുട്ടി എന്നിവർ പങ്കെടുത്തു.

ഐ.ടി നഗരമായ കഴക്കൂട്ടത്ത് ഉയർന്ന വാടക നൽകി വീടുകളിലും ഫ്ലാറ്റുകളിലും താമസിക്കുന്ന ടെക്നോപാർക്ക് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന വനിതാ ജീവനക്കാർക്കും മറ്റ് സ്ഥലങ്ങളിൽനിന്ന് ഇവിടെ താമസിക്കുന്ന വിദ്യാർത്ഥികൾക്കും ലോഡ്ജ് ആശ്രയമാകും.



കഴക്കൂട്ടത്തെ വനിതാലോഡ്ജിന്റെ കെട്ടിടത്തിന് മേയർ വി.കെ.പ്രശാന്ത് തറക്കല്ലിടുന്നു



| പദ്ധതിച്ചെലവ് | വിസ്തീർണം |
|---|---|
| 6 കോടി രൂപ | 20,000 സ്ക്വയർഫീറ്റ് |
| 5 നിലകൾ | പേര്- നിവാസം |



എസ്.എൻ.ഡി.പി യോഗം കരിയിൽ ശാഖയും തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജ് 'സ്വസ്ഥവൃത്ത ' വിഭാഗത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ സൗജന്യ ആയുർവേദ ക്യാമ്പിന്റെ ഉദ്ഘാടനം ഗുരുകുലം യൂണിയൻ സെക്രട്ടറി ഇടവക്കോട് രാജേഷ് ഉദ്ഘാടനം ചെയ്യുന്നു. യോഗം ഡയറക്ടർ ചെമ്പഴന്തി ജി. ശശി, ശാഖാ പ്രസിഡന്റ് എൻ. വിശ്വംഭരൻ, സെക്രട്ടറി കരിയിൽ എസ്.ആർ. ശിവപ്രസാദ്, വൈസ് പ്രസിഡന്റ് കെ. വിജയൻ കോൺട്രാക്ടർ, യൂണിയൻ കൗൺസിലർ എ. ബിജു, കലവറതോപ്പ് നാരായണൻ നായർ, ഡോ. സുനിത, ഡോ. വീണ, ശാഖാ എക്സി. അംഗങ്ങളായ ടി. സനിൽകുമാർ, ബി. ഗോപിനാഥൻ, ലോഹിതാക്ഷൻ, സുനിൽബാബു എന്നിവർ സമീപം



*കേരള ലാ അക്കാഡമി ലാ കോളേജിന്റെ ആഭിമുഖ്യത്തിൽ നടന്ന 28-ാമത് ദേശീയ മൂട്ട് കോർട്ട് മത്സരത്തിൽ ബെസ്റ്റ് സ്റ്റുഡന്റ് അഡ്വക്കേറ്റായും ബെസ്റ്റ് വനിതാ അഡ്വക്കേറ്റായും തിരഞ്ഞെടുക്കപ്പെട്ട ആവാൻസ് (നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്) നാലാം വർഷ നിയമ വിദ്യാർത്ഥി എച്ച്. എച്ച്. ഗോപിക. തിരുവനന്തപുരം മണ്ണന്തല ബാഹുലേയത്തിൽ ബി. ഹരികുമാറിന്റെയും ഹേമയുടെയും മകളാണ്.*

## ശാന്തിഗിരി പോസ്റ്റ് സ്ട്രോക്ക് സ്പെഷ്യാലിറ്റി ക്ലിനിക് നാളെ

തിരുവനന്തപുരം: പട്ടം കൈലാസ് പ്ലാസയിൽ പ്രവർത്തിക്കുന്ന ശാന്തിഗിരി ആയുർവേദ ആൻഡ് സിദ്ധ ഹെൽത്ത് കെയർ സെന്ററിൽ നാളെ രാവിലെ 10 മുതൽ 5 വരെ പോസ്റ്റ് സ്ട്രോക്ക് സ്പെഷ്യാലിറ്റി ക്ലിനിക് നടക്കുന്നു. സ്ട്രോക്കിന് ശേഷമുണ്ടാകുന്ന നടക്കാനുള്ള ബുദ്ധിമുട്ട്, ബലക്കുറവ്, ശരീരത്തിന്റെ ഒരു വശം തളർന്നുപോവുക, മാംസശോഷം, സന്ധിവേദന, സംസാരിക്കാനുള്ള ബുദ്ധിമുട്ട്, ഓർമ്മക്കുറവ്, ഉറക്കക്കുറവ് എന്നിവയ്ക്കുംമറ്റ്മാനസികബുദ്ധിമുട്ടുകൾക്കും സീനിയർ മെഡിക്കൽ ഓഫീസർ ഡോ. എൻ. ജയശ്രീ ( വി.എസ്.എസ്.സി/ ഐ.എസ്.ആർ.ഒ എ.എം.ഒ), ഡോ. ശ്രീവിഷ്ണ .എം എന്നിവർ രോഗികളെ പരിശോധിച്ച് ചികിത്സ നിർദ്ദേശിക്കും.

സ്പെഷ്യാലിറ്റി ക്ലിനിക്കിൽ പങ്കെടുക്കുന്നവർക്ക് മൂന്നു മാസത്തെ സൗജന്യ വൈദ്യ പരിശോധനയും മരുന്നുകൾക്കും ചികിത്സയ്ക്കും 12 ശതമാനം കിഴിവും ലഭിക്കും. മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്സൗകര്യവുംകിടത്തി ചികിത്സയും ലഭ്യമാണ്. മുൻകൂർ ബുക്കിംഗിനും അന്വേഷണങ്ങൾക്കും ബന്ധപ്പെടുക. ശാന്തിഗിരി ആയുർവേദ ആൻഡ് സിദ്ധ ഹെൽത്ത് കെയർ സെന്റർ, പട്ടം.ഫോൺ: 8111959007, 0471 2545787.

# ഈ യാത്ര കുട്ടികൾക്ക് വേണ്ടി

■ ബാലഭിക്ഷാടന മുക്ത ഇന്ത്യയ്ക്കായി നടക്കുന്നത് 17000 കിലോമീറ്റർ


▸മുഹമ്മദ് ലദീദ്

തിരുവനന്തപുരം: കുട്ടികളാണ് നാളത്തെ വാഗ്ദാനങ്ങളെന്ന എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകളിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് കൈയിൽ ദേശീയ പതാകയും ചുമലിൽ രണ്ട് ബാഗുമായി 15479 കിലോമീറ്റർ ദൂരം താണ്ടി ഡൽഹി സ്വദേശി ആഷിശ് ശർമ്മ കഴിഞ്ഞ ദിവസം തലസ്ഥാനത്തെത്തിയത്.

' ബാല ഭിക്ഷാടന മുക്ത ഇന്ത്യ ' എന്ന സന്ദേശമുയർത്തിയാണ് കാൽനടയായി ഈ ദൂരമത്രയും ഈ 29കാരൻ നടന്ന് തീർത്തത്. 17000 കിലോമീറ്റർ എന്ന ലക്ഷ്യവുമായി കാശ്മീരിൽ നിന്ന് 2017 ആഗസ്റ്റ് 22നാണ് ആഷിശ് തന്റെ യാത്ര ആരംഭിച്ചത്.

ദിവസം 30 മുതൽ 40 കിലോമീറ്റർ വരെയാണ് സഞ്ചാരം. ഡൽഹിയിലെ മെക്കാനിക്കൽ എൻജിനിയറായി ജോലി ചെയ്തിരുന്ന ആഷിശ് ജോലിസ്ഥലത്ത് നിന്നു വീട്ടിലേക്ക് പോകുന്നതിനിടെ കൈയിൽ മുറിവുമായി ഭിക്ഷ യാചിച്ചെത്തിയ കുട്ടിയെ കണ്ടു. ആ കാഴ്ച ആഷിശിന്റെ മനസിനെ പിടിച്ചുലച്ചിരുന്നു. തുടർന്ന് ആ ബാലനെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും പിന്നീട് സ്കൂളിൽ ചേർക്കുകയും ചെയ്തു. പിന്നീടുള്ള പല യാത്രകളിലും ഡൽഹിയിലും പരിസരങ്ങളിലുമായി നിരവധി കുട്ടികൾ ബാലഭിക്ഷാടനം നടത്തുന്ന കാഴ്ചയ്ക്ക് ആഷിശ് സാക്ഷിയായി. ബാലഭിക്ഷാടനത്തിനെതിരെ എന്തെങ്കിലും ചെയ്യണമെന്ന നിശ്ചയധാർഢ്യത്തിന് മുന്നിൽ 2015ൽ ജോലി ഉപേക്ഷിച്ച് തെരുവിലെ കുട്ടികളെക്കുറിച്ചും ബാല ഭിക്ഷാടനത്തെക്കുറിച്ചും പഠിച്ചു. അങ്ങനെ ജനങ്ങളെ അടുത്തറിഞ്ഞ് ബാലഭിക്ഷാടനത്തിനെതിരെ ബോധവത്കരണവുമായി ആഷിശ് നടക്കാൻ തീരുമാനിച്ചു. ജനങ്ങളിൽ ബോധവത്കരണം നടത്തിയാലേ ബാല ഭിക്ഷാടനവും കുട്ടികളുടെ ദുരുപയോഗവും തടയാൻ കഴിയൂ, ഭിക്ഷാടകർക്ക് പണം നൽകുന്നതിന് പകരം ഭക്ഷണം നൽകുവെന്നും പണം ലഭിച്ചാൽ കുട്ടികളിൽ ക്രിമിനൽ സ്വഭാവം രൂപപ്പെടാൻ സാദ്ധ്യത കൂടുതലാണെന്നും ബാല ഭിക്ഷാടനത്തിലേർപ്പെടുന്ന 60 ശതമാനം കുട്ടികളും പിന്നീട് ക്രിമിനൽ പശ്ചാത്തലമുള്ളവരായി മാറുകയാണെന്നും ആഷിശ് പറയുന്നു.

17000 കിലോമീറ്റർ പൂർത്തിയാക്കി തമിഴ്നാട്ടിൽ യാത്ര അവസാനിപ്പിക്കാനാണ് ലക്ഷ്യം. എന്നാൽ അവിടുന്ന് കാൽനടയായി തന്നെ ചെരുപ്പിടാതെ ഡൽഹിയിലേക്ക് തിരിക്കുമെന്നും ആഷിശ് പറഞ്ഞു.



ആഷിശ് ശർമ്മ തലസ്ഥാനത്തെത്തിയപ്പോൾ
( ഫോട്ടോ: മനു മംഗലശ്ശേരി)



ആനയറ കല്ലുംമൂട് ശ്രീ പഞ്ചമിദേവീ ക്ഷേത്രത്തിലെ അശ്വതി മഹോത്സവത്തോടനുബന്ധിച്ച് നടന്ന പൊങ്കാലയ്ക്ക് തുടക്കം കുറിച്ച് ക്ഷേത്രതന്ത്രി പ്രശാന്ത് ജി. നമ്പൂതിരി പണ്ടാര അടുപ്പിൽ തീ പകർന്നപ്പോൾ. ക്ഷേത്രം വൈസ് പ്രസിഡന്റ് വി. ബാബു സമീപം

## പട്ടം എസ്.യു.ടി ആശുപത്രിയിൽ സൗജന്യ ഹൃദയ ശസ്ത്രക്രിയ നിർണയ ക്യാമ്പ്

തിരുവനന്തപുരം: പട്ടം എസ്.യു.ടി ആശുപത്രിയിൽ സൗജന്യ ഹൃദയ ശസ്ത്രക്രിയ നിർണയ ക്യാമ്പ് 15, 16 തീയതികളിൽ നടത്തും. രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 വരെയാണ് ക്യാമ്പ്. കാർഡിയാക് സർജന്മാരായ ഡോ. ഉണ്ണിക്കൃഷ്ണൻ, ഡോ. സുജിത് എന്നിവരാണ് ക്യാമ്പിന് നേതൃത്വം നൽകുന്നത്. ഫോൺ: 9746655260.



ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടൗൺ പ്ലാനേഴ്സ് ഇന്ത്യ കേരള റീജിയണൽ ചാപ്റ്റർ നടത്തിയ കുടുംബസംഗമത്തിൽ സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം.എസ്. ജയയെ ആദരിക്കുന്നു. ചാപ്റ്റർ ചെയർമാൻ ഷാജി ജോസഫ്, സെക്രട്ടറി ജെ. ജയകുമാർ, മുൻ ചെയർമാൻ ജേക്കബ് ഈശോ, ട്രഷറർ കെ.ബൈജു തുടങ്ങിയവർ സമീപം

# മർദ്ദനമേറ്റ് അച്ഛൻ മരിച്ച സംഭവത്തിൽ മകൻ അറസ്റ്റിൽ

വെള്ളനാട്: മദ്യലഹരിയിലായിരുന്ന മകന്റെ മർദ്ദനമേറ്റ് അച്ഛൻ മരിച്ച സംഭവത്തിൽ മകൻ വെള്ളനാട് കുളക്കോട് കിഴക്കുംകര വീട്ടിൽ സജീവ് അറസ്റ്റിൽ.

ഞായറാഴ്ചയാണ് സജീവിന്റെ മർദ്ദനമേറ്റ് പിതാവ് സദാശിവൻ (62) മരിച്ചത്. ശനിയാഴ്ച ഉച്ചയോടെ വീട്ടിൽ മദ്യപിച്ചെത്തിയ സജീവ് പിതാവുമായി വഴക്കിട്ടു. കൈയേറ്റമായപ്പോൾ സജീവിന്റെ ഭാര്യ ഇരുവരെയും പിടിച്ചുമാറ്റി. ഇതിനിടെ സജീവ് വീട്ടിലുണ്ടായിരുന്ന


അറസ്റ്റിലായ സജീവ്

കമ്പിയെടുത്ത് പിതാവിന്റെ തലയ്ക്കടിക്കുകയായിരുന്നുവെന്ന് സജീവ് ആര്യനാട് പൊലീസിൽ മൊഴി നൽകി. തലയ്ക്ക് ഗുരുതര പരിക്കേറ്റ സദാശിവനെ വെള്ളനാട് ആശുപത്രിയിലെത്തിച്ചു.

മെഡിക്കൽ കോളേജിൽ കൊണ്ടുപോകാൻ ആശുപത്രി അധികൃതർ നിർദ്ദേശിച്ചെങ്കിലും മകൻ തിരികെ വീട്ടിലേക്ക് കൊണ്ടുപോകുകയായിരുന്നു. ഞായറാഴ്ച സദാശിവന് വീട്ടിൽവച്ച് ശാരീരിക അസ്വാസ്ഥ്യം ഉണ്ടായതിനെ തുടർന്ന് മെഡിക്കൽ കോളേജിൽ എത്തിച്ചെങ്കിലും മരണം സംഭവിക്കുകയായിരുന്നു. സ്ഥലത്തെത്തിയ ആര്യനാട് സി.ഐ ബി. അനിൽകുമാർ, എസ്.ഐ എസ്.വി. അജീഷ് എന്നിവരടങ്ങുന്ന പൊലീസ് സംഘം സജീവിനെ കസ്റ്റഡിയിലെടുത്തു. തുടർന്ന് നടത്തിയ ചോദ്യം ചെയ്യലിൽ സജീവ് കുറ്റസമ്മതം നടത്തുകയായിരുന്നു. പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

തലയ്ക്കേറ്റ മുറിവാണ് മരണകാരണമെന്ന് പൊലീസ് പറഞ്ഞു. സദാശിവന്റെ മൃതദേഹം പോസ്റ്റ്മോർട്ടത്തിന് ശേഷം സംസ്കരിച്ചു.

# പൊങ്കൽവിള ക്ഷേത്രത്തിൽ കൊടിമര പ്രതിഷ്ഠ

പരവൂർ: ഒഴുകുപാറ പൊങ്കൽവിള ദേവീക്ഷേത്രത്തിലെ കൊടമരപ്രതിഷ്ഠ തന്ത്രി ഭ്രതക്കുളം മാധവപ്പള്ളി ഇല്ലത്ത് എസ്. രാധാകൃഷ്ണൻ നമ്പൂതിരി നിർവഹിച്ചു.

പ്രതിഷ്ഠാ ചടങ്ങുകൾക്കൊപ്പം പുതിയ കിഴക്കമ്പലവും നമസ്കാരമണ്ഡപവും സമർപ്പിച്ചു. ദേവിക്ക് അഷ്ടബന്ധകലശവും നാഗർക്ക് പുനഃപ്രതിഷ്ഠയും നടത്തി. ഉപതന്ത്രി ജയകൃഷ്ണൻ നമ്പൂതിരി, മേൽശാന്തി ദിലീപ് എന്നിവർ സഹകാർമ്മികരായി.

പ്രതിഷ്ഠാ ചടങ്ങുകൾക്ക് ശേഷം ദീപാരാധന കഴിഞ്ഞ് ഈ വർഷത്തെ പൊങ്കൽ ഉത്സവത്തിന് കൊടിയേറി.

17ന് ഉത്സവം സമാപിക്കും. രാവിലെ ഏഴിന് പൊങ്കാല. 8.30ന് പൊങ്കാലനിവേദ്യം. ഉച്ചയ്ക്ക് 3.30ന് ഘോഷയാത്ര, വൈകിട്ട് 5.30ന് ഓട്ടൻതുള്ളൽ, 6.30ന് നൃത്തം. 8.45ന് നൃത്തനാടകം 9.30ന് കൊടിയിറക്ക്.


ഒഴുകുപാറ പൊങ്കൽവിള ദേവീക്ഷേത്രത്തിൽ നടന്ന കൊടിമരപ്രതിഷ്ഠയ്ക്ക് തന്ത്രി എസ്. രാധാകൃഷ്ണൻ നമ്പൂതിരി, ഉപതന്ത്രി ജയകൃഷ്ണൻ നമ്പൂതിരി എന്നിവർ കാർമ്മികത്വം വഹിക്കുന്നു

# വീട്ടിൽകയറി അച്ഛനെയും മകനെയും മർദ്ദിച്ച രണ്ടുപേർ അറസ്റ്റിൽ

വെഞ്ഞാറമൂട്: വഴിത്തർക്കത്തെ തുടർന്ന് വീട്ടിൽ അതിക്രമിച്ചു കയറി അച്ഛനെയും മകനെയും മർദ്ദിച്ച സംഭവത്തിൽ രണ്ടുപേർ അറസ്റ്റിൽ.

കീഴായിക്കോണം സ്വദേശി അനീഷ് (31), വട്ടപ്പാറ കല്ലയം ഗോവിന്ദ വിലാസത്തിൽ രാജേഷ് (41) എന്നിവരാണ് അറസ്റ്റിലായത്. ഇവരുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ കീഴായിക്കോണം സ്വദേശികളായ അമരസേനൻ (54), മകൻ അഖിലേഷ് (23) എന്നിവരെ സമീപത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

കഴിഞ്ഞ ദിവസം വൈകിട്ട് 6ന് കീഴായിക്കോണം ജംഗ്ഷന് സമീപത്തായിരുന്നു സംഭവം. അയൽവാസിയുമായുള്ള വഴിത്തർക്കവുമായി ബന്ധപ്പെട്ടാണ് ആക്രമണം ഉണ്ടായതെന്ന് പൊലീസ് പറഞ്ഞു.

ഇരുമ്പ് കമ്പിയും ഹെൽമെറ്റും ഉപയോഗിച്ച് മർദ്ദിക്കുകയായിരുന്നുവെന്ന് അഖിലേഷ് നൽകിയ പരാതിയിൽ പറയുന്നു. പ്രതികൾക്കെതിരെ കൊലപാതക ശ്രമത്തിന് കേസെടുത്തതായി പൊലീസ് അറിയിച്ചു.



*കേരള കലാകായിക സാംസ്കാരിക വേദിയുടെ നാലാം ടാലെന്റ് അവാർഡിൽ കലാരത്നം പുരസ്കാരം നേടിയ ആരതി തമ്പി. എൻജിനിയറിംഗ് വിദ്യാർത്ഥിയും പ്രാവച്ചമ്പലം കുടുംബന്നൂർ നടുതലവീട്ടിൽ കൃഷ്ണൻതമ്പിയുടെയും മല്ലികയുടെയും മകളുമാണ്*

# വ്യാജരേഖ ചമച്ച് തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതായി പരാതി

തിരുവനന്തപുരം: വ്യാജരേഖ ചമച്ച് കോടതിയെയും മുഖ്യമന്ത്രിയുടെ ഓഫീസിനെയും മാദ്ധ്യമങ്ങളെയും തെറ്റിദ്ധരിപ്പിക്കാൻ ശ്രമിച്ചതായി പരാതി.

നെയ്യാറ്റിൻകര വ്ലാങ്ങാമുറി ആരാമത്തിൽ ലതയുടെ മകൾ രേവതിയാണ് ഭർത്താവ് അമൽ പുനർവിവാഹം നടത്തിയതായി വ്യാജരേഖ ചമച്ച് കോടതിയെ ഉൾപ്പെടെ തെറ്റിദ്ധരിപ്പിച്ചത്. നെയ്യാറ്റിൻകര ചെങ്കൽ ആറയൂർ തോട്ടിൻകര പെരുംചേരി വീട്ടിൽ കെ.എസ്. അനിലിന്റെ മകൻ അമലും രേവതിയും 2015ൽ വിവാഹിതരായിരുന്നു. മൂന്നുമാസം മുമ്പ് ഇരുവരും വിവാഹമോചിതരാകാൻ തീരുമാനിച്ച് കുടുംബകോടതിയെ സമീപിച്ചിരുന്നു. വിവാഹ മോചനാപേക്ഷ നിലവിൽ കോടതിയുടെ പരിഗണനയിലാണ്.

ഇതേ കാലയളവിൽ അമൽ എറണാകുളം സ്വദേശിനി രാഖി ജോർജിനെ വിവാഹം ചെയ്തെന്നാണ് രേവതിയും അമ്മ ലതയും അവരുടെ സഹോദരനും ചേർന്ന് വ്യാജരേഖയുണ്ടാക്കിയത്. ചാക്ക ശാസ്താ മുട്ടമ്പിൽ ക്ഷേത്രത്തിൽ വച്ച് വിവാഹിതരായെന്നാണ് രേഖയുണ്ടാക്കിയത്.

ക്ഷേത്രത്തിന്റെ ലെറ്റർ ഹെഡ്ഡിലുള്ള വിവാഹ സർട്ടിഫിക്കറ്റും സംഘടിപ്പിച്ചു. ഈ വ്യാജരേഖ വച്ച് രേവതി മുഖ്യമന്ത്രിയുടെ ഓഫീസിൽ പരാതി നൽകി. കുടുംബകോടതിയിലും അമൽ വിവാഹത്തട്ടിപ്പ് നടത്തിയതായി രേവതി രേഖകൾ നൽകി.

മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് അമലിനെയും പിതാവ് അനിലിനെയും പാറശാല പൊലീസ് വിളിപ്പിച്ചപ്പോഴാണ് വ്യാജരേഖയുടെ വിവരങ്ങൾ അറിയുന്നത്. ക്ഷേത്രത്തിന്റെ ലെറ്റർ ഹെഡ്ഡ് കണ്ടപ്പൊഴേ വ്യാജരേഖയാണെന്ന് അനിലിന് മനസിലായി.

ക്ഷേത്ര ഭാരവാഹികളുമായി ബന്ധപ്പെട്ടപ്പോൾ ക്ഷേത്രത്തിൽ നിന്ന് അത്തരമൊരു ലെറ്റർ ഹെഡ്ഡ് കൊടുത്തിട്ടില്ലെന്നും ക്ഷേത്രത്തിൽ ഈ വിവാഹം നടന്നിട്ടില്ലെന്നും ഭാരവാഹികൾ പറഞ്ഞു. ഇതിനിടെ രേവതിയും കുടുംബവും വാർത്താ മാദ്ധ്യമങ്ങൾക്കും അമൽ വിവാഹത്തട്ടിപ്പ് നടത്തി കബളിപ്പിച്ചെന്ന വാർത്ത നൽകിയിരുന്നു.

തങ്ങളുടെ കുടുംബത്തിന് അപകീർത്തികരമായ രീതിയിലുള്ള പ്രവൃത്തിക്കെതിരെ അനിലും ക്ഷേത്രത്തെ അപകീർത്തിപ്പെടുത്താനുള്ള ശ്രമത്തിനെതിരെ ശാസ്താ മുട്ടമ്പിൽ ക്ഷേത്ര ട്രസ്റ്റ് ചെയർമാൻ ശാസ്താമണിയും രേവതിക്കെതിരെ പേട്ട പൊലീസിൽ പരാതി നൽകി.

പരാതി സ്വീകരിച്ചതായും കേസെടുത്ത് അന്വേഷണം ആരംഭിച്ചെന്നും പേട്ട എസ്.ഐ പി. സന്തോഷ് അറിയിച്ചു.

SARVEPALLI RADHAKRISHNAN UNIVERSITY BHOPAL
Affiliated to MCI & DCI
New Delhi UGC Approved
MDS
(Master of Dental Surgery)
Low Package
Contact college authorised person
*NEET Qualified Students Only.
8547792120
9496532507

മരിയ്ക്കാത്ത ഓർമ്മകളുമായി
ഒരു വർഷം (12.02.2019)

ലതിക ഗോപിദാസ്
43 വർഷവും 5 മാസവും നിഴൽപോലെ എന്നെ എല്ലാ സ്ഥലങ്ങളിലും അനുഗമിച്ചിരുന്നത് ഇത്രയും വേദന തരുന്നതിനുവേണ്ടി ആയിരുന്നോ. ഏകാന്ത തടവിൽ വേദനിക്കുന്ന ഹൃദയവുമായി
ഭർത്താവ് Air Veteran, D. ഗോപിദാസ്. ഗോപിക,
147 പുത്തൻനട നഗർ, തെക്കേവിള പി. ഒ, കൊല്ലം. 691016
Ph: 0474 2745011, Mob: 9447094487






മാർക്കറ്റ്

| | | | |
|---|---|---|---|
| 151.45 ↓ | സെൻസെക്സ് | 36395.03 |
| 54.80 ↓ | നിഫ്ടി | 10888.80 |

സ്വർണം

| | |
|---|---|
| പവൻ (8ഗ്രാം) | 24,720 |
| ഒരു ഗ്രാം | 3090 |



# വ്യവസായങ്ങൾക്ക് ലൈസൻസ് 15 ദിവസത്തിനകം: മുഖ്യമന്ത്രി

## ■ തീരുമാനം വൈകാതെ നടപ്പാക്കും

■ കെ-സ്വിഫ്റ്റിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു

▸ബിസിനസ് ലേഖകൻ



കൊച്ചി ബോൾഗാട്ടിയിലെ ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വ്യവസായ വകുപ്പ് സംഘടിപ്പിച്ച 'അസെൻഡ് കേരള 2019' സംഗമം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു. ചീഫ് സെക്രട്ടറി ടോം ജോസ്, ഫിക്കി ചെയർമാൻ സന്ദീപ് സൊമാനി, മന്ത്രി ഇ.പി. ജയരാജൻ,കെ.എസ്.എസ്.ഐ.എ പ്രസിഡന്റ് എം. ഖാലിദ്, സി.ഐ.ഐ ദക്ഷിണ മേഖലാ ചെയർമാൻ ആർ.ദിനേശ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ഇളങ്കോവൻ, ടൈ കേരള പ്രസിഡന്റ് എം.എസ്.എ. കുമാർ എന്നിവർ സമീപം

കൊച്ചി: സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾക്ക് അനുമതി ലഭ്യമാക്കാനുള്ള സമയപരിധി വൈകാതെ 15 ദിവസമായി കുറയ്ക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വ്യവസായ വകുപ്പ് കൊച്ചി ബോൾഗാട്ടിയിലെ ലുലു ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച 'അസെൻഡ് കേരള 2019' സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിലവിൽ, വ്യവസായങ്ങൾക്ക് 30 ദിവസത്തിനുള്ളിൽ അനുമതി നൽകണമെന്നാണ് നിയമം. അതിനകം അനുമതി ലഭിച്ചില്ലെങ്കിൽ 31-ാം നാൾ അനുമതി ലഭിച്ചതായി കണക്കാക്കി സംരംഭകന് പ്രവർത്തനം തുടങ്ങാം. ഈ നിയമം സെക്രട്ടേറിയറ്റിൽ മാത്രമല്ല, വില്ലേജ് ഓഫീസുകൾ മുതൽ തന്നെ പാലിക്കണം. ഒരു ഉദ്യോഗസ്ഥനും വ്യവസായവുമായി ബന്ധപ്പെട്ട ഒരു കടലാസും വൈകിപ്പിക്കരുത്. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഇത്തരം കാര്യങ്ങളിൽ 'മുടക്കുകാർ' (തടസം നിൽക്കുന്നവർ ) ആകരുത്.

രാജ്യത്ത് ഉത്പന്നങ്ങൾ ഏറ്റവുമധികം വില്ക്കപ്പെടുന്നത് കേരളത്തിലാണ്. ഉത്പാദനവും കേരളത്തിൽ വൻതോതിൽ നടക്കണം. അതിന് പുതിയ ഉത്പാദന യൂണിറ്റുകൾ വരണം. പുതിയ യൂണിറ്റുകൾ നാടിനൊരു സഹായമാണ് എന്ന് മനസിലാക്കി, ബന്ധപ്പെട്ടവർ നിശ്ചിത സമയത്തിനകം അനുമതി നൽകണം. പുതിയ വ്യവസായങ്ങൾ നാടിനെ ചൂഷണം ചെയ്യാൻ വരുന്നുവെന്ന ധാരണ മാറ്റണം. ചെറുകിട വ്യവസായ യൂണിറ്റുകളിലൂടെ ഈവർഷം 50,000 പേർക്ക് തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം. വൻകിട വ്യവസായ യൂണിറ്റുകളും കേരളത്തിൽ വരണം. അങ്ങനെ 'നവകേരളം' സൃഷ്ടിക്കാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വ്യവസായങ്ങൾക്ക് അതിവേഗം അനുമതി ലഭ്യമാക്കാനുള്ള ഏകജാലക സംവിധാനമായ കേരള സിംഗിൾ വിൻഡോ ഇന്റർഫേസ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പരന്റ് ക്ലിയറൻസിന്റെ (കെ-സ്വിഫ്റ്റ്) ഉദ്ഘാടനവും വ്യവസായ വകുപ്പിന്റെ ഇൻവെസ്റ്റ് കേരള ഗൈഡിന്റെ പ്രകാശനവും മുഖ്യമന്ത്രി നിർവഹിച്ചു. ഇൻവെസ്റ്റ് കേരള വെബ് പോർട്ടലിന്റെ പ്രകാശനം ചടങ്ങിൽ മന്ത്രി ഇ.പി. ജയരാജൻ നിർവഹിച്ചു. ചീഫ് സെക്രട്ടറി ടോം ജോസ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.കെ. ഇളങ്കോവൻ, ഫിക്കി പ്രസിഡന്റ് സന്ദീപ് സൊമാനി, സി.ഐ.ഐ ദക്ഷിണ മേഖലാ ചെയർമാൻ ആർ. ദിനേശ്, ടൈ കേരള പ്രസിഡന്റ് എം.എസ്.എ കുമാർ, കെ.എസ്.എസ്.ഐ.എ പ്രസിഡന്റ് എം. ഖാലിദ് എന്നിവർ സംസാരിച്ചു.

## സ്വകാര്യ വ്യവസായ പാർക്കുകൾ അനുവദിക്കും: മന്ത്രി ജയരാജൻ

സംസ്ഥാനത്ത് പൊതുമേഖലയ്ക്ക് പുറമേ സ്വകാര്യ മേഖലയിലും വ്യവസായ പാർക്കുകൾ അനുവദിക്കുമെന്ന് മന്ത്രി ഇ.പി. ജയരാജൻ പറഞ്ഞു. ഗ്രാമങ്ങളിൽ 25 ഏക്കറും നഗരങ്ങളിൽ 15 ഏക്കറുമായിരിക്കും സ്ഥലപരിധി. പൊതുമേഖലയിലെ പാർക്കുകളിലെ എല്ലാ സൗകര്യങ്ങളും ഇവിടെയും ലഭ്യമാക്കും.

കേരളത്തെ വ്യവസായ സൗഹൃദമാക്കാനായി വിവിധ നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്ത് എൽ.ഡി.എഫ് സർക്കാർ നിയമം കൊണ്ടുവന്നിരുന്നു. 30 ദിവസത്തിനകം വ്യവസായങ്ങൾക്ക് അനുമതി നൽകണം. ഓൺലൈനായി അപേക്ഷ സ്വീകരിക്കാത്ത വകുപ്പുകൾക്കെതിരെ നടപടിയെടുക്കും. എല്ലാവിഭാഗം വ്യവസായങ്ങളെയും പ്രോത്സാഹിപ്പിച്ച് വിപുലമായ വ്യവസായ ശൃംഖല കേരളത്തിൽ വളർത്തുകയാണ് ലക്ഷ്യം. എൽ.ഡി.എഫ് സർക്കാരിന്റെ രണ്ടരവർഷക്കാലത്തിനിടെ കേരളത്തിൽ 36,000 എം.എസ്.എം.ഇ സംരംഭങ്ങൾ വന്നു. 1.24 ലക്ഷം പേർക്ക് തൊഴിൽ ലഭിച്ചു.

### ഉദ്യോഗസ്ഥർ മുടക്കുകാർ ആകരുത്

"സംരംഭങ്ങൾ നാടിനെ സഹായിക്കാനുള്ളതാണെന്ന ബോധം ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും വേണം. തൊഴിലുകൾ നൽകുന്നതിലൂടെ നാടിന്റെ വികസനത്തിനാണ് ഇവർ സഹായിക്കുന്നത്. അതുകൊണ്ട്, ഉദ്യോഗസ്ഥർ 'മുടക്കുകാർ' ആകരുത്. സംരംഭങ്ങളെ സഹായിക്കുന്നവർ ആകണം"

പിണറായി വിജയൻ,
*മുഖ്യമന്ത്രി*


### അസെൻഡ് കേരള സംഗമം

കേരളത്തിന്റെ വ്യാവസായിക വളർച്ചയെ സംബന്ധിക്കുന്ന ചർച്ചകളാണ് അസെൻഡ് കേരളയിൽ നടന്നത്. എം.എസ്.എം.ഇ പ്രതിനിധികൾ, ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ, വ്യവസായ പ്രമുഖർ തുടങ്ങി മൂവായിരത്തോളം പേർ പങ്കെടുത്തു.



*നന്തിലത്ത് ജി-മാർട്ടിന്റെ കട്ടപ്പനയിലെ പുതിയ ഹൈടെക് ഷോറൂമിന്റെ ഉദ്ഘാടനം റോഷി അഗസ്റ്റിൻ എം.എൽ.എ നിർവഹിക്കുന്നു. കട്ടപ്പന മുനിസിപ്പൽ ചെയർമാൻ മനോജ് എം. തോമസ്, ഗോപു നന്തിലത്ത് ഗ്രൂപ്പ് ചെയർമാൻ ഗോപു നന്തിലത്ത്, ചന്ദ്രൻ നന്തിലത്ത്, ഷൈനി ഗോപു നന്തിലത്ത്, ഗോപു നന്തിലത്ത് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ അർജ്ജുൻ നന്തിലത്ത്, ഡയറക്ടർ ഐശ്വര്യ സുജിത്, അശ്വിക അർജ്ജുൻ, ബേബി ദക്ഷാ ഗൗരി സുജിത്, മാസ്റ്റർ ധ്രുവ്ദേവ് സുജിത്, സി.ഇ.ഒ പി.എ. സുബൈർ, ഊട്ടോളി കൃഷ്ണൻകുട്ടി എന്നിവർ സമീപം.*

## നിക്ഷേപ സാദ്ധ്യതാ സൂചികയിൽ കേരളത്തിന്റെ മുന്നേറ്റം



കൊച്ചി: രാജ്യത്തെ സംസ്ഥാന നിക്ഷേപ സാദ്ധ്യതാ സൂചികയിൽ കേരളത്തിന്റെ മുന്നേറ്റം. 2018ലെ നാഷണൽ കൗൺസിൽ ഒഫ് അപ്ലൈഡ് എക്കണോമിക് റിസർച്ചിന്റെ (എൻ.സി.എ.ഇ.ആർ) സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് പൊട്ടൻഷ്യൽ ഇൻഡക്സിൽ നാലാം സ്ഥാനമാണ് കേരളം നേടിയത്.

ഭൂമി, തൊഴിൽ, അടിസ്ഥാനസൗകര്യം, സാമ്പത്തിക പരിസ്ഥിതി, രാഷ്ട്രീയ സ്ഥിരത, ഭരണം, ബിസിനസ് അവബോധം എന്നിവ അടിസ്ഥനമാക്കിയാണ് പട്ടിക തയ്യാറാക്കിയത്. ഗുജറാത്ത്, ഹരിയാന, ബംഗാൾ എന്നിവയാണ് യഥാക്രമം കേരളത്തിന് തൊട്ടുമുന്നിലുള്ള സംസ്ഥാനങ്ങൾ. കൊച്ചിയിൽ ഇന്നലെ നടന്ന അസെൻഡ് കേരളയിൽ എൻ.സി.എ.ഇ.ആർ സർവേ പ്രകാശനം ചെയ്തു. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ മുന്നിലുള്ള കേരളത്തെ ഉത്പാദന രംഗത്തും മുന്നോട്ട് നയിക്കാനുള്ള നടപടികളാണ് സർക്കാർ നടപ്പാക്കുന്നതെന്ന് അസെൻഡ് 2019ന്റെ ഭാഗമായുള്ള പ്ലീനറി സെഷനിൽ പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ വി.കെ. രാമചന്ദ്രൻ പറഞ്ഞു.

## കാർഷിക കയറ്റുമതിയിൽ 50 ശതമാനം നഷ്ടം



ന്യൂഡൽഹി: ഇന്ത്യയിൽ നിന്നുള്ള കാർഷികോത്പന്ന കയറ്റുമതിയുടെ മൂല്യം നടപ്പു സാമ്പത്തിക വർഷം ഏപ്രിൽ-ഡിസംബർ കാലയളവിൽ 50 ശതമാനം കുറഞ്ഞു. മൊത്തം കയറ്റുമതി അളവ് 46 ശതമാനവും ഇടിഞ്ഞെന്ന് അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടെ (എപെഡ) കണക്കുകൾ വ്യക്തമാക്കി.

ഉത്പന്നങ്ങളുടെ വിലയിടിവും വില കൂടുതൽ ഇടിയുമെന്ന വിലയിരുത്തലുകളെ തുടർന്ന് സ്റ്റോക്കിസ്റ്റുകൾ ഇന്ത്യൻ ഉത്പന്നങ്ങൾ വാങ്ങുന്നത് നീട്ടിവച്ചതുമാണ് കയറ്റുമതിയെ തളർത്തിയത്. 1.35 ലക്ഷം ടൺ ഗോതമ്പാണ് നടപ്പുവർഷം ഏപ്രിൽ-ഡിസംബറിൽ കയറ്റുമതി ചെയ്തത്. കിട്ടിയ വരുമാനം 35 ദശലക്ഷം ഡോളർ. മുൻവർഷത്തെ സമാനകാലയളവിൽ 72 ദശലക്ഷം മൂല്യംവരുന്ന 2.49 ലക്ഷം ടൺ ഗോതമ്പ് കയറ്റുമതി ചെയ്തിരുന്നു. ബസുമതി ഇതര അരിയുടെ കയറ്റുമതി 14 ശതമാനവും മൂല്യം 16.4 ശതമാനവും ഇടിഞ്ഞു. ബസുമതി അരി, പോത്തിറച്ചി, നിലക്കടല, പഴവർഗങ്ങൾ എന്നിവയുടെ കയറ്റുമതിയിലും നഷ്ടമുണ്ടായി.

## മികച്ച ഓഫറുകളുമായി നിപ്പോൺ ടൊയോട്ട

കൊച്ചി: ടൊയോട്ടയുടെ തിരഞ്ഞെടുക്കപ്പെട്ട വാഹനങ്ങൾക്ക് ആകർഷകമായ ഓഫറുകളുമായി നിപ്പോൺ ടൊയോട്ട. തിരഞ്ഞെടുത്ത കോർപ്പറേറ്റുകൾക്കും 'ഡ്രൈവ് ദ നേഷനി'ലൂടെ സർക്കാർ ജീവനക്കാർക്കും വിരമിച്ച സർക്കാർ ജീവനക്കാർക്കും പ്രത്യേക ഓഫറുകൾക്ക് പുറമേ എക്സ്ചേഞ്ച് ബോണസും സി.എസ്.ഡി പ്രൈസിംഗും ലഭ്യമാണ്. 1.20 ലക്ഷം രൂപവരെയുള്ള ആനുകൂല്യങ്ങൾ ടൊയോട്ടയുടെ വിവിധ മോഡൽ കാറുകൾക്ക് നിബന്ധനകൾക്ക് അനുസൃതമായി ലഭിക്കും. വിവരങ്ങൾക്ക്: 97447 12345

| SCRIP | BSE | NSE |
|---|---|---|
| ABB | 1230.350 | 1233.800 |
| ACC | 1369.100 | 1368.300 |
| Adani Power | 34.600 | 34.700 |
| AKSHOPTICAL | 20.550 | 20.600 |
| AMARAJA | 739.650 | 740.450 |
| ANDHARA BANK | 23.950 | 23.800 |
| APPOLOHOS | 1124.950 | 1121.900 |
| ARVINDMILL | 79.550 | 79.450 |
| ASHOKLEY | 82.950 | 83.100 |
| ASIANPNT | 1437.950 | 1437.100 |
| AVAYA GLOBAL | 101.950 | 100.300 |
| AXISBANK | 710.350 | 710.850 |
| BAJAJAUTO | 2852.000 | 2853.600 |
| BALAJITELE | 82.550 | 81.450 |
| BANKOFBARODA | 103.900 | 103.900 |
| BATAIND | 1186.650 | 1188.400 |
| BEML | 784.000 | 785.200 |
| BFLSOFT | 995.600 | 996.650 |
| BHARTI | 313.050 | 312.200 |
| BHEL | 62.600 | 62.750 |
| BIOCON | 644.000 | 644.200 |
| BOI | 84.800 | 84.700 |
| BOMBDYE | 102.850 | 103.000 |
| BPCL | 334.200 | 333.600 |
| BPL | 26.850 | 26.550 |
| BRITANNIA | 3113.400 | 3107.550 |
| BSES | 115.550 | 115.500 |
| CANARABANK | 225.550 | 225.000 |
| CEAT | 1090.000 | 1085.650 |
| CENTURY TEXT | 737.250 | 736.350 |
| CHENNAIPETRO | 217.200 | 217.150 |
| CIPLA | 543.500 | 543.300 |
| COLGATE | 1285.550 | 1285.800 |
| CORPBNK | 24.700 | 24.650 |
| CROMPGREV | 34.300 | 34.300 |
| D-LINK | 78.000 | 78.400 |
| DABUR | 448.550 | 448.950 |
| DIVIS LAB | 1635.850 | 1635.000 |
| DRREDDY | 2616.950 | 2615.350 |
| DWARKESH SUGAR | 22.600 | 22.600 |
| EIHOTEL | 187.550 | 187.900 |
| ENGGINDIA | 109.200 | 109.000 |
| ESCORTS | 636.800 | 636.500 |
| Euro Multivision Ltd | 2.240 | 0.000 |
| Excel Infoways Ltd | 2.180 | 1.900 |
| FINLXCABLE | 390.350 | 389.800 |
| GAIL | 329.050 | 328.400 |
| GARDEN SILK | 17.400 | 17.650 |
| GESHIPP | 283.150 | 283.950 |
| GLAXO | 1385.300 | 1388.050 |
| GLENMARK | 603.350 | 602.650 |
| GLOBALTELE | 4.320 | 4.300 |
| Globus Spirits Ltd | 136.050 | 135.650 |
| GNFC | 308.200 | 307.650 |
| GODREJS | 697.700 | 698.000 |
| GRASIM | 716.750 | 716.650 |
| GUJAMBCEM | 208.000 | 207.600 |
| HCLINFO | 16.550 | 16.600 |
| HDFC | 1948.000 | 1948.200 |
| HDFCBNK | 2137.350 | 2139.650 |
| HEROHONDA | 2883.050 | 2889.050 |
| HINDALCO | 199.350 | 199.450 |
| HINDLEVER | 1805.350 | 1804.800 |
| HINDUJAFUN | 343.000 | 343.600 |
| HPCL | 231.500 | 231.600 |
| I-FLEX | 3787.100 | 3788.400 |
| ICICIBANK | 349.300 | 350.050 |
| INDHOTEL | 135.450 | 135.350 |
| INDIACEM | 77.200 | 77.200 |
| INFOSYS | 761.600 | 762.800 |
| INFOTECH ENT | 587.800 | 581.750 |
| IOC | 135.100 | 135.850 |
| ITC | 277.450 | 277.100 |
| KALECONSULT | 919.600 | 920.050 |
| KARUR VYSYA BANK | 85.250 | 85.450 |
| KOPRAN | 37.800 | 37.700 |
| KOTAKM | 1304.700 | 1301.550 |
| L&T | 1245.950 | 1246.500 |
| LICHSGFIN | 446.300 | 446.800 |
| LUPINCHEM | 819.200 | 820.500 |
| LYKALAB | 21.850 | 22.250 |
| M&M | 646.750 | 647.550 |
| MAHABANK | 13.350 | 13.200 |
| Mahindra Holidays | 194.800 | 195.650 |
| MARUTI | 7185.050 | 7177.900 |
| MAXIND | 378.400 | 377.000 |
| MCDOWEL | 528.850 | 527.550 |
| MELSTAR | 0.000 | 1.050 |
| MIDDAY | 25.200 | 25.600 |
| MRF | 55353.750 | 55345.600 |
| MROTECH | 36.950 | 37.000 |
| MTNL | 12.280 | 12.200 |
| MUKTAARTS | 36.600 | 35.300 |
| NAICHOLAS | 2121.250 | 2119.250 |
| NATHSEED | 0.000 | 6.350 |
| NEYBELI | 62.750 | 62.300 |
| NHPC Ltd | 23.450 | 23.450 |
| NIIT | 85.200 | 85.050 |
| NTPC | 132.050 | 130.350 |
| OBC | 85.450 | 85.450 |
| Oil India Ltd (OIL) | 170.600 | 170.350 |
| ONGC | 139.000 | 138.200 |
| ONWARDTECI | 61.650 | 60.800 |
| ORCHIDCHEM | 3.440 | 3.450 |
| PANACEABIO | 151.650 | 151.900 |
| PENTSOFT | 0.310 | 0.000 |
| PETRONET | 224.500 | 224.800 |
| PFIZER | 2961.100 | 2962.300 |
| Pipavav Shipyard | 8.560 | 8.500 |
| PRYACEM | 100.150 | 100.200 |
| PTC | 71.250 | 71.050 |
| RAMCOSYS | 206.200 | 206.150 |
| RELCAP | 134.900 | 135.050 |
| RELIANCE | 1253.450 | 1253.250 |
| ROLTA | 3.970 | 4.100 |
| SAB | 3.150 | 3.100 |
| SAIL | 44.800 | 44.800 |
| SARIGAMA | 553.050 | 553.400 |
| SBI | 279.800 | 280.500 |
| SCI | 37.900 | 37.900 |
| SIEMENS | 1025.000 | 1029.800 |
| SKFBEAR | 1926.350 | 1930.000 |
| SMITHKLC | 7561.050 | 7559.700 |
| SSI | 3.630 | 3.550 |
| STROPTICAL | 220.150 | 220.300 |
| SUNPHARMA | 428.200 | 428.550 |
| SYNDIBANK | 32.550 | 32.550 |
| Tata Communications | 481.650 | 482.300 |
| TATACHEM | 583.900 | 585.050 |
| TATAELXSI | 905.050 | 903.800 |
| TATAPOWER | 65.700 | 65.550 |
| TATATEA | 179.750 | 179.750 |
| TCS | 2065.550 | 2065.900 |
| TELCO | 152.450 | 152.650 |
| THERMAX | 1058.050 | 1070.150 |
| THMCOOK | 211.200 | 212.450 |
| TIPSINDIA | 59.750 | 60.100 |
| TISCO | 480.400 | 480.700 |
| TITANIND | 1055.850 | 1056.400 |
| TRIGYNTECH | 67.800 | 67.150 |
| UCOBANK | 17.600 | 17.500 |
| UNICHEMLAB | 194.300 | 193.500 |
| VESUVIUS | 1166.800 | 1164.550 |
| VOLTAS | 526.150 | 524.450 |
| WIPRO | 372.500 | 373.050 |
| ZEETELE | 402.500 | 401.700 |
| KERALA BASED | | |
| APOLLOTYRE | 201.750 | 201.700 |
| AVTNPL | 22.050 | 21.950 |
| Cochin minerals | 216.050 | 0.000 |
| COCHINSHIP | 352.850 | 354.000 |
| Dhan bank | 15.650 | 15.550 |
| Eastern Treads | 45.000 | 0.000 |
| Fact | 34.150 | 34.050 |
| FEDERALBNK | 83.450 | 83.450 |
| GEOJIT | 34.250 | 34.400 |
| Gtn textiles | 0.000 | 8.700 |
| HARMALA | 73.400 | 73.600 |
| INDITRADE | 39.750 | 0.000 |
| Kera ayu | 59.550 | 0.000 |
| Kitex | 97.500 | 97.350 |
| Kse ltd. | 1489.850 | 0.000 |
| Manapuram | 101.550 | 101.650 |
| Muthoot capital | 782.900 | 775.950 |
| Muthootfin | 505.000 | 505.100 |
| Nitta gelatin | 127.600 | 0.000 |
| Patspin india | 11.010 | 11.150 |
| RUBFILA INTL [BSE] | 39.450 | 0.000 |
| SIB | 13.480 | 13.500 |
| Sree sakthi paper | 5.840 | 0.000 |
| Vertex | 1.980 | 0.000 |
| Vguard | 193.000 | 193.400 |
| WONDERLA | 281.900 | 283.000 |

## വിനിമയനിരക്ക്



| കറൻസി | സെൽ | ബയിംഗ് |
|---|---|---|
| ഡോളർ | 71.26 | 71.15 |
| യൂറോ | 80.59 | 80.48 |
| പൗണ്ട് | 92.92 | 91.83 |
| സ്വിസ് ഫ്രാങ്ക് | 71.22 | 71.15 |
| സിംഗപ്പൂർ ഡോളർ | 52.52 | 52.42 |
| ആസ്ട്രേലിയ ഡോളർ | 50.45 | 50.38 |
| കനേഡിയൻ | 53.51 | 53.59 |
| ബഹ്റിൻ ദിനാർ | 188.64 | |
| കുവൈറ്റ് ദിനാർ | 234.07 | |
| ഒമാനി റിയാൽ | 185.21 | |
| സൗദി റിയാൽ | 18.97 | |
| യു. എ. ഇ. ദിർഹം | 19.38 | |
| ഖത്തർ റിയാൽ | 19.56 | |

## കമ്പോളനിലവാരം

| | |
|---|---|
| **കൊച്ചി** | |
| വെളിച്ചെണ്ണ മില്ലിംഗ് | 17,300 |
| വെളിച്ചെണ്ണ | 15,800 |
| കൊപ്ര | 10,565-11,300 |
| പിണ്ണാക്ക് എക്സ്പെല്ലർ | 2350 |
| പിണ്ണാക്ക് റോട്ടറി | 2900 |
| കുരുമുളക് | |
| ചേറ്റാത്തത് | 35,900 |
| കുരുമുളക് പുതിയത് | 33,400 |
| കുരുമുളക് ചേറ്റിയത് | 36,900 |
| പുതിയ ചുക്ക് | 28,000-31,800 |
| ചുക്ക് മീഡിയം | 25,000 |
| ചുക്ക് ബെസ്റ്റ് | 28,500 |
| മഞ്ഞൾ | 12,500 |
| സേലം-ഈറോഡ് | 8200-8500 |
| കാഞ്ഞിരക്കുരു | 1850 |
| അടയ്ക്ക | |
| പുതിയത് | 22,000-23,000 |
| അടയ്ക്ക പഴയത് | 24,000-25,000 |
| പഞ്ചസാര | 3460 |
| വറ്റൽമുളക് | 10,500-13,500 |
| ഉഴുന്ന് | 6500-8000 |
| ചെറുപയർ | 6800-7400 |
| കടല | 5900-6600 |
| മുതിര | 4200 |
| എള്ള് | 9500-15000 |
| മല്ലി | 6800-10,200 |
| പച്ചരി നമ്പർ-2 | 2900 |
| പുഴക്കലരി (ജയ) | 2800-2900 |
| ഗ്രാമ്പൂ | 725 |
| പാം ഓയിൽ | 6630 |
| **ജാതിക്ക** | |
| തൊണ്ടൻ | 225-260 |
| തൊണ്ടില്ലാത്തത് | 450-475 |
| ജാതിപത്രി ചുവപ്പ് | 800-900 |
| **പൈനാപ്പിൾ** | |
| പച്ച | 19.00 |
| പഴം | 20.00 |
| സ്പെഷ്യൽ | 20.00 |
| **റബർ** | |
| ആർഎസ്എസ്4 | 12,300 |
| ആർഎസ്എസ്-5 | 11,100-11,600 |
| ഒട്ടുപാൽ | 8300 |
| ലാറ്റക്സ് | 8000 |
| **കോട്ടയം** | |
| ആർ.എസ്.എസ്4 | 119.50 |
| ആർ.എസ്.എസ്5 | 113.50 |
| തരംതിരിക്കാത്തത് | 102.00 |
| | 102.50 |
| ഒട്ടുപാൽ | 78.50 |
| റബർ ബോർഡ് | |
| ആർ.എസ്.എസ്4 | 12350 |
| ആർ.എസ്.എസ്5 | 11650 |
| തരംതിരിക്കാത്തത് | 11500 |
| ഒട്ടുപാൽ | 8560 |
| **ബാങ്കോക്ക്** | |
| ആർ.എസ്.എസ്1 | 11506 |
| ആർ.എസ്.എസ്2 | 11370 |
| ആർ.എസ്.എസ്3 | 11245 |
| ആർ.എസ്.എസ്4 | 11171 |
| ആർ.എസ്.എസ്5 | 11074 |
| **കോലാലമ്പൂർ** | |
| (ബ്രായ്ക്കറ്റിൽ ഡോളർ വില) | |
| എസ്.എം.ആർ 20 | — |
| 60% ലാറ്റക്സ് | — |
| വെളിച്ചെണ്ണ | 195.00 |
| കൊപ്ര | 138.00 |
| ശർക്കര (മറയൂർ) | 70.00 |
| ശർക്കര (പാണ്ടി) | 52.00 |
| കാപ്പി | 118.00 |
| **കണ്ണൂർ** | |
| കൊപ്രക്വിന്റൽ | 10500 |
| വെളിച്ചെണ്ണ | |
| ടിൻ | 2850 |
| കിലോ | 193 |
| ലിറ്റർ | 181 |
| പിണ്ണാക്ക് ക്വിന്റൽ | 2500 |
| തേങ്ങ ക്വിന്റൽ | 3500 |
| **ആലപ്പുഴ** | |
| വെളിച്ചെണ്ണ മില്ലിംഗ് | 16,000 |
| വെളിച്ചെണ്ണ | 15,100 |
| കൊപ്ര | 10,100 |
| ,, | 10,150 |
| ,, | 10,200 |
| **തൃശൂർ** | |
| വെളിച്ചെണ്ണ (മില്ലിംഗ്) | 16900 |
| തയ്യാർ | 15900 |
| കൊപ്ര | 10955 |
| തേങ്ങപിണ്ണാക്ക് | 2100 |
| നല്ലെണ്ണ | 3100 |
| കടലെണ്ണ | 2200 |
| എള്ളിൻപിണ്ണാക്ക് | 3500 |
| സ്വർണ്ണം | 3090 |
| വെള്ളി | 440 |
| **അടയ്ക്ക കൊക്കാല** | |
| പഴയത് | 4500-5000 |
| പുതിയത് | 4000-4600 |
| രണ്ടാംതരം | 1000-2600 |
| **അമല** | |
| പഴയത് | 4600-4904 |
| പുതിയത് | 4300-4650 |
| രണ്ടാംതരം | 2500-3500 |
| **പഴഞ്ഞി** | |
| പഴയത് | 4500-5100 |
| പുതിയത് | 4400-4700 |
| രണ്ടാംതരം | 3000-3500 |
| **നെടുമങ്ങാട്** | |
| റബർ | 106 |
| ഒട്ടുപാൽ | 72 |
| തേങ്ങ | 40 |
| കുരുമുളക് | 300 |
| കുരുമുളക് (പച്ച) | 112 |
| കൊട്ടപ്പാക്ക് | 180 |
| വരവുമേനി | 150 |
| ജാതിക്ക | 180 |
| ജാതിപരിപ്പ് | 380 |
| ജാതിപത്രി | 800 |
| ഗ്രാമ്പ് | 550 |
| കാപ്പി | 95 |
| കൊക്കോ | 12 |
| കശു അണ്ടി | 100 |
| **സ്വർണം** | |
| കൊച്ചി (8ഗ്രാം) | 24,720 |
| ഒരുഗ്രാം | 3090 |
| **വെള്ളി** | |
| തിരുവനന്തപുരം | 44,440 |
| കൊച്ചി | 44,440 |

## ശാസ്ത്രകൗമുദി

### ചക്കക്കുരുവിന്റെ ആരോഗ്യമൂല്യം



ചക്കയോളം ഗുണമേന്മയുണ്ട് ചക്കക്കുരുവിന്. വിദേശവിപണിയിൽ പോലും താരമായ ചക്കക്കുരുവിൽ ആന്റിഓക്സിഡന്റുകളുടെയും വൈറ്റമിനുകളുടെയും വൻ ശേഖരം അടങ്ങിയിട്ടുണ്ട്. കാൽസ്യം, സിങ്ക്, ഫോസ്ഫറസ് തുടങ്ങിയവയും ഇതിലുണ്ട്. ആന്റി ഓക്സിഡന്റുകൾ മാരകരോഗങ്ങളെപ്പോലും പ്രതിരോധിക്കും.

ചർമ്മത്തിന്റെ ആരോഗ്യവും സൗന്ദര്യവും യൗവനം നിലനിറുത്താൻ ചക്കക്കുരു മികച്ചതാണ്. ഇത് ചർമ്മത്തിലെ ചുളിവുകൾ അകറ്റും.ഇതിൽ ധാരാളം നാരുകൾ അടങ്ങിയിട്ടുണ്ട്. ദഹനപ്രശ്നങ്ങൾ അകറ്റി ദഹനം സുഗമമാക്കും. മാനസിക സമ്മർദ്ദം കുറയ്ക്കാനുള്ള ഘടകങ്ങളും ചക്കക്കുരുവിലുണ്ട്. ഇതിലെ മാംഗനീസ് തലയോടിലെ രക്തചംക്രമണം വർദ്ധിപ്പിച്ച് മുടി വളർച്ച ത്വരിതപ്പെടുത്തും. ഇതിലെ ഇരുമ്പിന്റെ അംശം വിളർച്ചയും അനീമിയയും അകറ്റി ഉന്മേഷം പ്രദാനം ചെയ്യും.



മഹാഗുരു
തിങ്കൾ മുതൽ
വ്യാഴം വരെ
രാത്രി 7 നും 10നും
കൗമുദി ടിവിയിൽ

എപ്പിസോഡ് 2

അരുവിപ്പുറം പ്രതിഷ്ഠ യാഥാസ്ഥിതികരായ ചാതുർവർണ്യ പ്രേമികളെ അലോസരപ്പെടുത്തുന്നു. ഇത്തരം നീക്കങ്ങൾ മുളയിലേ നുള്ളണം. അല്ലെങ്കിൽ തങ്ങൾ കെട്ടിപ്പൊക്കിയ കോട്ടകൊത്തളങ്ങൾ തകരും. പ്രതിഷേധവും അമർഷവുമായി അരുവിപ്പുറത്തേക്ക് നീങ്ങുകയാണ് വേദജ്ഞാനമില്ലെങ്കിലും പൂണൂൽധാരണത്തിൽ ഊറ്റം കൊള്ളുന്ന സംഘം.

തങ്ങൾക്കും ആരാധിക്കാൻ ഒരു പ്രതിഷ്ഠ കിട്ടിയതിൽ അഭിമാനിക്കുകയും ആഹ്ലാദിക്കുകയും ചെയ്യുന്ന അവർണ സമൂഹം. പ്രതിഷ്ഠ നടത്താൻ അവർണന് എന്തവകാശം എന്ന ചോദ്യത്തെ ഗുരു സൗമ്യമായി നേരിടുന്നു. തോറ്റുമടങ്ങിയ സംഘത്തെ ആവേശം കൊള്ളിക്കുന്ന നങ്ങേലി അവശരക്ഷകനെ നേരിടണമെന്ന് ഉപദേശിക്കുന്നു. വയൽവരമ്പിൽ കാലുവേദന കൊണ്ട് വഴിമാറാതെ ഇരുന്നുപോയ സാധുവിനെ നങ്ങേലിയുടെ സംഘം തല്ലുന്നു. വേദന കൊണ്ട് വിലപിക്കുന്ന സാധുവിന് തുണയായി ഗുരുദേവൻ എത്തുന്നു.

Kaumudy

6.00 മഹാഗുരു - 1
6.26 am, pm ദൈവദശകം
7.00 ജീസസ് ഈസ് എലൈവ്
7.30 പ്രണവം
8.00 സീക്രട്ട് ഫയൽസ്
8.30 ന്യൂസ് ട്രാക്ക്
9.00 ഓ മൈ ഗോഡ്
9.30 പുതിയപാട്ട്
10.00 ജി.ഐ.ടി.ഡി
10.30 മഹാഗുരു
11.30 സ്വയംവരം
12.00 ജി.ഐ.ടി.ഡി.
12.30 സാൾട്ട് ആൻഡ് പെപ്പർ
1.00 സ്നേക് മാസ്റ്റർ
1.30 മഹാഗുരു
2.00 ലേഡീസ് അവർ
3.00 കേരള ലോട്ടറി ലൈവ്
4.00 താരപ്പകിട്ട്
5.00 ഗസ്റ്റ് ടൈം- എൻ.കെ. മുഹമ്മദ്
6.00 ഫിലിം ബോക്സ്
6.35 ദേവാമൃതം
7.00 മഹാഗുരു
8.00 ഡ്രീം ഡ്രൈവ്
10.00 മഹാഗുരു
11.00 ഹരിതം സുന്ദരം

### ടിവി സിനിമ

**ഏഷ്യാനെറ്റ് hd :** 9.00 ഒപ്പം

**ഏഷ്യാനെറ്റ് മൂവീസ് :** 9.30 കോട്ടയം കുഞ്ഞച്ചൻ
12.00 നന്ദനം 2.30 സമ്മർ ഇൻ ബെത്‌ലഹേം
7.00 മരുഭൂമിയിലെ ആന 9.30 ഊഴം

**ഏഷ്യാനെറ്റ് :** 9.00 ഒപ്പം

**ഏഷ്യാനെറ്റ് പ്ലസ് :** 9.30 പുലിവാൽ കല്യാണം
12.30 ഉദയനാണ് താരം 4.00 ചിലമ്പ്
7.00 സൗണ്ട് തോമ

## നിങ്ങളുടെ ഇന്ന്

കൂറുകളുടെ അടിസ്ഥാനത്തിൽ (2019 ഫെബ്രുവരി 12 ചൊവ്വ)

**മേടം:** *(അശ്വതി, ഭരണി, കാർത്തിക ആദ്യ കാൽ ഭാഗം വരെ)* ആരോപണങ്ങളെ അതിജീവിക്കും, ആഗ്രഹസാഫല്യമുണ്ടാകും, അദൃശ്യമായ കഴിവുകൾ പ്രകടിപ്പിക്കും.

**ഇടവം:** *(കാർത്തിക അവസാന മുക്കാൽ ഭാഗം രോഹിണി, മകയിരം ആദ്യപകുതി വരെ)* ആത്മാഭിമാനം വർദ്ധിക്കും, സാമ്പത്തിക പുരോഗതി, വ്യക്തി സ്വാതന്ത്ര്യം അനുഭവപ്പെടും.

**മിഥുനം:** *(മകയിരം രണ്ടാം പകുതിഭാഗം, തിരുവാതിര, പുണർതം ആദ്യം മുക്കാൽ ഭാഗം)* അനുകൂല അവസരങ്ങൾ, ചെലവുകൾ നിയന്ത്രിക്കും, കുടുംബത്തിൽ ആഹ്ലാദം.

**കർക്കടകം:** *(പുണർതം അവസാന കാൽ ഭാഗം, പൂയം, ആയില്യം)* ചർച്ചകളിൽ വിജയം, ലക്ഷ്യപ്രാപ്തി നേടും, ആത്മസംതൃപ്തിയുണ്ടാകും.

**ചിങ്ങം :** *(മകം, പൂരം, ഉത്രം കാൽ ഭാഗം)* കാര്യങ്ങൾ ചെയ്തു തീർക്കും, പുതിയ ബന്ധങ്ങൾ ഉണ്ടാകും, തൊഴിൽ പുരോഗതി.

**കന്നി :** *(ഉത്രം അവസാന മുക്കാൽ ഭാഗം, അത്തം, ചിത്തിര ആദ്യ പകുതിഭാഗം)* മാതാപിതാക്കളെ സംരക്ഷിക്കും, സത്ഭാവനങ്ങൾ യാഥാർത്ഥ്യമാകും, മംഗളകർമ്മങ്ങളിൽ പങ്കെടുക്കും.

**തുലാം :** *(ചിത്തിര രണ്ടാം പകുതി, ചോതി, വിശാഖം ആദ്യപകുതി)* പുതിയ തൊഴിൽ മേഖല, വ്യവസായം നവീകരിക്കും, സത്കർമ്മങ്ങൾ ചെയ്യും.

**വൃശ്ചികം :** *(വിശാഖം അവസാന കാൽ ഭാഗം, അനിഴം, തൃക്കേട്ട)* പൊതുപ്രവർത്തനങ്ങളിൽ നേട്ടം, സാമ്പത്തികമായി ഉയർച്ച, ദൗത്യങ്ങൾ പൂർത്തീകരിക്കും.

**ധനു:** (മൂലം, പൂരാടം, ഉത്രാടം 15 നാഴിക) പഠനത്തിൽ ഉയർച്ച, കാര്യവിജയം, ഭൂരിപക്ഷാഭിപ്രായം മാനിക്കും.

**മകരം:** *(ഉത്രാടം അവസാന മുക്കാൽഭാഗം, തിരുവോണം, അവിട്ടം- ആദ്യപകുതി).* വ്യവസ്ഥകൾ പാലിക്കും, ആധി ഒഴിവാക്കും, അഭിപ്രായ സ്വാതന്ത്ര്യം.

**കുംഭം:** *( അവിട്ടം 30 നാഴിക, ചതയം, പൂരുരുട്ടാതി, 45 നാഴിക)* ബന്ധുജനങ്ങളുടെ സഹകരണം, പുതിയ തൊഴിൽ മേഖല, ചുമതലകൾ ഏറ്റെടുക്കും.

**മീനം:** *(പൂരുരുട്ടാതി അവസാന കാൽ ഭാഗം, ഉതൃട്ടാതി, രേവതി).* ഭക്ഷണ കാര്യങ്ങളിൽ ശ്രദ്ധിക്കണം, ഉയർച്ചയിൽ അഭിമാനം, ചർച്ചകളിൽ വിജയം.

- ഗോപകുമാർ ശർമ്മ

## പ്രമേയം: കെ.എസ്.യു നേതൃത്വത്തോട് വിശദീകരണം ചോദിച്ചു

മലപ്പുറം: കെ.എസ്.യു എറണാകുളം ജില്ലാ സമ്മേളനത്തിൽ മുതിർന്ന നേതാക്കളെ ഉന്നംവച്ച് പാസാക്കിയ പ്രമേയത്തെക്കുറിച്ച് വിശദീകരണം നൽകാൻ കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് കെ.എം. അഭിജിത്തിനോട് ആവശ്യപ്പെട്ടു. സംഘടനാ ചുമതലയുള്ള കെ.പി.സി.സി വർക്കിംഗ് പ്രസിഡന്റ് കൊടിക്കുന്നിൽ സുരേഷ് എം.പിയാണ് ഇക്കാര്യം അറിയിച്ചത്. നേതൃത്വത്തെ പരസ്യമായി അപഹസിക്കുന്ന നടപടി പാർട്ടിക്ക് ഗുണം ചെയ്യില്ല. പ്രമേയത്തിന് പിന്നിൽ ഏതെങ്കിലും നേതാക്കളുടെ ഇടപെടലുകളുണ്ടോ എന്നതു സംബന്ധിച്ചും അന്വേഷിച്ച് അഞ്ചു ദിവസത്തിനകം വിശദീകരണം നൽകണമെന്നും എം.പി പറഞ്ഞു.



# കേരള യൂണി. 221 കോടിയുടെ പദ്ധതിക്ക് കിഫ്ബി അംഗീകാരം തേടും

തിരുവനന്തപുരം: കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിനെ മികവിന്റെ കേന്ദ്രമാക്കാൻ 221.9 കോടി രൂപയുടെ പദ്ധതി കിഫ്ബിക്ക് സമർപ്പിക്കാൻ സർവകലാശാല സിൻഡിക്കേറ്റ് അംഗീകാരം നൽകി.

കേരള സർവകലാശാലയെ ഇന്റർനാഷണൽ സെന്റർ ഒഫ് എക്സലൻസ് ആയി ഉയർത്താനുള്ള പദ്ധതികളാണിത്. കെ.എച്ച്. ബാബുജാൻ ആണ് പ്രമേയം അവതരിപ്പിച്ചത്.

നിലവിലുള്ള സോഫിസ്റ്റിക്കേറ്റഡ് ഇൻസ്ട്രുമെന്റഷൻ ആൻഡ് കമ്പ്യൂട്ടേഷൻ സെന്റർ, സെൻട്രലൈസ്ഡ് ലബോറട്ടറി ഫോർ ഇൻസ്ട്രുമെന്റഷൻ ആൻഡ് ഫെസിലിറ്റേഷൻ (CLIF) എന്ന് പുനർനാമകരണം ചെയ്യാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

എല്ലാ പഠന വകുപ്പുകൾക്കും ഉപയോഗപ്പെടുത്താവുന്ന സെൻട്രലൈസ്ഡ് ലബോറട്ടറി കോംപ്ലക്സ് നിർമ്മിക്കും. എല്ലാ വകുപ്പുകളിലും കോളേജുകളിലും വീഡിയോ കോൺഫറൻസിംഗ് സൗകര്യമൊരുക്കും.

സ്കൂൾ ഒഫ് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ഭാഷകൾ, സ്കൂൾ ഒഫ് സോഷ്യൽ സയൻസസ് എന്നിവ ഉൾക്കൊള്ളുന്ന സ്മാർട്ട് ക്ലാസ് മുറികളും ഫാക്കൽറ്റി മുറികളും കേന്ദ്രീകൃത ലൈബ്രറിയും അക്കാഡമിക് കോംപ്ലക്സിൽ സജ്ജീകരിക്കും. പ്രകൃതി -സൗഹൃദ സാമഗ്രികൾ ഉപയോഗിക്കുന്ന ഓപ്പൺ എയർ ക്ലാസ് മുറികൾ സ്ഥാപിക്കും.

യൂണിവേഴ്സിറ്റിയെ റസിഡൻഷ്യൽ സർവകലാശാല ആയി മാറ്റും. അന്യസർവകലാശാലകളിലെ വിദ്യാർത്ഥികൾക്ക് ഡോർമെറ്ററി പണിയും.

നോബൽ മ്യൂസിയം, ഹെറിറ്റേജ് മ്യൂസിയം, ഡിജിറ്റൽ തിയേറ്റർ, ഡിജിറ്റൽ കോൺഫറൻസ് റൂം, ഡിജിറ്റൽ ഇൻഫോർമേഷൻ സെന്റർ, 72' എൽ.സി.ഡി ഡിസ്‌പ്ലേ, ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്റർ, രക്ഷിതാക്കൾക്കും വനിതകൾക്കുമുള്ള വിശ്രമ കേന്ദ്രം എന്നിവ ഉൾപ്പെടുന്ന ചാൻസലേഴ്സ് മൾട്ടിപ്ലക്സ് പ്രോജക്ട് യാഥാർത്ഥ്യമാക്കും.

സർവകലാശാലയിൽ തീരുമാനമാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കാൻ 26ന് രാവിലെ 10 അദാലത്ത് നടത്തും. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി പങ്കെടുക്കും.

## ദുബായ് പെൺവാണിഭക്കേസ് സി.ബി.ഐ അന്വേഷണം വേണമെന്ന് ഇരയുടെ ഹർജി

കൊച്ചി : ദുബായ് പെൺവാണിഭക്കേസിൽ ഇരയായ ചാവക്കാട് സ്വദേശിനി സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ ഹർജി നൽകി. എഫ്.ഐ.ആറിൽ പീഡനക്കുറ്റം ചുമത്തിയിട്ടില്ലെന്നും പ്രതികൾക്കൊപ്പം പൊലീസ് ഭീഷണിപ്പെടുത്തുന്നെന്നും ഹർജിയിൽ പറയുന്നു. കഴിഞ്ഞ സെപ്തംബർ 22 ന് ദുബായിൽ ഒരു ബ്യൂട്ടി പാർലറിൽ ജോലി വാഗ്ദാനം ചെയ്ത് പ്രതികൾ തന്നെ വിദേശത്തേക്ക് കൊണ്ടുപോയെന്നും അവിടെവച്ച് ഒന്നാം പ്രതി പീഡിപ്പിച്ചെന്നും ഹർജിയിൽ ആരോപിക്കുന്നു. ഇത്തരത്തിൽ കുറേ സ്ത്രീകളെ ഇവർ ദുബായിൽ എത്തിച്ചിരുന്നു. അന്താരാഷ്ട്ര മനുഷ്യക്കടത്ത് ശൃംഖലയിലെ അംഗങ്ങളാണ് പ്രതികൾ. പ്രതികളുമായി ഒത്തുതീർപ്പിൽ എത്താനും കേസ് തുടർന്നാൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാകുമെന്നും പൊലീസ് ഭീഷണിപ്പെടുത്തുകയാണെന്നും ഹർജിയിൽ ആരോപിക്കുന്നു.



*ലൈഫ് പദ്ധതിയുടെ ഭാഗമായി എൻ.ജി.ഒ യൂണിയൻ നിർമ്മിച്ച് നൽകുന്ന ഭവനസമുച്ചയത്തിന്റെ ശിലാസ്ഥാപനം തിരുവനന്തപുരം മണ്ണന്തലയിൽ സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ നിർവഹിക്കുന്നു. എൻ.ജി.ഒ ജനറൽ സെക്രട്ടറി ടി.സി. മാത്തുക്കുട്ടി, മേയർ വി.കെ. പ്രശാന്ത്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, കൗൺസിലർ എൻ. അനിൽകുമാർ തുടങ്ങിയവർ സമീപം*

## വിദേശത്ത് ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയയാൾ പിടിയിൽ



*ഡെന്നി ആന്റണി*

കോട്ടയം: ജർമ്മനിയിൽ ജോലി വാഗ്ദാനം ചെയ്ത് രണ്ടര ലക്ഷത്തോളം രൂപ തട്ടിയെടുത്ത കേസിൽ തിരുവനന്തപുരം വലിയവേളി തൈവിളാകം ഡെന്നി ആന്റണിയെ (26) പൊലീസ് അറസ്റ്റ് ചെയ്തു. ഇയാൾ ചെന്നൈയിൽ ഒളിവിൽ കഴിയുകയായിരുന്നു. ആറ് മാസം മുമ്പായിരുന്നു സംഭവം. കോടിമത സ്വദേശിയായ അതുൽ അജയന് ജർമ്മനിയിൽ ജോലി വാഗ്ദാനം ചെയ്ത് രണ്ടര ലക്ഷത്തോളം രൂപ വാങ്ങിയെടുക്കുകയായിരുന്നു. മാസങ്ങൾ കഴിഞ്ഞും പണമോ വിസയോ ലഭിക്കാതെ വന്നതോടെയാണ് ഈസ്റ്റ് പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയത്.

കേസ് രജിസ്റ്റർ ചെയ്തതോടെ ഇയാൾ മുങ്ങി. തുടർന്ന് എസ്.ഐ എം.ജെ. അരുണിന്റെ നേതൃത്വത്തിൽ ചെന്നൈയിൽ എത്തിയാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്.

പ്രതിയെ റിമാൻഡ് ചെയ്തു. നേരത്തെ അങ്കമാലിയിൽ സമാന തട്ടിപ്പ് നടത്തിയതിന് ഇയാൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.



*ഡെൻ ലോക്കൽ കേബിൾ ഓപ്പറേറ്റേഴ്സ് സംയുക്തസമര സമിതി ഡെൻ മാനേജ്മെന്റിന്റെ ജനവിരുദ്ധ ഓപ്പറേറ്റർ വിരുദ്ധ നയങ്ങൾക്കെതിരെ ഇടപ്പള്ളി ഡെന്നിന്റെ ഓഫീസിന് മുന്നിൽ നടത്തിയ ഉപരോധ സമരം പി.ടി. തോമസ് ഉദ്ഘാടനം ചെയ്യുന്നു. ബി.ജെ.പി. ജില്ലാ പ്രസിഡന്റ് എൻ.കെ. മോഹൻദാസ് സമീപം*

## ഡെൻ ഓഫീസിലേക്ക് പ്രതിഷേധ മാർച്ച്

കൊച്ചി: കോടതി ഉത്തരവ് ലംഘിച്ച ഡെൻ കേബിൾ ടി.വിയുടെ ഇടപ്പള്ളിയിലെ ആസ്ഥാനത്തേക്ക് നടന്ന പ്രതിഷേധ മാർച്ചിൽ നൂറുകണക്കിന് പേർ പങ്കെടുത്തു. ഡെൻ നെറ്റ്‌വർക്ക് ഓപ്പറേറ്റേഴ്സ് സമരസമിതിയുടെ നേതൃത്വത്തിൽ നടന്ന മാർച്ചും ഉപരോധവും പി.ടി. തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. നിയമപരമായി പ്രവർത്തിക്കാനുള്ള ബാദ്ധ്യത എല്ലാവർക്കുമുണ്ടെന്ന് പി.ടി. തോമസ് പറഞ്ഞു.

ട്രായ് ലഭ്യമാക്കുന്ന അവകാശങ്ങൾ ജനങ്ങൾക്ക് നിഷേധിക്കുന്നത് അംഗീകരിക്കാനാവില്ല. കോടതി വിധിയെ തെറ്റായി വ്യാഖ്യാനിക്കുന്നവർക്കെതിരെയുള്ള സമരമാണിതെന്നും നിയമസഭയ്ക്കകത്തും പുറത്തും സമരത്തോടൊപ്പമുണ്ടാവുമെന്നും പി.ടി. തോമസ് പറഞ്ഞു.

സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി കെ.എൻ. ഗോപിനാഥ്, ബി.ജെ.പി ജില്ലാ പ്രസിഡന്റ് എൻ.കെ. മോഹൻദാസ്, സമരസമിതി ചെയർമാൻ അനിൽ പ്ലാവിൻസ്, എറണാകുളം ഡി.സി.സി ജനറൽ സെക്രട്ടറി ഷെറിൻ വർഗീസ്, ബി.ജെ.പി മദ്ധ്യമേഖലാ സെക്രട്ടറി എൻ.പി. ശങ്കരൻകുട്ടി, സമരസമിതി നേതാക്കളായ പൗലോസ് അന്തിക്കാട്, സജി ജോസഫ് എന്നിവർ സംസാരിച്ചു.

ഡെൻ അധികൃതരുടെ നിലപാട് അറിഞ്ഞ ശേഷം ഭാവി പരിപാടികൾക്ക് രൂപം നൽകുമെന്നും കോടതി ഉത്തരവ് അട്ടിമറിക്കുന്ന ഡെൻ കമ്പനിയുടെ നടപടി മുഖ്യമന്ത്രിയുടെയും പ്രതിപക്ഷ നേതാവിന്റെയും ശ്രദ്ധയിൽകൊണ്ടുവരുമെന്നും സമരസമിതി നേതാക്കൾ പറഞ്ഞു.




സർക്കാർ, എയ്ഡഡ്, സ്വയംഭരണ കോളേജുകൾക്കുള്ള റൂസ ഫണ്ട് വിതരണം
സംസ്ഥാനതല ഉദ്ഘാടനം
ബഹു. മുഖ്യമന്ത്രി
ശ്രീ. പിണറായി വിജയൻ നിർവ്വഹിക്കുന്നു
അദ്ധ്യക്ഷൻ: ഡോ. കെ.ടി. ജലീൽ
(ബഹു: ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി)
2019 ഫെബ്രുവരി 12, ഉച്ചയ്ക്ക് 12.00 ന്
മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
മുഖ്യാതിഥി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(ബഹു. ടൂറിസം, ദേവസ്വം വകുപ്പുമന്ത്രി)
ആശംസ
ഡോ. ശശി തരൂർ
(എം.പി.)
അഡ്വ. വി. കെ. പ്രശാന്ത്
(ബഹു. മേയർ, തിരുവനന്തപുരം നഗരസഭ)
കേരള റൂസ – പദ്ധതികൾ
01 യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും ഗവേഷണ മേഖലയുടെ ഉന്നമനത്തിനും വികസനത്തിനുമുള്ള സാമ്പത്തിക സഹായം.
02 വയനാട്ടിൽ മാതൃകാ ഡിഗ്രി കോളേജ്.
03 സർക്കാർ, എയ്ഡഡ് കോളേജുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സാമ്പത്തിക സഹായം.
MHRD
GOVERNMENT OF INDIA
Rebuild Kerala
rebuild.kerala.gov.in
രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ)
കേരള സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റ്, തിരുവനന്തപുരം – 695033
Email: keralarusa@gmail.com
Kerala State C-apt, Tvpm
കേരള സർക്കാർ ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
Connect with CM | fb.me/cmokerala | twitter.com/cmokerala | PRD Live Mobile App | /keralainformation | PRD Media Handbook App



## കേരള സംസ്ഥാന ഭാഗ്യക്കുറി

ഫോൺ: ഡയറക്ടർ: 0471–2305230, ഓഫീസ്: 2305193, ഫാക്സ്: 2301740
www.kerala.gov.in www.keralalotteries.com

വിൻവിൻ W-499 നറുക്കെടുപ്പ് ഫലം 11.02.2019
സ്ഥലം: ഗോർഖി ഭവൻ, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം

ഒന്നാം സമ്മാനം 65 ലക്ഷം രൂപ WW 687685 (മലപ്പുറം)

സമാശ്വാസ സമ്മാനം 8000 രൂപ
WN 687685 WO 687685 WP 687685 WR 687685 WS 687685 WT 687685
WU 687685 WV 687685 WX 687685 WY 687685 WZ 687685

2–ാം സമ്മാനം 10 ലക്ഷം രൂപ
WR 170780 (ഇടുക്കി)

3–ാം സമ്മാനം 1 ലക്ഷം രൂപ

| | | | | | |
|---|---|---|---|---|---|
| WN 338799 (എറണാകുളം) | WO 888717 (പാലക്കാട്) | WP 179715 (കൊല്ലം) | WR 482406 (കോഴിക്കോട്) | WS 571574 (തിരുവനന്തപുരം) | WT 412943 (കാസർകോട്) |
| WU 833602 (കോട്ടയം) | WV 333202 (മലപ്പുറം) | WW 319826 (തൃശ്ശൂർ) | WX 738007 (തൃശ്ശൂർ) | WY 399170 (തിരുവനന്തപുരം) | WZ 868981 (എറണാകുളം) |

താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

4–ാം സമ്മാനം 5000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0468 | 0522 | 0599 | 1053 | 3275 | 6262 | 6859 | 6944 | 7935 | 8667 |
| 8862 | 9496 | | | | | | | | |

5–ാം സമ്മാനം 1000 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0314 | 0837 | 1413 | 1777 | 2015 | 2405 | 2601 | 2806 | 3037 | 3265 |
| 3289 | 3329 | 3771 | 4079 | 4383 | 4589 | 4796 | 4815 | 5025 | 5131 |
| 6146 | 6356 | 7074 | 7739 | 7989 | 8109 | 8124 | 8361 | 8873 | 9900 |

6–ാം സമ്മാനം 500 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0280 | 0736 | 0836 | 1138 | 1493 | 1635 | 1918 | 1932 | 2260 | 2284 |
| 2384 | 2856 | 2880 | 2895 | 3027 | 3633 | 3681 | 3720 | 4030 | 4179 |
| 4279 | 4404 | 4414 | 4747 | 4808 | 4813 | 4854 | 4856 | 5057 | 5426 |
| 5591 | 5600 | 5790 | 5830 | 5870 | 6034 | 6191 | 6280 | 6460 | 6462 |
| 6487 | 6552 | 6677 | 6711 | 6728 | 6981 | 6982 | 7026 | 7083 | 7263 |
| 7465 | 7961 | 8002 | 8542 | 8732 | 8958 | 9191 | 9303 | 9350 | 9489 |

7–ാം സമ്മാനം 100 രൂപ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 0097 | 0315 | 0316 | 0333 | 0415 | 0420 | 0448 | 0530 | 0605 | 0738 |
| 0977 | 1256 | 1521 | 1522 | 1546 | 1676 | 1791 | 1906 | 1994 | 2305 |
| 2371 | 2482 | 2619 | 2635 | 2645 | 2703 | 3020 | 3021 | 3038 | 3040 |
| 3282 | 3407 | 3579 | 3685 | 3693 | 3710 | 3736 | 3831 | 3952 | 4015 |
| 4044 | 4151 | 4322 | 4357 | 4521 | 4653 | 4664 | 4751 | 4925 | 4947 |
| 5122 | 5469 | 5535 | 5673 | 5704 | 5837 | 5882 | 5971 | 6235 | 6525 |
| 6569 | 6747 | 6927 | 7092 | 7113 | 7179 | 7287 | 7305 | 7314 | 7322 |
| 7378 | 7384 | 7630 | 7728 | 7758 | 7766 | 7819 | 7954 | 7995 | 8012 |
| 8031 | 8044 | 8252 | 8254 | 8258 | 8272 | 8453 | 8460 | 8555 | 8645 |
| 8652 | 8675 | 8680 | 8826 | 8857 | 8859 | 8867 | 8927 | 8974 | 9005 |
| 9042 | 9092 | 9152 | 9392 | 9467 | 9601 | 9842 | 9947 | | |

(ഒപ്പ്) നൗഷാദ്.പി.എം., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക
നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി ചാനലുകളിൽ



## SBI ഭാരതീയ സ്റ്റേറ്റ് ബാങ്ക്

പ്രശ്ന ഗ്രസ്ത ആസ്തി വീണ്ടെടുക്കൽ ശാഖ, എൽ.എം.എസ് കോമ്പൗണ്ട്, ഓപ്പോസിറ്റ് മ്യൂസിയം വെസ്റ്റ് ഗേറ്റ്, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം, ഫോൺ : 0471 - 2318096, 2317095, 2311076, 2315040

**ഡിമാന്റ് നോട്ടീസ്**

സെക്യൂരിറ്റൈസേഷൻ & റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്ഷൻ 13 (2) പ്രകാരമുള്ള നോട്ടീസ്

സർ, മാഡം,
താങ്കൾ ഈ ബാങ്കിൽ നിന്നും വായ്പയെടുത്ത വകയിൽ താഴെ പറയുന്ന തുകകൾ തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. ടി തുകകൾ, അടച്ചു തീർക്കേണ്ട ബാദ്ധ്യതയെപ്പറ്റി പലതവണ അറിയിച്ചെങ്കിലും തിരിച്ചടവിൽ വീഴ്ച വരുത്തിയതിനാൽ താങ്കളുടെ ലോൺ അക്കൗണ്ടുകൾ നിഷ്ക്രിയ ആസ്തിയായി നിർണ്ണയം ചെയ്തിരിക്കുന്നു. സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 വകുപ്പ് 13(2) പ്രകാരം 60 ദിവസത്തിനകം ഈ വായ്പാ തുക താങ്കൾ പലിശയും മറ്റു ചിലവുകളും സഹിതം അടച്ചു തീർക്കണമെന്നും അല്ലാത്ത പക്ഷം ടി നിയമത്തിന്റെ സെക്ഷൻ 13 സബ് സെക്ഷൻ 4ഉം ബാധകമായ മറ്റു വകുപ്പുകളും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് താഴെ പറയുന്ന തീയതികളിൽ നോട്ടീസ് അയച്ചിരുന്നു.

| ക്രമ നമ്പർ | വായ്പക്കാരുടെ/ജാമ്യക്കാരുടെ/ പേരും മേൽ വിലാസവും | നോട്ടീസ് തീയതി | NPA തീയതി | നോട്ടീസ് തീയതിയിലെ നിൽപ്പ് തുക |
|---|---|---|---|---|
| 1. | ശാഖ : പുനലൂർ<br>Ref. No. SARB/TVM/PSN/1750/18-19<br>വായ്പ്പക്കാരൻ:(1)ശ്രീ. ബേബി മത്തായിക്കുട്ടി, അൽ-മൻസൂരി, പി.ബി. നം. 33389, ബഹറിൻ, (2)ശ്രീ. ബേബി മത്തായിക്കുട്ടി, വേണാട്ടുപുത്തൻവീട്, അറക്കൽ, ഇടയം, പി.ഒ.കൊല്ലം-691532 (3)ശ്രീമതി. ലിജി മത്തായികുട്ടി, വേണാട്ടുപുത്തൻവീട്, അറക്കൽ, ഇടയം, പി.ഒ. കൊല്ലം-691532 | 30.01.2019 | 11.08.2017 | As on 24.01.2019 രൂപ 18,17,951/- |

A/C.No.HTL 67117757938, Home Loan 67349156705

ജാമ്യ വസ്തുക്കളുടെ വിവരണം: ചടയമംഗലം സബ് രജിസ്ട്രാർ ഓഫീസിലെ 18.01.2007 ലെ 269/07 വിലയാധാര പ്രകാരം കൊല്ലം ജില്ലയിൽ, പത്തനാപുരം താലൂക്കിൽ, അറക്കൽ വില്ലേജിൽ, പുല്ലൻകോട്കരയിൽ സർവ്വെ നമ്പർ 163/14/2 ൽ ഉൾപ്പെട്ട 5.23 ആർസ് വസ്തുവും മറ്റു സകല വകകളും. അതിരുകൾ: വടക്ക് -ശ്രീ. ജോർജ്ജിന്റെ വക വസ്തു & റോഡ്, കിഴക്ക്-ശ്രീ. ജോർജ്ജിന്റെ വക വസ്തു & റോഡ്, തെക്ക് -ശ്രീ. സോമൻ വക വസ്തു, പടിഞ്ഞാറ്-ശ്രീ. സണ്ണി വക വസ്തു

| ക്രമ നമ്പർ | വായ്പക്കാരുടെ/ജാമ്യക്കാരുടെ/ പേരും മേൽ വിലാസവും | നോട്ടീസ് തീയതി | NPA തീയതി | നോട്ടീസ് തീയതിയിലെ നിൽപ്പ് തുക |
|---|---|---|---|---|
| 2. | ശാഖ : കല്ലമ്പലം ടൗൺ<br>Ref. No. SARB/TVM/PSN/1652/18-19<br>വായ്പ്പക്കാരൻ: (1)ശ്രീ. രഘുകുമാർ. ആർ. S/o ശ്രീ. രാമചന്ദ്രൻ നായർ, വിജയ ഭവൻ, മുള്ളാരംകോട്, വടശ്ശേരികോണം പി.ഒ., കല്ലമ്പലം, തിരുവനന്തപുരം- 695 605 (2) ശ്രീമതി രത്നമ്മ. സി. W/o ശ്രീ.രാമചന്ദ്രൻ നായർ, വിജയ ഭവൻ, മുള്ളാരംകോട്, വടശ്ശേരികോണം പി.ഒ., കല്ലമ്പലം, തിരുവനന്തപുരം - 695 605 (3) ശ്രീ. രാമചന്ദ്രൻ നായർ, S/o ശ്രീ. ഗോപാലപിള്ള, വിജയ ഭവൻ, മുള്ളാരംകോട്, വടശ്ശേരികോണം പി.ഒ., കല്ലമ്പലം, തിരുവനന്തപുരം - 695 605 | 19.01.2019 | 30.06.2015 | As on 19.01.2019 രൂപ 19,61,206/- |

A/C.No. HTL 67233263231, Suraksha 67241035533

ജാമ്യ വസ്തുക്കളുടെ വിവരണം: കവലയൂർ സബ് രജിസ്ട്രാർ ഓഫീസിലെ 28.03.2011 ലെ ധനനിശ്ചയാധാര നമ്പർ 472/11 ൽ തിരുവനന്തപുരം ജില്ലയിൽ കവലയൂർ സബ് ജില്ലയിൽ, ചിറയിൻകീഴ് താലൂക്കിൽ, ഒറ്റൂർ വില്ലേജിൽ റീ സർവ്വെ നമ്പർ 353/3-1 (പഴയ സർവ്വെ നം. 2119/1, ബ്ലോക്ക് നം. 19 ൽ ശ്രീ. രഘുകുമാർ, ശ്രീ. രാമചന്ദ്രൻ നായർ, & ശ്രീമതി. രത്നമ്മ.സി. വക 6.96 ആർസ് വസ്തുവും കെട്ടിടവും ഉൾപ്പെടെ മറ്റുസകല വകകളും. അതിരുകൾ: വടക്ക് -ശ്രീ. ബൈജു & ശ്രീമതി സിന്ധു വക വസ്തു, കിഴക്ക് - റോഡ്, തെക്ക് - ശ്രീ. വിജയകുമാർ വക വസ്തു, പടിഞ്ഞാറ് -തടം

എന്നാൽ മേൽ പറഞ്ഞ നോട്ടീസുകൾ കൈപ്പറ്റാതെ തിരികെ വന്നതിനാലോ/യഥാവിധി കൈപ്പറ്റാതിരുന്നതിനാലോ, ടി നോട്ടീസ് ഈ പത്ര പരസ്യം മുഖേന പ്രസിദ്ധപ്പെടുത്തുവാൻ നിർബന്ധിതമാകുന്നു. കോളം 2 ൽ പറഞ്ഞിരിക്കുന്ന വായ്പക്കാർ/കൂട്ടുവായ്പക്കാർ/ജാമ്യക്കാർ മുകളിൽ പ്രസ്താവിച്ച നിയമത്തിന്റെ വകുപ്പ് 13(2) പ്രകാരം, നോട്ടീസ് പ്രസിദ്ധപ്പെടുത്തിയ തീയതി മുതൽ 60 ദിവസത്തിനകം മുകളിൽ പറഞ്ഞിരിക്കുന്ന തുകയും പലിശയും മറ്റ് ചിലവുകളും സഹിതം അടച്ചു തീർക്കാത്ത പക്ഷം ടി നിയമത്തിന്റെ വകുപ്പ് 13 (4) പ്രകാരമുള്ള നടപടികൾ ബാങ്ക് പ്രയോഗത്തിൽ വരുത്തുന്നതാണെന്ന് അറിയിക്കുന്നു. കൂടാതെ മേൽ നിയമത്തിന്റെ വകുപ്പ് 13 ഉപവകുപ്പ് 13 അനുസരിച്ച് ബാങ്കിന്റെ മുൻകൂർ രേഖാമൂലമുള്ള അനുവാദമില്ലാതെ ഈടുവസ്തുക്കൾ വിലയായോ, പാട്ടമായോ മറ്റേതെങ്കിലും തരത്തിലോ ക്രയവിക്രയം ചെയ്യാൻ പാടുള്ളതല്ല എന്നുള്ള വിവരം താങ്കളേയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു. ഈ നോട്ടീസ് പ്രകാരമുള്ള നടപടികൾ ടി കടം ഈടാക്കുന്നതിന് മറ്റു നിയമങ്ങൾ പ്രകാരമുള്ള ബാങ്കിന്റെ അവകാശങ്ങളെ യാതൊരുവിധത്തിലും ബാധിക്കുന്നതായിരിക്കില്ല. സെക്ഷൻ 13(8) വകുപ്പ് പ്രകാരം വായ്പ്പക്കാർക്ക് ഈടു വസ്തുവിൽമേലുള്ള കുടിശ്ശിക തുകയും പലിശയും മറ്റു ചെലവുകളും അടച്ച് വസ്തു തിരിച്ചെടുക്കാൻ വസ്തു വിൽപ്പനയുടെ പത്രപരസ്യതീയതി വരെ സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തികൊള്ളുന്നു. അല്ലാത്തപക്ഷം ക്വട്ടേഷൻ/ടെൻഡറുകൾ വിളിച്ച് വസ്തു പൊതു ലേലം ചെയ്യുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

സ്ഥലം: തിരുവനന്തപുരം,
തീയതി: 11-02-2019
(ഒപ്പ്), അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
ഭാരതീയ സ്റ്റേറ്റ് ബാങ്ക്



## കേരള സർക്കാർ ദർഘാസുകൾ

04-02-2019 മുതൽ 10-02-2019 വരെ പ്രസിദ്ധീകരിച്ച ദർഘാസുകൾ

**ജലസേചന വകുപ്പ്**

ദർഘാസ് : 2019_Irrig_265962_2 * Executive Engineer * MVIP CADA construction of field channel from spout near at C * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 1380000

ദർഘാസ് : 2019_Irrig_266225_1 * Executive Engineer * MVIP CADA Construction of field channel from spout at Ch1828 * അവസാന തീയതി : 15-Feb-2019 * അടങ്കൽ :` 1068000

ദർഘാസ് : 2019_Irrig_266554_1 * Executive Engineer * MVIP CADA Construction of field channel Kakkattoor Padasheka * അവസാന തീയതി : 18-Feb-2019 * അടങ്കൽ :` 814000

ദർഘാസ് : 2019_Irrig_266615_1 * Executive Engineer * MVIP CADA construction of field channel from sluice at ch1 * അവസാന തീയതി : 18-Feb-2019 * അടങ്കൽ :` 1500000

ദർഘാസ് : 2019_Irrig_266709_1 * Executive Engineer * MVIP South Kakkad Distributory Kalikulam Padshekharam constr * അവസാന തീയതി : 15-Feb-2019 * അടങ്കൽ :` 944228

ദർഘാസ് : 2019_Irrig_266680_1 * ExecutiveEngineer * Construction of canal bund road starting from the back side * അവസാന തീയതി : 15-Feb-2019 * അടങ്കൽ :` 954008

ദർഘാസ് : 2019_Irrig_265348_1 * ExecutiveEngineer * IIP-Urgent repair works to the damaged portion of gallery in * അവസാന തീയതി : 13-Feb-2019 * അടങ്കൽ :` 802788

ദർഘാസ് : 2019_Irrig_266051_1 * Executive Engineer * PVIP Rectification of damaged flume due to flood 2018 in Ko * അവസാന തീയതി : 13-Feb-2019 * അടങ്കൽ :` 713637

ദർഘാസ് : 2019_Irrig_265978_1 * Superintending Engineer * Flood Damages 2018 Rectification Of Damaged Under Tunnel At * അവസാന തീയതി : 13-Feb-2019 * അടങ്കൽ :` 4964195

ദർഘാസ് : 2019_Irrig_265952_1 * Superintending Engineer * MLA ADS KyIP-Improvement of Kanhilassery Puthussery thazha * അവസാന തീയതി : 13-Feb-2019 * അടങ്കൽ :` 3097970

ദർഘാസ് : 2019_Irrig_266147_1 * Superintending Engineer * KyIP Flood damages Removal of slipped earth and rectificatio * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 2376367

ദർഘാസ് : 2019_Irrig_266939_1 * Executive Engineer * BSP Main canal -Protection work at ch.250m to 300m * അവസാന തീയതി : 18-Feb-2019 * അടങ്കൽ :` 1453328

ദർഘാസ് : 2019_Irrig_259694_2 * Executive Engineer * BSP-Flood damages- Urgent restoration works- Construction of * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 770494

ദർഘാസ് : 2019_Irrig_266370_1 * Executive Engineer * KRP Urgent Rectification work between chainage 11245m to 113 * അവസാന തീയതി : 15-Feb-2019 * അടങ്കൽ :` 802791

ദർഘാസ് : 2019_Irrig_266023_1 * Executive Engineer * KRP Flood Damage 2018 Rectification works to the collapsed * അവസാന തീയതി : 13-Feb-2019 * അടങ്കൽ :` 511764

ദർഘാസ് : 2019_Irrig_258939_3 * Executive Engineer * KyIP - MLASDF- Eravatttoor Canal Mukku Park in Perambra Grama * അവസാന തീയതി : 12-Feb-2019 * അടങ്കൽ :` 794621

ദർഘാസ് : 2019_Irrig_260308_2 * Executive Engineer * PyIP-Rejuvenation of main canal between * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 1097619

ദർഘാസ് : 2019_Irrig_260317_2 * Executive Engineer * Flood damages 2018- Rectification of damaged * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 1367071

ദർഘാസ് : 2019_Irrig_261960_2 * Superintending Engineer * Renovation and Modernisation of Canals under Chitturpuzha Pr * അവസാന തീയതി : 13-Feb-2019 * അടങ്കൽ :` 1426091

ദർഘാസ് : 2019_Irrig_261486_2 * Superintending Engineer * FLOOD DAMAGE WORK-2018-CPP-MLBC-URGENT RENOVATION WORK TO MA * അവസാന തീയതി : 15-Feb-2019 * അടങ്കൽ :` 1775958

ദർഘാസ് : 2019_Irrig_266438_1 * Executive Engineer * GPS-II Rectification works to the damaged well drops portion * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 525121

ദർഘാസ് : 2019_Irrig_266102_1 * Executive Engineer * Flood Damages - 2018 - CPP-Nurnee System-Reconstruction of C * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 526219

ദർഘാസ് : 2019_Irrig_266289_1 * Executive Engineer * CPP - MLBC - Urgent Rectification work of breached portion i * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 580275

ദർഘാസ് : 2019_Irrig_266298_1 * Executive Engineer * Modernization of field channel from sluice No. 9 at Ch. 620 * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 508101

ദർഘാസ് : 2019_Irrig_266299_1 * Executive Engineer * CPP-MRBC -Urgent rectification to Kozhinjmapara branch canal * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 567133

ദർഘാസ് : 2019_Irrig_266388_1 * Executive Engineer * Flood damages-CPP-KKPS-Urgent rectification works to Kunnamk * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 619122

ദർഘാസ് : 2019_Irrig_266402_1 * Executive Engineer * Flood damages-2018-GPS1-RBC-flood damages - Urgent Rectifica * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 703466

ദർഘാസ് : 2019_Irrig_266426_1 * Executive Engineer * Flood damages-2018-GPS1-RBC - Urgent Rectification works to * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 1144481

ദർഘാസ് : 2019_Irrig_266454_1 * Executive Engineer * Flood Damages - 2018 - GPS-1 Rectification works to Kalluket * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 714042

ദർഘാസ് : 2019_Irrig_266466_1 * Executive Engineer * GPS - II - Flood Damages - Urgent Rectification works to Kar * അവസാന തീയതി : 14-Feb-2019 * അടങ്കൽ :` 879081

ദർഘാസ് : 2019_Irrig_266733_1 * Executive Engineer * Modernization of CAD field channel from Ch.800 (LHS) of Vali * അവസാന തീയതി : 16-Feb-2019 * അടങ്കൽ :` 598206


ദർഘാസ് : 2019_Irrig_266736_1 * Executive Engineer * Modernisation of field channel off takes from Ch.1170 (LHS) * അവസാന തീയതി : 16-Feb-2019 * അടങ്കൽ :` 837546

ദർഘാസ് : 2019_Irrig_266745_1 * Executive Engineer * CPP-Nurnee System - Construction of CC canal in Nurnee main * അവസാന തീയതി : 16-Feb-2019 * അടങ്കൽ :` 712115

വിശദവിവരങ്ങൾ https://etenders.kerala.gov.in സന്ദർശിക്കുക
Ro.No: 04-10/Feb/2019/PRD/5

## ഗുരുമാർഗം

**അ**റിവ്, അറിയപ്പെടുന്ന പദാർത്ഥങ്ങൾ എന്നിവയുടെ പരമരഹസ്യം വിചാരം ചെയ്തറിയുമ്പോൾ അറിയപ്പെടുന്ന ഈ പ്രപഞ്ചം ബോധസ്വരൂപമായ അറിവ് തന്നെയാണെന്ന് തെളിയും.





ഒരു ജാതി ഒരു മതം ഒരു ദൈവം

ഭരണി 38 - 15
സപ്തമി 22 - 35
1940 മാഘം 23
1440 ജമാദുൽ ആഖിർ 08
1194 മകരം 29

# വിവരശേഖരണത്തിൽ സുതാര്യത ഉറപ്പാക്കണം

**കേ**രളത്തിന്റെ തനതു സംഭാവനയായ കുടുംബശ്രീയും അയൽക്കൂട്ടങ്ങളും സ്ത്രീശാക്തീകരണരംഗത്ത് നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ വളരെ വലുതാണ്. സംസ്ഥാനത്ത് രണ്ടേമുക്കാൽ ലക്ഷത്തിലേറെ അയൽക്കൂട്ടങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ടെന്നാണ് കണക്ക്. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും ഈ പെൺകൂട്ടായ്മ ഇതിനകം സൃഷ്ടിച്ച സാമ്പത്തിക വിപ്ലവം ലോകരാജ്യങ്ങൾക്കുവരെ പഠനവിഷയമാണ്. ഒരു ബ്രാൻഡ് എന്ന നിലയിൽ വരെ കുടുംബശ്രീ വളർന്നിരിക്കുന്നു. അനവധി പുതുസംരംഭങ്ങളാണ് കുടുംബശ്രീയുടെ നേതൃത്വത്തിലും സഹകരണത്തിലും ജന്മമെടുത്തു കൊണ്ടിരിക്കുന്നത്. അദ്ധ്വാനശക്തിയിലൂടെ പല മേഖലകളും കൈപ്പിടിയിലൊതുക്കുന്നു. ആയിരക്കണക്കിന് പേർക്ക് തൊഴിൽ നൽകുന്നു. സ്ത്രീകൾക്ക് ഋണബാദ്ധ്യതയിൽ നിന്ന് മോചനം നൽകുന്നതിലും കുടുംബശ്രീ യൂണിറ്റുകൾ സുപ്രധാന പങ്കുവഹിക്കുന്നുണ്ട്.

കുടുംബശ്രീയിൽപ്പെട്ടവർക്ക് വായ്പ ലഭിക്കാൻ വളരെ എളുപ്പമാണ്. പരസ്പര ജാമ്യത്തിൽ വായ്പ ലഭിക്കുമെന്നത് സാധാരണ കുടുംബങ്ങൾക്ക് ഏറെ ആശ്വാസമാണ്. പെട്ടെന്നുണ്ടാകുന്ന ഗാർഹിക ആവശ്യങ്ങൾ നിറവേറ്റാൻ പലർക്കും ഇന്നു കഴിയുന്നത് ഇത്തരം സംവിധാനങ്ങളിലൂടെയാണ്. സംസ്ഥാനത്ത് ആഴത്തിൽ വേരൂന്നിക്കഴിഞ്ഞ കുടുംബശ്രീ പ്രസ്ഥാനത്തിനു വായ്പ നൽകാൻ ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് ഇക്കാലത്ത് ഒരു മടിയുമില്ല. കൃത്യമായ തിരിച്ചടവ് ഉറപ്പാക്കുന്നതുകൊണ്ടാണിത്. അൻപതുലക്ഷം പേരാണ് അയൽക്കൂട്ടങ്ങളിലുള്ളതെന്നതിനാൽ അതിന്റെ പ്രവർത്തനപരിധി അതിവിപുലമാണ്. കുടുംബശ്രീ യൂണിറ്റുകൾക്ക് ഉദാരമായി വായ്പ നൽകാൻ ബാങ്കുകളെ പ്രേരിപ്പിക്കുന്ന ഘടകവും ഇതാണ്.

> നാടൻ ഉത്പന്നങ്ങളോട് കമ്പമുള്ളവർ ലോകത്തെവിടെയും ഉണ്ട്. കൃത്രിമങ്ങളില്ലാത്ത ഏത് ഉത്പന്നത്തോടും ആളുകൾക്ക് പ്രത്യേക പ്രതിപത്തിയുണ്ട്. ശരിയായ മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെ ഗ്രാമോത്പന്നങ്ങൾക്ക് എവിടെയും വിപണി കണ്ടെത്താനാവും. കുടുംബശ്രീയുടെ പുതുസംരംഭത്തിനും മികച്ച സ്വാഗതം ലഭിക്കാതിരിക്കില്ല.

നടപ്പുവർഷം സംസ്ഥാന ബഡ്ജറ്റിൽ 2500 കോടി രൂപയാണ് കുടുംബശ്രീക്കായി നീക്കിവച്ചത്. പുതിയ ബഡ്ജറ്റിൽ ഇതിലധികമാണ് വിഹിതം. അയൽക്കൂട്ടങ്ങൾ വഴി സ്ത്രീകളിലെത്തേണ്ട ഈ പണം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപകരിക്കുന്നുണ്ടെന്നുള്ളതിൽ തർക്കമില്ലെങ്കിലും കൂടുതൽ ക്രിയാത്മകമായി വായ്പാ വിനിയോഗം ഉറപ്പാക്കുന്നതിനെക്കുറിച്ച് ആലോചന തുടങ്ങിയിരിക്കുന്നത് ശരിയായ ദിശയിലുള്ള കാൽവയ്പാണ്.

കുടുംബശ്രീയിൽപെട്ടവരുടെ വരുമാന മാർഗം, നിക്ഷേപം, ചെലവ്, വായ്പാ ബാദ്ധ്യത, വായ്പാവിനിയോഗം എന്നിവയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ച് പ്രവർത്തനം കൂടുതൽ ശക്തമാക്കാനുള്ള പദ്ധതി ആവിഷ്കരിക്കുകയാണ് ഉദ്ദേശ്യം. നാടെങ്ങും സാന്നിദ്ധ്യമുള്ള അയൽക്കൂട്ടങ്ങൾ വഴിയാകും വിവരശേഖരണം നടത്തുക. കുടുംബശ്രീ വഴി തരപ്പെടുത്തുന്ന വായ്പകളുടെ വിനിയോഗം യഥാർത്ഥ ആവശ്യങ്ങൾക്കു തന്നെയാണോ നടക്കുന്നതെന്ന് ആരും നോക്കാറില്ല. ഒരു കണക്കിൽ അതിന്റെ ആവശ്യവുമില്ല. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നുണ്ടോ എന്നു മാത്രം ഉറപ്പാക്കിയാൽ മതി. അതേസമയം പലവഴിക്കും വായ്പകൾ ലഭ്യമാകാൻ മാർഗം തെളിയുമ്പോൾ ആവശ്യമുള്ളതിനും ഇല്ലാത്തതിനും വായ്പ എടുത്ത് കടക്കെണിയിൽ പെടുന്നവരുടെ കാര്യവും പരിഗണിക്കപ്പെടേണ്ടതുണ്ട്. വായ്പയെടുത്ത് ആ പണം വട്ടിപ്പലിശയ്ക്ക് നൽകുന്നവരുണ്ട്. കുടുംബശ്രീയുടെ ലക്ഷ്യത്തിനു വിരുദ്ധമായ ഇത്തരം പ്രവണതകൾ നിരുത്സാഹപ്പെടുത്തുകതന്നെ വേണം. അയൽക്കൂട്ടങ്ങളിലൂടെ നടത്തുന്ന വിവരശേഖരണം ഒരിക്കലും വഴിതെറ്റാതെ നോക്കുകയും വേണം. തെറ്റായ സന്ദേശം നൽകുംവിധമാകരുത് ഇതിനുള്ള പ്രവർത്തനങ്ങൾ. അയൽക്കൂട്ടത്തിലെ അംഗങ്ങൾ പരസ്പരം അറിയുന്നവരും അയൽക്കാരുമൊക്കെ ആയതിനാൽ വിവരശേഖരണം വ്യക്തികളുടെ സ്വകാര്യത ഹനിക്കുന്ന വിധത്തിലാകാതെ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കടക്കെണി പല സാധാരണ കുടുംബങ്ങളെയും തീവ്രമായി അലട്ടുന്ന ഗുരുതര പ്രശ്നമാണ്. വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെ ജീവിതത്തിനുതന്നെ വിരാമമിടേണ്ടിവരുന്നവരും നിരവധിയാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഈ ഗണത്തിൽപ്പെടുന്നവർ കുറവാണെങ്കിലും തീരെ ഇല്ലെന്നു പറയാനാവില്ല. ഇടുക്കിയിലും വയനാട്ടിലുമൊക്കെ ഇത്തരത്തിലുള്ള നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. കുടുംബശ്രീ പ്രസ്ഥാനം ഗ്രാമീണ ജനതയെ ഋണബാദ്ധ്യതയിൽ നിന്നു മോചിപ്പിക്കുന്നതിലും നിർണായക പങ്ക് വഹിക്കുന്നുണ്ട്. ക്ലേശരഹിതമായ വായ്പാ സഹായം തൊട്ടടുത്തുതന്നെ ഉള്ളതിനാൽ പല കുടുംബങ്ങൾക്കും അന്തസോടെ തലയുയർത്തി നടക്കാനുള്ള സാഹചര്യവും ഉണ്ട്.

കുടുംബശ്രീയുടെ വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായി കുടുംബശ്രീ ബസാർ ഓൺലൈൻ ഭീമന്മാരായ ആമസോണുമായി സഹകരിക്കാൻ ഒരുങ്ങുകയാണ്. ഇതു സംബന്ധമായ കരാർ ഈ മാസം 27ന് ഒപ്പിടും. കുടുംബശ്രീ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന അഞ്ഞൂറിലധികം ഉത്പന്നങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത നൂറ്റിപ്പത്ത് ഉത്പന്നങ്ങളാകും ആമസോൺ വഴി ലഭ്യമാക്കാനുദ്ദേശിക്കുന്നത്. നാടൻ ഉത്പന്നങ്ങളോട് കമ്പമുള്ളവർ ലോകത്തെവിടെയും ഉണ്ട്. കൃത്രിമങ്ങളില്ലാത്ത ഏത് ഉത്പന്നത്തോടും ആളുകൾക്ക് പ്രത്യേക പ്രതിപത്തിയുണ്ട്. ശരിയായ മാർക്കറ്റിംഗ് തന്ത്രങ്ങളിലൂടെ ഗ്രാമോത്പന്നങ്ങൾക്ക് എവിടെയും വിപണി കണ്ടെത്താനാവും. കുടുംബശ്രീയുടെ പുതുസംരംഭത്തിനും മികച്ച സ്വാഗതം ലഭിക്കാതിരിക്കില്ല.

# വെനസ്വേല എങ്ങോട്ട്?

▶പി.എസ്. ശ്രീകുമാർ

**പ**ത്ത് ലക്ഷം ശതമാനം പണപ്പെരുപ്പം എന്നത് ഇന്നുവരെ ഒരു രാജ്യത്തും കേട്ടുകേൾവി ഇല്ലാത്ത സംഭവമാണ്. നിക്കൊളാസ് മഡുറോ ഭരണം കയ്യാളുന്ന വെനസ്വേലയിൽ അതും സംഭവിച്ചിരിക്കുന്നു. ലോകത്ത് ഏറ്റവും കൂടുതൽ എണ്ണ ശേഖരമുള്ള ഈ രാജ്യത്തിന്റെ ഇപ്പോഴത്തെ അവസ്ഥ പരിതാപകരമാണ്.

രാഷ്ട്രീയ പ്രക്ഷോഭത്തിന്റെ തീച്ചൂളയായി മാറിയിരിക്കുകയാണ് വെനസ്വേല. പ്രതിപക്ഷത്തിന്റെ ആഹ്വാനത്തെ തുടർന്ന് പതിനായിരക്കണക്കിന് ജനങ്ങളാണ് തെരുവിലിറങ്ങിയിരിക്കുന്നത്. പ്രക്ഷോഭങ്ങൾക്കിടയിലാണ് പാർലമെന്റായ നാഷണൽ അസംബ്ലിയുടെ അദ്ധ്യക്ഷനായ വാൻ ഗയ്ദോ വളരെ നാടകീയമായിട്ട് ജനുവരി 23-ന് പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുന്നുവെന്ന് ജനമദ്ധ്യത്തിൽ പ്രഖ്യാപിച്ചത്. ഗയ്ദോയുടെ സ്വയം അവരോധിക്കലിന്റെ ചൂടാറും മുമ്പ് അമേരിക്ക അദ്ദേഹത്തെ പ്രസിഡന്റായി അംഗീകരിച്ചു. ഡൊണാൾഡ് ട്രംപ് അദ്ദേഹത്തിന് പിന്തുണ പ്രഖ്യാപിച്ചു. തൊട്ടുപിറകെ ബ്രസീൽ, കാനഡ, ചിലി, കൊളംബിയ, പെറു തുടങ്ങിയ രാജ്യങ്ങളും യൂറോപ്യൻ യൂണിയൻ പാർലമെന്റും അദ്ദേഹത്തെ അംഗീകരിച്ചു. എന്നാൽ പഴയ സോഷ്യലിസ്റ്റ് ബന്ധത്തിന്റെ അടിസ്ഥാനത്തിൽ റഷ്യയും ചൈനയും ക്യൂബയും നിക്കൊളാസ് മഡുറോയ്ക്ക് പിന്തുണ പ്രഖ്യാപിക്കുകയും പ്രസിഡന്റായി ഗയ്ദോയെ അംഗീകരിച്ച അമേരിക്കയെ ശക്തമായി വിമർശിക്കുകയും ചെയ്തു.

## ആരാണ് വാൻ ഗയ്ദോ?

ഒരു മാസം മുമ്പു വരെ വാൻ ഗയ്ദോയെ പുറംലോകം അറിഞ്ഞിരുന്നില്ല. പ്രതിപക്ഷ സഖ്യത്തിന്റെ മുതിർന്ന നേതാക്കളെയെല്ലാം മഡുറോ ഭരണകൂടം ജയിലിൽ അടച്ചപ്പോഴാണ് പ്രതിപക്ഷത്തിന് ഭൂരിപക്ഷമുള്ള നാഷണൽ അസംബ്ലിയുടെ അദ്ധ്യക്ഷനായി 35-കാരനായ ഗയ്ദോ 2018 ഡിസംബറിൽ തിരഞ്ഞെടുക്കപ്പെട്ടത്. കരീബിയൻ തീരത്തുള്ള ലാഗയ്റായിലാണ് അദ്ദേഹം ജനിച്ചത്. പിതാവ് എയർലൈൻ കമ്പനി പൈലറ്റും മാതാവ് അദ്ധ്യാപികയുമാണ്. ഇൻഡസ്ട്രിയൽ എൻജിനിയറിംഗ് യോഗ്യതയുള്ള ഗയ്ദോ പബ്ലിക് അഡ്മിനിസ്ട്രേഷനിൽ അമേരിക്കയിലെ ജോർജ് വാഷിംഗ്ടൺ സർവകലാശാലയിൽ നിന്നും ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. വിദ്യാർത്ഥി രാഷ്ട്രീയത്തിലും സജീവമായിരുന്നു ഇദ്ദേഹം. പോപ്പുലർ വിൽ എന്ന പ്രതിപക്ഷ പാർട്ടി 2009-ൽ അദ്ദേഹവും കൂടി ചേർന്നാണ് രൂപീകരിച്ചത്. അന്ന് പ്രസിഡന്റായിരുന്ന ഹ്യൂഗോ ഷാവേസിനെതിരെ പ്രക്ഷോഭങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. 2010-ൽ നാഷണൽ അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ നാഷണൽ അസംബ്ലിയുടെ അദ്ധ്യക്ഷനായതോടെയാണ് ഇദ്ദേഹം പ്രതിപക്ഷ രാഷ്ട്രീയ സഖ്യത്തിന്റെ മുൻനിരയിലേക്ക് എത്തിയത്.



വാൻ ഗയ്ദോ

## പ്രതിപക്ഷ പ്രക്ഷോഭം

കഴിഞ്ഞ കുറെനാളുകളായി പ്രതിപക്ഷകക്ഷികൾ മഡുറോയ്ക്കെതിരെ ശക്തമായ പ്രക്ഷോഭത്തിലാണ്. നിക്കൊളാസ് മഡുറോയുടെ രാജി ആവശ്യപ്പെട്ടുകൊണ്ട് അവർ ആരംഭിച്ച പ്രക്ഷോഭം പലപ്പോഴും അക്രമാസക്തമായി മാറുകയും സായുധ സൈന്യവുമായുള്ള ഏറ്റുമുട്ടലുകളിൽ എത്തിച്ചേരുകയുമാണ് പതിവ്. പ്രതിപക്ഷത്തിന് ഭൂരിപക്ഷമുള്ള നാഷണൽ അസംബ്ലിയുടെ അധികാരത്തിൽ കൈകടത്താൻ സുപ്രീംകോടതി തീരുമാനിച്ചപ്പോഴാണ് അക്രമാസക്തമായ പ്രക്ഷോഭങ്ങൾക്ക് പ്രതിപക്ഷം തുടക്കം കുറിച്ചത്. പ്രക്ഷോഭം രാജ്യമാസകലം വ്യാപിച്ചതോടെ നാഷണൽ അസംബ്ലിയുടെ അധികാരം തിരികെ നൽകാൻ സുപ്രീംകോടതി തീരുമാനിച്ചു.

പ്രക്ഷോഭത്തിന്റെ തീവ്രത അല്പം കുറഞ്ഞപ്പോഴാണ് 2018 മേയിൽ പ്രസിഡന്റ് സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് മഡുറോ പ്രഖ്യാപിച്ചത്. ഒരു വർഷം കൂടി കാലാവധിയുണ്ടായിരുന്ന അവസരത്തിലാണ് പ്രതിപക്ഷ നേതാക്കളെയെല്ലാം വിവിധ കേസുകളിൽപ്പെടുത്തി ജയിലിലടച്ചശേഷം മഡുറോ തിരഞ്ഞെടുപ്പ് നടത്തിയത്. 2013-ൽ 80 ശതമാനം പേർ വോട്ടെടുപ്പിൽ പങ്കെടുത്തപ്പോൾ, 2018-ലെ തിരഞ്ഞെടുപ്പിൽ 46 ശതമാനം പേർ മാത്രമാണ് പങ്കെടുത്തത്. സർക്കാർ സംവിധാനമുപയോഗിച്ച് തിരഞ്ഞെടുപ്പ് അട്ടിമറിക്കുകയായിരുന്നെന്നാണ് പ്രതിപക്ഷം ആരോപിക്കുന്നത്. അതോടെ ജനാധിപത്യ വിരുദ്ധമായി നടത്തിയ തിരഞ്ഞെടുപ്പ് റദ്ദാക്കി പുതിയ തിരഞ്ഞെടുപ്പ് നടത്തണമെന്നായി പ്രതിപക്ഷ പ്രക്ഷോഭത്തിന്റെ പ്രധാന മുദ്രാവാക്യം. പ്രക്ഷോഭങ്ങളിലും വെടിവയ്പിലും നിരവധി പേരാണ് കൊല്ലപ്പെട്ടത്. പ്രതിപക്ഷ പ്രക്ഷോഭത്തിൽ ഉയർന്നുവരുന്ന മറ്റൊരു ആവശ്യം അനിയന്ത്രിതമായ വിലക്കയറ്റവും അവശ്യവസ്തുക്കളുടെയും ജീവൻരക്ഷാ ഔഷധങ്ങളുടെയും ദൗർലഭ്യവുമാണ്. 2016 രണ്ടാം പാദത്തിൽ 600 ശതമാനമായിരുന്ന വിലകയറ്റം 2017-ൽ 2000 ശതമാനവും 2018 ഡിസംബറിൽ 10 ലക്ഷം ശതമാനവുമായി മാറി. ആഹാരത്തിനായി ജനം നെട്ടോട്ടമോടുകയാണ്. രാജ്യത്തിന്റെ വരുമാനത്തിന്റെ 85 ശതമാനവും എണ്ണ കയറ്റുമതിയിൽ നിന്നാണ്. എണ്ണയുത്പാദനം കുറഞ്ഞതും എണ്ണവിലയിടിവും സമ്പദ്ഘടന തകർത്തു. വിദേശ രാജ്യങ്ങളിൽ നിന്നും അവശ്യ സാധനങ്ങൾ ഇറക്കുമതി ചെയ്യാനുള്ള വിദേശനാണ്യം ഖജനാവിലില്ല. ഇപ്പോഴത്തെ രീതിയിലാണ് രാജ്യത്തെ വിലക്കയറ്റം പോകുന്നതെങ്കിൽ 2019 അവസാനമാകുമ്പോഴേക്കും വിലക്കയറ്റം ഒരു കോടി ശതമാനമാകുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ പ്രവചിക്കുന്നത്.

ജീവൻ നിലനിറുത്താനും കടുത്ത ദാരിദ്ര്യത്തിൽ നിന്നും തൊഴിലില്ലായ്മയിൽ നിന്നും രക്ഷനേടാനുമായി ജനങ്ങൾ അയൽരാജ്യങ്ങളിലേക്ക് പലായനം ചെയ്തു കൊണ്ടിരിക്കുന്നു. ഏറ്റവും കൂടുതൽ ജനങ്ങൾ കൊളംബിയയിലേക്ക് പാലായനം ചെയ്തത്. പത്ത് ലക്ഷം പേരാണ് കൊളംബിയയിൽ ഇതിനോടകം എത്തിയത്. പെറുവിലേയ്ക്ക് 5,00,000 പേരും, ഇക്വഡോറിലേക്ക് 2,20,000 പേരും, അർജന്റിന, ചിലി എന്നീ രാജ്യങ്ങളിലേയ്ക്ക് 1,20,000-ഉം പേരുമാണ് രക്ഷപ്പെട്ടത്. ഏകദേശം മുപ്പത് ലക്ഷത്തോളം പേരാണ് വിവിധ രാജ്യങ്ങളിൽ അഭയം തേടിയത്.

## സൈനിക ഇടപെടലിന് അമേരിക്ക തയ്യാറാകുമോ?

വെനസ്വേലയുടെ സോഷ്യലിസ്റ്റ് ഭരണക്രമത്തെ അതിശക്തമായി എതിർക്കുന്ന അമേരിക്ക, കിട്ടാവുന്ന അവസരങ്ങളിലൊക്കെ മഡുറോയ്ക്കെതിരെ പ്രതിപക്ഷത്തിന് എല്ലാവിധ പിന്തുണയും നൽകുന്നുണ്ട്. താത്കാലികമായി പ്രസിഡന്റ് സ്ഥാനം എറ്റടുത്ത വാൻ ഗയ്ദോയ്ക്കും ശക്തമായ പിന്തുണയാണ് അമേരിക്ക പ്രഖ്യാപിച്ചിട്ടുള്ളത്. വെനസ്വേലയെ സാമ്പത്തികമായി വരിഞ്ഞു മുറുക്കുകയെന്ന ലക്ഷ്യത്തോടെ സാമ്പത്തിക ഉപരോധവും അമേരിക്ക പ്രഖ്യാപിച്ചു. പ്രതിപക്ഷപ്രക്ഷോഭത്തെ സൈനികരെ ഉപയോഗിച്ച് അടിച്ചമർത്തിയാൽ, അമേരിക്കയുടെ സൈനിക ഇടപെടലുണ്ടാകുമെന്ന് അമേരിക്കയുടെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജോൺ ബോൾട്ടനും, പ്രസിഡന്റ് ഡൊണാൾഡ് ട്രംപും മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. നിലവിലെ സാഹചര്യത്തിൽ ഇതൊരു ഭീഷണിപ്പെടുത്തൽ മാത്രമായി നിലനിൽക്കാനാണ് സാധ്യത. അഫ്ഗാനിസ്ഥാനിൽ നിന്നും സിറിയയിൽ നിന്നും സൈനികരെ പിൻവലിക്കാൻ തിടുക്കം കൂട്ടുന്ന അമേരിക്ക, സൈനികരെ നേരിട്ടിറക്കി പുതിയൊരു യുദ്ധമുഖം തുറക്കാനുള്ള സാദ്ധ്യത കുറവാണ്. അതിനാൽ, മഡുറോയ്ക്ക് തത്കാലം ഭരണം തുടരാൻ തടസമില്ല. എന്നാൽ പ്രക്ഷോഭങ്ങളും, സമ്പദ് വ്യവസ്ഥയുടെ തകർച്ചയും പരിഹാരമില്ലാതെ തുടർന്നാൽ, സൈനികരിലും ഒരു വിഭാഗം മഡുറോയ്ക്കെതിരെ തിരിയാനുള്ള സാധ്യത അമേരിക്ക കാണുന്നു. അങ്ങനെ സംഭവിച്ചാൽ, മഡുറോയെ ഭരണത്തിൽ നിന്നും നിഷ്കാസിതനാക്കാനായി അതൃപ്തരായ സൈനികരെ ഉപയോഗിച്ച് നീങ്ങാനുള്ള ശ്രമം അമേരിക്കയുടെ ഭാഗത്ത് നിന്നുമുണ്ടാകും. ഇതൊഴിവാക്കാൻ ഐക്യരാഷ്ട്രസഭയുടെയോ അല്ലെങ്കിൽ മറ്റ് ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളുടെയോ നേതൃത്വത്തിൽ പ്രക്ഷോഭകരുമായി ചർച്ച നടത്തി ഭരണപ്രതിസന്ധി പരിഹരിക്കാൻ മഡുറോ തയ്യാറാകണം. മറ്റൊരു പരിഹാരം, പ്രസിഡന്റ് സ്ഥാനത്ത് നിന്ന് രാജിവച്ച്, വീണ്ടും തിരഞ്ഞെടുപ്പ് നടത്തുകയെന്നതാണ്. ഇതിൽ ഏത് മാർഗമാണ് മഡുറോ തെരഞ്ഞെടുക്കുന്നത് എന്നതിനെ ആശ്രയിച്ചാണ് വെനസ്വേലയുടെ ഭാവി.

> രാഷ്ട്രീയ പ്രക്ഷോഭത്തിന്റെ തീച്ചൂളയായി മാറിയിരിക്കുകയാണ് വെനസ്വേല. പ്രതിപക്ഷത്തിന്റെ ആഹ്വാനത്തെ തുടർന്ന് പതിനായിരക്കണക്കിന് ജനങ്ങളാണ് തെരുവിലിറങ്ങിയിരിക്കുന്നത്. പ്രക്ഷോഭങ്ങൾക്കിടയിലാണ് പാർലമെന്റായ നാഷണൽ അസംബ്ലിയുടെ അദ്ധ്യക്ഷനായ വാൻ ഗയ്ദോ നാടകീയമായി ജനുവരി 23-ന് പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുന്നുവെന്ന് ജനമദ്ധ്യത്തിൽ പ്രഖ്യാപിച്ചത്.

*(ലേഖകന്റെ ഫോൺ: 9847173177)*

# ഗുരുശിഷ്യ പരമ്പരയിലെ പണ്ഡിത ശിരോമണി

▶കാവ്യകുമാർ പള്ളിശ്ശേരി

**ശ്രീ**നാരായണ സന്ദേശങ്ങൾ ഏറ്റവും പ്രസക്തമായ ഈ കാലത്ത്, അദ്ദേഹത്തിന്റെ തത്ത്വചിന്തകളും ഉപദേശങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ള ശിഷ്യരും സന്യാസി ശ്രേഷ്ഠന്മാരുമൊക്കെ അവ പുതിയ തലമുറയെ മനസ്സിലാക്കിക്കൊടുക്കുന്നതിൽ വളരെയധികം താത്പര്യം കാണിക്കുന്നുണ്ട്.

ഗുരുദേവന്റെ സന്ദേശങ്ങൾ, യാത്രകൾ, അനുഷ്ഠാനങ്ങൾ എന്നിവ അടുക്കും ചിട്ടയോടും എഴുതിയത് വായിച്ച് മനസിലാക്കാൻ 'ശ്രീനാരായണ ഗുരുവിന്റെ ജീവചരിത്രം' വായിച്ചാൽ മതിയാകും. അദ്ദേഹത്തിന് വളരെയധികം ഗൃഹസ്ഥശിഷ്യന്മാർ ഉണ്ടായിരുന്നു. ശ്രീനാരായണ ശിഷ്യപരമ്പരയിലെ പണ്ഡിത ശിരോമണി, മികച്ച ചികിത്സകൻ, പ്രഗത്ഭ പ്രാസംഗികൻ, ലേഖകൻ, പരിഭാഷകൻ, പത്രാധിപർ, പാഠശാലാ സ്ഥാപകൻ, ശ്രീമൂലം പ്രജാസഭാ അംഗം എന്നിങ്ങനെ വിവിധ തലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയായിരുന്നു കരുവാ കൃഷ്ണനാശാൻ, അഥവാ ഏറത്ത് കൃഷ്ണനാശാൻ. കൊല്ലവർഷം 1043 കുംഭം 9ന് (1868 ഫെബ്രുവരി) കൊല്ലം കിളികൊല്ലൂരിൽ ഇലംപിലാശ്ശേരിൽ മാധവനാശാന്റെയും തൃക്കരുവാ വേളിക്കാട്ട് കറുമ്പിയമ്മയുടെയും മകനായി ജനിച്ച ആശാൻ ഹിന്ദുമത പ്രാസംഗികനും ഗുരുദേവന്റെ അരുമ ശിഷ്യനുമായിരുന്നു.

കൃഷ്ണനാശാൻ ഗുരുസ്വാമിയെ ആദ്യമായി കാണുന്നത് 1063 ൽ അരുവിപ്പുറത്ത് വച്ചായിരുന്നു. അന്നു മുതൽ അദ്ദേഹം സ്വാമിയുടെ ആരാധകനായിത്തീർന്നു. ഗുരുദേവനാൽ നിയമിതനായ ക്ഷേത്രകാര്യ സെക്രട്ടറിയായി കുമാരനാശാനും, അവിടെ ഉണ്ടായിരുന്നു. വാർത്താമാദ്ധ്യമങ്ങൾ സജീവമല്ലാതിരുന്ന ആ കാലത്ത് ഗുരുവിന്റെ സന്ദേശങ്ങൾ പ്രസംഗത്തിലൂടെ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്ത് പ്രചരിപ്പിക്കുന്നതിൽ ആശാനുള്ള സാമർത്ഥ്യം എടുത്തുപറയേണ്ടതാണ്.



കരുവാ കൃഷ്ണനാശാൻ

ഗുരുവുമായി ആശാന്റെ ബന്ധത്തിന്റെ ആഴം വ്യക്തമാക്കുന്ന ഒരു ഭാഗം കാവിള ജി. ഗംഗാധരന്റെ 'ശ്രീനാരായണഗുരുദേവ സ്മരണകൾ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇങ്ങനെയാണ്. ഒരു ദിവസം ശിവഗിരിയിലെ പർണശാലയ്ക്ക് സമീപം ഗുരുദേവൻ കുളിച്ചുകൊണ്ടിരിക്കുമ്പോൾ ദേവിയെപ്പറ്റി ഒരു കവിത തോന്നുകയുണ്ടായി. കുളി കഴിഞ്ഞുവന്നപ്പോൾ അടുത്തുണ്ടായിരുന്ന തന്റെ ശിഷ്യനായ ഏറത്ത് കൃഷ്ണനാശാനാണ് ആ കവിത പകർത്തിയത്. ആ കവിതയാണ് ഗുരുദേവന്റെ പ്രസിദ്ധമായ 'ജനനീ നവരത്നമഞ്ജരി'. ആ കവിതാ മഞ്ജരി ഉള്ളിലുറച്ച സ്ഥലത്തു തന്നെയാണ് ശാരദാദേവിയെ പ്രതിഷ്ഠിച്ചിരിക്കുന്നതെന്ന് ആശാൻ പറയുകയുണ്ടായി.

കേരളവർമ്മ വിദ്യാമന്ദിരം എന്ന പേരിൽ ആശാൻ കരുവായിൽ നടത്തിയിരുന്ന സംസ്കൃത വിദ്യാലയം അക്കാലത്ത് സംസ്കൃത ഭാഷാഭ്യാസന കുതുകികൾക്ക് വലിയൊരു അനുഗ്രഹമായിരുന്നു. അക്കാലത്തെ പ്രമുഖ പണ്ഡിതന്മാരായ മൂലൂർ, പെരുന്നെല്ലി, വെളുത്തേരി, കെ.സി. കേശവപിള്ള തുടങ്ങിയവരെല്ലാം അവിടെ കൂടി സാഹിത്യത്തെയും വൈദ്യശാസ്ത്രത്തെയും സംബന്ധിച്ചുള്ള ചർച്ചകൾ നടത്തുമായിരുന്നു.

ഗുരുദേവന്റെ നിർദ്ദേശപ്രകാരം ചവറ തെക്കുംഭാഗത്ത് മാങ്ങൂർ സ്വാമികൾ നടത്തിയിരുന്ന സംസ്കൃതപാഠശാലയിലെ അദ്ധ്യാപകനായി അദ്ദേഹം സേവനം അനുഷ്ഠിച്ചു. ആ സംസ്കൃത വിദ്യാലയം വളർന്നു വികസിച്ചതാണ് ഇപ്പോഴത്തെ ഗുഹാനന്ദപുരം ഹയർ സെക്കൻഡറി സ്കൂൾ.

തിരുവനന്തപുരത്തു നിന്നും വിദ്യാവിലാസിനി എന്ന പേരിൽ ഒരു സാഹിത്യ മാസിക പ്രസിദ്ധീകരിച്ചു. വിശാഖം തിരുനാൾ മഹാരാജാവ് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കരുവാ കൃഷ്ണനാശാൻ, ഭാഷാചരിത്രകാരൻ പി. ഗോവിന്ദപ്പിള്ള എന്നിവരായിരുന്നു വിദ്യാവിലാസിനിയുടെ നേതൃത്വം വഹിച്ചത്. വെളുത്തേരിയുടെ അർത്ഥാലങ്കാര മണിപ്രവാളം എന്ന അലങ്കാര ശാസ്ത്രഗ്രന്ഥവും ഈ മാസികയിലൂടെ പുറത്തുവന്നു. ഇതാണ് എ.ആർ. രാജരാജവർമ്മ ഭാഷാഭൂഷണം എഴുതാൻ പ്രേരകമായതെന്ന് പറയപ്പെട്ടിരുന്നു. കുമാരനാശാന്റെ പല സ്തോത്ര കൃതികളും ശ്രീനാരായണ ഗുരുദേവന്റെ 'ശിവശതകം' എന്നിവ ആശാന്റെ ആഗ്രഹത്താലാണ് ആദ്യമായി വിദ്യാവിലാസിനിയിൽ അടിച്ചുവന്നത്. മള്ളൂർ ഗോവിന്ദപ്പിള്ള, കെ. രാമകൃഷ്ണപിള്ള, കാവുങ്കൽ നീലകണ്ഠപിള്ള, സി.വി. കുഞ്ഞുരാമൻ, ചട്ടമ്പിസ്വാമികൾ തുടങ്ങിയ മഹാന്മാരുടെ ലേഖനങ്ങളും ഗുരുദേവന്റെ ചില സമസ്യപൂരണങ്ങളും വിദ്യാവിലാസിനിയിലൂടെയാണ് പുറത്തുവന്നത്.

കരുവാ കൃഷ്ണനാശാനും മറ്റും ചേർന്ന് അഭിജ്ഞാന ശാകുന്തളം അഭിനയിച്ച് കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ പ്രശംസയും പാരിതോഷികവും നേടിയിട്ടുണ്ട്. ആശാന്റെ ശാകുന്തളം പരിഭാഷ എ.ഡി. ഹരിശർമ്മയുടെ പരിഭാഷയെക്കാളും മെച്ചപ്പെട്ടതാണെന്ന് കെ. ദാമോദരൻ ബി.എ അഭിപ്രായപ്പെട്ടതായി മുമ്പൊരിക്കൽ ഒരു ലേഖനം വന്നതായി ഓർക്കുന്നു. പക്ഷേ ആ കൈയെഴുത്ത് പ്രതി അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്താൻ ആശാനോ അദ്ദേഹത്തിന്റെ മക്കൾക്കോ സാധിച്ചില്ല. ഇനി കൊച്ചുമക്കളിലാരെങ്കിലും അതിനൊരുമ്പെട്ടാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്.

അരുവിപ്പുറത്ത് പർണശാല തുടങ്ങിയപ്പോൾ ഇത്രയും വലിയ ഒരു പ്രസ്ഥാനമായി വളരുമെന്നോ ലോകമെമ്പാടുമുള്ള ജനങ്ങൾ ശ്രീനാരായണഗുരുവിനെ പിന്തുടരുമെന്നോ അന്നത്തെ ജനങ്ങൾ വിചാരിച്ചുകാണുകയില്ല. ശ്രീനാരായണഗുരുവിന്റെ നിർദ്ദേശപ്രകാരം ഹിന്ദുമതത്തെയും അധ:കൃതരെന്ന് പുറന്തള്ളിയിരുന്ന മനുഷ്യരെയും രക്ഷിക്കാൻ അഹോരാത്രം പ്രയതിച്ച ആശാന്റെ സിംഹഗർജ്ജനം 1935 ഡിസംബർ മൂന്നാം തീയതി നിലച്ചു.

> ശ്രീനാരായണഗുരുവിന്റെ നിർദ്ദേശപ്രകാരം ഹിന്ദുമതത്തേയും അധ:കൃതരെന്ന് പുറന്തള്ളിയിരുന്ന മനുഷ്യരെയും രക്ഷിക്കാൻ അഹോരാത്രം പ്രയതിച്ച പ്രതിഭയാണ് കരുവാ കൃഷ്ണനാശാൻ

*(ഫോൺ : 8129421557)*

## വായനക്കാർ പറയുന്നു

www.keralakaumudi.com/letters

# തെരുവുവിളക്കുകളുടെ സമയക്രമം വയോജനങ്ങളെ ക്ലേശിപ്പിക്കുന്നു

**തെ**രുവുവിളക്കുകളുടെ സമയക്രമീകരണം വയോജനങ്ങൾക്ക് ബുദ്ധിമുട്ടാകുന്നു എന്ന് ചൂണ്ടിക്കാട്ടാനാണ് ഈ കത്തെഴുതുന്നത്. ഇപ്പോൾ വൈകിട്ട് ആറ് മണിക്ക് കത്തിക്കുകയും രാവിലെ ആറിന് അണയ്ക്കുകയും ചെയ്യുന്നു. വൈകിട്ട് 6.30 വരെ നല്ല പകൽവെളിച്ചം ഉണ്ട്. എന്നാൽ രാവിലെ 6.30 വരെ നല്ല ഇരുട്ടാണ്.

ഇപ്പോഴത്തെ സമയം വയോജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. പ്രത്യേകിച്ചും രാവിലെ നടക്കാൻ പോകുന്നവർക്ക്. ആറിന് വിളക്കണഞ്ഞാൽ ഇരുട്ടിൽ തപ്പിതടഞ്ഞാണ് വയോജനങ്ങൾ വീട്ടിൽ തിരിച്ചെത്തേണ്ടി വരുന്നത്.

ഡിസംബർ-ജനുവരി മാസങ്ങളിൽ ഉദയാസ്തമയ സമയങ്ങളിൽ വ്യത്യാസവും പകൽ സമയം കുറവും ആയതിനാൽ അതനുസരിച്ച് സമയക്രമീകരണവും ആവശ്യമാണ്. ഇത് ആർക്കും മനസിലാകുന്ന ഒരു യാഥാർത്ഥ്യം ആയിട്ടും എന്തുകൊണ്ട് അങ്ങനെയൊരു ക്രമീകരണം നടത്തുന്നില്ല . ആവശ്യവും സൗകര്യവും കണക്കിലെടുത്ത് വൈകിട്ട് 6.30ന് വിളക്ക് കത്തിക്കുകയും രാവിലെ 6.30ന് അണയ്ക്കുകയും ചെയ്യാനുള്ള നടപടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

*എം. രാമചന്ദ്രൻനായർ,* പാൽക്കുളങ്ങര, പേട്ട,തിരുവനന്തപുരം.

## മഹിളാ പ്രധാൻ ഏജന്റുമാരെ അവഗണിക്കരുത്

വാർദ്ധക്യകാല പെൻഷനുകളെല്ലാം 1200 രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടും സർക്കാരിന്റെ സാമ്പത്തിക പ്രവർത്തനത്തിന് സഹായകരമായി ജോലി ചെയ്ത് റിട്ടയറായ മഹിളാപ്രധാൻ ഏജന്റുമാർക്ക് ഇപ്പോഴും നൽകുന്ന അടുത്തുൺ 600 രൂപ മാത്രമാണ്. അറുന്നൂറു രൂപകൊണ്ട് എന്തെല്ലാം കാര്യങ്ങൾ നടക്കുമെന്ന് ഇനിയും പറഞ്ഞു ബോദ്ധ്യപ്പെടുത്തേണ്ടതില്ലല്ലോ? മറ്റ് വൃദ്ധ പെൻഷൻകാരുടേതിനു തുല്യമായിട്ടെങ്കിലും വർദ്ധിപ്പിച്ചുതരണമെന്ന് കാണിച്ച് മുഖ്യമന്ത്രിക്കു 2016ലും 2017ലും നിവേദനം സമർപ്പിക്കുകയുണ്ടായി. എന്നാൽ, പ്രതീക്ഷ തകർത്ത ഒരു മറുപടി ഇപ്പോൾ ലഭിക്കുകയുണ്ടായി. ഏജന്റുമാരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ ഗവൺമെന്റ് തീരുമാനം എടുക്കാത്തതുകൊണ്ട് പെൻഷൻ വർദ്ധിപ്പിക്കാൻ കഴിയുന്നില്ല എന്ന്. സാമൂഹ്യനീതി മന്ത്രി ഒരു വനിത കൂടി ആയിട്ടും ഈ ഒരു തുല്യനീതി പ്രശ്നം പരിഹൃതമാകുന്നതിന് താമസം വരുത്തരുതെന്ന് അപേക്ഷിക്കുന്നു. ധനമന്ത്രിയും മുഖ്യമന്ത്രിയും ഇത് പരിഗണിക്കുമെന്ന് വിശ്വസിക്കുന്നു. 67 വയസ്സുകഴിഞ്ഞ ഒരു ദേശീയ സമ്പാദ്യ ഏജന്റിന്റെ അപേക്ഷയാണിത്.

*കെ.സി. ശാരദ* റിട്ട. മഹിളാ പ്രധാൻ ഏജന്റ്, തൊടുപുഴ, മൊബൈൽ : 9447447280.



## കമ്മ്യൂണിസ്റ്റുകാരുടെ ഒരു വോട്ടും വേണ്ട: മുല്ലപ്പള്ളി

മലപ്പുറം: അക്രമം അവസാനിപ്പിച്ചാൽ സി.പി.എമ്മുമായി ചർച്ചയാകാമെന്ന താൻ പറഞ്ഞതിന് അർത്ഥം സീറ്റ് വിഭജന ചർച്ചയല്ലെന്ന് കെ.പി.സി.സി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. മതേതര ജനാധിപത്യ ഐക്യമെന്നാൽ കമ്മ്യൂണിസ്റ്റുകാരുമായി അധികാരം പങ്കുവയ്ക്കലല്ല. രാജ്യം നിരാകരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു വോട്ടും കോൺഗ്രസിന വേണ്ടെന്നും അദ്ദേഹം പറഞ്ഞു. സബ് കളക്ടർ രേണു രാജിനെ അപമാനിച്ച ദേവികുളം എം.എൽ.എയെ രാജിവയ്പ്പിച്ച് നിയമത്തിന മുന്നിൽ കൊണ്ടുവരണം.



## കാരാട്ട് റസാഖിന് സഭാ നടപടികളിൽ പങ്കെടുക്കാം

ന്യൂഡൽഹി: കൊടുവള്ളി മണ്ഡലത്തിലെ ഇടത് എം.എൽ.എ കാരാട്ട് റസാഖിന്റെ നിയമസഭാംഗത്വം റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സുപ്രീംകോടതി ഉപധികളോടെ സ്റ്റേ ചെയ്തു. റസാഖിന് നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കാം. എന്നാൽ ശമ്പളമുൾപ്പെടെ ആനുകൂല്യങ്ങൾ കിട്ടില്ല. വോട്ടവകാശവുമില്ല. കാരാട്ട് റസാഖ് നൽകിയ അപ്പീലിലാണ് ഉത്തരവ്. മുഴുവൻ കക്ഷികൾക്കും ജസ്റ്റിസുമാരായ സഞ്ജയ് കിഷൻ കൗൾ, ഇന്ദിരബാനർജി എന്നിവരുടെ ബെഞ്ച് നോട്ടീസ് അയച്ചു. അഴീക്കോട് മണ്ഡലത്തിലെ മുസ്‌ലിംലീഗിലെ കെ.എം. ഷാജിയുടെ തിരഞ്ഞെടുപ്പ് ഫലം റദ്ദാക്കിയ കേസിലും കോടതി സമാന ഉപാധികളോടെയാണ് സഭാനടപടികളിൽ പങ്കെടുക്കാൻ അനുമതി നൽകിയത്.

## വിദേശയാത്രയ്ക്ക് ദിലീപിന് അനുമതി

കൊച്ചി: നടിയെ ആക്രമിച്ച് അശ്ലീല ദൃശ്യങ്ങൾ പകർത്തിയ കേസിൽ പ്രതിയായ നടൻ ദിലീപിന് വിദേശത്ത് പോകാൻ എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി അനുമതി നൽകി. ദേ പുട്ട് എന്ന ഹോട്ടലിന്റെ ദോഹയിലെ പ്രവർത്തനം തുടങ്ങുന്നതിനായി ഫെബ്രുവരി 13 മുതൽ 21 വരെ ദോഹ, ദുബായ് എന്നിവിടങ്ങളിലേക്ക് പോകാനാണ് അനുമതി. വിദേശ യാത്രക്ക് അനുമതി തേടുന്ന ദിലീപിന്റെ ഹർജിയെ പ്രോസിക്യൂഷൻ എതിർത്തെങ്കിലും കോടതി ഉപാധികളോടെ അനുവദിച്ചു. തിരിച്ചെത്തിയാലുടൻ പാസ്പോർട്ട് കോടതിയിൽ ഹാജരാക്കണം, ദോഹയിലും ദുബായിലും ദിലീപിനെ ലഭ്യമാകുന്ന ഫോൺ നമ്പരും അഡ്രസും ഹാജരാക്കണം, മാദ്ധ്യമങ്ങൾക്ക് അഭിമുഖം നൽകരുത് എന്നിങ്ങനെയുള്ള വ്യവസ്ഥകളിലാണ് യാത്രാനുമതി. നേരത്തെ മൂന്ന തവണ ദിലീപിന് വിദേശയാത്രക്ക് കോടതി അനുമതി നൽകിയിരുന്നു.

## ഹർത്താൽ തടയാൻ നിയമം പാസാക്കണം

കൊച്ചി: ഹർത്താൽ നിയന്ത്രണ ബിൽ ഉടൻ നിയമസഭ പാസാക്കി നിയമമാക്കണമെന്ന് ഫിക്കി സ്റ്റേറ്റ് കൗൺസിലിന്റെ നേതൃത്വത്തിൽ ചേർന്ന വ്യവസായ വാണിജ്യ സംഘടനാ പ്രതിനിധികളുടെ യോഗം ആവശ്യപ്പെട്ടു. ഫിക്കി സ്റ്റേറ്റ് കൗൺസിൽ ചെയർമാൻ എം.ജി. ജോർജ് മുത്തൂറ്റ്, കോ-ചെയർ ദീപക് എൽ. അസ്വാനി, കേരള ചേംബർ ഒഫ് കൊമേഴ്സ് പ്രസിഡന്റ് ബിജു രമേശ്, കേരള മർച്ചന്റ്സ് ചേംബർ ഒഫ് കൊമേഴ്സ് പ്രസിഡന്റ് എം.എ. യൂസഫ്, സ്പെഷ്യൽ ഇക്കണോമിക് സോൺ പ്രസിഡന്റ് കെ.കെ. പിള്ള, ഹർത്താൽ വിരുദ്ധ സമിതി കൺവീനർ ഗോപകുമാർ, തിരുവനന്തപുരം ചേംബർ ഒഫ് കൊമേഴ്സ് സെക്രട്ടറി ജോജി, സെപ്സ് വൈസ് ചെയർമാൻ ഷംസുദ്ദീൻ തുടങ്ങിയവർ സംസാരിച്ചു.

## തന്ത്രിയുടെ വിശദീകരണം കൈമാറി

തിരുവനന്തപുരം: ശബരിമലയിൽ യുവതികൾ ദർശനം നടത്തിയതിനെ തുടർന്ന് ശുദ്ധിക്രിയ നടത്തിയതിന് തന്ത്രി നൽകിയ വിശദീകരണം ദേവസ്വം കമ്മിഷണർ എൻ.വാസു ഇന്നലെ ബോർഡ് സെക്രട്ടറിക്ക് കൈമാറി. ഇന്ന് ചേരുന്ന ബോർഡ് യോഗത്തിൽ കത്ത് ചർച്ച ചെയ്യേക്കും. വിശദീകരണം സംബന്ധിച്ച് കമ്മിഷണർ പ്രത്യേക റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലെന്നാണ് അറിയുന്നത്. ബോർഡ് ആവശ്യപ്പെട്ടാൽ അഭിപ്രായം രേഖപ്പെടുത്താമെന്ന നിലപാടാണ് അദ്ദേഹത്തിനുള്ളത്.

## വനിതാ കമ്മിഷൻ കേസെടുത്തു

തിരുവനന്തപുരം: ദേവികുളം സബ് കളക്ടർ ഡോ. രേണുരാജിനെ അപമാനിക്കുന്ന വിധം സംസാരിച്ചതിന് എസ്. രാജേന്ദ്രൻ എം.എൽ.എക്കെതിരെ കേരള വനിതാ കമ്മിഷൻ സ്വമേധയാ കേസെടുത്തു. മാദ്ധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് നടപടി. സ്ത്രീകൾക്കെതിരെ മോശം വാക്കുകൾ ഉപയോഗിച്ച് ആര് സംസാരിച്ചാലും നടപടിയെടുക്കേണ്ടതാണെന്ന് വനിതാ കമ്മിഷൻ അദ്ധ്യക്ഷ എം.സി. ജോസഫൈൻ പറഞ്ഞു.

## പെരുമാറ്റം മാന്യതയ്ക്ക് ചേരാത്തത്

തിരുവനന്തപുരം : ദേവികുളം സബ് കളക്ടറോടുള്ള എസ്. രാജേന്ദ്രൻ എം.എൽ.എയുടെ പെരുമാറ്റം മാന്യതയ്ക്ക് ചേർന്നതല്ലെന്ന് എൽ.ഡി.എഫ് കൺവീനർ എ. വിജയരാഘവൻ പറഞ്ഞു. ഇത് ഒരു ഒറ്റപ്പെട്ട സംഭവമാണ്. പാർട്ടി ജില്ലാ സെക്രട്ടറി അദ്ദേഹത്തോട് വിശദീകരണം ചോദിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി എംപാനൽകാരെ പരമാവധി സഹായിക്കുക എന്ന നിലപാടാണ് സർക്കാരിനുള്ളത്. എന്നാൽ കോടതിയുടെ ഇടപെടൽ മൂലമുള്ള തടസമുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ് യോഗം എംപാനൽകാരുടെ പ്രശ്നം ചർച്ച ചെയ്തെന്നും വിജയരാഘവൻ പറഞ്ഞു.

### ഷുക്കൂർ വധം

# കുറ്റപത്രം പൊള്ളയെന്ന് സി.പി.എം; കിറുകൃത്യമെന്ന് സി.ബി.ഐ



▸എം.എച്ച്. വിഷ്ണു

തിരുവനന്തപുരം: കണ്ണൂർ ജില്ലാ സെക്രട്ടറി പി.ജയരാജനും ടി.വി. രാജേഷ് എം.എൽ.എയ്ക്കുമെതിരെ കൊലപാതക, ഗൂഢാലോചനക്കുറ്റം ചുമത്തിയതോടെ, ബംഗാളിലേതിനു സമാനമായി സി.ബി.ഐയുമായി നേർക്കുനേർ പോരിനൊരുങ്ങുകയാണ് സി.പി.എം. ലോക്സഭാ തിരഞ്ഞെടുപ്പിന് തൊട്ടുമുൻപ് സി.ബി.ഐയെ രാഷ്ട്രീയക്കളിക്ക് ആയുധമാക്കിയെന്നാണ് ആരോപണം.

കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ കെട്ടുകഥ ചമച്ച സി.ബി.ഐയുടെ പൊള്ളത്തരം തുറന്നുകാട്ടുമെന്നും കുറ്റപത്രത്തെ നിയമപരമായി നേരിടുമെന്നുമാണ് പാർട്ടി പറയുന്നത്. അതേസമയം, സാക്ഷിമൊഴികളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് കുറ്റപത്രം തയ്യാറാക്കിയതെന്ന് സി.ബി.ഐ പറയുന്നു. സി.ബി.ഐക്കും പാർട്ടിക്കുമിടയിലെ പ്രശ്നത്തിൽ ഇടപെടാനില്ലെന്ന് സർക്കാർ നിലപാടറിയിച്ചിട്ടുണ്ട്. തലശേരി റസ്റ്റ്ഹൗസ് ക്യാമ്പ് ഓഫീസാക്കി കണ്ണൂരിലെ രാഷ്ട്രീയബന്ധമുള്ള ആറ് കൊലക്കേസുകൾ സി.ബി.ഐ അന്വേഷിക്കുകയാണ്. സി.പി.എം നേതാക്കളെ പ്രതിരോധത്തിലാക്കുന്നതാണ് മിക്ക കേസുകളും. രണ്ടു കേസുകളിൽ പി.ജയരാജൻ പ്രതിയാണ്. കതിരൂർ മനോജ് വധക്കേസിൽ 9 സി.പി.എം പ്രവർത്തകരെ സി.ബി.ഐ അറസ്റ്റ് ചെയ്തു. തലശേരിയിലെ എൻ.ഡി.എഫ് നേതാവ് ഫസൽ വധക്കേസിൽ സി.പി.എം ജില്ലാനേതാക്കളായ കാരായി രാജനെയും കാരായി ചന്ദ്രശേഖരനെയും അറസ്റ്റുചെയ്തിരുന്നു. കതിരൂർ മനോജ് വധക്കേസിൽ പി. ജയരാജനടക്കമുള്ള നേതാക്കൾക്കെതിരെ കുറ്റപത്രം നൽകി. എട്ട് രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.ബി.ഐ അന്വേഷണത്തിന് ആവശ്യമുയരുന്നുണ്ട്. പി.ജയരാജനും ടി.വി.രാജേഷും നൽകിയ ഹർജികളിലെ സ്റ്റേ ഉത്തരവ് നീക്കിയെടുത്താണ് തിരുവനന്തപുരം യൂണിറ്റിലെ അഡി.എസ്.പി വൈ. ഹരികുമാറിന്റെ സംഘം ഷുക്കൂർ കേസിൽ കുറ്റപത്രം തയ്യാറാക്കിയത്. പൊലീസ് അന്വേഷിച്ച് വിചാരണ ഘട്ടത്തിലെത്തി നിൽക്കെയാണ്, ഹൈക്കോടതി കേസ് സി.ബി.ഐക്ക് വിട്ടത്.

ഗൂഢാലോചന അറിഞ്ഞിട്ടും തടയാൻ ശ്രമിച്ചില്ലെന്ന കുറ്റം ചുമത്തിയാണ് ഷുക്കൂർ വധക്കേസിൽ പി. ജയരാജനെയും ടി.വി. രാജേഷിനെയും കേസിൽ പ്രതി ചേർത്തിരുന്നത്. ജയരാജന്റെ അറസ്റ്റിനെ തുടർന്ന് കണ്ണൂർ ജില്ലയിൽ പലേടത്തും ആക്രമണങ്ങളുണ്ടായി. ഡി.വൈ.എഫ്.ഐ കണ്ണപുരം വില്ലേജ് കമ്മിറ്റി അംഗം കിഴക്കേവീട്ടിൽ കെ.വി. സുമേഷാണ് ഒന്നാം പ്രതി. ഡി.വൈ.എഫ്.ഐ പാപ്പിനിശ്ശേരി ബ്ലോക്ക് വൈസ് പ്രസിഡന്റ് കണ്ണപുരം ചൈനാക്ലേക്ക് സമീപത്തെ പാറയിൽ ഗണേശൻ, ഡി.വൈ.എഫ്.ഐ കണ്ണപുരം വെസ്റ്റ് വില്ലേജ് കമ്മിറ്റി അംഗം പി. അനൂപ്, മൊറാഴ തയ്യൽ ഹൗസിൽ വിജേഷ് എന്ന ബാബൂട്ടി, ഒളിവിലുള്ള മൊറാഴ പ്ലാന്തോട്ടം കെ. പ്രകാശൻ, അരിയിൽ ധർമ്മക്കിണറിന് സമീപത്തെ ഉമേശൻ എന്നിവരാണ് രണ്ടു മുതൽ ആറു വരെ പ്രതികൾ. ഇരുപതാം പ്രതി നേരത്തേ ആത്മഹത്യ ചെയ്തിരുന്നു.

### ഗൂഢാലോചന വ്യക്തം

കണ്ണൂർ: ഷുക്കൂർ വധത്തിന്റെ ഗൂഢാലോചനത്തുടക്കം തളിപ്പറമ്പ് സഹകരണ ആശുപത്രിയിലാണെന്നും പലതലത്തിലുള്ള നേതാക്കളുടെ പങ്കാളിത്തത്തോടെ കൃത്യമായി ഗൂഢാലോചന നടന്നെന്നും സി.ബി.ഐ കുറ്റപത്രത്തിൽ പറയുന്നു. ഷുക്കൂറിനെയും സുഹൃത്തുക്കളെയും തടഞ്ഞുവച്ചതു മുതൽ കൊല നടത്തിയതു വരെ വ്യക്തമായ ആസൂത്രണമുണ്ട്. ലീഗ് ശക്തികേന്ദ്രമായ പട്ടുവം അരിയിലിൽ സി.പി.എം നേതാക്കൾക്ക് നേരെയുണ്ടായ അക്രമത്തിന്റെ പ്രതികാരമാണ് കൊലയിൽ കലാശിച്ചത്. അഭയം തേടിയ വീട്ടിൽ നിന്ന് ഇവരെ പുറത്താക്കുകയും വളഞ്ഞിട്ട് കൊലപ്പെടുത്തുകയും ചെയ്തെന്നും സി.ബി.ഐ പറയുന്നു.

### വാദവും എതിർവാദവും

പ്രതികൾക്കെതിരെ ശക്തമായ തെളിവുകൾ കണ്ടെത്തി പൂട്ടിയ ശേഷം രണ്ടാം ഭാഗമായാണ് ഗൂഢാലോചന അന്വേഷിച്ചതെന്നും ശാസ്ത്രീയ തെളിവുകൾ അടിസ്ഥാനമാക്കിയുള്ളതാണ് കുറ്റപത്രമെന്നുമാണ് സി.ബി.ഐയുടെ വാദം. രാഷ്ട്രീയ എതിരാളികളെ വേട്ടയാടാൻ സി.ബി.ഐയെ കരുവാക്കുന്നെന്ന് സി.പി.എം സാക്ഷികളല്ലെന്ന് കോടതിയിൽ മൊഴിനൽകിയ രണ്ടുപേരെ വീണ്ടും ഉൾപ്പെടുത്തി കെട്ടിച്ചമച്ചതാണ് കുറ്റപത്രം. പുതിയ സാക്ഷികളോ തെളിവുകളോ ഇല്ലാതെ കുറ്റപത്രമുണ്ടാക്കി കള്ളന്മാർക്ക് ചൂട്ടുപിടിക്കുകയാണ് സി.ബി.ഐ.

### ഓഫീസിന് തടയിട്ട്

- കണ്ണൂരിലെ കേസുകൾ കടുപ്പിച്ചപ്പോൾ ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കുകയും പിന്നീട് ക്യാമ്പ് ഓഫീസാക്കാൻ റസ്റ്റ് ഹൗസുകൾ നൽകാതിരിക്കുകയും ചെയ്തിരുന്നു
- സി.ബി.ഐക്ക് റസ്റ്റ്ഹൗസുകളിൽ ക്യാമ്പ്ഓഫീസ് തുറക്കാനും താമസിക്കാനും വാടകയീടാക്കേണ്ടെന്ന് 2014 ആഗസ്റ്റിൽ യു.ഡി.എഫ് സർക്കാർ ഇറക്കിയ ഉത്തരവ് എൽ.ഡി.എഫ് സർക്കാർ റദ്ദാക്കിയിരുന്നു
- മുൻപുപറ്റിയ സൗജന്യങ്ങൾക്കു കൂടി പണം ഈടാക്കാൻ റസ്റ്റ്ഹൗസ് മാനേജർമാർക്കു പൊതുമരാമത്ത് വകുപ്പ് നിർദേശം നൽകിയിരുന്നു. ഇതോടെ സി.ബി.ഐക്ക് റസ്റ്റ്ഹൗസുകൾ അനുവദിക്കാത്ത സ്ഥിതിയുണ്ടായി



സി.പി.എം അക്രമ പാർട്ടിയാണെന്ന് കാണിക്കാനായി പി.ജയരാജനും ടി.വി. രാജേഷിനുമെതിരെ എടുത്ത കേസിലാണ് പുതിയ വകുപ്പുകൾ കൂട്ടിച്ചേർത്ത് ഇപ്പോൾ സി.ബി. ഐ കുറ്റപത്രം സമർപ്പിച്ചത്. ഇതൊന്നും കാട്ടി സി.പി.എമ്മിനെ ഭയപ്പെടുത്താമെന്ന് ആരും ധരിക്കേണ്ട.

*- കോടിയേരി ബാലകൃഷ്ണൻ*



ഷുക്കൂർ വധക്കേസിൽ കുറ്റപത്രം സമർപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. കുറ്റപത്രം സമർപ്പിക്കുന്നത് വൈകിപ്പോയി. കണ്ണൂർ ജില്ലയിൽ പിണറായി വിജയന്റെ നേതൃത്വത്തിൽ ഗുണ്ടാപട തന്നെ പ്രവർത്തിക്കുന്നുണ്ട്.

*- മുല്ലപ്പള്ളി രാമചന്ദ്രൻ*

## മന്ത്രി ബാലനും വഴിവിട്ട നിയമനം നടത്തിയെന്ന് പി.കെ. ഫിറോസ്

കോഴിക്കോട്: മന്ത്രി കെ.ടി. ജലീലിനെതിരെ ബന്ധുനിയമന ആരോപണവുമായെത്തിയ യൂത്ത്‌ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. ഫിറോസ്, മന്ത്രി എ.കെ. ബാലനെതിരെ ഇന്നലെ പുതിയ നിയമന വിവാദത്തിന് തിരികൊളുത്തി.

മന്ത്രി ബാലൻ അസി.പ്രൈവറ്റ് സെക്രട്ടറി എ. മണിഭൂഷണെ നിയമവിരുദ്ധമായി തന്റെ വകുപ്പിലെ 'കിർത്താഡ്സി'ൽ സ്ഥിരം നിയമനം നൽകിയതായി വാർത്താസമ്മേളനത്തിൽ ഫിറോസ് ആരോപിച്ചു. മതിയായ യോഗ്യതയില്ലാതെ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ലക്ചറർ ആയി നിമയിതനായ മണിഭൂഷണെ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ ചട്ടം 39 ഉപയോഗിച്ചാണ് സ്ഥിരപ്പെടുത്തിയത്. എന്നാൽ ചട്ടം 39 ഉപയോഗിക്കുമ്പോഴും ചുരുങ്ങിയ യോഗ്യത വേണമെന്ന് നിർബന്ധമാണ്. 'കിർത്താഡ്സി'ൽ ലക്ചറർ ആയി നിയമിതനാവാൻ ആ വിഷയത്തിൽ എം ഫില്ലോ , പി എച്ച്.ഡിയോ നിർബന്ധമാണ്. എന്നാൽ ഇദ്ദേഹത്തിന് എം.എ ബിരുദം മാത്രേയുള്ളുവെന്നും ഫിറോസ് പറഞ്ഞു. മണിഭൂഷണ് മാത്രം സ്ഥിരം നിയമനം നൽകിയാൽ പ്രശ്നമാകുമെന്ന് കരുതി മതിയായ യോഗ്യതയില്ലാത്ത മറ്റ് മൂന്ന് പേർക്കും സ്ഥിരം നൽകിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. നിയമ വിരുദ്ധ നിയമനം റദ്ദ് ചെയ്യണമെന്നും നിയമനം നടത്തിയ എ.കെ. ബാലനെതിരെയും അതിന് കൂട്ട് നിന്ന ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്നും ഫിറോസ് ആവശ്യപ്പെട്ടു.



"മണിഭൂഷണനെ കിർത്താർഡ്സിൽ സ്ഥിരം നിയമനം നൽകിയത് എല്ലാ ചട്ടങ്ങളും നിയമങ്ങളും പാലിച്ചാണ്. വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്ന ഫിറോസ് നിയമനടപടിക്ക് തയ്യാറുണ്ടോ. മണിഭൂഷണൻ കിർത്താഡ്സിൽ റിസർച്ച് അസിസ്റ്റന്റായി 1993ലാണ് കരാർ അടിസ്ഥാനത്തിൽ ആദ്യമായി നിയമിതനാകുന്നത്. 95ൽ കിർത്താഡ്സിൽ ലക്ചറർ/റിസർച്ച് ഓഫീസർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ ചട്ടങ്ങളും പാലിച്ചുകൊണ്ടും സുതാര്യമായും മതിയായ യോഗ്യതകളുള്ള മണിഭൂഷണനെ ലക്ചററായി കരാർ അടിസ്ഥാനത്തിൽ മാറ്റി നിയമിച്ചു. ഈ രണ്ട് നിയമനങ്ങളും അന്നത്തെ യു.ഡി.എഫ് സർക്കാർ കാലത്താണ് നടത്തിയിട്ടുള്ളത്. പിന്നീട് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന വി.കെ മോഹൻകുമാർ വിരമിച്ച ഒഴിവിൽ ചട്ടപ്രകാരം ഡെപ്യൂട്ടി ഡയറക്ടറായി നിയമിച്ചു.

- എ.കെ. ബാലൻ, *മന്ത്രി*

### തിരഞ്ഞെടുപ്പ് പ്രചാരണം

# കെ.പി.സി.സിക്ക് അഞ്ച് ഉപസമിതി

▸സ്വന്തം ലേഖകൻ

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പു പ്രവർത്തനങ്ങൾക്കായി എ.ഐ.സി.സി ജനറൽ സെക്രട്ടറി മുകുൾ വാസ്നിക് അദ്ധ്യക്ഷനായ കോ-ഓർഡിനേഷൻ കമ്മിറ്റി അടക്കം അഞ്ച് കെ.പി.സി.സി ഉപസമിതികൾ ദേശീയ നേതൃത്വം പ്രഖ്യാപിച്ചു.

കെ.പി.സി.സി അദ്ധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രൻ ആണ് തിരഞ്ഞെടുപ്പു സമിതിക്ക് നേതൃത്വം നൽകുക. പ്രചാരണ സമിതിക്ക് കെ. മുരളീധരനും പബ്ലിസിറ്റി സമിതിക്ക് വി.എസ്. ശിവകുമാറും നേതൃത്വം നൽകും. പാലോട് രവി മീഡിയാ കോ-ഓർഡിനേഷൻ കമ്മിറ്റി അദ്ധ്യക്ഷനായിരിക്കും. കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി അംഗീകരിച്ച സമിതികളുടെ വിവരം സംഘടനാ ചുമതലയുള്ള എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാലാണ് പുറത്തുവിട്ടത്.

### തിരഞ്ഞെടുപ്പ് സമിതി

26 അംഗങ്ങളും നാല് എക്സ് ഒഫിഷ്യോ അംഗങ്ങളും ചേർന്നതാണ് സംസ്ഥാന തിരഞ്ഞെടുപ്പു സമിതി. അംഗങ്ങൾ: മുല്ലപ്പള്ളി രാമചന്ദ്രൻ, എ.കെ.ആന്റണി, രമേശ് ചെന്നിത്തല, ഉമ്മൻ ചാണ്ടി, കെ.സി. വേണുഗോപാൽ, പി.സി. ചാക്കോ, കൊടിക്കുന്നിൽ സുരേഷ്, കെ. സുധാകരൻ, ബെന്നി ബെഹനാൻ, കെ. മുരളീധരൻ, വയലാർ രവി, വി.എം. സുധീരൻ, എം.എം. ഹസൻ, പി.ജെ. കുര്യൻ, പി.പി. തങ്കച്ചൻ, ആര്യാടൻ മുഹമ്മദ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി.ഡി. സതീശൻ, കെ.വി. തോമസ്, കെ.സി. ജോസഫ്, എ.പി. അനിൽ കുമാർ, ജോസഫ് വാഴക്കൻ, പി.സി. വിഷ്ണുനാഥ്, ഷാനിമോൾ ഉസ്മാൻ, പന്തളം സുധാകരൻ, വി. എസ്. ശിവകുമാർ. എക്സ് ഒഫിഷ്യോ അംഗങ്ങൾ: ഡീൻ കുര്യാക്കോസ്, അഭിജിത്, ലതികാ സുഭാഷ്, അബ്ദുൾ സലാം.

### പ്രചാരണ സമിതി

കെ.മുരളീധരൻ അദ്ധ്യക്ഷനായ 35 അംഗ സമിതിയുടെ കൺവീനർ വി.എസ്. ജോയ് ആണ്. അംഗങ്ങൾ: വി.എസ്. വിജയരാഘവൻ, കെ. ബാബു, ആർ. ചന്ദ്രശേഖരൻ, പ്രതാപവർമ്മ തമ്പാൻ, വി.ജെ. പൗലോസ്, കെ. ശിവദാസൻ നായർ, മാലേത്ത് സരളാദേവി, പി.ജെ. ജോയ്, പി.കെ. ജയലക്ഷ്മി, എഴുകോൺ നാരായണൻ, വർക്കല കഹാർ, ആര്യാടൻ ഷൗക്കത്ത്, ആദം മുൽസി, ടോമി കല്ലാനി, മാത്യു കുഴൽനാടൻ, എ.എ. ഷുക്കൂർ, സൗമിനി ജെയിൻ, സണ്ണിക്കുട്ടി എബ്രഹാം, കൊട്ടത്തല മോഹൻ.

### പബ്ളിസിറ്റി സമിതി

വി.എസ്. ശിവകുമാർ അദ്ധ്യക്ഷനും പി.എസ്. പ്രശാന്ത് കൺവീനറുമായ സമിതിയിലെ അംഗങ്ങൾ: എൻ. പീതാംബരക്കുറുപ്പ്, സി.കെ. ശ്രീധരൻ, അജയ് തറയിൽ, സി.വി. ബാലചന്ദ്രൻ, റിങ്കു ചെറിയാൻ, ഇ. ഷമീർ, എം.എ. ലത്തീഫ് കഴക്കൂട്ടം എന്നിവരടക്കം 36 പേർ.

### മീഡിയാ കോ-ഓർഡിനേഷൻ

മാദ്ധ്യമങ്ങളുടെ ഏകോപനത്തിനായി പാലോട് രവി അദ്ധ്യക്ഷനും വിജയൻ തോമസ് കൺവീനറുമായി നിയോഗിച്ച കമ്മിറ്റിയിലെ അംഗങ്ങൾ: പന്തളം സുധാകരൻ, കെ.സി. അബു, രാജ്മോഹൻ ഉണ്ണിത്താൻ, എം.പി. വിൻസെന്റ്, റോയ് കെ. പൗലോസ്, ടി.വി. ചന്ദ്രമോഹൻ, ടോണി ചമ്മണി, എബി കുര്യാക്കോസ്, കെ.ടി. ബെന്നി, വിദ്യാ ബാലകൃഷ്ണൻ, മേരി ദാസൻ കൊല്ലം, അസിനാർ കാഞ്ഞങ്ങാട്, ബാബു രാജ് മലപ്പുറം, ഷെറിൻ വർഗീസ്, കെ. എ.അബ്ബാസ് എന്നിവരടക്കം 35 പേർ.



*കെ. മുരളീധരൻ വി.എസ്. ശിവകുമാർ പാലോട് രവി വിജയൻ തോമസ്*

### ഏകോപനത്തിന് ജംബോ കമ്മിറ്റി

മുകുൾ വാസ്നിക് അദ്ധ്യക്ഷനായ തിരഞ്ഞെടുപ്പ് കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ 58 അംഗങ്ങൾ. മറ്റു നാല് സമിതികളുടെ അദ്ധ്യക്ഷന്മാരും ഏകോപന സമിതിയിലുണ്ടാകും. പ്രധാന അംഗങ്ങൾ: മുല്ലപ്പള്ളി രാമചന്ദ്രൻ, രമേശ് ചെന്നിത്തല, ഉമ്മൻ ചാണ്ടി, കെ.സി. വേണുഗോപാൽ, പി.സി. ചാക്കോ, പി.ജെ. കുര്യൻ, കൊടിക്കുന്നിൽ സുരേഷ്, കെ.സുധാകരൻ, വയലാർ രവി, സി.വി.പത്മരാജൻ, തെന്നല ബാലകൃഷ്ണപിള്ള, പി.പി. തങ്കച്ചൻ, വി.എം. സുധീരൻ, എം.എം. ഹസൻ, കെ. മുരളീധരൻ, പാലോട് രവി, വി. എസ്. ശിവകുമാർ, എൻ. ശക്തൻ, നിയാസ്, പി.സി. വിഷ്ണുനാഥ്, ഡൊമനിക് പ്രസന്റേഷൻ, സി.പി. മുഹമ്മദ്, പി. മോഹരാജ്, കെ.സി. റോസക്കുട്ടി, പുനലൂർ മധു, പി. എ. മാധവൻ, കരകുളം കൃഷ്ണപിള്ള, ഒ. അബ്ദുൾറഹ്മാൻ കുട്ടി, ഇ. മുഹമ്മദ് കുഞ്ഞി, സജീവ് മാറോളി.

## നിയമ വിരുദ്ധ നിയമനങ്ങൾ പുറത്ത്: യൂത്ത് ലീഗ്

കോഴിക്കോട്: താൻ ഉന്നയിച്ച ആരോപണത്തിനെതിരെ ജെയിംസ് മാത്യു എം.എൽ.എ നൽകിയ മറുപടിയിലൂടെ കൂടുതൽ നിയമ വിരുദ്ധ നിയമനങ്ങൾ പുറത്തു വന്നിരിക്കുകയാണെന്ന് യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ് പറഞ്ഞു. സി.പി.എം നേതാവിന്റെ സഹോദര പുത്രൻ ഡി.എസ് നീലകണ്ഠനെ ഇൻഫർമേഷൻ കേരള മിഷനിൽ ടെക്നിക്കൽ ഡെപ്യൂട്ടി ഡയറക്ടറായി നിമയമിച്ചതിനെതിരെയാണ് ഫിറോസ് ആരോപണമുന്നയിച്ചിരുന്നത്. ഇൻഫർമേഷൻ കേരള മിഷനിലെ ഡെപ്യൂട്ടി ഡയറക്ടർ നിയമനത്തിനല്ല മന്ത്രി എ.സി മൊയ്തീന് പരാതി നൽകിയതെന്നും 1.25 ലക്ഷം രൂപ ശമ്പളത്തിൽ ആർക്കിടെക്ടിനെ നിയമിച്ച പ്രശ്നമാണ് മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നതെന്നുമാണ് ജെയിംസ് മാത്യു മറുപടി പറഞ്ഞത്. ഇതോടെ വൻ ശമ്പളത്തിൽ മറ്റൊരാൾക്കു കൂടി നിയമനം നൽകിയിട്ടുണ്ടെന്ന് തെളിഞ്ഞിരിക്കുകയാണ്.

# 'രാജേന്ദ്രനെതിരെ നടപടിയെടുക്കും'

ഇടുക്കി: ദേവികുളം സബ് കളക്ടർക്കെതിരെ എസ്. രാജേന്ദ്രൻ എം.എൽ.എ നടത്തിയ പരാമർശം ശരിയല്ലെന്നും ഇതു തള്ളിക്കളയുന്നതായും സി.പി.എം ഇടുക്കി ജില്ലാ സെക്രട്ടേറിയറ്റ് അറിയിച്ചു.

ഇക്കാര്യത്തിൽ പാർട്ടി ചർച്ചചെയ്ത് ഉചിതമായ നടപടി സ്വീകരിക്കും. പാർട്ടിയുടെ കാഴ്ചപ്പാടിന് വിരുദ്ധമായാണ് എം.എൽ.എയുടെ പരാമർശങ്ങൾ.

അദ്ദേഹം മാദ്ധ്യമങ്ങളിലൂടെ നടത്തിയ അഭിപ്രായപ്രകടനങ്ങളോടും പാർട്ടി യോജിക്കുന്നില്ല.

കട്ടപ്പനയിൽ മന്ത്രി എം.എം. മണിയടക്കം പങ്കെടുത്ത പാർട്ടി ജില്ലാ കമ്മിറ്റി യോഗത്തിന് ശേഷം പുറത്തുവിട്ട വാർത്താക്കുറിപ്പിലാണ് ഇക്കാര്യമറിയിച്ചത്.

സ്ത്രീശാക്തീകരണത്തിനും സ്ത്രീപുരുഷ സമത്വത്തിനും വേണ്ടിയാണ് സി.പി.എം നിലകൊള്ളുന്നത്.

സബ് കളക്ടർക്കെതിരെ രാജേന്ദ്രനിൽ നിന്ന് മോശമായ പ്രതികരണമുണ്ടായത് ദൗർഭാഗ്യകരമാണെന്നും വാർത്താക്കുറിപ്പിൽ പറയുന്നു.

### ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി

തിരുവനന്തപുരം: മൂന്നാർ പഞ്ചായത്തിന്റെ ഭൂമി കൈയേറ്റ വിഷയത്തിൽ എസ്.രാജേന്ദ്രൻ എം.എൽ.എ പൊതുജനമദ്ധ്യത്തിൽ തന്നെ മോശമായി ചിത്രീകരിച്ചെന്ന് വ്യക്തമാക്കി ദേവികുളം സബ് കളക്ടർ രേണു രാജ് ചീഫ് സെക്രട്ടറി ടോം ജോസിനും റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഡോ.വി.വേണുവിനും റിപ്പോർട്ട് നൽകി. താൻ നിയമപ്രകാരമേ പ്രവർത്തിച്ചിട്ടുള്ളൂ.

എം.എൽ.എ തനിക്കെതിരെ നടത്തിയ പരാമർശങ്ങൾ മാദ്ധ്യമങ്ങളിലൂടെയാണ് അറിഞ്ഞത്.

തന്നെ സമ്മർദ്ദത്തിലാക്കി നിഷ്ക്രിയയാക്കാനാണ് എം.എൽ.എയുടെ ശ്രമം. ഹൈക്കോടതി വിധി ലംഘിച്ചതിനാണ് നടപടിയെടുത്തതെന്നും റിപ്പോർട്ടിൽ പറയുന്നു.



## രാജേന്ദ്രനെ പിന്തുണച്ച് മൂന്നാർ പഞ്ചായത്ത് പ്രസിഡന്റ്

ഇടുക്കി: കെട്ടിട നിർമ്മാണ വിവാദത്തിൽ എസ്. രാജേന്ദ്രൻ എം.എൽ.എയെ ന്യായീകരിച്ച് ഡി.സി.സി അംഗമായ മൂന്നാർ പഞ്ചായത്ത് പ്രസിഡന്റ് ആർ. കറുപ്പസ്വാമിയെത്തി. പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ വിഷയത്തിൽ എം.എൽ.എയെ കുറ്റപ്പെടുത്തുന്നതിൽ കാര്യമില്ലെന്നും സബ് കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകിയപ്പോൾ തന്നെ തുടർ നടപടികളിൽ സാവകാശം തേടിയിരുന്നതായും പ്രസിഡന്റ് പറഞ്ഞു. സബ് കളക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് കോടതി ഇടപെടലുണ്ടായാൽ നിയമപരമായി നേരിടും.

അതേസമയം, എസ്. രാജേന്ദ്രനുമായി ചേർന്ന് റവന്യൂ ഉദ്യോഗസ്ഥരെ തടഞ്ഞ സംഭവത്തിൽ കറുപ്പസ്വാമി, ജില്ലാ പഞ്ചായത്ത് അംഗം എസ്. വിജയകുമാർ എന്നിവരോട് ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ഇബ്രാഹിം കുട്ടി കല്ലാർ വിശദീകരണം തേടി. പഞ്ചായത്ത് കെട്ടിടം പണിയുന്ന സ്ഥലത്ത് എം.എൽ.എയോടൊപ്പം എത്തിയതിന്റെ യഥാർത്ഥ കാരണം മൂന്ന ദിവസത്തിനകം വിശദീകരിക്കണം.

യു.ഡി.എഫ് ഭരിക്കുന്ന പഞ്ചായത്തിൽ ഉദ്യോഗസ്ഥരുമായുള്ള തർക്കത്തിൽ ഇടതു എം.എൽ.എ എന്തിന് ഇടപെട്ടെന്ന് സി.പി.എമ്മും കഴിഞ്ഞ ദിവസം ചോദിച്ചിരുന്നു. രാജേന്ദ്രന്റെ മറുപടിയിന്മേൽ എന്ത് നടപടി സ്വീകരിക്കണമെന്ന് ചർച്ചചെയ്യാൻ ഇന്നലെ സി.പി.എം ജില്ലാ കമ്മിറ്റി യോഗം കട്ടപ്പനയിൽ ചേർന്നു. മന്ത്രി എം.എം. മണി ഉൾപ്പെടെ പങ്കെടുത്തു.

# എൽ.ഡി.എഫ് ഉഭയകക്ഷി ചർച്ച തുടങ്ങി

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള സീറ്റ് വിഭജനം സംബന്ധിച്ച് എൽ.ഡി.എഫ് ഉഭയകക്ഷി ചർച്ച തുടങ്ങി. മുന്നണിയിൽ പുതുതായി ഉൾപ്പെടുത്തിയ ഐ.എൻ.എൽ, ജനാധിപത്യ കേരള കോൺഗ്രസ് കക്ഷികളുടെ പ്രതിനിധികളുമായി സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഇന്നലെ എ.കെ.ജി സെന്ററിൽ കൂടിക്കാഴ്ച നടത്തി. മുന്നണി യോഗത്തിന ശേഷമായിരുന്നു കൂടിക്കാഴ്ച. ഘടകകക്ഷികളെല്ലാം സ്വാഭാവികമായും മത്സരിക്കാൻ താത്പര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് എൽ. ഡി. എഫ് കൺവീനർ എ. വിജയരാഘവൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

മത്സരിക്കാനില്ലെന്ന് കേരള കോൺഗ്രസ് (ബി) അറിയിച്ചിട്ടുണ്ട്. ജനതാദൾ (എസ്) കോട്ടയം സീറ്റിൽ താത്പര്യം പ്രകടിപ്പിച്ചത് ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉഭയകക്ഷി ചർച്ചയിൽ വരും. എൻ.സി.പി സീറ്റിനായി കത്തു നൽകിയിട്ടുണ്ടോ എന്ന ചോദ്യത്തിന് പല പാർട്ടികളും താത്പര്യം അറിയിച്ചിട്ടുണ്ട് എന്നായിരുന്നു കൺവീനറുടെ മറുപടി. 10 ഘടകകക്ഷികളുണ്ടെങ്കിലും സീറ്റ് വിഭജനത്തിൽ പ്രയാസമുണ്ടാകില്ല.

തിരഞ്ഞെടുപ്പു വിജയം ഉറപ്പാക്കും വിധമാവും ചർച്ചകൾ- അദ്ദേഹം പറഞ്ഞു.

രാഷ്ട്രീയത്തിനപ്പുറമുള ചില ഒറ്റപ്പെട്ട സംഭവങ്ങളും വിശ്വാസി - അവിശ്വാസി പ്രശ്നങ്ങളും മുൻനിറുത്തി വലതുപക്ഷ കേന്ദ്രീകരണത്തിന് ശ്രമം നടക്കുന്നുണ്ട്. തീവ്രവർഗീയതയ്ക്കൊപ്പം മോദി സർക്കാരിന്റെ സാമ്പത്തിക കാഴ്ചപ്പാടും തിരഞ്ഞെടുപ്പിൽ ചർച്ചയാകണമെന്നും എ. വിജയരാഘവൻ പറഞ്ഞു.

കോടിയേരി ബാലകൃഷ്ണൻ നയിക്കുന്ന എൽ.ഡി.എഫിന്റെ തെക്കൻ മേഖലാ ജാഥ ഫെബ്രുവരി 14 ന് തിരുവനന്തപുരത്ത് പൂജപ്പുരയിൽ സി.പി.ഐ ജനറൽ സെക്രട്ടറി സുധാകർ റെഡ്ഡിയും, കാനം രാജേന്ദ്രൻ നയിക്കുന്ന വടക്കൻ മേഖലാ ജാഥ 16 ന് കാസർകോട്ട് സി.പി.എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയും ഉദ്ഘാടനം ചെയ്യും.

# റിബലല്ല, പാർട്ടി സ്ഥാനാർത്ഥി തന്നെയെന്ന് പി.പി. മുകുന്ദൻ

▸ശ്രീകുമാർ പള്ളീലേത്ത്

തിരുവനന്തപുരം: ലോക്സഭയിലേക്ക് തിരുവനന്തപുരം മണ്ഡലത്തിൽ നിന്ന് മത്സരിക്കുന്നതിനെക്കുറിച്ച് ബി.ജെ.പിയുടെ സമാന ചിന്താഗതിയുള്ള സംഘടനകളുമായി സംസാരിച്ചതായി മുൻ സംഘടനാ സെക്രട്ടറി പി.പി.മുകുന്ദൻ വെളിപ്പെടുത്തി. റിബലായല്ല, പാർട്ടി സ്ഥാനാർത്ഥിയായാണ് മത്സരിക്കുകയെന്നും അദ്ദേഹം 'കേരളകൗമുദി' യോട് പറഞ്ഞു.

തിരുവനന്തപുരത്തെ സ്ഥാനാർത്ഥിത്വവുമായി ബന്ധപ്പെട്ട് നിരവധി പേരുകൾ ഉയരുന്നതിനിടയിൽ, മുകുന്ദൻ മത്സരതാത്പര്യം പ്രകടിപ്പിച്ചത് പാർട്ടി നേതൃത്വത്തെ ആശയക്കുഴപ്പത്തിലാക്കിയിട്ടുണ്ട്. ആർ.എസ്.എസിൽ വലിയ സ്വാധീനമുള്ള നേതാവാണ് മുകുന്ദൻ.



പാർട്ടിയിൽത്തന്നെ അടുപ്പക്കാരായ ചിലർ താൻ മത്സരിക്കുന്നതിനെ പിന്തുണയ്ക്കുന്നുണ്ടെന്നും കൂട്ടായ ആലോചനയുടെ ഭാഗമായാണ് മത്സരരംഗത്ത് വരാൻ തീരുമാനിച്ചതെന്നും മുകുന്ദൻ പറയുന്നു. എന്നാൽ പാർട്ടി അംഗത്വമുള്ള പി.പി.മുകുന്ദനോട് സംസ്ഥാന നേതൃത്വത്തിന് അത്ര മമതയില്ല. പാർട്ടിയുമായി ഇടക്കാലത്ത് അകലം പാലിച്ച മുകുന്ദൻ കുമ്മനം രാജശേഖരൻ നേതൃത്വത്തിലെത്തിയപ്പോഴാണ് വീണ്ടും സജീവമാവാൻ ശ്രമിച്ചത്. എന്നാൽ സംസ്ഥാനത്തെ പ്രധാന നേതാക്കളാരും അതിൽ താത്പര്യം കാട്ടിയില്ല.



## ഡിസൈൻ റോഡുകളുടെ നിർമ്മാണം തുടങ്ങി: മുഖ്യമന്ത്രി

തിരുവനന്തപുരം: ദീർഘകാലാടിസ്ഥാനത്തിലുള്ള വികസനം ലക്ഷ്യമിടുന്ന ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിനുള്ള നടപടി തുടങ്ങിയതായി മുഖ്യമന്ത്രി പിണറായി വിജയൻ ഫേസ്ബുക്ക് പോസ്റ്റിൽ അറിയിച്ചു. ഇത്തരത്തിലുള്ള 63 പ്രവൃത്തികളാണ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ മലപ്പുറം വണ്ടൂർ നടുവത്ത് വടക്കുംപാടം റോഡ് 25 ലക്ഷം രൂപ ചെലവിട്ട് യുദ്ധകാലാടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് പുനർനിർമ്മിച്ചു. പ്രളയകാലത്ത് തകർന്ന 4,429 കിലോമീറ്റർ റോഡുകളുടെ അറ്റകുറ്റപ്പണി പൊതുമരാമത്ത് പൂർത്തിയാക്കി. 164 പ്രവൃത്തികളാണ് പൂർത്തിയാക്കിയത്. 3,148 കിലോമീറ്റർ റോഡ് പുനരുദ്ധാരണത്തിനുള്ള 429 പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.



## എം.കെ. രാഘവൻ എം.പിക്കെതിരെ കേസ്

കണ്ണൂർ: കോഴിക്കോട് എം.പി. എം.കെ രാഘവനെതിരെ കണ്ണൂർ ടൗൺ പൊലീസ് കേസെടുത്തു. രാഘവൻ ചെയർമാനായിരുന്ന ആഗ്രോ കോ ഓപ്പറേറ്റീവ് സൊസൈറ്റിയിൽ ലക്ഷങ്ങളുടെ അഴിമതി നടന്നെന്ന് ഓഡിറ്റിംഗിൽ കണ്ടെത്തിയതിനെ തുടർന്ന് അഴിമതി നിരോധന നിയമപ്രകാരമാണ് കേസ്. കേസ് നിയമപരമായി നേരിടുമെന്ന് കോൺഗ്രസ് അറിയിച്ചു.



*വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജും ഇന്റർനാഷണൽ അലർജി, ആസ്ത്മ സൊസൈറ്റി യു.എസ്.എയും സംയുക്തമായി നടത്തിയ ഡിപ്ലോമ ഇൻ അലർജി, ആസ്ത്മ പരീക്ഷയിൽ ഗോൾഡ് മെഡലോടെ ഒന്നാം റാങ്ക് നേടിയ ഡോ. അവിനാഷ് അനിൽ നായർ. സി.എം.സിയിൽ അസിസ്റ്റന്റ് പ്രൊഫസറായ ഇദ്ദേഹം ജഗതിയിൽ അനിൽ പ്രസാദിന്റെയും ഡോ. ശ്രീകുമാരിയുടെയും മകനാണ്. ഭാര്യ: ഡോ. ദിവ്യ ചന്ദ്രൻ (അമൃത മെഡിക്കൽ കോളേജ്)*



*കേരള സർവകലാശാലയിൽ നിന്ന് ഹിസ്റ്ററിയിൽ പി എച്ച്.ഡി നേടിയ എസ്.സിമി (റിസർച്ച് അസിസ്റ്റന്റ്, ഹിസ്റ്ററി വിഭാഗം, കാര്യവട്ടം ക്യാമ്പസ്). ചിറയിൻകീഴ് തെക്കേ അരയതുരുത്തി തോപ്പിൽ വീട്ടിൽ ശശികുമാറിന്റെയും ലീലയുടെയും മകളാണ്. കേശവദാസപുരം സ്വദേശി വിഘ്നേഷ് വി. രഘുവാണ് ഭർത്താവ്.*

## ഏഴ് പുതിയ ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ ഉടൻ

തിരുവനന്തപുരം: പി.എസ്.സി, യു.പി.എസ്.സി പരീക്ഷകൾക്ക് തയാറെടുക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സൗജന്യ പരിശീലനം നൽകുന്നതിന് ഏഴ് പുതിയ പരിശീലന കേന്ദ്രങ്ങൾ ന്യൂനപക്ഷക്ഷേമവകുപ്പിന് കീഴിൽ ആരംഭിക്കാൻ സർക്കാർ ഉത്തരവായി. നിലവിൽ സംസ്ഥാനത്ത് പതിനേഴ് പരിശീലനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം കണ്ണനല്ലൂർ, ആലപ്പുഴ കായംകുളം, എറണാകുളം മട്ടാഞ്ചേരി, പാലക്കാട് പട്ടാമ്പി, മലപ്പുറം വളാഞ്ചേരി, കോഴിക്കോട് പേരാമ്പ്ര, കണ്ണൂർ തലശേരി എന്നിവിടങ്ങളിലാണ് പുതിയ കേന്ദ്രങ്ങൾ തുടങ്ങുന്നത്. ഇതിനായി ഏഴ് വീതം പ്രിൻസിപ്പൽ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, യു.ഡി ക്ലാർക്ക് എന്നിവരുടെ താത്കാലിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായി.

## തീയതി നീട്ടി

തിരുവനന്തപുരം: എൽ.ബി.എസ് സെന്റർ അപേക്ഷ ക്ഷണിച്ച സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോ) പ്രവേശനത്തിന് 13 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.lbscentre.kerala.gov.in

### സി.പി.ഐ കൊല്ലം ജില്ലാ സെക്രട്ടറി

# അനിരുദ്ധനെ മാറ്റി, മുല്ലക്കര ഒത്തുതീർപ്പു സെക്രട്ടറി

കൊല്ലം: എൻ. അനിരുദ്ധനെ ഒഴിവാക്കി സംസ്ഥാന എക്സിക്യൂട്ടീവ് അംഗം മുല്ലക്കര രത്നാകരൻ എം.എൽ.എയെ സി.പി.ഐ താത്കാലിക ജില്ലാ സെക്രട്ടറിയാക്കാൻ ഇന്നലെ തിരുവനന്തപുരത്തു ചേർന്ന സംസ്ഥാന എക്സിക്യൂട്ടീവ് തീരുമാനിച്ചു.

ആർ.രാജേന്ദ്രനെ സെക്രട്ടറിയാക്കാനുള്ള എക്സിക്യൂട്ടീവിന്റെ ആദ്യ തീരുമാനം ജില്ലാ കമ്മിറ്റിയിലെ ചേരിതിരിവിനെ തുടർന്ന് നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല.

അനിരുദ്ധൻ തുടരട്ടെയെന്ന ധാരണയിൽ അന്ന് ജില്ലാ കമ്മിറ്റി പിരിഞ്ഞെങ്കിലും നാലിന് ചേർന്ന സംസ്ഥാന എക്സിക്യൂട്ടീവ് അനിരുദ്ധനെ നീക്കിയേ മതിയാകൂ എന്ന് തീരുമാനിച്ചെങ്കിലും പകരം ആരുടെയും പേര് നിർദ്ദേശിച്ചിരുന്നില്ല. പാർലമെന്റ് തിരഞ്ഞെടുപ്പിനു മുമ്പ് വിഭാഗീയത ശക്തമാക്കേണ്ടെന്ന വിലയിരുത്തലിലാണ് തിരഞ്ഞെടുപ്പ് കഴിയും വരെ ഒത്തുതീർപ്പ് സെക്രട്ടറിയായി മുല്ലക്കരയെ തീരുമാനിച്ചത്. 13ന് ചേരുന്ന ജില്ലാ കൗൺസിൽ മുല്ലക്കരയെ സെക്രട്ടറിയായി തിരഞ്ഞെടുക്കും. പാർലമെന്റ് തിരഞ്ഞെടുപ്പിന് ശേഷം സ്ഥിരം സെക്രട്ടറിയെ തിരഞ്ഞെടുക്കും.



എൻ. അനിരുദ്ധൻ



മുല്ലക്കര രത്നാകരൻ

മുല്ലക്കര രത്നാകരനെ സെക്രട്ടറിയായി തീരുമാനിക്കും മുൻപേ എൻ.അനിരുദ്ധൻ കാനം രാജേന്ദ്രന് രാജിക്കത്ത് നൽകിയെന്നാണ് സൂചന. അനിരുദ്ധനെ സംസ്ഥാന എക്സിക്യൂട്ടീവിൽ ഉൾപ്പെടുത്തണമെന്ന അനൗദ്യോഗിക ധാരണ നേതൃത്വത്തിലുണ്ടായെന്നാണ് സൂചന.

നേരത്തേ രണ്ടു തവണ അനിരുദ്ധനെ ജില്ലാ സെക്രട്ടറി സ്ഥാനത്തു നിന്ന് നീക്കാൻ തീരുമാനിച്ചപ്പോഴും സംസ്ഥാന എക്സിക്യൂട്ടീവിൽ ഉൾപ്പെടുത്തുന്നത് പരിഗണിച്ചിരുന്നില്ല. ബോധപൂർവം ഒഴിവാക്കാൻ നേതൃത്വം ശ്രമിക്കുന്നവെന്ന വികാരത്തിലാണ് അനിരുദ്ധൻ രാജിക്കത്ത് നൽകിയത്.



*കേരള സ്റ്റേറ്റ് ദേവസ്വം പെൻഷണേഴ്സ് കോൺഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സുമംഗലി ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രഥമ സാരഥികളായിരുന്ന മന്നത്ത് പത്മനാഭൻ, ആർ.ശങ്കർ, കെ. ശങ്കരനാരായണ അയ്യർ എന്നിവരുടെ ചിത്രങ്ങൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാൻ എം.രാജഗോപാലൻ നായർ അനാച്ഛാദനം ചെയ്യുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാർ, മെമ്പർമാരായ കെ.പി. ശങ്കരദാസ്, വിജയകുമാർ, കമ്മിഷണർ എൻ.വാസു, സെക്രട്ടറി ജയശ്രീ, പെൻഷണേഴ്സ് കോൺഫെഡറേഷൻ പ്രസിഡന്റ് ആർ.ഷാജിശർമ്മ, ജനറൽ സെക്രട്ടറി ആനയറ ചന്ദ്രൻ തുടങ്ങിയവർ സമീപം*

### എൽ.പി, യു.പി അദ്ധ്യാപക നിയമനം

# നിർണായക വിധി ഇന്ന്

▶ പ്രഭുവാര്യർ

തൃശൂർ: എൽ.പി, യു.പി അദ്ധ്യാപക റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ആയിരങ്ങൾ പ്രതീക്ഷയോടെ കാത്തിരിക്കുന്ന കെടെറ്റുമായി ബന്ധപ്പെട്ട കേസിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ഇന്ന്. നാലുവർഷത്തിലധികമായി നടക്കുന്ന കേസിൽ സർക്കാർ കഴിഞ്ഞ മാസം സത്യവാങ്മൂലം സമർപ്പിച്ചിരുന്നു.

ഉദ്യോഗാർത്ഥികൾക്ക് അനുകൂല വിധിയുണ്ടായാൽ അടുത്ത അദ്ധ്യയന വർഷം നിയമനം ലഭിക്കുന്ന രീതിയിൽ ഉടൻ പി.എസ്.സി അഡ്വൈസ് മെമ്മോ അയച്ചുതുടങ്ങും. മാർച്ചോടെ പ്രൈമറി സ്കൂളുകളിൽ മാത്രം ഏഴായിരത്തോളം അദ്ധ്യാപകരുടെ ഒഴിവുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. രണ്ടുമാസം മുമ്പുള്ള കണക്കനുസരിച്ച് സംസ്ഥാനത്ത് ഒഴിവുകളുടെ എണ്ണം 6326 ആണ്.

2016 ഒക്ടോബറിലാണ് എൽ.പി.എസ്.എ, യു.പി.എസ്.എ റാങ്ക് പട്ടികയുടെ കാലാവധി അവസാനിച്ചത്. 2014ലെ വിജ്ഞാപനം അനുസരിച്ച് പുതിയ പട്ടിക തയ്യാറാക്കാനുള്ള എഴുത്തുപരീക്ഷയും അഭിമുഖവും ഇതിനുശേഷം പൂർത്തിയായി.

ജൂലായിൽ എല്ലാ ജില്ലകളിലും അഭിമുഖം നടത്തി. എൽ.പി വിഭാഗം റാങ്ക് പട്ടിക ആദ്യം പ്രസിദ്ധീകരിച്ച തൃശൂർ ജില്ലയിൽ തൊണ്ണൂറോളം നിയമനം നടന്നപ്പോഴാണ് കേസുമായി ഒരു വിഭാഗം ഉദ്യോഗാർത്ഥികൾ വീണ്ടും രംഗത്തിറങ്ങിയത്.

### ഒഴിവുകളുടെ എണ്ണം

(വിദ്യാഭ്യാസ മന്ത്രി നിയമസഭയിൽ പറഞ്ഞത്)

**തിരുവനന്തപുരം: 600,**
**കൊല്ലം: 574,**
**പത്തനംതിട്ട: 264,**
**ആലപ്പുഴ: 244,**
**കോട്ടയം: 135,**
**ഇടുക്കി: 175,**
**എറണാകുളം: 294,**
**തൃശൂർ: 293,**
**പാലക്കാട്: 538,**
**മലപ്പുറം: 1415,**
**കോഴിക്കോട്: 510,**
**വയനാട്: 264,**
**കണ്ണൂർ: 313,**
**കാസർകോട്: 737.**

### കേസ് ഇങ്ങനെ



കേന്ദ്രമാനദണ്ഡമനുസരിച്ച് സർക്കാർ അദ്ധ്യാപകരാകാൻ ടെറ്റ് യോഗ്യത വേണം. കേരളത്തിൽ കെടെറ്റ് നേടാൻ സർക്കാർ നിശ്ചയിച്ച അവസാന സമയം 2019 മാർച്ച് 31 ആണ്. 2014 ലെ പി.എസ്.സി.യുടെ വിജ്ഞാപനത്തിൽ കെടെറ്റ് യോഗ്യത ആവശ്യപ്പെട്ടിരുന്നില്ല. കെടെറ്റ് യോഗ്യതയുണ്ടായിരുന്ന ഉദ്യോഗാർത്ഥികളിൽ ചിലർ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച് പരീക്ഷ തടഞ്ഞു. ഹൈക്കോടതിയിൽ നിന്ന് അനുകൂല വിധി നേടി നിശ്ചയിച്ച സമയത്ത് പി.എസ്.സി പരീക്ഷ നടത്തി. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനും ട്രൈബ്യൂണലിന്റെ സ്റ്റേ ബാധകമായിരുന്നെങ്കിലും ഹൈക്കോടതി വിധി ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായി. കേസിൽ അന്തിമ വിധി പുറപ്പെടുവിക്കുന്നതിന് മുന്നോടിയാണ് ട്രൈബ്യൂണൽ സർക്കാരിന്റെ ഭാഗം അറിയിക്കാൻ ആവശ്യപ്പെട്ടത്.

## ബേസ് പാക്കേജുകൾ അടിച്ചേൽപ്പിക്കരുതെന്ന് ട്രായ്

ന്യൂഡൽഹി: പ്രേക്ഷകന് ഇഷ്ടമുള്ള ചാനലുകൾ തിരഞ്ഞെടുക്കാനുള്ള ഉത്തരവ് അട്ടിമറിക്കുന്ന വിധത്തിൽ ബേസ് പാക്കേജുകൾ അടിച്ചേൽപ്പിക്കരുതെന്ന് ടെലികോം റെഗുലേറ്ററി അതോറിട്ടി ഡി.ടി.എച്ച് ഓപ്പറേറ്റർമാർക്ക് മുന്നറിയിപ്പ് നൽകി. നൂറ് സൗജന്യ ചാനലുകൾ പ്രേക്ഷകന്റെ അഭിരുചിക്ക് അനുസരിച്ച് തിരഞ്ഞെടുക്കാനുള്ള അവകാശത്തെ ഡി.ടി.എച്ചുകാർ നൽകുന്ന ബേസ് പാക്കേജുകൾ നൽകി അട്ടിമറിക്കുന്നതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണിത്. പ്രേക്ഷകരുടെ പരാതികളും സംശയങ്ങളും പരിഹരിക്കാൻ കോൾ സെന്റർ സേവനങ്ങൾ ലഭ്യമാക്കാനും നിർദ്ദേശമുണ്ട്. അവിടെ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ 0120-6898689 എന്ന ട്രായ് കോൾ സെന്റർ നമ്പരിൽ വിളിക്കുകയോ das@trai.gov.in എന്ന ഇമെയിൽ വിലാസത്തിൽ പരാതി നൽകുകയോ ചെയ്യാം.

## ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഭാരവാഹികൾ

കൊച്ചി: കൊച്ചിയിലെ ഗുരുദേവ ചാരിറ്റബിൾ ട്രസ്റ്റിന് കീഴിലുള്ള ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസ് ഭരണസമിതി പ്രസിഡന്റായി എൻ. മുരളീധരപ്പണിക്കരെ തിരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ: എ.പി സദാനന്ദൻ (സെക്രട്ടറി), ടാജ് കൊല്ലറ സുകുമാരൻ (മാനേജർ), സുരേഷ് ഭരതൻ (ട്രഷറർ), കെ.കെ.കർണൻ, ഡോ.പി.എ. സേതു, പി. ആർ.മോഹൻ (വൈസ് പ്രസിഡന്റുമാർ), സജീവ്ബാബു കോമ്പാറ, പ്രദീപ്കുമാർ തങ്കപ്പൻ, കെ.പി. ഹരിലാൽ (ജോയിന്റ് സെക്രട്ടറിമാർ), ഡോ. പി.കെ.രാജൻ ബാബു (മെമ്പർ).

2009 മുതൽ കൊച്ചിയിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസ് ആരോഗ്യ സർവകലാശാലയിലെ എം.ബി.ബി.എസ് പരീക്ഷയിൽ ഒന്നും രണ്ടും റാങ്കുകൾ കരസ്ഥമാക്കിയിട്ടുണ്ട്.



*ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസ് ഭരണസമിതി ഭാരവാഹികൾ*

### പൊലീസുകാരുടെ കുറ്റകൃത്യ ഫയൽ പൂഴ്ത്തിയെന്ന്

# സെൻകുമാറിനെതിരെ ക്രൈംബ്രാഞ്ച് അന്വേഷണം

തൃശൂർ: ഇന്റലിജൻസ് മേധാവി ആയിരിക്കെ പൊലീസുകാർ നടത്തിയ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന്റെ ഫയൽ പൂഴ്ത്തിയെന്ന പരാതിയിൽ ടി.പി. സെൻകുമാറിനെതിരെ ക്രൈംബ്രാഞ്ച് അന്വേഷണം. തൃശൂർ ഐ.ജിയുടെ മേൽനോട്ടത്തിൽ റൂറൽ ക്രൈംബ്രാഞ്ചാണ് കേസ് അന്വേഷിക്കുന്നത്. പൊലീസുകാരെക്കുറിച്ച് അന്ന് റിപ്പോർട്ട് നൽകിയ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥനിൽ നിന്ന് കഴിഞ്ഞ ദിവസം മൊഴിയെടുത്തു. വാടാനപ്പള്ളി സ്റ്റേഷനിലെ പൊലീസുകാർക്കെതിരായ പരാതിയെക്കുറിച്ച് 2013ൽ നൽകിയ റിപ്പോർട്ട് ഫയൽ ആക്കാതെ പൂഴ്ത്തിയെന്നാണ് കേസ്. വാഹനപരിശോധനയ്ക്കിടയിൽ ബൈക്ക് യാത്രികരിൽ നിന്നു പിടിച്ചുവാങ്ങിയ മൊബൈൽ ഫോണുകളിലെ മെമ്മറി കാർഡുകളിൽ ഉണ്ടായിരുന്ന അശ്ലീല ദൃശ്യങ്ങൾ മൊബൈൽ ഷോപ്പ് മുഖേന പകർത്തി സ്കൂൾ വിദ്യാർത്ഥികളിൽ നിന്ന് പണം വാങ്ങിയതും മൂന്ന് ബലാത്സംഗ കേസുകൾ പണം വാങ്ങി ഒതുക്കിയതും അടക്കമുള്ള പരാതികളെ കുറിച്ച് ഓഡിയോ, വീഡിയോ തെളിവുകളോടെയാണ് സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ട് അയച്ചത്. ഡിവൈ.എസ്.പി റാങ്കിലുള്ളവർക്ക് വരെ ഇക്കാര്യത്തിൽ പങ്കുള്ളതായും ഗൗരവമുള്ളവയെന്ന് സെൻകുമാർ തന്നെ പറഞ്ഞ ഫയലിൽ അന്വേഷണമുണ്ടായില്ലെന്നും പറയുന്നു. പൊലീസുകാരൻ വിദ്യാർത്ഥികൾക്ക് അശ്ലീല ചിത്രങ്ങൾ പകർത്തിനൽകുന്ന വിവരം ലഭിച്ചിട്ടും നടപടിയെടുക്കാതിരുന്നത് ഗുരുതരമായാണ് കാണുന്നത്. അന്ന് നടപടിയെടുക്കാതിരുന്നത് സംബന്ധിച്ച് മണലൂർ സ്വദേശിനി നൽകിയ പരാതിയിലാണ് അന്വേഷണത്തിന് മുഖ്യമന്ത്രിയുടെ ഓഫീസ് തൃശൂർ റേഞ്ച് ഐ.ജി എം.ആർ. അജിത്കുമാറിന് നിർദേശം നൽകിയത്.



*ദേവികുളം സബ്കളക്ടർ രേണു രാജിനെ അവഹേളിച്ച എം.എൽ.എ എസ്.രാജേന്ദ്രൻ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യുവമോർച്ച സംസ്ഥാന ജനറൽ സെക്രട്ടറി രഞ്ജിത്ത് ചന്ദ്രന്റെ നേതൃത്വത്തിൽ പ്രവർത്തകർ എം.എൽ.എ ക്വാർട്ടേഴ്സിന് മുന്നിൽ എസ്. രാജേന്ദ്രന്റെ കോലം കത്തിക്കുന്നു*

## കെ. രാജേന്ദ്രന്റെ കോലം കത്തിച്ചു

തിരുവനന്തപുരം: ദേവികുളം സബ്കളക്ടർ ഡോ. രേണുരാജിനെ ആധിക്ഷേപിച്ച എസ്. രാജേന്ദ്രൻ എം.എൽ.എ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യുവമോർച്ച പ്രവർത്തകർ എം.എൽ.എയുടെ കോലം കത്തിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി രഞ്ജിത്ത് ചന്ദ്രൻ മാർച്ച് ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി രാഗേന്ദു അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കമ്മിറ്റി അംഗം മണവാരി രതീഷ്, സംസ്ഥാന മീഡിയാ കോ - ഓർഡിനേറ്റർ കിള്ളി അനീഷ്, മണ്ഡലം പ്രസിഡന്റ് ശ്രീലാൽ തുടങ്ങിയവർ പങ്കെടുത്തു.

# 'നിർഭയ'യിലെ സമർത്ഥർക്ക് പുതിയ കൂടുമായി 'തേജോമയ'

തിരുവനന്തപുരം: സംസ്ഥാന വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള നിർഭയ ഷെൽട്ടർഹോമുകളിലെ സമർത്ഥരായ കുട്ടികൾക്ക് പുതിയ താമസസൗകര്യമൊരുക്കാൻ 'തേജോമയ ആഫ്ടർ കെയർ ഹോം' പദ്ധതിയുമായി സാമൂഹിക നീതി വകുപ്പ്.

ഉന്നതവിജയത്തോടെ സ്കൂൾപഠനം പൂർത്തിയാക്കിയവർക്ക് പുതിയ താമസ സൗകര്യം ഒരുക്കുന്നതിനുള്ള 'തേജോമയ' പദ്ധതിക്കായി തുകയും അനുവദിച്ചു.

വിവിധ പ്രായക്കാർ, മാനസികവെല്ലുവിളി നേരിടുന്നവർ, മിടുക്കരായ വിദ്യാർത്ഥികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, മാനസികാഘാതമുള്ളവർ എന്നിങ്ങനെയുള്ളവരെല്ലാം ഒന്നിച്ചാണ് നിർഭയ ഷെൽട്ടർ ഹോമുകളിലുള്ളത്.



ഇതുവഴിയുള്ള ബുദ്ധിമുട്ട് പരിഹരിച്ച് ഓരോ വിഭാഗത്തിനും പ്രത്യേക പരിചരണം നൽകുന്നതിന്റെയും ഭാഗമായാണ് സമർത്ഥരായ കുട്ടികൾക്കായി 'തേജോമയ' ആരംഭിക്കുന്നത്. കുടുംബാന്തരീക്ഷം നിലനിറുത്തി, ശാരീരികവും മാനസികവുമായ വികാസത്തിന് ഉതകുന്ന തരത്തിലാകും 'തേജോമയ'യുടെ പ്രവർത്തനം.

ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായ പെൺകുട്ടികളെയും സ്ത്രീകളെയും പാർപ്പിക്കുന്ന സംരക്ഷണ കേന്ദ്രങ്ങളാണ് നിർഭയ ഷെൽട്ടർ ഹോം. കേരളത്തിൽ 12 നിർഭയ ഷെൽട്ടർ ഹോമുകളിലായി 360 ഓളം പേരുണ്ട്. ഇതിൽ 80 ശതമാനത്തിലധികവും 18 വയസിന് താഴെയുള്ളവരാണ്. 18 വയസിന് മുകളിലുള്ളവരുടെ പുനരധിവാസം വെല്ലുവിളിയുള്ളതാണ്. രണ്ട് വർഷത്തിനകം മികച്ച വിദ്യാഭ്യാസവും ചികിത്സയും നൽകി സ്വയം പര്യാപ്തരാക്കി ഇവരെ വീടുകളിലെത്തിക്കുകയാണ് ലക്ഷ്യം. പ്രൊഫഷണൽ വിദ്യാഭ്യാസം നടത്തുന്നവരും ജോലിക്ക് പോകുന്നവരും വരെ ഇവിടെയുണ്ട്. എന്നാൽ വീടുകളിലെ സുരക്ഷിതമില്ലായ്മയും കേസിന്റെ വിധിയിലുള്ള കാലതാമസവും കാരണം ഇവരുടെ മടങ്ങിപ്പോക്ക് വൈകും. ഇത്തരക്കാരെ മികച്ച വിദ്യാഭ്യാസം നൽകി സ്വന്തം കാലിൽ നിറുത്താനുള്ള എല്ലാ സാഹചര്യവും 'നിർഭയ'യിലുണ്ട്.

# വിളംബരം

## വാട്ടർ അതോറിട്ടിയിൽ ഒഴിവ്

തിരുവനന്തപുരം: കേരള വാട്ടർ അതോറിട്ടിയുടെ വെള്ളയമ്പലം കേന്ദ്രകാര്യാലയത്തിൽ ഡാറ്റ ബേസ് അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് കേന്ദ്ര, സംസ്ഥാന, പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. ശമ്പള സ്കെയിൽ: 61700 - 99600. ബിടെക്/ എം.സി.എ (കംപ്യൂട്ടർ സയൻസ്/ ഇൻഫർമേഷൻ ടെക്നോളജി) അല്ലെങ്കിൽ എം.എസ്സി കംപ്യൂട്ടർ സയൻസ് യോഗ്യതയുള്ളവരായിരിക്കണം അപേക്ഷകർ. കേന്ദ്ര, സംസ്ഥാന, പൊതുമേഖലാ സർവീസിൽ ഡാറ്റബേസ് അഡ്മിനിസ്ട്രേറ്റർ (ഇ.ഡി.പി/ പ്രോഗ്രാമിംഗ്/ സിസ്റ്റം അനലിസ്റ്റ്) തസ്തികയിൽ മൂന്നു വർഷത്തെ പ്രവൃത്തിപരിചയമുണ്ടാകണം. അപേക്ഷ, സ്ഥാപന മേധാവിയിൽനിന്നുള്ള 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' സഹിതം മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിട്ടി, ജലഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം 33 വിലാസത്തിൽ മാർച്ച് 11 ന് മുൻപ് അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.kwa.kerala.gov.in

## സർവകലാശാല വാർത്തകൾ

### കേരള
www.keralauniversity.ac.in

### വൈവാവോസി

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന എം. എ ഫിലോസഫി വൈവാവോസി, , തിരുവനതപുരം യൂണിവേഴ്സിറ്റി കോളേജിലെ ഡിപ്പാർട്മെന്റ് ഒഫ് ഫിലോസഫിയിൽ 15 ന് രാവിലെ 10 .30 ന് നടത്തും.

എം .എ ഹിസ്റ്ററി, സോഷ്യോളജി , മലയാളം എന്നിവയുടെ വൈവാവോസി 14 ന് രാവിലെ 10 മുതലും എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ , ഇസ്ലാമിക് ഹിസ്റ്ററി എന്നിവയുടെ വൈവാവോസി 14 ന് രാവിലെ 11 നും. എം. എ ഹിന്ദി വൈവാവോസി 14 ന് ഉച്ചയ്ക്ക് 2 നും പാളയത്തുള്ള എസ്.ഡി.ഇ കേന്ദ്രത്തിൽ നടത്തും.

### തീയതി നീട്ടി

ലൈബ്രറി അസിസ്റ്റന്റിന്റെ (കരാറടിസ്ഥാനം) അഭിമുഖം 27 ,28 തീയതികളിലേക്കു മാറ്റി. അപേക്ഷകർ പുതുക്കിയ മെമ്മോയും അസൽ സർട്ടിഫിക്കറ്റുമായി ഹാജരാകണം.

### ടൈം ടേബിൾ

മൂന്നാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷകൾ 22 ന് ആരംഭിക്കും.

### എം.ജി
www.mgu.ac.in

### പ്രാക്ടിക്കൽ

ബി.എ ഒന്നാം സെമസ്റ്റർ ഭരതനാട്യം, മോഹിനിയാട്ടം സി.ബി.സി.എസ്. (2018 അഡ്മിഷൻ റഗുലർ /2017 അഡ്മിഷൻ റീ അപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013 -16 അഡ്മിഷൻ റീ അപ്പിയറൻസ്/ സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷകൾ 18 മുതൽ 20 വരെ ആർ.എൽ.വി കോളേജിൽ നടക്കും.

ഒന്നാം സെമസ്റ്റർ എം.എസ്‌സി ബയോകെമിസ്ട്രി (സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ 21 മുതൽ അതത് കോളേജുകളിൽ നടക്കും.

### പരീക്ഷഫലം

മൂന്നാം സെമസ്റ്റർ എം.എസ്‌സി ഫൈറ്റോ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 22 വരെ അപേക്ഷിക്കാം.

നാലാം സെമസ്റ്റർ മാസ്റ്റർ ഒഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (നോൺ സി.എസ്.എസ്. റഗുലർ/ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് 22 വരെ അപേക്ഷിക്കാം.

### കാലിക്കറ്റ്
www.universityofcalicut.info

### അദാലത്ത്

സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാലിക്കറ്റ് സർവകലാശാലയുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിനായി മാർച്ച് രണ്ടിന് രാവിലെ പത്ത് മണിക്ക് അദാലത്ത് സംഘടിപ്പിക്കുന്നു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീല് പങ്കെടുക്കും. പരാതികൾ ഓൺലൈനായി www.uoc.ac.in ലൂടെ 21 വരെ സമർപ്പിക്കാം.

### പ്രബന്ധങ്ങൾ ക്ഷണിച്ചു

ഇസ്ലാമിക് ചെയർ കുനിയിൽ അൻവാറുൽ ഇസ്ലാം അറബിക് കോളേജുമായി സഹകരിച്ച് കുനിയിൽ വച്ച് 27, 28 തീയതികളിൽ 'ഇസ്ലാമിക് ഫിനാൻസ്: ആധുനിക സാമ്പത്തിക പ്രതിസന്ധികൾക്കുള്ള പരിഹാരം' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നു. പ്രബന്ധം അവതരിപ്പിക്കാനാഗ്രഹിക്കുന്നവർ 18 -നകം രജിസ്റ്റർ ചെയ്യണം. ഫോൺ : 9400458047, 9746904678.

രണ്ടാം സെമസ്റ്റർ യു.ജി മൂല്യനിർണയ ക്യാമ്പ്: 26-ന് ക്ലാസുകൾക്ക് അവധി

രണ്ടാം സെമസ്റ്റർ യു.ജി (സി.യു.സി.ബി.സി.എസ്.എസ്) ഏപ്രിൽ 2018 പരീക്ഷകളുടെ സെൻട്രലി മോണിറ്റേഡ് വാല്യേഷൻ ക്യാമ്പ് 26-ന് നടക്കുന്നതിനാൽ അന്ന് എല്ലാ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും റഗുലർ ക്ലാസുകൾ ഉണ്ടായിരിക്കില്ല. ക്യാമ്പിന്റെ വിവരങ്ങളറിയാൻ ചെയർമാൻമാരുമായി ബന്ധപ്പെടണം. നിയമന ഉത്തരവ് ലഭിക്കാത്തവർ രാവിലെ പത്ത് മണിക്ക് ക്യാമ്പിലെത്തി ഉത്തരവ് കൈപ്പറ്റണം.

### പരീക്ഷാഫലം

എം.ഫിൽ വിമൺസ് സ്റ്റഡീസ് ഒന്ന് (ഒക്ടോബർ 2017), രണ്ട് (ജൂൺ 2018) സെമസ്റ്റർ പരീക്ഷാഫലം വെബ്സൈറ്റിൽ.

ഒന്നാം സെമസ്റ്റർ എം.എസ്‌സി ഫിസിക്സ് (സി.സി.എസ്.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ.

## മെഡിക്കൽ, എൻജിനിയറിംഗ് എൻ.സി.സി ക്വോട്ടയിൽ അപേക്ഷിക്കാം

തിരുവനന്തപുരം

സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിലേക്ക് മികച്ച എൻ.സി.സി കേഡറ്റുകൾക്ക് സംവരണം ചെയ്ത സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രവേശനപരീക്ഷാ കമ്മിഷണർക്ക് നൽകുന്ന അപേക്ഷയുടെ പകർപ്പും എൻ.സി.സി സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം അതത് എൻ.സി.സി യൂണിറ്റുകളിൽ മാർച്ച് ഒന്ന് വരെ സ്വീകരിക്കും. എൻ.സി.സി ഡയറക്ടറേറ്റിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കില്ല. കുറഞ്ഞത് 75 മാർക്ക് എൻ.സി.സി പരിശീലനങ്ങൾക്ക് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ ഉള്ള കേഡറ്റുകളുടെ അപേക്ഷ മാത്രമേ പരിഗണിക്കൂ. ഈ ഇനത്തിൽ പരമാവധി ലഭിക്കുന്ന മാർക്ക് 500 ആണ്. എൻ.സി.സി ക്വോട്ട വഴി പ്രവേശനം ലഭിക്കാൻ ആഗ്രഹിക്കുന്ന കേഡറ്റുകൾ വിവരം അപേക്ഷ ഫാറത്തിൽ നിർദ്ദിഷ്ട കോളത്തിൽ രേഖപ്പെടുത്തണം. കൂടുതൽ വിവരങ്ങൾ അടുത്തുള്ള എൻ.സി.സി ഓഫീസിൽ ലഭിക്കും. www.keralancc.org യിലും വിശദാംശങ്ങളുണ്ട്.

### എം.ബി.എ സ്പോട്ട് അഡ്മിഷൻ

സംസ്ഥാന സഹകരണ യൂണിയന്റെ തിരുവനന്തപുരത്തെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ (ഫുൾടൈം) 2019-21 ബാച്ചിലേക്ക് 18 ന് കിക്മ കാമ്പസിൽ രാവിലെ 10 മുതൽ സ്പോട്ട് അഡ്മിഷൻ നടത്തും. കേരള സർവകലാശാലയുടെയും എ.ഐ.സി.ടി.ഇ യുടെയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, സിസ്റ്റം എന്നിവയിൽ ഡ്യൂവൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്ക് പ്രത്യേക സ്കോളർഷിപ്പും, എസ്.സി/ എസ്.ടി വിദ്യാർത്ഥികൾക്ക് സർക്കാർ, യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭിക്കും. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും അപേക്ഷ ഫോം സമർപ്പിച്ചിട്ടില്ലാത്തവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 9995302006, www.kicmakerala.in.

### സ്കൈപ്പ് ഇന്റർവ്യൂ

സൗദി അറേബ്യയിലെ അൽ-മൗവാസാത്ത് ഹെൽത്ത് ഗ്രൂപ്പിലേക്ക് ബി.എസ് സി/ ഡിപ്ലോമ നഴ്സുമാരെ (സ്ത്രീകൾ മാത്രം) നിയമിക്കുന്നതിന് ഒ.ഡി.ഇ.പി.സി. തിരുവനന്തപുരം, വഴുതയ്ക്കാട് ഓഫീസിൽ 20 ന് സ്കൈപ്പ് ഇന്റർവ്യൂ നടത്തും. ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം odepcmou@gmail.com മെയിലിൽ അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.odepc.kerala.gov.in. ഫോൺ: 0471 -2329440/41/42/43/45.



## ട്വിറ്റർ സി.ഇ.ഒയോട് 25 ന് ഹാജരാകാൻ പാർലമെന്ററി സമിതി

ന്യൂഡൽഹി: സമൂഹമാദ്ധ്യമങ്ങളിൽ ഇന്ത്യൻ പൗരന്മാരുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട പരാതികളിൽ പാർലമെന്ററി സമിതിക്ക് മുൻപാകെ ട്വിറ്റർ സി.ഇ.ഒ ഹാജരാകാത്തതിനെ തുടർന്ന് ഈ മാസം 25 ന് ഹാജരാകണമെന്നാവശ്യപ്പെട്ട് സമിതി സമൻസ് അയച്ചു. ഇന്നലെയായിരുന്നു ജാക്ക് ഡോർസിയോട് ഹാജരാകാൻ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ അസൗകര്യമറിയിക്കുകയായിരുന്നു. ജാക്ക് ഡോർസി ഇതിന് നടപടി നേരിടേണ്ടി വരുമെന്ന് ഐ.ടികാര്യ പാർലമെന്ററിസമിതി അദ്ധ്യക്ഷനും ബി.ജെ.പി എം.പിയുമായ അനുരാഗ് താക്കൂർ കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു.

www.keralakaumudi.com www.facebook.com/keralakaumudi



റെമി മാലെക്, അൽഫോൺസോ ക്യുവറോൺ, ഒലീവിയ കോൾമാൻ

# പ്രിയങ്ക വന്നു, യു.പിയിൽ കോൺ. പ്രചാരണ രഥപ്രയാണം

## റോഡ് ഷോ കാണാൻ ആയിരങ്ങൾ

ലക്നൗ: പ്രിയങ്കയുടെ രാഷ്ട്രീയ അരങ്ങേറ്റത്തിന് ലക്നൗവിൽ ഗംഭീര വരവേൽപ്പ്. കോൺഗ്രസ് അധ്യക്ഷനും ജ്യേഷ്ഠനുമായ രാഹുൽ ഗാന്ധിക്കും, പടിഞ്ഞാറൻ യു.പിയുടെ ചുമതലയുള്ള ജ്യോതിരാദിത്യ സിന്ധ്യയ്ക്കും ഒപ്പമെത്തിയ പ്രിയങ്കയെ ഉത്സവച്ഛായ പകർന്ന അന്തരീക്ഷത്തിൽ ഹർഷാരവങ്ങളോടെയാണ് നേതാക്കളും പ്രവർത്തകരും സ്വീകരിച്ചത്.

പ്രചാരണരഥത്തിലുള്ള പ്രിയങ്കയുടെ റോഡ് ഷോ കാണാൻ ആയിരക്കണക്കിന് പ്രവർത്തകർ റോഡിന് ഇരുവശങ്ങളിലും കാത്തുനിന്നു.

പുതിയ ഭാവിയും പുതിയ രാഷ്ട്രീയവും തനിക്കൊപ്പം തുടങ്ങാമെന്ന ആഹ്വാനത്തോടെയായിരുന്നു പ്രിയങ്കയുടെ ഇന്നലത്തെ രംഗപ്രവേശം. സംസ്ഥാനത്ത് കോൺഗ്രസ് സർക്കാർ രൂപീകരിക്കുന്നതുവരെ തങ്ങൾക്ക് വിശ്രമമില്ലെന്ന് പാർട്ടി ദേശീയ അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി പറഞ്ഞു. പാവങ്ങൾക്കും കർഷകർക്കും മുൻതൂക്കം നൽകുന്ന സർക്കാരായിരിക്കും അത്. യു.പിയിലെ അനീതികൾക്കെതിരെ പോരാടാനാണ് പ്രിയങ്കയോടും ജ്യോതിരാദിത്യ സിന്ധ്യയോടും ആവശ്യപ്പെട്ടിരിക്കുന്നതെന്നും രാഹുൽ പറഞ്ഞു.

പ്രിയങ്കാ ഗാന്ധിയുടെ വ്യക്തിപ്രഭാവം സംഘടനാതലത്തിൽ സംസ്ഥാനത്ത് ചലനങ്ങളുണ്ടാക്കുമെന്നാണ് കോൺഗ്രസിന്റെ പ്രതീക്ഷ. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വാരണാസിയും മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ ഗോരഖ്പൂരും ഉൾപ്പെടെ 42 മണ്ഡലങ്ങളിലാണ് പ്രിയങ്ക പ്രചാരണം നടത്തുക. ട്വിറ്ററിൽ പ്രിയങ്കയുടെ വേരിഫൈഡ് പേജും തയ്യാറായി.

ആറുമണിക്കൂറോളം നീണ്ട റോഡ് ഷോയ്ക്കു ശേഷം ലാൽബാഗിൽ ജനങ്ങളെയും മാദ്ധ്യമങ്ങളെയും മൂവരും അഭിസംബോധന ചെയ്തു. മഹാത്മാ ഗാന്ധി, സർദാർ പട്ടേൽ, ബി.ആർ. അംബേദ്കർ എന്നിവരുടെ പ്രതിമകളിൽ പ്രിയങ്ക ഹാരാർപ്പണം നടത്തി.



റോഡ്ഷോയിൽ പ്രചാരണരഥത്തിൽ രാഹുലിനൊപ്പം പ്രിയങ്ക

## 'ദ ഫേവറിറ്റ്' ബാഫ്റ്റ, തിളക്കം റോമയ്ക്ക്

ലണ്ടൻ: ബ്രിട്ടീഷ് അക്കാഡമി ഒഫ് ഫിലിം ആൻഡ് ടെലിവിഷൻ ആർട്സ് (ബാഫ്റ്റ) പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. ലണ്ടനിലെ റോയൽ ആൽബെർട്ട് ഹാളിൽ നടന്ന ചടങ്ങിൽ ഏഴ് പുരസ്കാരങ്ങൾ നേടി 'ദ ഫേവറിറ്റും' നാല് പുരസ്കാരങ്ങൾ നേടി 'റോമ'യും തിളങ്ങി നിന്നു. 12 നാമനിർദ്ദേശങ്ങളുമായി ദ ഫേവറിറ്റ് ആയിരുന്നു പ്രതീക്ഷയിൽ മുന്നിൽ. മികച്ച ചിത്രം: റോമ, സംവിധായകൻ: അൽഫോൺസോ ക്യുവറോൺ (റോമ), നടൻ: റെമി മാലെക് (ബൊഹേമിയൻ റാപ്സൊഡി), നടി: ഒലീവിയ കോൾമാൻ (ദ ഫേവറിറ്റ്), തിരക്കഥ: ദ ഫേവറേറ്റ്, ഛായാഗ്രഹണം: റോമ

## ഗ്രാമിയിൽ 'ഗോൾഡൻ അവർ'



കാസി മസ്ഗ്രേവ്സ്

ന്യൂയോർക്ക്: സംഗീത ലോകത്തെ പരമോന്നത ബഹുമതികളിലൊന്നായി അറിയപ്പെടുന്ന ഗ്രാമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. പാട്ടുകാരി ഡുവ ലിപ സംഗീത ലോകത്തെ നവാഗതയ്ക്കുള്ള ഗ്രാമി സ്വന്തമാക്കിയപ്പോൾ ഈ വർഷത്തെ മികച്ച ആൽബമായി കാസി മസ്ഗ്രേവ്സിന്റെ ഗോൾഡൻ അവർ തിരഞ്ഞെടുക്കപ്പെട്ടു. 23കാരിയായ മസ്ഗ്രേവ്സിന്റെ മൂന്നാമത്തെ ആൽബമാണിത്. ലേഡി ഗാഗയുടെ ജൊവാനെയിലെ പ്രകടനം മികച്ച പോപ് പെർഫോമൻസായി തിരഞ്ഞെടുക്കപ്പെട്ടു.

## 'പ്രിയങ്കയെ കാക്കണം' ജനങ്ങളോട് വാധ്ര

ന്യൂഡൽഹി: ഇന്നലെ ഉത്തർപ്രദേശിൽ തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് തുടക്കം കുറിച്ച പ്രിയങ്കാ ഗാന്ധിക്ക് ഭർത്താവ് റോബർട്ട് വാധ്ര ട്വിറ്ററിലൂടെ ആശംസകളറിയിച്ചു. പ്രിയങ്കയെ സംരക്ഷിക്കണമെന്നും രാജ്യത്തെ ജനങ്ങളോട് വാധ്ര ആവശ്യപ്പെട്ടു. "ജന സേവനത്തിനും പുതിയ രാഷ്ട്രീയ യാത്രയ്ക്കും പ്രിയങ്കയ്ക്ക് എല്ലാവിധ ഭാവുകങ്ങളും. നീ എന്റെ പ്രിയ സുഹൃത്തും ഉത്തമയായ ഭാര്യയും നമ്മുടെ മക്കൾക്ക് മികച്ച അമ്മയുമാണ്. പകയുടെയും കുടില തന്ത്രങ്ങളുടെയും രാഷ്ട്രീയ കാലാവസ്ഥയാണിത്. എങ്കിലും ജനസേവനം നിന്റെ കർത്തവ്യമാണെന്ന് എനിക്കറിയാം. ഞങ്ങൾ പ്രിയങ്കയെ ഇന്ത്യയിലെ ജനങ്ങൾക്കായ് നൽകുന്നു. ദയവായി സംരക്ഷിക്കുക' - വാധ്ര ട്വിറ്ററിൽ പറഞ്ഞു. കോൺഗ്രസ് ജനറൽ സെക്രട്ടറിയായി സ്ഥാനമേറ്റ പ്രിയങ്കയ്ക്ക് ആശംസകളർപ്പിച്ചുകൊണ്ട് നേരത്തെയും റോബർട്ട് വാധ്ര ട്വീറ്റ് ചെയ്തിരുന്നു.

## ധനബില്ലിന് ലോക്‌സഭ അംഗീകാരം

ന്യൂഡൽഹി: ധനമന്ത്രി പിയൂഷ് ഗോയൽ അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിന് ലോക്‌സഭ അംഗീകാരം നൽകി. കോൺഗ്രസിന്റെയും ഇടതു പക്ഷത്തിന്റെയും വാക്കൗട്ടിനിടെ ശബ്ദവോട്ടോടെയാണ് ധന ബില്ലും ധനവിനിയോഗ ബില്ലും ധനാഭ്യർത്ഥന ബില്ലും പാസാക്കിയത്. അതേസമയം രാജ്യസഭ പ്രതിപക്ഷ ബഹളത്തെ തുടർന്ന് തുടർച്ചയായ രണ്ടാം ആഴ്ചയും കാര്യമായ നടപടികളിലേക്ക് കടക്കാതെ പിരിഞ്ഞു. രാജ്യസഭയിൽ രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ചയും ബഡ്ജറ്റ് ചർച്ചയും ഇതുവരെ നടന്നിട്ടില്ല. നരേന്ദ്ര മോദി സർക്കാരിന്റെ കാലത്തെ അവസാന പാർലമെന്റ് സമ്മേളനം നാളെ അവസാനിക്കും.

## ട്രെയിൻ 18; ഡൽഹി- വാരണാസി 1,850 രൂപ

ന്യൂഡൽഹി: രാജ്യത്തിന്റെ ആദ്യ എൻജിനില്ലാ ട്രെയിൻ വന്ദേ ഭാരത് എക്സ്പ്രസിന്റെ (ട്രെയിൻ 18) ടിക്കറ്റ് നിരക്കുകൾ പുറത്തുവിട്ടു. ഡൽഹിയിൽ നിന്ന് വാരണാസിയിലേക്കുള്ള ട്രെയിനിന്റെ എ.സി ചെയർ കാർ ടിക്കറ്റിന് 1850 രൂപയും എക്സിക്യൂട്ടീവ് ക്ലാസിന് 3520 രൂപയുമായിരിക്കും നിരക്ക്. ഭക്ഷണത്തിന്റെ വിലയും ഇതിൽ ഉൾപ്പെടും. തിരികെയുള്ള യാത്രയ്ക്ക് അൻപത് രൂപ കുറച്ച് നൽകിയാൽ മതിയാകും. ജനശതാബ്ദിയേക്കാൾ നിരക്ക് കൂടുതലാണ് വന്ദേഭാരത് എക്സ്പ്രസിൽ. ഈ മാസം പതിനഞ്ചിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ട്രെയിൻ ഫ്ലാഗ് ഓഫ് ചെയ്യും.

# കോൺഗ്രസിലേക്ക് ചാഞ്ഞ് എസ്.പി- ബി.എസ്.പി സഖ്യം



ലക്നൗ: പ്രിയങ്ക ഗാന്ധിയുടെ ഔദ്യോഗിക രാഷ്ട്രീയ പ്രവേശനം രാജ്യത്താകെ കോൺഗ്രസിന് പുതു ഊർജം പകർന്ന സാഹചര്യത്തിൽ ഉത്തർപ്രദേശിലെ എസ്.പി- ബി.എസ്.പി സഖ്യം കോൺഗ്രസിലേക്ക് ചായുന്നതായി സൂചന. കോൺഗ്രസുമായി സഖ്യമില്ലെന്ന സമാജ്‌വാദി നേതാവ് അഖിലേഷ് യാദവിന്റെയും ബി.എസ്.പി നേതാവ് മായാവതിയുടെയും തീരുമാനം പുനഃപരിശോധിക്കാനൊരുങ്ങുകയാണെന്ന് ദേശീയ മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

പ്രിയങ്ക ഗാന്ധിയുടെ വരവോടെ ഉത്തർപ്രദേശിലെ രാഷ്ട്രീയ കാലാവസ്ഥ മാറുകയാണെന്നും പാർട്ടിയുടെ സഖ്യതീരുമാനം പുനഃപരിശോധിച്ചേക്കുമെന്നും സമാജ്‌വാദി പാർട്ടി വൃത്തങ്ങൾ സൂചിപ്പിക്കുന്നു. ബി.എസ്.പിക്കും സമാനമായ മനംമാറ്റം ഉണ്ടായതായാണ് വിവരം.

കോൺഗ്രസ് മായാവതിയെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നതാണ് പ്രധാനം. കോൺഗ്രസിന്റെ തീരുമാനങ്ങളിൽ മായാവതി തൃപ്തയാണെങ്കിൽ അഖിലേഷ് യാദവിന് കോൺഗ്രസുമായി ചേർന്ന് പ്രവർത്തിക്കാൻ മറ്റ് പ്രശ്നങ്ങളില്ലെന്ന് പേരുവെളിപ്പെടുത്താനാഗ്രഹിക്കാത്ത സമാജ്‌വാദി നേതാവ് ഒരു ദേശീയ മാദ്ധ്യമത്തിനോട് പറഞ്ഞു.

ചുരുങ്ങിയ സീറ്റുകളിലെങ്കിലും കോൺഗ്രസുമായി ധാരണയിലെത്താൻ ഇരു പാർട്ടികളും നീക്കം നടത്തുന്നതായാണ് സൂചന. 2009ൽ സംസ്ഥാനത്ത് എല്ലാ സീറ്റിലും മത്സരിച്ച കോൺഗ്രസ് 21 സീറ്റുകളിൽ വിജയിച്ചിരുന്നു.

കോൺഗ്രസിന് മേൽക്കൈയുള്ള മണ്ഡലങ്ങളിൽ ബി.ജെ.പി ഇതര വോട്ടുകൾ വിഭജിക്കാനുള്ള സാദ്ധ്യത കൂടി കണക്കിലെടുത്താണ് എസ്.പി-ബി.എസ്.പി കൂട്ടുകെട്ട് മഹാസഖ്യത്തിനൊരുങ്ങുന്നത്.



അഖിലേഷ് യാദവിനോടും മായാവതിയോടും തനിക്ക് ഏറെ ബഹുമാനമുണ്ടെന്ന് നേരത്തെ കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി വ്യക്തമാക്കിയിരുന്നു. അവർ സമീപിച്ചാൽ ചർച്ചകൾക്ക് തയ്യാറാണെന്നും രാഹുൽ പറഞ്ഞിരുന്നു.

## കർണാടക ശബ്ദരേഖ വിവാദം: പ്രത്യേക അന്വേഷണ കമ്മിഷൻ

ബംഗളൂരു: കർണാടകയിലെ ജെ.ഡി.എസ് എം.എൽ.എമാർക്ക് കോഴവാഗ്ദാനം ചെയ്തെന്ന് സൂചിപ്പിക്കുന്ന ശബ്ദരേഖയെ കുറിച്ച് അന്വേഷിക്കാൻ മുഖ്യമന്ത്രി എച്ച്. ഡി കുമാരസ്വാമി പ്രത്യേക അന്വേഷണ കമ്മിഷനെ നിയോഗിച്ചു. തിങ്കളാഴ്ച നിയമസഭയിലാണ് സ്പീക്കർ രമേശ് കുമാർ ഇക്കാര്യം കുമാരസ്വാമിയോട് നിർദ്ദേശിച്ചത്. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കണമെന്നും സ്പീക്കർ നിർദ്ദേശിച്ചിട്ടുണ്ട്.

'50 കോടി രൂപ നൽകി സ്പീക്കറെ വിലയ്ക്കെടുക്കാം' എന്ന യെദിയൂരപ്പയുടെ പ്രസ്താവനയും വിവാദമായിരുന്നു. ജനതാദൾ എം.എൽ.എ നാഗനഗൗഡയെ ബി.ജെ.പിയിലേക്ക് കൂറുമാറ്റാൻ യെദിയൂരപ്പ അദ്ദേഹത്തിന്റെ മകൻ ശങ്കർ ഗൗഡയ്ക്ക് പത്തുകോടി രൂപയും മന്ത്രിപദവിയും വാഗ്ദാനം ചെയ്തെന്നായിരുന്നു ആരോപണം.

# പ്രതിപക്ഷ കൂട്ടായ്മയുടെ വേദിയായി നായിഡുവിന്റെ സത്യാഗ്രഹം

ന്യൂഡൽഹി: കേന്ദ്ര സർക്കാരിനെ പ്രതിരോധത്തിലാക്കാനും പ്രതിപക്ഷ ഐക്യം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ട് ആന്ധ്രാ മുഖ്യമന്ത്രിയും തെലുങ്ക് ദേശം പാർട്ടി അദ്ധ്യക്ഷനുമായ ചന്ദ്രബാബു നായിഡു ഡൽഹിയിൽ ഏകദിന സത്യാഗ്രഹം നടത്തി. സംസ്ഥാനത്തിന് പ്രത്യേക പദവി എന്ന പ്രധാന ആവശ്യത്തിനൊപ്പം കഴിഞ്ഞ ദിവസം നരേന്ദ്ര മോദി ആന്ധ്രയിൽ വന്നു നടത്തിയ പ്രസംഗങ്ങൾക്ക് ഡൽഹിയിൽ മറുപടി നൽകാനും ജൻമദിനത്തിൽ നടത്തിയ സത്യാഗ്രഹത്തിലൂടെ നായിഡു ലക്ഷ്യമിട്ടിരുന്നു.

ഡൽഹിയിലെ ആന്ധ്രാഭവൻ അങ്കണത്തിൽ നടന്ന ചടങ്ങ് പ്രതിപക്ഷ കൂട്ടായ്മയുടെ വേദിയാക്കി കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധി, മുൻ പ്രധാനമന്ത്രി മൻമോഹൻസിംഗ്, സമാജ്‌വാദി പാർട്ടി നേതാവ് മുലായം സിംഗ് യാദവ്, എൽ.ജെ.ഡി നേതാവ് ശരത് യാദവ്, നാഷണൽ കോൺഫറൻസ് നേതാവ് ഫറൂഖ് അബ്ദുള്ള, ആം ആദ്മി പാർട്ടി നേതാവ് അരവിന്ദ് കേജ്‌രിവാൾ, സമതൃണമൂൽ നേതാവ് ഡെറിക് ഒബ്രെയ്ൻ, എൻ.സി.പി നേതാവ് മജീദ് മേമൺ തുടങ്ങിയ നേതാക്കളെത്തി.

രാവിലെ രാജ്ഘട്ടിൽ പുഷ്പാർച്ചന നടത്തിയ ശേഷമാണ് നായിഡു സമരം തുടങ്ങിയത്. ആന്ധ്രയ്ക്ക് പ്രത്യേക പദവി നൽകണമെന്ന് ആവശ്യപ്പെട്ട് രാഷ്ട്രപതി രാംനാഥ് കോവിന്ദിന് അദ്ദേഹം നിവേദനവും നൽകി.

കഴിഞ്ഞ ദിവസം ആന്ധ്രയിൽ നടന്ന റാലിയിൽ സംസ്ഥാനത്ത് നായിഡുവിന്റെ കുടുംബഭരണമാണ് നടക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി കളിയാക്കിയിരുന്നു. ലോകേഷിന്റെ പിതാവ് എന്നു പറഞ്ഞ് നായിഡുവിന്റെ മകന്റെ പേരും പരാമർശിച്ചിരുന്നു. തുടർന്ന് മോദിയുടെ ഭാര്യയുടെ പേരും പരസ്യമായി പറഞ്ഞ് നായിഡു തിരിച്ചടിച്ചിരുന്നു. ജനങ്ങൾക്കിടയിൽ വെറുപ്പ് പടർത്താനാണ് മോദി ശ്രമിക്കുന്നതെന്ന് നായിഡു ഡൽഹിയിൽ പറഞ്ഞു.

### തപാൽ വകുപ്പ്

ഇന്ത്യൻ രാഷ്ട്രപതിക്കുവേണ്ടി എക്സിക്യൂട്ടീവ് എൻജിനീയർ (ഇ) പോസ്റ്റൽ ഇലക്ട്രിക്കൽ ഡിവിഷൻ, ബാംഗ്ലൂർ, യോഗ്യതയുള്ള കരാറുകാരിൽ നിന്ന് ഓൺ ലൈൻ പെർസന്റേജ് റേറ്റ് ഇ-ദർഘാസുകൾ ക്ഷണിക്കുന്നു.

| ക്രമ നം. | ജോലിയുടെ പേര് | മതിപ്പ് ചെലവ് | ഇഎംഡി |
|---|---|---|---|
| 1. | കാസർഗോഡ് H.O. ബിൽഡിംഗിൽ (NR - കേരള) അകൂസ്റ്റിക് എൻക്ലോഷർ ഉൾപ്പെടെ 62.5 KVA E/A സെറ്റിന്റെ SITC | 6,17,661 | 12,353 |
| 2. | കണ്ണൂർ H.O. ബിൽഡിംഗിൽ (NR - കേരള) അകൂസ്റ്റിക് എൻക്ലോഷർ ഉൾപ്പെടെ 62.5 KVA E/A സെറ്റിന്റെ SITC | 6,21,598 | 12,432 |

പൂർത്തീകരണ കാലാവധി: ഓരോ ജോലിക്കും 30 ദിവസം vide NIT No. 196, 197/EEE/PED/BGL/18-19 യഥാക്രമം. ഓൺലൈൻ ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 20.02.2019, 11.00 a.m. ദർഘാസ് തുറക്കുന്ന തീയതി : 20.02.2019, 11.30 a.m. വിശദമായ ദർഘാസ് പരസ്യം, ദർഘാസ് പ്രമാണങ്ങൾ, തിരുത്ത്, മറ്റു നിർദ്ദേശങ്ങൾ എന്നിവ http://dopcivil.euniwizard.com എന്ന ഇ-വിസാർഡ് പോർട്ടലിൽ നിന്ന് ഡൗൺലോഡ് ചെയ്യുകയോ ഓൺലൈനിൽ ദർശിക്കുകയോ ചെയ്യാവുന്നതാണ്. മറ്റു വിശദീകരണങ്ങൾക്ക് ദയവായി ബന്ധപ്പെടുക: 080-26676804.

ഒപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ (ഇ)

### ലഘുദർഘാസ് പരസ്യം

എൻ.എ.ബി. കേരളയുടെ മഞ്ചാടിവിള (തിരുവനന്തപുരം) യിലുള്ള ആസ്ഥാന മന്ദിരത്തോട് ചേർന്ന് 75 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന കെട്ടിട നിർമ്മാണത്തിന് കരാറുകാരിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നു.

ദർഘാസ് ഫാറം 1250/-രൂപ അടച്ച് ഓഫീസിൽ നിന്നോ എൻ.എ.ബിയുടെ www.nabkerala.org എന്ന വെബ്സൈറ്റിൽ നിന്നോ ലഭിക്കുന്നതാണ്. ദർഘാസ് ഓഫീസിൽ ലഭിക്കേണ്ട അവസാന സമയം 27.02.2019 വൈകുന്നേരം 4.30 വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തന ദിവസങ്ങളിൽ എൻ.എ.ബി. ഓഫീസിലോ, 0471-2314267 എന്ന ഫോണിലോ, വെബ്സൈറ്റിലോ ബന്ധപ്പെടുക.

(ഒപ്പ്) ജനറൽ സെക്രട്ടറി
(എൻ.എ.ബി) കേരള

### BEFORE HON'BLE PRINCIPAL MUNSIFF'S COURT, THIRUVANANTHAPURAM
### O.S.No.2130 of 2015

Plaintiff: Indian Overseas Bank, Sasthamangalam Branch, Thiruvana nthapuram.
Defendants: M/s. Pooja Enterprisess represented by Mrs. Saritha.R, Proprietor, aged 31 years, TC 16664/4, KLRA-18, Jagathy, Thiruv ananthapuram.

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പർ കേസ്സിൽ വാദി സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തതിലുള്ള കുടിശ്ശിക മുതലും പലിശയും ഈടാക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള ടി നമ്പർ അന്യായം 02/03/2019-ാം തീയതി ഈ കോടതി മുമ്പാകെ വിചാരണ വച്ചുത്തരവ് ഉള്ളതാണ്. താങ്കൾക്ക് ആയതിന്മേൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം അന്നേദിവസം പകൽ 11 മണിക്ക് ഈ കോടതി മുമ്പാകെ നേരിട്ടോ, അധികാരപ്പെടുത്തുന്ന ആളോ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതും, അല്ലാത്ത പക്ഷം താങ്കളെ കൂടാതെ അന്യായം തീർച്ച ചെയ്യുന്നതാണെന്ന വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻ പ്രകാരം
വാദിഭാഗം അഡ്വക്കേറ്റ്,
(ഒപ്പ്) എസ്. ആശാ കൃഷ്ണൻ

### അറിയിപ്പ്

ഉളിയാഴ്ത്തുറ വില്ലേജിൽ പൗഡിക്കോണം ദിലു ഭവനിൽ കെ. സുരേന്ദ്രന്റെ പേരിൽ പോത്തൻകോട് എസ്.ആർ.ഒ 2893/1995 നമ്പർ ഭാഗപത്രത്തിലെ E പട്ടിക പ്രകാരവും 587/1993-ാം നമ്പർ ഒഴിവുകുറി ആധാര പ്രകാരവും ടിയാന്റെ പേരിൽ ഉളിയാഴ്ത്തുറ വില്ലേജിൽ സർവ്വെ നമ്പർ 65/18-1 (റീസർവ്വെ നമ്പർ 65/1-1) ഉൾപ്പെട്ട 3.74 ആർ വസ്തുവകകൾ അവകാശമായി ലഭിച്ചിട്ടുള്ളതും 9075-ാം നമ്പർ തണ്ടപ്പേർ പ്രകാരം കൈവശം വച്ച് അനുഭവിച്ച് വരുന്നതുമാണ്. ടി വസ്തുവകകളുടെ മുന്നാധാരം ടിയാന്റെ മാതാവ് നാരായണി അമ്മുക്കുട്ടിക്ക് തിരുവനന്തപുരം എൽ.എ തഹസിൽദാർ ഓഫീസിൽ നിന്നും എൽ.എ 398/1958 നമ്പർ പട്ടയം നൽകിയിട്ടുള്ളതുമാണ്. ടി പട്ടയത്തിന്റെ ഒറിജിനൽ തിരിച്ച് കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടു പോയിട്ടുള്ളതുമാണ്. ടി പട്ടയം വീണ്ടെടുക്കുന്നതിനുവേണ്ടി ടിയാൻ എല്ലാ ശ്രമങ്ങളും നടത്തിയിട്ടുള്ളതും എന്നാൽ നാളിതുവരെ ആയത് കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. ടി വസ്തുവകകൾ പണയപ്പെടുത്തി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാസ്തമംഗലം ബ്രാഞ്ചിൽ നിന്നും ലോൺ എടുക്കുന്നതിനുവേണ്ടി ടി ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്. ടി പട്ടയത്തെ കുറിച്ച് ആർക്കെങ്കിലും ഏതെങ്കിലും രീതിയിലുള്ള പരാതികളോ തർക്കങ്ങളോ ഉണ്ടെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ശാസ്തമംഗലം ബ്രാഞ്ചിൽ ഈ അറിയിപ്പ് വന്ന് 10 ദിവസത്തിനകം ബാങ്കിനെ അറിയിക്കേണ്ടതാണ്. ഫോൺ നമ്പർ: 2311606.

(ഒപ്പ്) അഡ്വക്കേറ്റ് റെക്സ് ജേക്കബ്.
Ph. 9846066230

### കേരള വാട്ടർ അതോറിറ്റി വാട്ടർ സപ്ലൈ ഡിവിഷൻ, നെയ്യാറ്റിൻകര
### ദർഘാസ് പരസ്യം

ദർഘാസ് നമ്പർ 154/2018-19 മുതൽ 167/2018-19 വരെയും പുനർ ദർഘാസ് നമ്പർ 152/2018-19 വരെ. വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തിയും ആട്ടറമൂല പമ്പ് ഹൗസിൽ 7.5 HP പമ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയും നിരതദ്രവ്യം 4000/- രൂപ മുതൽ 43,350/- രൂപ വരെ. ഫോറവില 560/- രൂപ മുതൽ 2,800/- രൂപ വരെ. ദർഘാസുകൾ 13-2-2019 മുതൽ താഴെ പറയുന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതും സമർപ്പിക്കേണ്ട അവസാന തിയതി 20-2-19, 2.30 pm വരെയുമാണ്.

ഫോൺ: 0471-2223447 വെബ്സൈറ്റ്: www.etender.kerala.gov.in

### THIRUVANANTHAPURAM MUNICIPAL CORPORATION
### Health Section
Short-Re-E Tender Notice

File No.H19/H18/33762/17 Date: 11/02/2019

Price of tender form: Rs. 3540/- (Including GST) Last date for Re-e tender on line submission 21/02/2019, 3 pm, Last date for opening, 23/02/2019, 11 am: EMD details 2.5% of the amount quoted. Project details of Notice Board: Project No.SI619/19 supply of items of sewing machine units of Tvm Corporation

Website: www.corporationoftrivandrum.in was published.

(sd) Health officer Grade III

### യൂക്കോ ബാങ്ക് (ഒരു ഭാരത സർക്കാർ സ്ഥാപനം)
വർക്കല ശാഖ, മൈതാനം, വർക്കല പി. ഒ.

കൈവശാവകാശ നോട്ടീസ് റൂൾ 8(1) [(സ്ഥാവര വസ്തുക്കൾക്ക്)]

സെക്യൂരിറ്റൈസേഷൻ & റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് & എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് (സെക്കന്റ്) ആക്ട് 2002 ലെ ...

### SBI ഭാരതീയ സ്റ്റേറ്റ് ബാങ്ക്
പ്രശ്ന ഗ്രസ്ത ആസ്തി വീണ്ടെടുക്കൽ ശാഖ
എൽ.എം.എസ് കോമ്പൗണ്ട്, മ്യൂസിയം വെസ്റ്റ്ഗേറ്റിനെതിർവശം, വികാസ് ഭവൻ.പി.ഒ., തിരുവനന്തപുരം-695033, Ph: 0471-2311076, 2317095, e-mail: sbi.10058@sbi.co.in

ഡിമാന്റ് നോട്ടീസ്

സെക്യൂരിറ്റൈസേഷൻ & റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ലെ സെക്ഷൻ 13(2) പ്രകാരം

### BEFORE HON'BLE PRINCIPAL MUNSIFF'S COURT, THIRUVANANTHAPURAM
### O.S.No.607 OF 2016

Plaintiff: Indian Overseas Bank, Mukkolakkal Branch, Thiruvana nthap uram-695044. Defendants: 1. Soumya Stephen. S.M, aged 26 years, Mercy Nivas, Ayyappankuzhy, Kallayam.P.o., Thiruvananthapuram-695043. 2. K.Stephen, aged 56 years Mercy Nivas, Ayyappankuzhy, Kallayam P.o., Thiruvananthapuram-695043

ടി പ്രതിയെ തെര്യപ്പെടുത്തുന്നത്.

ടി നമ്പർ കേസ്സിൽ വാദി സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തതിലുള്ള കുടിശ്ശിക മുതലും പലിശയും ഈടാക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള ടി നമ്പർ അന്യായം 25/02/2019-ാം തീയതി ഈ കോടതി മുമ്പാകെ വിചാരണ വച്ചുത്തരവ് ഉള്ളതാണ്. താങ്കൾക്ക് ആയതിന്മേൽ എന്തെങ്കിലും ആക്ഷേപമുള്ള പക്ഷം അന്നേദിവസം പകൽ 11 മണിക്ക് ഈ കോടതി മുമ്പാകെ നേരിട്ടോ, അധികാരപ്പെടുത്തുന്ന ആളോ ഹാജരായി ബോധിപ്പിച്ചു കൊള്ളേണ്ടതും, അല്ലാത്ത പക്ഷം താങ്കളെ കൂടാതെ അന്യായം തീർച്ച ചെയ്യുന്നതാണെന്ന വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു.

ഉത്തരവിൻ പ്രകാരം
വാദിഭാഗം അഡ്വക്കേറ്റ്,
(ഒപ്പ്) എസ്. ആശാ കൃഷ്ണൻ

### കേരളകൗമുദി ക്ലാസിഫൈഡ്സ്
better choice.... faster response

**വാടകയ്ക്ക്**
ശ്രീകാര്യം ജംഗ്ഷൻ കടമുറി വാടകയ്ക്ക് ( First Floor)
Ph: 9895987740

**തീർത്ഥയാത്രകൾ**
മാർച്ച് 4 ന് ഒരു ദിവസ ശിവരാത്രി യാത്ര 850 രൂപ, ഏപ്രിൽ 7 ന് 5 ദിവസ തിരുപ്പതി, ചിദംബരം, തഞ്ചാവൂർ യാത്ര 2600 രൂപ. മേയ് 18 ന് ചതുർധാമയാത്ര, ജൂൺ 8 ന് ഡൽഹി, ഹരിദ്വാർ, ആഗ്ര, മഥുര 13 ദിവസ യാത്ര 12500 രൂപ. ജൂൺ 23 ന് 10 ദിവസ കാശി, ഗയ, അലഹബാദ്, അയോദ്ധ്യ യാത്ര 8300 രൂപ.
അയ്യപ്പ ട്രാവൽസ്
ആര്യശാല ഫോൺ: 2466603, 7034498463

**പണയ സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്കിലെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവുകൾ.
98 95 92 40 17
ശ്രീനാരായണ ജ്വല്ലറി

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ സ്വർണ്ണം വീണ്ടെടുത്ത് വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
97 46 81 11 96
98 47 30 11 58
രാധികാ ജ്വല്ലറി

**ചികിത്സ**
ത്വക്‌രോഗികൾ ശ്രദ്ധിക്കുക! ഡോ.കെ. സുഭാഷ്, കല്പദ്രുമം ഹോസ്പിറ്റൽ, ത്വക്‌രോഗ ചികിത്സാകേന്ദ്രം, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം-14
Phone: 2321289
2326569.

**നഷ്ടപ്പെട്ടു**
എന്റെ വക തെങ്ങണ സബ് രജിസ്ട്രാർ ഓഫീസ് 338/ 2010 No. ആധാരം പൂജപ്പുര റൂട്ടിൽ ആട്ടോറിക്ഷ യാത്രയ്ക്കിടയിൽ നഷ്ടപ്പെട്ടുപോയി. കിട്ടുന്നവർ 8848750561 നമ്പരിലോ, മനോരമ വി.കെ. TC 19/291(1) വട്ടവിള, തിരുമല പി.ഒ., എന്ന അഡ്രസ്സിലോ അറിയിക്കുക.

**ബാങ്ക് സ്വർണ്ണം**
കമ്മീഷനില്ലാതെ ബാങ്ക് സ്വർണം വിൽക്കാൻ സഹായിക്കുന്നു. ജില്ലകളിലെല്ലാം എക്സിക്യൂട്ടീവുകൾ.
7034429098
9447462860
ഗുരുകൃപ ജ്വല്ലറി

**നഷ്ടപ്പെട്ടു**
KL 16 P 2621 ഹോണ്ട ഡിയോ സ്കൂട്ടിയുടെ ആർ.സി ബുക്ക് നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആക്ഷേപമുള്ളവർ 15 ദിവസത്തിനകം ആറ്റിങ്ങൽ RTO യെ രേഖാമൂലം അറിയിക്കേണ്ടതാണ്.
രാജേഷ്. ആർ, കുളച്ചയിൽ വീട്, വെട്ടൂർ പി.ഒ., വർക്കല.
Tel. 9061675694

**ആവശ്യമുണ്ട്**
തിരുവനന്തപുരത്തെ ഹോസ്റ്റലിലേയ്ക്ക് സെക്യൂരിറ്റിയെ (മുഴുവൻ സമയം) ആവശ്യമുണ്ട്.
Ph: 8137072072

**CHANGE OF NAME**
I, AKSHAYDAS Surname DHARMADAS SREEDEVI holder of Passport Number L 3863165 do hereby change my name to (Given name AKSHAY DAS Surname DHARMADAS) as per my Aadhar Number 870107386690 for all purposes. I also undertake to effect the change in all my other public documents.

COKONET ACADEMY | SAP | EME EDUCATION
PLACEMENT ASSISTANCE
10th ANNIVERSARY OFFER
Learn SAP at FEE DISCOUNT 50%
WORLD-WIDE OPPORTUNITIES / HIGHEST SALARY
DELIVERED BY SENIOR PROFESSIONALS
Eligibility: DEGREE (Course completed)
Limited Period Offer
9809412140 / 8129000831
Ulloor / Trivandrum-11 cokonetacademy.com
AUTHORIZED SAP TRAINING CENTRE

നഴ്സറി-പ്രൈമറി കുട്ടികൾക്ക്
കേരളകൗമുദി
കുട്ടികളുടെ വാരിക

രോഗികൾ മാത്രം വായിക്കുക
• കൊല്ലം - ബുധനാഴ്ച
• കൊച്ചി - വ്യാഴം, വെള്ളി
തിരുവനന്തപുരം ശനി മുതൽ ചൊവ്വ വരെ
കൺസൽട്ടിംഗ് ഉണ്ടായിരിക്കുന്നതാണ്
• പാർശ്വഫലങ്ങളില്ലാത്ത ഫലപ്രദമായ ചികിത്സ



ദാമ്പത്യ ജീവിത പരാജയത്തിന് കാരണമാകുന്ന ശക്തിക്കുറവ്, വലിപ്പക്കുറവ്, ശീഘ്രസ്ഖലനം, സ്വപ്ന സ്ഖലനം, സ്ത്രീകൾക്കുണ്ടാകുന്ന വെള്ളപോക്ക്, സ്തന വലിപ്പക്കുറവ്, മറ്റു മൂത്രാശയരോഗങ്ങൾ 100% ഉത്തരവാദിത്വത്തോടുകൂടി ചികിത്സിച്ചു ഭേദമാക്കുന്നു.
(CALL FOR APPOINTMENT)
9387816888
9946017861
Dr. ഹക്കീം ഷാക്കിർ
അവർകളെ നേരിൽ കാണുക.
മോഡേൺ ഹെൽത്ത് സെന്റർ
2nd Floor, CDRC ബിൽഡിംഗ്, മണക്കാട് മാർക്കറ്റിന് എതിർവശം, തിരുവനന്തപുരം

# എസ്.എസ്.എൽ.സി പരീക്ഷ - 2019

പാഠശേഖരം
പുസ്തകങ്ങൾക്കപ്പുറം

# ഹിന്ദി

തയാറാക്കിയത്: ലേബർ ഇന്ത്യ വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം

ഹിന്ദി പാഠപുസ്തകത്തിലെ അഞ്ച് യൂണിറ്റും സമകാലികസമൂഹത്തിന്റെ പ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതാണ്. ഈ യൂണിറ്റുകളുമായി ബന്ധപ്പെട്ട് കവിത, കഥ, ലേഖനം, പോസ്റ്റർ, യാത്രാവിവരണം, അഭിമുഖം, ഡയറി, സംഭാഷണം, കത്ത്, പ്രസംഗം, തെറ്റുതിരുത്തൽ, കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷത, ചേരുംപടി ചേർക്കൽ, വാക്യപിരമിഡ് നിർമ്മിക്കുക തുടങ്ങിയ മേഖലകളിൽനിന്നും പരീക്ഷയ്ക്ക് ചോദ്യങ്ങൾ വരാം. അതിനാൽ ഈ മേഖലകളെക്കുറിച്ച് നന്നായി അറിഞ്ഞിരിക്കണം. അതോടൊപ്പം വ്യാകരണസംബന്ധമായ ചോദ്യങ്ങളും ഉണ്ടായിരിക്കും. ഇത്തരത്തിലുള്ള കൂടുതൽ ചോദ്യങ്ങൾ കണ്ടെത്തി അവയുടെ ഉത്തരങ്ങൾ സ്വയം എഴുതി പരിശീലിക്കുക. ഓരോ യൂണിറ്റും പരിചയപ്പെടുത്തിയും വിവിധ മേഖലകളെ ഉൾപ്പെടുത്തിയും തയ്യാറാക്കിയ മാതൃകാ ചോദ്യപേപ്പറും അതിന്റെ ഉത്തരവും ഇവിടെ നൽകുന്നു.

## इकाई-1 പാഠഭാഗങ്ങൾ

### 1. बीरबहूटी (कहानी) प्रभात:

ബേലായും സാഹിലും ഉറ്റസുഹൃത്തുക്കളാണ്. അവർ അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നു. അവർ ഒരുമിച്ചാണ് സ്കൂളിൽ പോകുന്നത്. പഠിക്കുക, എഴുതുക, കളിക്കുക, പേനയിൽ മഷി നിറയ്ക്കുക തുടങ്ങിയ എല്ലാ കാര്യങ്ങളും അവർ ഒരേ മനസ്സോടെയായിരുന്നു ചെയ്തിരുന്നത്. കണക്കിന്റെ മാസ്റ്റർ ബേലായോട് മോശമായി പെരുമാറിയപ്പോൾ രണ്ടുപേരും ദുഃഖിതരായി. അവരുടെ സ്കൂൾ അഞ്ചാംക്ലാസ്സുവരെയേ ഉണ്ടായിരുന്നുള്ളൂ. അഞ്ചിൽനിന്ന് ആറിലെത്തിയപ്പോൾ രണ്ടുപേർക്കും വെവ്വേറെ സ്കൂളുകളിൽ പോകേണ്ടിവന്നു. ഹൃദയത്തിൽ വേദനയും കണ്ണുകളിൽ കണ്ണുനീരും നിറച്ച് ബേലായും സാഹിലും വിഷമത്തോടെ വിപരീതദിക്കുകളിലേക്ക് പോകുന്നതാണ് കഥ.

### 2. हताशा से एक व्यक्ति बैठ गया था (टिप्पणी) नरेश सक्सेना:

വിനോദ് കുമാർ ശുക്ലയുടെ '**हताशा से एक व्यक्ति बैठ गया था**' കവിതയ്ക്ക് നരേശ് സക്സേനയുടെ വ്യാഖ്യാനമാണ് ഈ പാഠം. 'അറിയുക' എന്ന വാക്കിന്റെ അർത്ഥം ഈ കവിതയിൽ രണ്ടു മനുഷ്യരുടെ ഇടയ്ക്കുള്ള മനുഷ്യത്വത്തിന്റെ ബോധം ഉളവാക്കുന്നതാണ്.

### 3. टूटा पहिया (कविता) धर्मवीर भारती:

പ്രസിദ്ധ ഹിന്ദി കവി ധർമ്മവീർ ഭാരതിയുടെ ഒരു ചെറിയ കവിതയാണ് '**टूटा पहिया**'. ഭരണവർഗ്ഗം തങ്ങളുടെ അധികാരവും ശക്തിയുംകൊണ്ട് നിസ്സഹായരുടെ ശബ്ദത്തെ അടിച്ചമർത്താനാഗ്രഹിക്കുന്നു. ചക്രവ്യൂഹത്തിൽ അകപ്പെട്ട നിരായുധനായ അഭിമന്യു തകർന്ന രഥചക്രത്തെ അധർമ്മത്തിനും അക്രമത്തിനും എതിരെ സത്യത്തിന്റെ ആയുധമാക്കിയിരുന്നു. ഇന്നത്തെ ഉപേക്ഷിക്കപ്പെട്ടവരും ചൂഷിതരുമായ മനുഷ്യർ തങ്ങളുടെ മൂല്യങ്ങളാകുന്ന ആയുധംകൊണ്ട് ഭരണവർഗ്ഗത്തിന്റെ അധർമ്മത്തിനെതിരായി പോരാടാനുള്ള ആഹ്വാനമാണ് ഈ കവിതയിൽ.

### 4. बंटी (उपन्यास अंश) मन्नू भण्डारी :

മന്നുഭണ്ഡാരിയുടെ നോവൽ '**बंटी**' യുടെ ആദ്യ അദ്ധ്യായത്തിന്റെ ആദ്യഭാഗമാണിവിടെ പഠിക്കാനുള്ളത്.

## इकाई-2 പാഠഭാഗങ്ങൾ

### 1. ऊँट बनाम रेलगाडी (संस्मरण) सत्यजीत राय :

സത്യജിത്ത് റേയുടെ സിനിമ സോനാർ കെല്ലയുടെ ഷൂട്ടിംഗ് സമയത്ത് നടന്ന ഒരു സംഭവത്തെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പാണിത്. ഒട്ടകങ്ങളെകൊണ്ടുള്ള ഒരു ഷോട്ടെടുക്കാനായി സത്യജിത്ത് റേ ജയ്സാൽമീറിൽ എത്തി. അദ്ദേഹത്തിന്റെകൂടെ ലാൽമോഹൻ ഗാംഗുലി, ഫെലൂ, തോപ്സേ തുടങ്ങിയവർ ഉണ്ടായിരുന്നു. ആദ്യഷോട്ടെടുത്തപ്പോൾ ഒട്ടകങ്ങളുടെ ടീം വണ്ടി നിറുത്താൻ ശ്രമിക്കുന്നതുകണ്ട് ഡ്രൈവർ വണ്ടി നിറുത്തി. വാസ്തവത്തിൽ ട്രെയിൻ നിറുത്തേണ്ട ആവശ്യം ഇല്ലായിരുന്നു. പക്ഷേ ഡ്രൈവറോട് ഈ കാര്യം പറയാൻ മറന്നുപോയിരുന്നു. രണ്ടാമത്തെ പ്രാവശ്യം വണ്ടി നീങ്ങുന്നുണ്ട്. പക്ഷേ പുകയില്ലായിരുന്നു. പിന്നീട് ബോയ്ലറിൽ കൽക്കരി നിറച്ച് ഷൂട്ടിംഗ് തുടർന്നു. അങ്ങനെ മൂന്നാമത്തെ പ്രാവശ്യം രംഗം ശരിയായി ഫിലിമിലായി എന്ന് സജ്ഞയ് ഭാരതി ഈ ഓർമ്മക്കുറിപ്പിലൂടെ വ്യക്തമാക്കുന്നു.

### 2. सबसे बड़ा शो मैन (जीवनी) गीत चतुर्वेदी :

ചാർലി ചാപ്ലിന്റെ ജീവചരിത്രത്തിന്റെ ഒരു ഭാഗമാണിത്. ഒരു ദിവസം തിയേറ്ററിൽ പാട്ടുപാടിക്കൊണ്ടിരുന്നപ്പോൾ ചാർലിയുടെ അമ്മയുടെ ശബ്ദം തകരാറിലായി. ആളുകൾ ബഹളം വയ്ക്കാൻ തുടങ്ങി. മാനേജർ അഞ്ചുവയസ്സുള്ള ചാർലിയെ സ്റ്റേജിൽ കയറ്റാൻ നിർബ്ബന്ധിച്ചു. ചാർലി അവിടെനിന്ന് പാട്ടുപാടി, കാണികളോടു സംസാരിച്ചു, ഡാൻസ് ചെയ്തു, തന്റെ അമ്മ ഉൾപ്പെടെയുള്ള പല ഗായകരെയും അനുകരിച്ചു. ആളുകൾ അവനെ പണം നല്കിയും കൈയടിച്ചും സ്വീകരിച്ചു. മറ്റുള്ളവരെ ചിരിപ്പിക്കുന്നയാളായ ചാർലി ചാപ്ലിന്റെ ആദ്യത്തെ ഷോ ആയിരുന്നു അതെന്ന് ഗീത് ചതുർവേദി ഈ ജീവചരിത്രഭാഗത്തിലൂടെ വിവരിക്കുന്നു.

### 3. नीली आसमानी छतरी (फिल्मी गीत) :

കുട്ടികളുടെ സിനിമ 'ബ്ലൂ അമ്പ്രല്ലാ'യിലെ ഒരു ഗാനം '**नीली आसमानी छतरी**'.

## इकाई-3 പാഠഭാഗങ്ങൾ

### 1. अकाल और उसके बाद (कविता) नागार्जुन:

നാഗാർജ്ജുന്റെ ഈ കവിതയിൽ ആദ്യത്തെ നാലുവരികളിൽ ക്ഷാമത്തിന്റെയും തുടർന്നുള്ള നാലുവരികളിൽ അതിനുശേഷമുള്ള അവസ്ഥയുടെയും വർണ്ണനയാണ്. ക്ഷാമം കാരണം വീടുകളിൽ ധാന്യം ഇല്ലായിരുന്നു. അതുകൊണ്ട് അടുപ്പ് അണഞ്ഞു തന്നെ കിടന്നു, കത്തിച്ചിരുന്നില്ല. തിരികല്ലും സങ്കടത്തിലായിരുന്നു, ക്ഷാമകാലത്ത് ഗ്രാമത്തിലെ ഒരു വീട്ടിലും ധാന്യങ്ങൾ ഉണ്ടായിരുന്നില്ല. വയലുകളിലും ധാന്യം ഇല്ലായിരുന്നു. വളരെ നാളത്തെ ക്ഷാമത്തിനുശേഷം വീട്ടിൽ ധാന്യങ്ങൾ വന്നു. അപ്പോൾ അടുപ്പ് കത്തുകയും ചിമ്മിനിയിലൂടെ പുക ഉയരുകയും ചെയ്യാൻ തുടങ്ങി. ആഹാരം ഉണ്ടാക്കുന്ന സന്തോഷത്താൽ വീട്ടിലുള്ളവരുടെയെല്ലാം കണ്ണുകൾ തിളങ്ങി.

### 2. ठाकुर का कुआँ (कहानी) प्रेमचन्द:

താഴ്ന്ന വർഗ്ഗത്തിൽ പിറന്നതിനാൽ രോഗാവസ്ഥയിൽ പോലും ഒരു തുള്ളി ശുദ്ധജലം കുടിക്കാൻ സാധിക്കാത്ത ജോഖുവിന്റെ സങ്കടം വ്യക്തമാക്കുന്ന പ്രേംചന്ദിന്റെ കഥയാണ് ഇത്. ജോഖുവും ഗംഗിയുമാണ് ഇതിലെ കഥാപാത്രങ്ങൾ.

### 3. एक थाल चाँद भरा... (कहानी) अनंत गंगोला :

ആഹാരത്തിന്റെ വില നമുക്കു മനസ്സിലാക്കിത്തരുന്ന അനന്ത് ഗംഗോലയുടെ കഥ.

## इकाई-4 പാഠഭാഗങ്ങൾ

### 1. बसंत मेरे गाँव का (लेख) मुकेश नौटियाल:

ഉത്തരാഖണ്ഡിലെ ഹിമാലയപ്രദേശത്തെ വസന്തകാലവും വേനൽക്കാലവും തീർത്ഥാടകപ്രവാഹവും വിവരിക്കുന്ന മുകേശ് നൗടിയാലിന്റെ ലേഖനമാണ് '**बसंत मेरे गाँव का**' ഇതിൽ ഋതുപരിവർത്തനത്തെക്കുറിച്ചാണ് ലേഖകൻ പറയുന്നത്.വസന്തം പുഷ്പദേവതയുടെ ഉത്സവമാണ്. കുട്ടികൾ പൂക്കളിറുത്ത് ഓരോ വീടിന്റെയും വാതിൽപ്പടികൾ അലങ്കരിക്കുന്നു. ദക്ഷിണയായി കിട്ടുന്ന വസ്തുക്കൾകൊണ്ട് സമൂഹസദ്യ ഉണ്ടാക്കുന്നു. എല്ലാ കാര്യങ്ങളും കുട്ടികളാണ് ചെയ്യുന്നത്.

### 2. जैसलमेर (यात्रावृत्त) मिहिर पांडेय :

രാജസ്ഥാനിലെ ജൈസൽമേർ യാത്രയെക്കുറിച്ച് മിഹിർ പാണ്ഡേയുടെ യാത്രാവിവരണമാണ് ഈ പാഠം.

### 3. जगहों के नाम (कविता) तेजी ग्रोवर :

'**जगहों के नाम**' തേജി ഗ്രോവറിന്റെ കവിതയാണ്. ഏതെങ്കിലും ഒരു സ്ഥലത്തെ അതിന്റെ പേരിലേക്ക് പരിമിതപ്പെടുത്തുമ്പോൾ നാം അതിൽ മാത്രമാണ് ശ്രദ്ധിക്കുന്നതെന്ന് കവയിത്രി ഈ കവിതയിലൂടെ പറയുന്നു.

## इकाई-5 പാഠഭാഗങ്ങൾ

### 1. बच्चे काम पर जा रहे हैं (कविता) राजेश जोशी:

പ്രമുഖ ഹിന്ദി കവി രാജേഷ് ജോഷിയുടെ ഒരു ചെറിയ കവിതയാണ് '**बच्चे काम पर जा रहे हैं**' ബാലവേലയിലേക്ക് നമ്മുടെ ശ്രദ്ധയാകർഷിക്കാനുള്ള ശ്രമമാണ് കവി ഈ കവിതയിലൂടെ നടത്തിയിരിക്കുന്നത്. ദരിദ്രരായ കുട്ടികൾ തങ്ങളുടെയും തങ്ങളുടെ കുടുംബങ്ങളിലെയും ബുദ്ധിമുട്ടുകൾ കൊണ്ടായിരിക്കും ബാല്യത്തിലെ സന്തോഷം ഉപേക്ഷിച്ച് ജോലിക്കുപോകുന്നത്. ഇവരുടെ പ്രശ്നങ്ങൾ ഇല്ലാതാക്കാനുള്ള ഉത്തരവാദിത്തം സമൂഹത്തിന്റെയാണ് എന്ന് ഈ കവിതയിലൂടെ കവി പറയുന്നു.

### 2. गुठली तो पराई है (कहानी) कनक शशि:

തനിക്ക് സ്വന്തം വീട്ടിൽ ഒരു സ്ഥാനവും ഇല്ലെന്നു മനസ്സിലാക്കി പ്രതികരിക്കുന്ന ഗുഠലി ആണ് ഇതിലെ പ്രധാന കഥാപാത്രം. മാതാപിതാക്കളുടേയും സഹോദരങ്ങളുടേയും കൂടെ സന്തോഷത്തോടെ കഴിഞ്ഞുവന്ന ഗുഠലി താൻ പെൺകുട്ടിയായതുകൊണ്ട് സ്വന്തം വീട്ടിൽ അന്യയാണെന്നറിയുന്നു. ഉള്ളിൽ സങ്കടമുണ്ടെങ്കിലും ധൈര്യപൂർവം അവൾ ഇതിനെതിരെ പ്രതികരിക്കുന്നു. ഗുഠലിയുടെ ചിന്തകളും പ്രവൃത്തികളുമാണ് ഈ കഥയിൽ.

### 3. तुम लड़की हो तुम्हें क्यों पढ़ना है? (कविता) कमला भसीन:

തനിക്ക് പഠിക്കണം എന്ന് ഉറക്കെപ്പറയുന്ന പെൺകുട്ടിയെക്കുറിച്ച് കമലാഭസീനിന്റെ കവിത.

## മാതൃകാ ചോദ്യങ്ങളും ഉത്തരങ്ങളും

Time: $1^1/_2$hrs. Score: 40

**सूचना: 'सबसे बड़ा शो मैन' जीवनी का वह अंश पढ़ें और 1 से 3 तक के प्रश्नों के उत्तर लिखें।**

चार्ली को वह अक्सर अपने साथ थिएटर ले जाती थी। उस दिन भी परदे के पीछे खड़ा वह आवाज़ के तमाशे को देख रहा था। माँ और मैनेजर में बहस होते देख वह वहाँ गया। मैनेजर ने चार्ली को माँ के कुछ दोस्तों के सामने अभिनय करते देखा था और वह उसे स्टेज पर भेजने की ज़िद करने लगा।

1. चार्ली अक्सर माँ के साथ कहाँ जाता था? 1
   (बगीचा, थिएटर, पार्क)
2. मैनेजर ने क्या देखा था? 2
3. कहानी के इस प्रसंग के आधार पर पटकथा का एक दृश्य लिखें। 4

**अथवा**

चार्ली को स्टेज पर ले जाने की बात को लेकर माँ और मैनेजर के बीच का वार्तालाप तैयार करें।

**सूचना: 'टूटा पहिया' कविता की पंक्तियाँ पढ़कर 4 से 6 तक के प्रश्नों के उत्तर लिखें।**

बड़े-बड़े महारथी
अकेली निहत्थी आवाज़ को
अपने ब्रह्मास्त्रों से कुचल देना चाहें
तब मैं
रथ का टूटा हुआ पहिया
उसके हाथों में
ब्रह्मास्त्रों से लोहा ले सकता हूँ!

4. 'अकेली आवाज़' में विशेषण शब्द कौन-सा है? 1
5. टूटा हुआ पहिया क्या कर सकता है? 2
6. ऊपर के कवितांश का सारांश तैयार करें। 4

**सूचना: 'जैसलमेर' यात्रावृत्त का अंश पढ़कर 7 से 9 तक के प्रश्नों के उत्तर लिखें।**

सोनार किला एक मज़ेदार जगह है। किला होने के बावजूद इसके भीतर बड़ी संख्या में परिवार रहते हैं। इन परिवारों के लिए आने वाले पर्यटक ही उनकी रोज़ी-रोटी है। किले के अंदर एक लाइन से दुकानें सजी हैं।

7. सोनार किला एक मज़ेदार जगह है। क्यों? 2
8. 'अंदर' शब्द का समानार्थी शब्द कविता से ढूँढ़ें। 1
9. आपको भी यात्रा पसंद है न? एक यात्रा का विवरण तैयार करें। 4

**सूचना: 'गुठली तो पराई है' कहानी का अंश पढ़कर नीचे दिए प्रश्नों के उत्तर लिखें।**


पीछे से बुआ की आवाज़ सुनाई दी, "चौदह की हो गई पर अकल नहीं आई छोरी को।" माँ बोली, "बचपना है दीदी समझ जाएगी।" माँ को बुआ का साथ देता देख गुठली गुस्से के साथ उदास भी हो गई और सीढ़ियों पर बैठ गई।

10. गुठली किस बात को नहीं मानती? सही प्रस्ताव है- 1
   - माँ-बाप का घर लड़की का अपना घर है।
   - लड़की अपने घर की दौलत है।
   - लड़कियों का असली घर ससुराल है।
11. 'उसे' में निहित सर्वनाम कौन-सा है? 1
   (वे, यह, वह)
12. गुठली क्यों उदास हो गयी? 1
13. गुठली के उस दिन की डायरी तैयार करें। 4

**सूचना: 'बसंत मेरे गाँव का' लेख का अंश पढ़कर प्रश्न 14 और 15 के उत्तर लिखें।**

महीनों तक फैले चरागाहों, घने जंगलों और अनजान बस्तियों में भटकने के बाद अपने घर लौटने की खुशी उत्सव का माहौल रच देती है।

14. वह अपने घर लौटता है। ('वह' के बदले 'वे' का प्रयोग करके वाक्य का पुनर्लेखन करें) 1
15. वाक्य पिरामिड की पूर्ति करें। 2




16. पोस्टर तैयार करें। 3
   बालश्रम कानूनन जुल्म है। बालश्रम रोकने के लिए एक पोस्टर तैयार करें।

**सूचना: कवितांश पढ़ें और 17 से 19 तक के प्रश्नों के उत्तर लिखें।**

मेरे गाँव को चीरती हुई।
पहले, आदमी से बहुत पहले से
चुपचाप बह रही है वह पतली-सी नदी
जिसका कोई नाम नहीं;
तुमने कभी देखा है
कैसी लगती है बिना नाम की नदी?

17. कविता का उचित शीर्षक लिखें। 1
18. निम्नलिखति आशयवाली दो पंक्तियाँ चुनकर लिखें। 2
   एक बेनाम पतली नदी चुपचाप बह रही है।
19. सही मिलान करें। 3

| | |
|---|---|
| मनुष्य | गाँव |
| सरिता | आदमी |
| देहत | नदी |

## ഉത്തരങ്ങൾ

1. थिएटर।
2. मैनेजर ने चार्ली को माँ के कुछ दोस्तों के सामने अभिनय करते देखा था।
3. (क) सीन-1


**(एक थिएटर के पर्दे के पीछे। समय रात 8 बजे)**
**(एक स्त्री और उसके मैनेजर के बीच बातें हो रही है। साथ एक छोटा लड़का खड़ा है।)**

स्त्री : मैं क्या करूँ?
मैनेजर : क्या हुआ?
स्त्री : मेरी आवाज़ फूट गयी।
मैनेजर : अब इन लोगों को कैसे संभालें।
स्त्री : पता नहीं।
मैनेजर : एक उपाय है।
स्त्री : क्या है?
मैनेजर : चार्ली को स्टेज पर ले जाऊँ?
स्त्री : पाँच साल का बच्चा वहाँ जाकर क्या करेगा?
मैनेजर : उसको आप के दोस्तों के सामने कुछ अभिनय करते देखा हूँ।
स्त्री : मुझे डर है।
मैनेजर : कोई बात नहीं, मैं उसे ले जाऊँ।

**(दृश्य समाप्त)**

(ख) चार्ली की माँ : गा नहीं पा रही हूँ साब।
मैनेजर : क्यों, क्या हुआ? तुम्हारी आवाज़ फटकर फुसफुसाहट में बदल गयी है। तुम अब न गा सकती हो।
चार्ली की माँ : पहली बार मुझे ऐसा अनुभव हो रहा है। मुझे एक और अवसर दीजिए।
मैनेजर : देखो, थियेटर दर्शकों से भरा है। लोग चिल्लाने लगे हैं। कहीं-कहीं से म्याऊ-म्याऊ की आवाज़ भी निकल रही है।
चार्ली की माँ : तो मुझे क्या करना चाहिए?
मैनेजर : जल्दी स्टेज से हटो और बेटा चार्ली को स्टेज पर भेजो। तुम अक्सर उसे अपने साथ थियेटर ले आया करती हो।
चार्ली की माँ : वह बहुत छोटा है, सिर्फ़ पाँच साल का बालक। वह इतनी बड़ी भीड़ को कैसे झेल सकेगा?
मैनेजर : डरने की कोई बात नहीं। मैं ने चार्ली को तुम्हारे कुछ दोस्तों के सामने अभिनय करते देखा है।
चार्ली की माँ : वह तो उसका तमाशा होगा। उसने आज तक किसी स्टेज पर कोई भी कार्यक्रम नहीं दिखाया है।
मैनेजर : जो भी हो, मुझे दर्शकों का ख्याल रखना है। कार्यक्रम नहीं होगा तो दर्शक बिगडेंगे।
चार्ली की माँ : तो मैं क्या करूँ?
मैनेजर : तुम चुप रहो। मैं किसी तरह उसे स्टेज पर ले जाऊँ।

4. अकेली।
5. निहत्थे अभिमन्यु ने रथ के टूटे पहिए को हथियार बनाकर महारथियों के ब्रह्मास्त्रों से लोहा लिया था। शासक वर्ग जब आम जनता के अधिकारों को ब्रह्मास्त्रों से कुचल डालना चाहें तो उनसे लोहा लेने में मानव मूल्य रूपी टूटा पहिया काम आएगा।
6. हिंदी के प्रमुख कवि धर्मवीर भारती की एक छोटी कविता है 'टूटा पहिया'। इसमें अभिमन्यु और टूटे पहिए के प्रतीक से कवि मानवमूल्यों की प्रधानता हमें समझाते हैं। यह जानते हुए भी उन महारथियों ने अपने ब्रह्मास्त्रों से अभिमन्यु की अकेली निहत्थी आवाज़ को कुचल डालना चाहा। उस वक्त अभिमन्यु ने अपने रथ के टूटे हुए पहिए को हथियार बनाकर ब्रह्मास्त्रों से लोहा लिया था। रथ का टूटा हुआ पहिया मानव-मूल्यों का प्रतीक है। शासक वर्ग अपने अधिकार और शक्ति का दुरुपयोग करके आम जनता को कुचल डालना चाहता है। शासकों के अधर्म और अत्याचारों को अनदेखा करनेवाले मुसाहब उनका समर्थन करते हैं। तब मानव-मूल्य एक ऐसा हथियार है, जिसके सहारे अकेला निहत्था मानव ब्रह्मास्त्रों का सामना कर सकता है।
7. किला होने के बावजूद इसके भीतर बड़ी संख्या में परिवार रहते हैं।
8. भीतर।
9. **तिरुवनन्तपुरम यात्रा**
   पिछले सोमवार को मैं तिरुवनंतपुरम पहुँची। वहाँ मैं ने म्यूज़ियम, हवाई अड्डा, कोवलम का सागर तट आदि देखे। साढ़े बारह बजे मैं ने भोजन किया। फिर दो बजे तक पद्मनाभपुरम महल देखा। साढ़े तीन को मैं कन्याकुमारी में आई। कन्याकुमारी भारत के बिलकुल दक्षिण में है। यह तीन सागरों का संगम स्थान है। समुद्र के बीच चट्टान पर विवेकानंद स्मारक है। इसे देखने के बाद मैं ने कुमारी देवी के मंदिर के दर्शन किये। शाम को मैं ने गाँधी स्मारक भी देखा। इसके बाद सूर्यास्त का दृश्य देखने केलिए सागर के तट पर पहुँची। मैं सायं सात बजे तक कन्याकुमारी में थी। इस के बाद अपने घर की ओर लौटी। ठीक बारह बजे मैं घर वापस आई।
10. लड़कियों का असली घर ससुराल है।
11. वह।
12. दीदी की शादी के कार्ड पर अपना नाम न छपा देखकर गुठली बहुत उदास हो गयी।
13. **तारीख,**
   आज मेरेलिए ख़ुशी का दिन था। दीदी की शादी की तैयारियाँ हो रही थीं। घर मेहमानों से भरा था। सारे चचेरे-ममेरे भाई-बहन आये। इसी बीच शादी के कार्ड छपकर आए। मैं ने बहुत उत्सुकता से कार्ड हाथ में ले लिया। कार्ड देखकर मुझे दुःख और निराशा हुई। कार्ड में सिर्फ़ मेरा नाम नहीं था। भइया और उनके छोटे-से बेटे का भी नाम छपा था। मैं ने ताऊजी से शिकायत की। तब उन्होंने कहा कि अपने घर की लड़कियों के नाम कार्ड पर नहीं छपते। मैं रोने लगी तो बुआ ने डाँट कर कहा कि शादी के घर में ऐसी मनहूसियत मत फैलाना। मैं मानने को तैयार नहीं थी। आखिर माँ ने अपने हाथ से कार्ड में मेरा नाम लिख दिया। क्या शादी के कार्ड में नाम छपवाने की बात में ऐसा विवेचन ठीक है? क्या लड़की का अपने जन्म-घर में कोई अधिकार नहीं? बड़ी हो जाने पर मैं इसके विरुद्ध आवाज़ उठाऊँगी।
14. वे अपने घर लौटते हैं।
15.




16.

**बालश्रम रोको,**
**बच्चों को पढ़ने का अवसर दो।**
**बालश्रम कानूनन अपराध है।**
**हम सब मिलकर बालश्रम के विरुद्ध काम करें।**
बाल सेवा समिति

17. बहती नदी।
18. चुपचाप बह रही है वह पतली-सी नदी
   जिसका कोई नाम नहीं।
19.

| | |
|---|---|
| मनुष्य | आदमी |
| सरिता | नदी |
| देहत | गाँव |

ലേബർ ഇൻഡ്യ
വിദ്യാഭ്യാസ മാസികകൾ ഓൺലൈനിൽ ബുക്കുചെയ്യുന്നതിനായി സന്ദർശിക്കുക
എല്ലാമാസവും കൃത്യമായി പോസ്റ്റൽ/കൊറിയർ ആയി നിങ്ങൾക്ക് ലഭിക്കുന്നു
www.labourindia.com

വിവരങ്ങൾക്ക്: മാർക്കറ്റിംഗ് മാനേജർ, ലേബർ (ഇൻഡ്യ) പബ്ലിക്കേഷൻസ് ലി. മരങ്ങാട്ടുപിള്ളി, കോട്ടയം - 686 635 Tele: - 04822-251066, 251466, Fax: 91-4822-252766 Email: marketing@labourindia.com

### ഹാപ്പിനസ് പ്രോഗ്രാം ഇന്ന് മുതൽ

ബാലരാമപുരം: ആർട്ട് ഒഫ് ലിവിംഗ് നെയ്യാറ്റിൻകര സെന്ററിന്റെ ആഭിമുഖ്യത്തിൽ ഹാപ്പിനസ് പ്രോഗ്രാം ഇന്ന് മുതൽ 17 വരെ ആശുപത്രി ജംഗ്ഷനിലെ വിഷൻ സെന്ററിൽ നടക്കും.വൈകിട്ട് 5ന് ക്ലാസ് ആരംഭിക്കും.യോഗ, പ്രാണായാമം, ധ്യാനം, സുദർശനക്രിയ എന്നിവയിൽ പരിശീലനം നൽകും. ഫോൺ:9946201464.

www.keralakaumudi.com www.facebook.com/keralakaumudi

# ലോറിയും ബൈക്കും കൂട്ടിയിടിച്ചു ; രണ്ട് പേർക്ക് ദാരുണാന്ത്യം

തിരുവനന്തപുരം: ഇന്നലെ അർദ്ധരാത്രിയോടെ പടിഞ്ഞാറേക്കോട്ട പെരുന്താന്നി എൻ.എസ്.എസ് സ്കൂളിന് സമീപം ബൈക്കും ലോറിയും കൂട്ടിയിടിച്ച് ബൈക്ക്‌യാത്രക്കാരായ രണ്ട്‌യുവാക്കൾക്ക് ദാരുണാന്ത്യം. ഈഞ്ചയ്ക്കലിൽ നിന്നും പടിഞ്ഞാറേക്കോട്ടയിലേക്ക് വന്ന ബൈക്ക് കാറിനെ മറികടക്കവേ എതിരെ വന്ന ലോറിയുമായി കൂട്ടിയിടിച്ചായിരുന്നു അപകടമുണ്ടായത്.

ഇടിയുടെ ആഘാതത്തിൽ ബൈക്ക് ലോറിക്ക് അടിയിൽ പെട്ടുകയായിരുന്നു. ഇതിനിടെയുണ്ടായ അഗ്നിബാധയിൽ ബൈക്കും ലോറിയും കത്തിനശിച്ചു. ഒരാൾ സംഭവസ്ഥലത്തും മറ്റേയാൾ മെഡിക്കൽ കോളേജ് ആശുപത്രിയിലുമാണ് മരിച്ചത്. ഒരാൾ കല്ലറ അഭിവിലാസത്തിൽ ശശിധരന്റെ മകൻ അഭിലാൽ (23) ആണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.

ചിതറിയ നിലയിലുള്ള രണ്ടാമത്തെയാളുടെ വിവരം ലഭ്യമായിട്ടില്ല. പരിസരവാസികൾ വിവരമറിയിച്ചതിനെതുടർന്ന് സ്ഥലത്തെത്തിയ ചെങ്കൽച്ചൂള ഫയർഫോഴ്സും പൊലീസുമാണ് തീ നിയന്ത്രണ വിധേയമാക്കിയത്. ബൈക്ക് പൂർണ



അപകടത്തിൽ കത്തിനശിച്ച ലോറിയും ബൈക്കും

മായും കത്തിനശിച്ചു. ഇഷ്ടിക കയറ്റിപ്പോകുകയായിരുന്ന ലോറിയുടെ മുൻ ഭാഗവും കത്തി നശിച്ചിട്ടുണ്ട്. അപകടത്തിന് ശേഷം ലോറി ജീവനക്കാർ ഇറങ്ങിയോടി. ബൈക്ക് അമിതവേഗതയിലായിരുന്നെന്നും മരിച്ച ഇരുവരും ധരിച്ച യൂണിഫോമിൽ നിന്നും ഇവർ പാറ്റൂർ ആർടെക് മാളിലെ ജീവനക്കാരാണെന്ന് സംശയിക്കുന്നതായും ദൃക്സാക്ഷികൾ പറഞ്ഞു.

പൂന്തുറ സി.ഐ എസ്.എൽ. സജിയുടെ നേതൃത്വത്തിൽ വഞ്ചിയൂർ സ്റ്റേഷനിലെയും സമീപ സ്റ്റേഷനുകളിലെയും പൊലീസും സ്ഥലത്തെത്തി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി. യുവാക്കളുടെ മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി.

# നേമം സ്കൂളിനെതിരായ ആക്രമണത്തിൽ പ്രതിഷേധക്കൂട്ടായ്മ ഇന്ന്

നേമം: നേമം യു.പി സ്കൂളിനും സബ്‌വേക്കും നേരെയുണ്ടായ സാമൂഹ്യ വിരുദ്ധരുടെ ആക്രമണത്തിൽ നാട്ടുകാരും അദ്ധ്യാപകരും രക്ഷിതാക്കളും സംയുക്തമായി പ്രതിഷേധകൂട്ടായ്മ സംഘടിപ്പിക്കുന്നു. ഇന്ന് വൈകിട്ട് സ്കൂളിന് മുന്നിൽ നടക്കുന്ന പ്രതിഷേധക്കൂട്ടായ്മയിൽ എം.എൽ.എമാരും സ്ഥലത്തെ പ്രമുഖരും പങ്കെടുക്കുമെന്ന് ഹെഡ്മാസ്റ്റർ ജയചന്ദ്രൻ പറഞ്ഞു.

സംഭവത്തെക്കുറിച്ച് ഒ. രാജഗോപാൽ എം.എൽ.എ നേമം പൊലീസ് സ്റ്റേഷനിലെത്തി എസ്.ഐയുമായി സംസാരിച്ചു. കൗൺസിലർമാരായ എം.ആർ. ഗോപൻ, പാപ്പനംകോട് സജി തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

സബ്‌വേ പരിസരത്ത് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ നടപടികൾ ആരംഭിക്കുമെന്ന് എം.എൽ.എ പറഞ്ഞു.

ഐ.ബി. സതീഷ് എം.എൽ.എയും പൊലീസ് ഉദ്യോഗസ്ഥരുമായി സംസാരിച്ചു.

### ബാലാവകാശ കമ്മിഷൻ കേസെടുത്തു

തിരുവനന്തപുരം : നേമം ഗവ. യു പി സ്കൂളിലെ കുഞ്ഞുങ്ങൾ ദേശീയപാത കുറുകെ കടക്കാൻ നിർമിച്ച സബ് വേയുടെ ഗ്രില്ലുകൾ തകർത്ത അക്രമികൾക്കെതിരെ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർമാൻ പി. സുരേഷ് സ്വമേധയാ കേസെടുത്തു.

അഞ്ച് ദിവസത്തിനുള്ളിൽ ഇത് രണ്ടാം തവണയാണ് സ്കൂളിന് ആക്രമണമുണ്ടായത്. നേരത്തെ സ്കൂളിലെ മൾട്ടിമീഡിയ മുറിയുടെ ചില്ലുകൾ തകർത്തതായി കണ്ടെത്തിയിരുന്നു.

ഇതേത്തുടർന്ന് വിദ്യാർത്ഥിയുടെ കാലിൽ കുപ്പിച്ചില്ലുകൊണ്ട് പരിക്കേൽക്കുകയും ചെയ്തു.

# ഊരൂട്ടമ്പലത്ത് അഭിഭാഷകന്റെ വീട്ടിൽ നിന്നും വജ്രാഭരണങ്ങൾ ഉൾപ്പെടെ കവർന്നു

മലയിൻകീഴ്: ഊരൂട്ടമ്പലത്ത് അഭിഭാഷകന്റെ പൂട്ടിയിട്ടിരുന്ന വീട് കുത്തിത്തുറന്ന് വജ്രാഭരണങ്ങൾ ഉൾപ്പെടെ മൂന്നരലക്ഷത്തിന്റെ ആഭരണങ്ങൾ മോഷ്ടിച്ചു.

വഞ്ചിയൂർ കോടതിയിലെ അഭിഭാഷകൻ ഊരൂട്ടമ്പലം മലയിൻകീഴ് റോഡിൽ കെ. പ്രേംജിത്തിന്റെ ലക്ഷ്മിശ്രീ വീട്ടിലാണ് കവർച്ച നടന്നത്. കഴിഞ്ഞദിവസം അർദ്ധരാത്രിയോടെയായിരുന്നു സംഭവം. മോഷണം നടക്കുന്ന ദിവസം പ്രേംജിത്തും കുടുംബവും ബന്ധുവീട്ടിലായിരുന്നു. വീടിന്റെ മുൻവശത്തെ പൂട്ട് പൊളിച്ച് അകത്തുകടന്ന മോഷ്ടാവ് മേശയ്ക്കുള്ളിൽ സൂക്ഷിച്ചിരുന്ന താക്കോൽക്കൂട്ടമെടുത്ത് അലമാര തുറന്നാണ് ആഭരണങ്ങൾ കവർന്നത്. ഒന്നര ലക്ഷം രൂപയുടെ വജ്രം പതിച്ച വളകൾ, 50,000 രൂപയുടെ ഒരുസെറ്റ് വജ്ര വളകൾ, 50,000 രൂപയുടെ വജ്രം പതിച്ച ലോക്കറ്റ്, 25,000 രൂപയുടെ വജ്ര മോതിരം, നാല് ഗ്രാം, രണ്ട് ഗ്രാം തൂക്കം വരുന്ന സ്വർണ മോതിരങ്ങൾ എന്നിവ നഷ്ടപ്പെട്ടതായി അഭിഭാഷകൻ പൊലീസിൽ നൽകിയ പരാതിയിൽ പറയുന്നു. മാറനല്ലൂർ പൊലീസ് കേസെടുത്തു. ഫോറൻസിക്, വിരലടയാള വിദഗ്ദ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി.

# കുമാരനാശാന്റെ ജന്മദിനാഘോഷം; സ്വാഗതസംഘം രൂപീകരിച്ചു

കടയ്ക്കാവൂർ: മഹാകവി കുമാരനാശാന്റെ 147 ാമത് ജന്മദിനം ആശാൻ മെമ്മോറിയൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കായിക്കരയിൽ ആഘോഷിക്കുന്നു. ആഘോഷപരിപാടികൾക്കുള്ള സ്വാഗതസംഘം രൂപീകരിച്ചു.

ഏപ്രിൽ 20ന് ആണ് ആശാന്റെ ജന്മദിനം. വിദ്യാർത്ഥികളുടെ കലാ - സാഹിത്യ, ക്വിസ് - ഡിബേറ്റ് മത്സരങ്ങളും സെമിനാറുകളും, സമ്മേളനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. യോഗത്തിൽ അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് അഡ്വ. ചെറുന്നിയൂർ ജയപ്രകാശ് അദ്ധ്യക്ഷത വഹിച്ചു. പ്രൊ.എസ്. സുധീഷ്, വി. ലൈജു, ഉണ്ണി ആറ്റിങ്ങൽ, കരവാരം രാമചന്ദ്രൻ, സി.വി. സുരേന്ദ്രൻ, ശ്യാമപ്രകാശ്, ഡി. ശ്രീകൃഷ്ണൻ തുടങ്ങിയവർ സംസാരിച്ചു. പ്രൊഫ.എസ്. സുധീഷ് ( ചെയർമാൻ ), അഡ്വ. ചെറുന്നിയൂർ ജയപ്രകാശ് ( വർക്കിംഗ് പ്രസിഡന്റ്), വി. ലൈജു ( ജനറൽ കൺവീനർ ) , ഡോ.ബി. ഭുവനചന്ദ്രൻ ( ഫിനാൻസ് കമ്മിറ്റി ചെയർമാൻ ), ഡി. ശ്രീകൃഷ്ണൻ ( കൺവീനർ ), ഉണ്ണി ആറ്റിങ്ങൽ ( പ്രോഗ്രാം കമ്മറ്റി ചെയർമാൻ ), സി.വി. സുരേന്ദ്രൻ ( കൺവീനർ ), കരവാരം രാമചന്ദ്രൻ ( കലാസാഹിത്യ മത്സര കമ്മിറ്റി ചെയർമാൻ ), സി.വി. വിജയൻ ( കൺവീനർ ), ലിജാബോസ് ( വനിത വിഭാഗം കമ്മറ്റി ചെയർപേഴ്സൺ ) , ശ്യാമപ്രകാശ് ( കൺവീനർ ), കായിക്കര അശോകൻ ( പബ്ലിസിറ്റി ചെയർമാൻ ), ആദിൽ വർക്കല ( കൺവീനർ ) എന്നിവർ അംഗങ്ങളായ സ്വാഗസംഘം രൂപീകരിച്ചു.

## ഇന്ന്

**ആ**റ്റുകാൽ പൊങ്കാല ഒന്നാം ഉത്സവം

**പ്ര**സ് ക്ലബ് ഹാൾ: 'കേരളത്തിലെ നവോത്ഥാന നായകർ' പുസ്തക പ്രകാശനം, മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ - 4ന്

**മ**സ്കറ്റ് ഹോട്ടൽ: കിലേ വാർഷികം സംബന്ധിച്ച് വി. ശിവൻകുട്ടിയുടെ വാർത്താസമ്മേളനം - ഉച്ചയ്ക്ക് 12ന്

**ശ്രീ**പദ്മനാഭസ്വാമി ക്ഷേത്രം കിഴക്കേനട: സ്വാമി ദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യാ സത്സംഗം - 6.15ന്

**ക**വടിയാർ ശ്രീ ചിറ്റല്ലൂർ ദേവീ ക്ഷേത്രം: മകരഭരണി മഹോത്സവം സമാപനം, പൊങ്കാല - 8.45ന്

**വേ**ളി സെന്റ്. തോമസ് ദേവാലയം: സമൂഹബലി - 5.30ന്

**ചെ**മ്പഴന്തി ചെല്ലമംഗലം ദേവീ ക്ഷേത്രം: തൃക്കൊടിയേറ്റ് മഹോത്സവം, സമൂഹസദ്യ 7മുതൽ 10 വരെ, സാംസ്കാരിക സമ്മേളനം - 7ന്

**കോ**ട്ടയ്ക്കകം അഭേദാശ്രമം: ഉപദേശസാരം പ്രഭാഷണം - 5.15ന്

**വൈ**.എം.സി.എ ഹാൾ: പ്രൈവറ്റ് ഐ.ടി.ഐ മാനേജ്മെന്റ് അസോസിയേഷൻ വാർഷിക സമ്മേളനം, മന്ത്രി ടി.പി. രാമകൃഷ്ണൻ - 10.30ന്

**വൈ**. എം. സി.എ ഹാൾ: ഗാന്ധിരക്തസാക്ഷിത്വ ദൈവാരാചരണ സമാപനം, ഉദ്ഘാടനം വി.എം. സുധീരൻ - 4ന്

**മാ**ർ ഇവാനിയോസ് കോളേജ്: കോളേജുകൾക്കുള്ള റൂസ ഫണ്ട് വിതരണം, മുഖ്യമന്ത്രി - 12ന്

**കി**ഴക്കേകോട്ട തീർത്ഥപാദ മണ്ഡപം ആർഷ വിദ്യാപ്രതിഷ്ഠാനത്തിന്റെ ഭാരതീയ ദർശനപ്രഭാഷണ പരമ്പര, സ്വാമി ഹരിബ്രഹ്മേന്ദ്രാനന്ദ വൈകിട്ട് 6ന്

# ഇടിഞ്ഞാർ വനത്തിൽ വ്യാപക തീപിടിത്തം

■ മൂന്ന് ഹെക്ടറിലേറെ വനം കത്തിനശിച്ചു

പാലോട്: പെരിങ്ങമ്മല വന മേഖലയിൽ വ്യാപക തീ പിടിത്തം. മൂന്ന് ഹെക്ടറിലേറെ അക്കേഷ്യ, മാഞ്ചിയം പ്ലാന്റേഷൻ കത്തി നശിച്ചു.

ഇന്നലെ രാത്രി ഏഴോടെ ചെന്നല്ലിമൂട് ഭാഗത്ത് നിന്നാരംഭിച്ച തീ കല്ലണ, ഇയക്കോട്, മുല്ലച്ചൽ, ഇടിഞ്ഞാർ എന്നിവിടങ്ങളിൽ പടർന്നു പിടിക്കുകയായിരുന്നു.

ജനവാസ മേഖലയായ കല്യാണികരിക്കകത്തെ വീടുകളിലും കൃഷിയിടങ്ങളിലും ആദിവാസി ഊരുകളിലും തീ പടരാതിരിക്കാൻ നാട്ടുകാർ ഏറെ പണിപ്പെട്ടു. വിതുരയിൽ നിന്ന് അഗ്നിശമന സേന ഇടിഞ്ഞാറിൽ എത്തിയെങ്കിലും കുന്നിൻചെരിവിലെ തീ കെടുത്താനായില്ല. രാത്രി വൈകിയും തീ കെടുത്താനായിട്ടില്ല. വനാതിർത്തിയിൽ ഫയർലൈൻ തെളിക്കാത്തതാണ് തീ പടർന്നു പിടിക്കാൻ കാരണമെന്ന് ആക്ഷേപമുണ്ട്.



ഇടിഞ്ഞാറിലുണ്ടായ തീപിടിത്തം

# മുഴുവൻ സീറ്റിലും ഇടതുപക്ഷം ജയിക്കും: കോടിയേരി

തിരുവനന്തപുരം: സംസ്ഥാനത്തെ സഹായിക്കുന്ന മതനിരപേക്ഷ ഗവൺമെന്റ് ആയിരിക്കണം കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നതെന്നും കേരളത്തിൽ 20 സീറ്റിലും ഇടതുപക്ഷം ജയിക്കുമെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ലൈഫ് പദ്ധതിയുടെ ഭാഗമായി എൻ.ജി.ഒ യൂണിയൻ നിർമ്മിച്ചു നൽകുന്ന ഭവനസമുച്ചയത്തിന്റെ ശിലാസ്ഥാപനം മണ്ണന്തലയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സി.പി.എമ്മുമായി ഒരുമിച്ച് സഹകരിക്കാമെന്നാണ് മുല്ലപ്പള്ളി ഇപ്പോൾ പറയുന്നത്. പക്ഷേ കോൺഗ്രസുകാർ ഇപ്പോഴും കോൺഗ്രസിൽ തന്നെ ഉറച്ചു നിൽക്കുന്നുണ്ടോയെന്ന് അദ്ദേഹം പരിശോധിക്കണം. ലോക്കൽ കമ്മിറ്റികൾ ഓരോ വീടുവീതം ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചുനൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 800 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ടെന്നും ആകെ 2000 വീടുകൾ സി.പി.എം നിർമ്മിക്കുമെന്നും അദ്ദേഹം പറഞ്ഞു. എൻ.ജി.ഒ യൂണിയൻ പ്രസിഡന്റ് ഇ. പ്രേംകുമാർ അദ്ധ്യക്ഷത വഹിച്ചു. മേയർ വി.കെ. പ്രശാന്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, കൗൺസിലർ എൻ. അനിൽകുമാർ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി പ്രസിഡന്റ് രമേശൻ പാലേരി എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി ടി.സി. മാത്തുക്കുട്ടി സ്വാഗതവും ട്രഷറർ എൻ. നിമൽരാജ് നന്ദിയും പറഞ്ഞു. തിരുവനന്തപുരം കോർപറേഷൻ വക സ്ഥലത്ത് ഒരു കോടി രൂപ ചെലവിൽ എട്ടു വീടുകളാണ് ഭവനരഹിതർക്കായി എൻ.ജി.ഒ യൂണിയൻ നിർമ്മിക്കുന്നത്.



ജില്ലാ പവർലിഫ്റ്റിംഗ് മാസ്റ്റേഴ്സ് വിഭാഗം മത്സരത്തിൽ (74 കിലോ) സ്വർണമെഡൽ നേടിയ വീരകേരള ജിംഖാന അംഗം ആർ. സേതു

# എച്ച്.എഫ്.എൽ ലൈഫ് കെയർ സ്വകാര്യവത്കരണം അസറ്റ് വാല്യുവറെ തൊഴിലാളികൾ തടഞ്ഞു

തിരുവനന്തപുരം: എച്ച്.എൽ.എൽ ലൈഫ് കെയർ സ്വകാര്യവത്കരിക്കുന്നതിന്റെ ഭാഗമായി പേരൂർക്കട ഫാക്ടറി സ്ഥാവര ജംഗമസ്വത്തുക്കൾ വിലവയ്ക്കുന്നതിനെത്തിയ നീതിആയോഗ് നിയോഗിച്ച കണക്കെടുപ്പ് ഉദ്യോഗസ്ഥരെ തൊഴിലാളികൾ തടഞ്ഞു. തുടർന്ന് ഇവർ ഫാക്ടറിക്കുള്ളിൽ കടക്കാനാകാതെ തിരിച്ചുപോയി.

സംയുക്ത യൂണിയനുകളായ ഐ.എൻ.ടി.യു.സി, സി.ഐ.ടി.യു, എ.ഐ.ടി.യു.സി എന്നിവരുടെ നേതൃത്വത്തിൽ രൂപവത്കരിച്ച സേവ് എച്ച്.എൽ.എൽ ഫോറം ഇന്നലെ രാവിലെ ഫാക്ടറി പടിക്കൽ ആരംഭിച്ച പ്രതിരോധ സമരം ജനറൽ കൺവീനറും ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡന്റുമായ വി.ആർ. പ്രതാപൻ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി പി.ടി. വിജയകുമാർ അദ്ധ്യക്ഷത വഹിച്ചു. എ.ഐ.ടി.യു.സി സംസ്ഥാന സെക്രട്ടറി എം.ജി. രാഹുൽ, സി.ഐ.ടി.യു സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം കെ.വി. സുനിൽകുമാർ, യൂണിയൻ നേതാക്കളായ അജയ് കെ. പ്രകാശ്, ജയകുമാർ, നൗഷാദ് കായ്പാടി, ജെ. വിക്രമൻ നായർ, കവിത തെങ്ങമം, ബാലുചന്ദ്രൻ, വി. വിക്രമൻ, വിജയകുമാർ, നിസാർ അഹമ്മദ്, ചന്ദ്രബാബു എന്നിവർ സംസാരിച്ചു.



സേവ് എച്ച്.എൽ.എൽ ഫോറം പേരൂർക്കട ഫാക്ടറി പടിക്കൽ അസറ്റ് വ്യാല്യുവറെ തടഞ്ഞുകൊണ്ടുള്ള പ്രതിരോധ സമരം ഐ.എൻ.ടി.യു.സി ജില്ലാ പ്രസിഡന്റ് വി.ആർ. പ്രതാപൻ ഉദ്ഘാടനം ചെയ്യുന്നു. നൗഷാദ് കായ്പാടി, ജയകുമാർ, അജയ് കെ. പ്രകാശ്, ജെ. വിക്രമൻ നായർ, ശിവദാസൻ എന്നിവർ സമീപം

# ആദ്യഭാര്യയുടെ രണ്ടാംഭർത്താവ് കുത്തിയ സംഭവം: യുവാവിന്റെ നില ഗുരുതരം

തിരുവനന്തപുരം: ആദ്യ ഭാര്യയെയും രണ്ട് മക്കളെയും ആക്രമിച്ചതിന് യുവതിയുടെ രണ്ടാംഭർത്താവ് കുത്തിപ്പരിക്കേല്പിച്ച യുവാവിന്റെ നില ഗുരുതരം.

വയറ്റിൽ കുത്തേറ്റ നിലയിൽ കഴിഞ്ഞ വ്യാഴാഴ്ചയാണ് കാര്യവട്ടം തുണ്ടത്തിന് സമീപം പുല്ലാനിവിളയിൽ സുനീറിനെ (35 ) മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

സംഭവവുമായി ബന്ധപ്പെട്ട് നെയ്യാർഡാം സ്വദേശിയായ ഷമീറിനെ പൊലീസ് അറസ്റ്റുചെയ്തിരുന്നു.

സുനീറിന്റെ ആദ്യ ഭാര്യയുടെ ഭർത്താവാണ് ഷമീർ. ഭാര്യയെയും രണ്ട് മക്കളെയും ഉപേക്ഷിച്ച സുനീർ മറ്റൊരു വിവാഹം കഴിച്ചിരുന്നു.

പിന്നീട് യുവതി ഷമീറിനെയും വിവാഹം ചെയ്തു.

### വാർഷികം

ബാലരാമപുരം: പൂങ്കോട് റസിഡന്റ്സ് അസോസിയേഷൻ വാർഷികം മാർച്ച് 2,3 തീയതികളിൽ നടക്കും. 2ന് രാവിലെ 8.30 ന് വാർഡ് മെമ്പർ അംബികാദേവി പതാക ഉയർത്തും. 9 മുതൽ കായികമത്സരങ്ങൾ, വൈകിട്ട് 5 മുതൽ കലാമത്സരങ്ങൾ. രാത്രി 7 ന് കലാപരിപാടികൾ, മാർച്ച് 3ന് രാവിലെ 10 ന് ക്വിസ് മത്സരം, വൈകിട്ട് 5.30 ന് നടക്കുന്ന വാർഷിക പൊതുസമ്മേളനം ഐ.ബി. സതീഷ് എം.എൽ.എ ഉദ്ഘാടനം ചെയ്യും.


കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം-695 001

വിജ്ഞാപനം
KEAM- 2019
കേരളത്തിലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ ഫാർമസി/മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം അപേക്ഷകൾ ക്ഷണിച്ചു

സംസ്ഥാനത്തെ വിവിധ പ്രൊഫഷണൽ കോളേജുകളിൽ 2019–2020 വർഷത്തെ മെഡിക്കൽ കോഴ്സുകൾ, അനുബന്ധ കോഴ്സുകൾ, എഞ്ചിനീയറിംഗ് കോഴ്സുകൾ, ആർക്കിടെക്ചർ കോഴ്സുകൾ, ഫാർമസി കോഴ്സുകൾ എന്നിവയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട വിധം, പ്രവേശനത്തിനു വേണ്ട യോഗ്യതകൾ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ തീയതിയും സമയവും, അപേക്ഷാഫീസ്, വിശദമായ പ്രോസ്പെക്ടസ് എന്നിവ **www.cee-kerala.org., www.cee.kerala.gov.in, ww.prd.kerala.gov.in, www.kerala.gov.in** വെബ് സൈറ്റുകളിൽ ലഭ്യമാണ്. അവസാന സമയവും തീയതിയും: **ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2019 ഫെബ്രുവരി 28 വൈകിട്ട് 5 വരെ.** സർട്ടിഫിക്കറ്റ് അനുബന്ധരേഖകൾ 2019 മാർച്ച് 31 നകം ഓൺലൈനായി അപ്‌ലോഡ് ചെയ്യണം.

Helpline No: 0471 - 2339101, 2339102, 2339103, 2339104, 2332123

തിരുവനന്തപുരം
08.02.2019
(ഒപ്പ്)
പ്രവേശന പരീക്ഷാ കമ്മീഷണർ


## സിനിമ


■ന്യൂ (2323244) :: ■SCREEN 1 - 9 (M- 11.15, 2.30, 6.15, 9.30)
■SCREEN 2 - YATRA (M - 11.30, 2.30, 6.30, 9.30)
■SCREEN 3 - MIKHAEL (M - 11.15, 2.30, 6.15, 9.30)
■ശ്രീകുമാർ (2331222) :: VINAYA VIDEYA RAMA (M- 11.15, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: PETTA (T- 11.15, 2.30), ODIYAN (M-6.15), IRUPATHAM NOOTANDU (M-9.30)
■ശ്രീപത്മനാഭ (2473999) :: 9 (M- 11.00, 2.30, 6.00, 9.30)
■ദേവിപ്രിയ (2473999) :: YATRA (M-11.00, 2.30, 6.00, 9.30)
■അജന്ത (2472825) :: KUMBALANGI NIGHTS (M- 11.30, 2.30, 6.30, 9.45) (T- 11.30, 2.30, 6.30) VANTHA RAJAVATHAAN VARUVEN (T- 9.45)
■കൃപ :: PERAMBU (T- 12.00, 3.20, 6.30, 9.45), DHILLUKU DHUDDU (T-12.45, 7.15), ALITA (E-3D-4.00, 10.15)
■കലാഭവൻ :: കുംബളങ്ങി നൈറ്റ്സ് (M - 11.15, 2.30, 6.15, 9.30)
■സെൻട്രൽ (2462865) :: BARBARIAN (E - 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: കുംബളങ്ങി നൈറ്റ്സ് (M- 11.15, 2.30, 6.15, 9.30)
■ശ്രീ (2332747) :: കുംബളങ്ങി നൈറ്റ്സ് (M- 11.15, 2.30, 6.15, 9.30)
■നിള (2332747) :: വിജയ് സൂപ്പറും പൗർണമിയും (M- 2.30, 9.30pm) ഞാൻ പ്രകാശൻ (11.15, 6.15)
■ധന്യ (2476773) :: YATRA (M- 11.15, 2.30, 6.15, 9.30)
■രമ്യ (2476773) :: ALITA (E.3D- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi 1- ഇരുപത്തിയൊന്നാം നൂറ്റാണ്ട് (M- 8.00pm, 11.30am, 3.00pm, 6.45pm, 10.30 pm)
■Audi 2- KGF (T- 10.20am) പേട്ട (M-1.20pm, 10.40pm) THACKERAY (H- 4.50pm) ഞാൻ പ്രകാശൻ (M- 7.50)
■Audi 3- SIMBA (T- 11.00am) SPIDERMAN : INTO THE SPIDER VERSE (E- 2.00pm) AQUAMAN (E- 4.20 pm) മിഖായേൽ (M- 7.20 pm) വിശ്വാസം (T- 10.30pm)
■Audi 4 - CHARLIE CHAPLIN 2 (T- 10.45am, 10.30pm) മിഖായേൽ (M- 1.20 pm) പന്ത് (M-4.40pm) പ്രാണ (M- 7.45pm)
■Audi 5 - URI (H- 10.30am, 4.30pm, 7.30pm) MANIKARNIKA (H- 1.20pm, 10.30pm)
■Audi 6 - വിജയ് സൂപ്പറും പൗർണമിയും (M- 10.30, 1.30, 7.30, 10.30pm) KGF (T-4.20pm)
■കഴക്കൂട്ടം കൃഷ്ണ (2418144) :: YATRA (M-11.15, 6.15, 9.30), ALLU RAMENDRAN (M-2.30) സർവം താളമയം (T- 2.30, 6.15)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: 9 (M- 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജി ട്രാക്സ് (2757771) :: ■screen 1 : കായംകുളം കൊച്ചുണ്ണി (M - 11.15, 2.30, 6.15, 9.30)
■screen 2 : 96 (T- 11.30, 2.30, 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: ഇരുപത്തിയൊന്നാം നൂറ്റാണ്ട് (M- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ ഗംഗ (2629973) :: ഞാൻ പ്രകാശൻ (M- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ യമുന (2629973) :: KGF (T- 11.15, 2.15, 6.15, 9.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ZERO (H- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: ജനാധിപൻ (M- 11.15, 2.15), ജോസഫ് (M- 6.15, 9.15)
■ആറ്റിങ്ങൽ തപസ്യ (3291113) :: ALITA (E. 3D- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: VINAYA VIDHEYA RAMA (M- 11.15, 3.00, 6.30, 9.45)
■വർക്കല എസ്.ആർ (0470 2602339) :: വിജയ് സൂപ്പറും പൗർണമിയും (M-11.00, 2.00, 6.30, 9.30)
■വർക്കല വിമല (9895233785) :: KUMBALANGI NIGHTS (M- 11.00, 2.30, 6.30, 9.30)
■വർക്കല സ്റ്റാർ സിനിമ (2602344) :: അള്ള് രാമേന്ദ്രൻ (M- 11.00, 2.30, 6.15, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: ഫ്രഞ്ച് വിപ്ലവം (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: 9 (M- 11.00, 2.30, 6.00, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: YATRA (M- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: ■screen 1 : കംബളങ്ങി നൈറ്റ്സ് (M- 11.0, 2.30, 6.15, 9.30)
■screen 2 : അള്ള് രാമേന്ദ്രൻ (M- 11.00) PERAMBU (T- 2.15, 6.15, 9.30)
■പെരിങ്ങമ്മല അശ്വതി (2400394) :: JOSEPH (M- 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi 1- ഗജനീകാന്ത് (M- 11.30, 2.30, 6.15, 9.30)
■Audi 2- ഇബിലീസ് (M-11.00, 2.30, 6.15, 9.30)
■Audi 3- KARWAAN (H-11.00, 2.30, 6.15, 9.30)
■Audi 4- കൂടെ (M- 11.00, 2.30, 6.15, 9.30)
■Audi 5- JUNGA (T- 11.00, 2.30) ഒരു പഴയ ബോംബ് കഥ (M- 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M- 2.30, 6.15) അച്ചം എമ്പത് മടമയ്യെട (T- 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണതത്ത (M- 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1- കുംബളങ്ങി നൈറ്റ്സ് (M- 11.15, 2.30, 6.15, 9.30)
■Tela 2- 9 (M- 11.00, 2.15, 9.30) PERAMBU (T- 6.30)
■പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: YATRA (M - 11.15, 2.30, 6.15, 9.30)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: ഇരുപത്തിയൊന്നാം നൂറ്റാണ്ട് (M- 11.30, 2.30, 6.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട് -2 (M- 11.00, 2.15, 6.15, 9.15)
■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T- 10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: 9 (M- 11.00, 2.30, 6.15, 9.15)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്താലുംമൂട് IMP :: നിങ്ങൾ കാമറ നിരീക്ഷണത്തിലാണ് (M- 11.00, 2.30) MANIKARNIKA (T- 2.30, 6.30, 9.30)
■കാട്ടാക്കട സ്വരലയ: (9188628546) :: ■സ്വരം - 9 (M- 11.15, 2.15, 6.15, 9.15)
■ലയം - VINAYA VIDHEYA RAMA (M- 11.30, 9.30) PERANBU (T- 2.30, 6.30)

## മിന്നുമണി ബോർഡ് ഇലവനിൽ



തിരുവനന്തപുരം : ഈ മാസം 18ന് മുംബയ്യിൽ നടക്കുന്ന ഇംഗ്ലണ്ടിനെതിരായ സന്നാഹ ഏകദിന മത്സരത്തിനുള്ള ഇന്ത്യൻ ബോർഡ് പ്രസിഡന്റ്സ് ഇലവൻ വനിതാ ക്രിക്കറ്റ് ടീമിൽ മലയാളി താരം മിന്നുമണി ഇടം നേടി. സ്മൃതി മന്ദാനയാണ് ബോർഡ് ഇലവനെ നയിക്കുന്നത്.


www.keralakaumudi.com www.facebook.com/keralakaumudi

## കുൽദീപ് രണ്ടാം റാങ്കിൽ

ദുബായ്: ഇന്ത്യൻ സ്പിന്നർ കുൽദീപ് യാദവ് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ ട്വന്റി-20 ബൗളിംഗ് റാങ്കിംഗിൽ രണ്ടാം സ്ഥാനത്തെത്തി. കുൽദീപിന്റെ കരിയർ ബെസ്റ്റ് റാങ്കാണിത്. അഫ്ഗാനിസ്ഥാൻ സ്പിന്നർ റാഷിദ് ഖാനാണ് ഒന്നാം സ്ഥാനത്ത്. മറ്റൊരു ഇന്ത്യൻ സ്പിന്നർ യുസ്‌വേന്ദ്ര ചഹൽ ആറ് പടവ് ഇറങ്ങി 17-ാം സ്ഥാനത്തായി. പേസർ ഭുവനേശ്വർ 18-ാം റാങ്കിൽ തുടരുന്നു.

ബാറ്റിംഗ് റാങ്കിംഗിൽ ഇന്ത്യയുടെ രോഹിത് ശർമ്മ ഏഴാം സ്ഥാനത്താണ്. കെ.എൽ. രാഹുൽ 10-ാം സ്ഥാനത്തും ശിഖർധവാൻ 11-ാം സ്ഥാനത്തുമുണ്ട്. ടീം റാങ്കിംഗിൽ ഇന്ത്യ രണ്ടാം സ്ഥാനാണ്. പാകിസ്ഥാനാണ് ഒന്നാം റാങ്കിൽ.

## പ്രജ്നേഷ് 97-ാം റാങ്കിൽ

ന്യൂഡൽഹി : ഇന്ത്യൻ പുരുഷ താരം പ്രജ്നേഷ് ഗുണേശ്വരൻ എ.ടി.പി റാങ്കിംഗിൽ 97-ാം സ്ഥാനത്തേക്ക് ഉയർന്നു. സോംദേവ് ദേവ്‌വർമ്മനും യുകി ബാംബ്രിക്കും ശേഷം സിംഗിൾസ് റാങ്കിംഗിൽ ആദ്യ നൂറ് സ്ഥാനത്തിനകത്ത് എത്തുന്ന ഇന്ത്യൻ താരമാണ് പ്രജ്നേഷ്.

## ടീമിലിടം കിട്ടാത്തതിന് സെലക്ടറെ തല്ലിച്ചതച്ചു

ന്യൂഡൽഹി : ടീമിൽ അവസരം ലഭിക്കാത്ത താരം പരിശീലക ഗ്രൗണ്ടിലേക്ക് ഗുണ്ടകളെയും കൂട്ടിവന്ന് സെലക്ടറെ മർദ്ദിച്ച് അവശനാക്കി. ഡൽഹി സീനിയർ ടീം ചീഫ് സെലക്ടറും മുൻ ഇന്ത്യൻ പേസറുമായ അമിത് ഭണ്ഡാരിക്കാണ് തലയ്ക്ക് ഗുരുതണമായി മർദ്ദനമേറ്റത്.

ഡൽഹി അണ്ടർ -23 ടീമിൽ സെലക്ഷൻ ലഭിക്കാതിരുന്ന അനുജ്ധേക്ക എന്ന കളിക്കാരന്റെ നേതൃത്വത്തിലുള്ള സംഘമാണ് ആക്രമിക്കാനെത്തിയതെന്ന് പൊലീസ് പറഞ്ഞു. അമിതിനെ തല്ലിയശേഷം ഇവർ ഓടിമറഞ്ഞു. തലയ്ക്കും ചെവിക്കും പരിക്കേറ്റ അമിത് ഭണ്ഡാരി ആശുപത്രിയിലാണ്. സെലക്ടർക്കെതിരായ ആക്രമണത്തെ പ്രമുഖ താരങ്ങൾ അപലപിച്ചു.

## ധിൻദയ്ക്ക് പന്തുകൊണ്ട് തലയ്ക്കു പരിക്ക്

കൊൽക്കത്ത : മുൻ ഇന്ത്യൻ പേസർ അശോക് ധിൻദയ്ക്ക് പരിശീലന മത്സരത്തിനിടെ പന്ത് തലയ്ക്ക് കൊണ്ടുപരിക്ക്. ഈഡൻ ഗാർഡൻസിൽ ബംഗാൾ ട്വന്റി-20 ടീമിന്റെ പരിശീലന മത്സരത്തിനിടെ ബിരേന്ദർ വിവേക് സിംഗ് അടിച്ച പന്ത് റിട്ടേൺ ക്യാച്ചിന് ശ്രമിക്കുന്നതിനിടെയാണ് തലയിൽ പതിച്ചത്. ആശുപത്രിയിലെത്തിച്ച ധിൻദയെ സ്കാനിംഗിന് വിധേയനാക്കി. ഡോക്ടർമാർ ഒരു ദിവസത്തെ വിശ്രമം വിധിച്ചിട്ടുണ്ട്.

## ഇറാനി കപ്പ് ഇന്നുമുതൽ

നാഗ്പൂർ : രഞ്ജി ട്രോഫി ചാമ്പ്യൻമാരായ വിദർഭയും റെസ്റ്റ് ഒഫ് ഇന്ത്യ ടീമും തമ്മിലുള്ള ഇറാനി കപ്പ് ക്രിക്കറ്റ് മത്സരം ഇന്ന് നാഗ്പൂരിൽ തുടങ്ങും. അജിങ്ക്യ രഹാനെയാണ് റെസ്റ്റ് ഒഫ് ഇന്ത്യയെ നയിക്കുന്നത്.

## ഇംഗ്ലണ്ടിന് ലീഡ്

സെന്റ്ലൂസിയ : വെസ്റ്റ് ഇൻഡീസിനെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന് ഒന്നാം ഇന്നിംഗ്സിൽ ലീഡ്. ആദ്യ ഇന്നിംഗ്സിലെ ഇംഗ്ലണ്ടിന്റെ സ്കോറായ 277നെതിരെ വിൻഡീസ് 154ന് ആൾ ഔട്ടായി.

# അപർണാനന്ദം

■ ദേശീയ സീനിയർ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ അപർണാ റോയ്ക്ക് ദേശീയ റെക്കാഡോടെ സ്വർണം

■ രണ്ടാം ദിനം മൂന്ന് സ്വർണം, കേരളം ഒന്നാമത് തന്നെ

നദിയാദ്: ഗുജറാത്തിലെ നദിയാദിൽ തന്റെ അവസാന ദേശീയ സ്കൂൾ മീറ്റിനിറങ്ങിയ കൗമാര കായിക വിസ്മയം അപർണ റോയ് പ്രതീക്ഷകൾ തെറ്റിച്ചില്ല. ഇഷ്ട ഇനമായ 100 മീറ്റർ ഹർഡിൽസിൽ തന്റെ തന്നെ ദേശീയ റെക്കാഡ് തിരുത്തിക്കുറിച്ച് സ്വർണനേട്ടം. പിന്നാലെ 4 x 100 മീറ്റർ റിലേയിലെ സ്വർണ നേട്ടത്തിൽ പങ്കാളിത്തം.

അപർണയ്ക്കും റിലേ ടീമിനും ഒപ്പം ലോംഗ് ജമ്പിൽ സാന്ദ്രാബാബുവും സ്വർണമണിഞ്ഞതോടെ സീനിയർ ഗേൾസിന്റെ ദേശീയ സ്കൂൾ മീറ്റിന്റെ രണ്ടാം ദിനവും കേരളം ഒന്നാം സ്ഥാനത്തു തന്നെ. ഇന്നലെ മൂന്ന് സ്വർണവും ഒരു വെള്ളിയും രണ്ട് വെങ്കലവുമടക്കം ആറ് മെഡലുകളാണ് കേരളം നേടിയത്. ആദ്യദിനം ഒരു സ്വർണവും മൂന്ന് വെള്ളികളും നേടിയ കേരളം രണ്ടാം ദിനം പിന്നിടുമ്പോൾ 65 പോയിന്റുമായാണ് ഒന്നാം സ്ഥാനത്ത് തുടരുന്നത്. 41 പോയിന്റുള്ള തമിഴ്നാടാണ് രണ്ടാം സ്ഥാനത്ത്. ഹരിയാനയെ മറികടന്ന് 35 പോയിന്റുമായി മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തേക്കെത്തി.

ഇന്നലെ രാവിലെ മൂന്ന് കിലോമീറ്റർ നടത്തത്തിൽ മുണ്ടൂർ എച്ച്.എസ്.എസിലെ ശ്രീജയുടെ വെങ്കലത്തോടെയാണ് കേരളം മെഡൽ വേട്ട തുടങ്ങിയത്. 1500 മീറ്ററിൽ തിരുവനന്തപുരം സായ്‌യിലെ മിന്നു പി. റോയ് വെള്ളി നേടി. തുണ്ടത്തിൽ എം.വി.എച്ച്. എസിലെ വിദ്യാർത്ഥിനിയാണ് മിന്നു. ഇതേ സ്കൂളിലെ വിദ്യാർത്ഥിനിയും സായ്‌യിൽ പരിശീലിക്കുന്ന താരവുമായ മേഘമറിയം മാത്യു ഷോട്ട്പുട്ടിൽ വെങ്കലം നേടി. മേഘയുടെയും അവസാനത്തെ സ്കൂൾ നാഷണൽസായിരുന്നു ഇത്.

തന്റെ അവസാന സ്കൂൾ നാഷണൽസിനിറങ്ങിയ മാതിരപ്പള്ളി സ്കൂളിലെ സാന്ദ്രാബാബുവും സ്വർണം കൊണ്ട് വിടവാങ്ങൽ ഉജ്ജ്വലമാക്കി. ലോംഗ്ജമ്പിൽ 5.97 മീറ്റർ ചാടിയാണ് കോതമംഗലം എം.എ. കോളേജ് ഹോസ്റ്റലിൽ പരിശീലിക്കുന്ന സാന്ദ്ര സ്വർണമണിഞ്ഞത്.

അപർണറോയ്, അഞ്ജലി പി.സി, ആൻസി സോജൻ, അലീന വർഗീസ് എന്നിവരടങ്ങിയ ടീമാണ് 4 x 100 മീറ്റർ റിലേയിൽ കേരളത്തിന് സ്വർണം നേടിത്തന്നത്. ആൻസി കഴിഞ്ഞ ദിവസം 100 മീറ്ററിൽ വെള്ളി നേടിയിരുന്നു.

**13.91**

**കോഴിക്കോട് പുല്ലുരാംപാറ സെന്റ് ജോസഫ്സ് സ്കൂളിലെ പ്ലസ്ടു വിദ്യാർത്ഥിയായ അപർണ ഇന്നലെ 100 മീറ്റർ ഹർഡിൽസിൽ ഫിനിഷ് ചെയ്തത് 13.91 സെക്കൻഡിലാണ്.**

**14.20**

**സെക്കൻഡിൽ കഴിഞ്ഞവർഷം അപർണ നേടിയിരുന്ന റെക്കാഡാണ് ഇക്കുറി തിരുത്തിയത്.**

**6**

**അപർണയുടെ ആറാമത്തെ സ്കൂൾ നാഷണലാണിത്. പത്താം സ്വർണമെഡലും**

**ഇന്ന് 200 മീറ്റർ മത്സരത്തോടെ അപർണയുടെ സ്കൂൾ തല പോരാട്ടങ്ങൾക്ക് വിരാമമാകും.**



**അപർണാ റോയ്**
100 മീറ്റർ ഹർഡിൽസ് റെക്കാഡോടെ സ്വർണം



സാന്ദ്രാബാബു
ലോംഗ്ജമ്പ്,സ്വർണം



മിന്നു പി. റോയ്
1500 മീറ്റർ,വെള്ളി



മേഘമറിയം മാത്യു
ഷോട്ട്പുട്ട്,വെങ്കലം

### മീറ്റ് ഇന്ന് സമാപിക്കും

സീനിയർ പെൺകുട്ടികളുടെ ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റ് ഇന്ന് സമാപിക്കും. 200, 800 മീറ്ററുകൾ, 400 X 100 മീറ്റർ റിലേകൾ എന്നിവയിൽ ഇന്ന് ഫൈനലുകൾ നടക്കും.



## ചെൽസിയുടെ നെഞ്ചത്ത് മാഞ്ചസ്റ്റർ സിറ്റിയുടെ ആറാട്ട്

ലണ്ടൻ : ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ കഴിഞ്ഞ രാത്രി നടന്ന മത്സരത്തിൽ കരുത്തരായ ചെൽസിയെ തകർത്തെറിഞ്ഞ് മാഞ്ചസ്റ്റർ സിറ്റി പോയിന്റ് പട്ടികയിലെ ഒന്നാം സ്ഥാനത്തേക്ക് തിരിച്ചെത്തി.

മാഞ്ചസ്റ്റർ സിറ്റിയുടെ തട്ടകമായ ഇത്തിഹാദ് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ സിറ്റിക്ക് വേണ്ടി അർജന്റീനാതാരം സെർജി അഗ്യൂറോ ഹാട്രിക് നേടി. 13, 19, 56 മിനിട്ടുകളിലായിരുന്നു അഗ്യൂറോയുടെ ഗോളുകൾ. റഹിം സ്റ്റെർലിംഗ് രണ്ട് ഗോളുകളും ഇക്കേയ് ഗുൻ ഡോഗൻ ഒരു ഗോളും നേടി.

ഇംഗ്ലീഷ് പ്രിമിയർ ലീഗിൽ ഏറ്റവും കൂടുതൽ ഹാട്രിക്കുകൾ നേടുന്ന താരമെന്ന റെക്കാഡും അഗ്യൂറോ സ്വന്തമാക്കി. മറഡോണയുടെ മരുമകന്റെ 11-ാം പ്രിമിയർ ലീഗ് ഹാട്രിക്കായിരുന്നു ഇത്. കഴിഞ്ഞയാഴ്ച ആഴ്സനലിനെതിരെയും ഹാട്രിക് നേടിയിരുന്നു.

27 മത്സരങ്ങളിൽ നിന്ന് 65 പോയിന്റായ മാഞ്ചസ്റ്റർ സിറ്റി ലിവർപൂളിൽ നിന്ന് ഗോൾ മാർജിന്റെ മികവിലാണ് ഒന്നാം സ്ഥാനം തിരിച്ചെടുത്തത്. ലിവർപൂളിന് 26 മത്സരങ്ങളിൽ നിന്ന് 65 പോയിന്റാണുള്ളത്.

## യുവന്റസിന്റെ തേരോട്ടം

റോം : ഇറ്റാലിയൻ സെരി എയിൽ ചാമ്പ്യൻ ക്ലബ് യുവന്റസിന്റെ തേരോട്ടം തുടരുന്നു. കഴിഞ്ഞ രാത്രി നടന്ന മത്സരത്തിൽ അവർ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് സിസ്സൗളോയെ കീഴടക്കി. 23-ാം മിനിട്ടിൽ സമി ഖെദീരയാണ് യുവന്റസിന്റെ ആദ്യ ഗോൾ നേടിയത്. 70-ാം മിനിട്ടിൽ സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയും 86-ാം മിനിട്ടിൽ എംറെകാനും സ്കോർ ചെയ്തു. കഴിഞ്ഞയാഴ്ച നടന്ന മത്സരത്തിൽ യുവന്റസ് പാർമയോട് 3-3ന് സമനിലയിൽ പിരിഞ്ഞിരുന്നു.

ഈ വിജയത്തോടെ യുവന്റസിന് ലീഗിൽ 11 പോയിന്റ് ലീഡായി. യുവയ്ക്ക് 23 മത്സരങ്ങളിൽ നിന്ന് 63 പോയിന്റും രണ്ടാം സ്ഥാനക്കാരായ നാപ്പോളിൽ 52 പോയിന്റുമാണുള്ളത്.

## ബാഴ്സയ്ക്ക് സമനില

മാഡ്രിഡ് : സ്പാനിഷ് ലാലിഗ ഫുട്ബാളിൽ കഴിഞ്ഞ രാത്രി നടന്ന മത്സരത്തിൽ പോയിന്റ് പട്ടികയിലെ ഒന്നാം സ്ഥാനക്കാരായ ബാഴ്സലോണയെ അത്‌ലറ്റിക് ക്ലബ് ഗോൾരഹിത സമനിലയിൽ തളച്ചു. പരിക്കിൽ നിന്ന് പൂർണമുക്തനായ മെസി. പ്ലേയിംഗ് ഇലവനിലേക്ക് തിരിച്ചുവന്നുവെങ്കിലും ബാഴ്സയ്ക്ക് ഗോളടിക്കാനായില്ല.



## ബഹറിൻ ഫുട്ബാളറെ തായ്‌ലൻഡ് വിട്ടയച്ചു

ബാങ്കോക്ക്: ആസ്ട്രേലിയയിൽ അഭയം തേടിയിരുന്ന ബഹറിൻ ഫുട്ബാളർ ഹക്കീം അൽ അറൈബിയെ തായ്‌ലൻഡ് കോടതി ജയിലിൽ നിന്ന് വിട്ടയച്ചു.

കഴിഞ്ഞ നവംബറിൽ ഹണിമൂണിനായി ബാങ്കോക്കിലെത്തിയിരുന്ന ഹക്കീമിനെ ബഹ്റിന്റെ അഭ്യർത്ഥന പ്രകാരം ഇന്റർപോൾ നോട്ടീസ് പുറപ്പെടുവിച്ചതിനാലാണ് തായ്‌ലൻഡ് പൊലീസ് അറസ്റ്റ് ചെയ്തിരുന്നത്. 2014ൽ ബഹറിനിൽ നിന്ന് ആസ്ട്രേലിയയിലേക്ക് കുടിയേറിയിരുന്ന ഹക്കീം അവിടെ പ്രൊഫഷണൽ ഫുട്ബാൾ താരമായിരുന്നു. ആസ്ട്രേലിയയിലെ റസിഡൻസ് വിസയും സമ്പാദിച്ചിരുന്നു.

രാജഭരണത്തിനെതിരായ 2011 ലെ മുല്ലപ്പൂ വിപ്ലവത്തിൽ പങ്കാളിയായതിന്റെ പേരിൽ ബഹറിനിൽ ജീവിക്കാൻ കഴിതാത്ത അവസ്ഥയുണ്ടായതിനെത്തുടർന്നാണ് 2014ൽ ഹക്കീം നാട്ടുവിട്ട് ആസ്ട്രേലിയയിൽ കുടിയേറിയത്. ഇതോടെ ഹക്കീമിനെതിരെ ബഹറിനിൽ നിരവധി കുറ്റങ്ങൾ ചാർത്തപ്പെട്ടു. ആസ്ട്രേലിയയോട് ഹക്കീമിനെ വിട്ടുകിട്ടാൻ ആവശ്യപ്പെട്ടെങ്കിലും വഴങ്ങിയില്ല. തുടർന്നാണ് ഇന്റർപോളിനെ സമീപിച്ചത്.

ബാങ്കോക്കിലെ അപ്രതീക്ഷിത അറസ്റ്റ് അന്താരാഷ്ട്ര തലത്തിൽ വൻപ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. അറസ്റ്റിലായ ഹക്കീമിനെ വിട്ടുകിട്ടാൻ ബഹറിൻ ബാങ്കോക്ക് കോടതിയിൽ ആവശ്യപ്പെട്ടു. എന്നാൽ, ബഹ്റിനിലേക്ക് തിരിച്ചയച്ചാൽ തന്റെ ജീവൻ നഷ്ടമാകുമെന്ന് ഹക്കീം അറിയിച്ചു. തങ്ങൾ അഭയം നൽകിയ വ്യക്തിയെ ബഹറിന് വിട്ടുകൊടുക്കുന്നതിൽ ആസ്ട്രേലിയയും വിമുഖത പ്രകടിപ്പിച്ചു.

ഹക്കീമിന്റെ മോചനത്തിനായി ഫിഫയും മനുഷ്യാവകാശ സംഘടനകളും രംഗത്തു വന്നതോടെ ഇന്റർപോളിനുള്ള അഭ്യർത്ഥന പിൻവലിക്കാൻ ബഹറിൻ നിർബന്ധിതമായി. ഇതേത്തുടർന്നാണ് ബാങ്കോക്ക് കോടതി താരത്തെ വിട്ടയച്ചത്. തായ്‌ലൻഡ് കോടതിയുടെ തീരുമാനത്തെ ആസ്ട്രേലിയൻ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ സ്വാഗതം ചെയ്തു.

## പ്രോ വോളി : കൊച്ചിക്ക് വീണ്ടും വിജയം

▶ എം.എസ്. സജീവൻ

കൊച്ചി: ആദ്യ രണ്ടു സെറ്റുകളിലെ തോൽവിക്ക് മറുപടി നൽകി വീറും വാശിയും നിറച്ച കളിയിലൂടെ കൊച്ചി ബ്ലൂസ്പൈക്കേഴ്സ് ചെന്നൈ സ്പാർട്ടൻസിനെ കീഴടക്കി. നിർണായകമായ അഞ്ചാം സെറ്റിൽ അഞ്ചു പോയിന്റ് ലീഡുമായാണ് വിജയം ഉറപ്പിച്ചത്. പോയിന്റ്: 12-15, 10-15, 15-11, 15-13, 15-10. ചെന്നൈയുടെ ആന്ദ്രേജ് പാറ്റക്കാണ് കളിയിലെ താരം.

ഒന്നാം സെറ്റിലാകെ പന്തടക്കം ചെന്നൈയുടേതായിരുന്നു. കൊച്ചിയെ ഏഴിൽ നിറുത്തി 11 ചെന്നൈ നേടി. കൊച്ചി വിളിച്ച സൂപ്പർ പോയിന്റും നേടി ചെന്നൈ 13 ലെത്തി. വാശിയോടെ കളിച്ച കൊച്ചി തുടർച്ചയായി പോയിന്റ് നേടി 11 ലെത്തി. റസ്‌ലാൻസ് സോറോകിൻസിന്റെ തകർപ്പൻ പ്ലേസിംഗിലൂടെയാണ് ചെന്നൈ വിജയം ഉറപ്പിച്ചത്.

അക്രമിച്ച് കളിച്ചാണ് രണ്ടാം സെറ്റിലും ചെന്നൈയുടെ വിജയിച്ചത്. ശക്തമായ സ്മാഷും പ്ലേസിംഗും വിജയം കണ്ടു. പോയിന്റിൽ തുടക്കം മുതൽ നേടിയ മുൻതൂക്കം നിലനിറുത്തി. ചെന്നൈ 9 ൽ എത്തുമ്പോൾ കൊച്ചി 12 ലായിരുന്നു. പോയിന്റ് നിലയുയർത്തിയ ചെന്നൈ റസ്‌ലാൻസ് സോറോകിൻസിന്റെ പ്ലേസിംഗിലൂടെ വിജയം നേടുകയായിരുന്നു.

മൂന്നാം സെറ്റിൽ ഒമ്പത് വരെ നേടുമ്പോൾ ചെന്നൈ ആറിലായിരുന്നു. കൊച്ചിയുടെ പിഴവുകൾ മുതലാക്കി ചെന്നൈ ഒമ്പതിന് സമനില പിടിച്ചു. ഒരു പോയിന്റ് കൂടി ലഭിച്ചതിന് പിന്നാലെ കൊച്ചി സൂപ്പർ പോയിന്റും നേടി 13 ലെത്തി. പ്രഭാകരന്റെ സ്മാഷ് ചെന്നൈ ചെറുത്തെങ്കിലും കളത്തിന് പുറത്തുവീണതോടെ കൊച്ചി വിജയം നേടി.

തുല്യശക്തികളുടെ പോരാട്ടമായിരുന്നു നാലാം സെറ്റിൽ. നാലിലും ഏഴിലും ഒൻപതിലും പത്തിലും സമനിലയായി. സൂപ്പർ പോയിന്റിലൂടെ കൊച്ചി ലീഡ് പിടിച്ചു. ഡേവിഡ് ലീയുടെ സ്മാഷിലൂടെ 14 ലെത്തി. രണ്ടു പോയിന്റുകൂടി നേടി ചെന്നൈ 13 ലെത്തി. ചെന്നൈയുടെ മലയാളിതാരം അഖിൻ ജി.എസ് പ്ലേസ് ചെയ്ത പന്ത് കളത്തിന് പുറത്തുവീണു.

അഞ്ചാം സെറ്റിൽ തുടക്കം മുതൽ കൊച്ചിയാണ് ലീഡ് നിലനിറുത്തിയത്. ചെന്നൈയുടെ റസ്‌ലാൻസിന്റെ സ്മാഷ് പുറത്തുപോയതോടെ സൂപ്പർ പോയിന്റ് നേടയ കൊച്ചി 11-6 ലെത്തി. മികച്ച നീക്കങ്ങളിലൂടെ ചെന്നൈ പത്തു പോയിന്റ് വരെയെത്തിച്ചു. ഡേവിഡ് ലീയും മുജീബ് എം.സിയുന മികച്ച സ്മാഷുകളിലൂടെ 14 ലെത്തിച്ചു. കെ. പ്രവീൺകുമാറിന്റെ കിടിലൻ സ്മാഷിലൂടെയാണ് കൊച്ചി അഞ്ചാം സെറ്റ് സ്വന്തമാക്കിയത്.



*കൊച്ചിയിൽ നടക്കുന്ന പ്രോ വോളിബാൾ ലീഗിൽ ചെന്നൈ സ്പാർട്ടൻസിനെതിരെ കൊച്ചി ബ്ലൂസ്പൈക്കേഴ്സ് താരം പ്രഭാകരൻ പോയിന്റ് നേടാൻ ശ്രമിക്കുന്നു.*

ഫോട്ടോ : എൻ.ആർ സുധർമ്മദാസ്

## പി.എസ്.ജിയെ പിടിക്കാൻ യുണൈറ്റഡ്

### യുവേഫ ചാമ്പ്യൻസ് ലീഗ് പ്രീ ക്വാർട്ടർ പോരാട്ടങ്ങൾക്ക് ഇന്ന് തുടക്കം

**മാഞ്ചസ്റ്റർ യുണൈറ്റഡ് Vs പാരീസ് സെന്റ് ജെർമെയ്ൻ**

**എം.എസ്. റോമ Vs എഫ്.സി. പോർട്ടോ**

*(രാത്രി 1.30 മുതൽ സോണി ടെൻ ചാനലുകളിൽ ലൈവ്)*

ലണ്ടൻ: ഈ സീസണിലെ യുവേഫ ചാമ്പ്യൻസ് ലീഗ് നോക്കൗട്ട് പോരാട്ടങ്ങൾക്ക് ഇന്ന് തുടക്കമാകുന്നു. ഇന്ന് നടക്കുന്ന ആദ്യപാദ പ്രീക്വാർട്ടർ മത്സരത്തിൽ ഇംഗ്ലീഷ് ക്ലബ് മാഞ്ചസ്റ്റർ യുണൈറ്റഡ് ഫ്രഞ്ച് ക്ലബ് പാരീസ് സെന്റ് ജെർമെയ്നെ നേരിടും. മറ്റൊരു ആദ്യപാദ പ്രീക്വാർട്ടറിൽ ഇറ്റാലിയൻ ക്ലബ് എ.എസ്. റോമ പോർച്ചുഗീസ് ക്ലബ് എഫ്.സി. പോർട്ടോയെ നേരിടും. ഇന്ത്യൻ സമയം രാത്രി 1.30 മുതലാണ് മത്സരം. സോണി ടെൻ ചാനലുകളിൽ തത്സമയം കാണാം

### 'വാർ' വരും

കഴിഞ്ഞ ലോകകപ്പിൽ ഫിഫ വിജയകരമായി നടപ്പിലാക്കിയ "വീഡിയോ അസിസ്റ്റന്റ് റഫറി' (വാർ) ചാമ്പ്യൻസ് ലീഗിൽ നോക്കൗട്ട് റൗണ്ട് മുതൽ നടപ്പിലാക്കും.

● ഹൊസെ മൗറീന്യോ പരിശീലക സ്ഥാനത്തു നിന്ന് മാറിയ ശേഷം ഒലേ ഗുണാർ സോൾഷ്യറുടെ കീഴിൽ വിജയവഴിയിലേക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുകയാണ് മാഞ്ചസ്റ്റർ യുണൈറ്റഡ്.

● മികച്ച ഫോമിലുള്ള ഫ്രഞ്ച് താരം പോൾ പോഗ്ബയാണ് മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ തുറുപ്പ് ചീട്ട്. പോഗ്ബയ്ക്കൊപ്പം മാർക്കസ് റാഷ്ഫോർഡും ചേരുന്ന മുന്നേറ്റനിര ഇംഗ്ലീഗ് ക്ലബിന് ആവേശം പകരുന്നു.

● ഇന്ന് മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ തട്ടകമായ ഓൾഡ് ഫോർഡിലാണ് മത്സരം.

● കഴിഞ്ഞ അഞ്ച് മത്സരങ്ങളിൽ തോൽവി അറിയാതെയാണ് മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ മുന്നേറ്റം.

● സൂപ്പർ താരങ്ങളായ നെയ്മറിന്റെയും എഡിൻസൺ കവാനിയുടെയും പരിക്ക് നൽകുന്ന ഞെട്ടലുമായാണ് പാരീസുകാർ മാഞ്ചസ്റ്ററിലേക്ക് വിമാനം കയറിയിരിക്കുന്നത്.

● മുൻ മാഞ്ചസ്റ്റർ യുണൈറ്റഡ് താരം ഏൻജൽ ഡി മരിയ ലോകകപ്പിലെ കൗമാരകുതിപ്പ് കൈലിയാൻ എംബാപ്പെ, മാർക്കോ വെരാട്ടി തുടങ്ങിയവരിലാണ് ഇനി ഫ്രഞ്ച് ക്ലബിന്റെ പ്രതീക്ഷ.

● ഗ്രൂപ്പ് റൗണ്ടിൽ ലിവർപൂളിനെയും റെഡ്സ്റ്റാർ ബെൽഗ്രേഡിനെയും കീഴടക്കിയാണ് പാരീസ് പ്രീക്വാർട്ടറിലെത്തിയത്.

● ഫ്രഞ്ച് ലീഗിൽ കഴിഞ്ഞ അഞ്ച് മത്സരങ്ങളിൽ നാലിലും ജയിച്ച പാരീസ് ഒരു തോൽവി വഴങ്ങിയിരുന്നു.



## എസ്. പങ്കജാക്ഷി അമ്മ
**മുട്ടയ്ക്കാട്:** പണ്ടാരവിളാകത്ത് വീട്ടിൽ പരേതനായ കൃഷ്ണപിള്ളയുടെ ഭാര്യ എസ്. പങ്കജാക്ഷി അമ്മ (91) പാൽക്കുളങ്ങര ഇലഞ്ഞിപ്പുറം ലെയ്നിൽ (എ.പി.ആർ.എ 122) നിര്യാതയായി. മക്കൾ : പരേതയായ ശാന്തകുമാരി, പരേതനായ ഹരിഹരൻ നായർ, കെ. ഉദയകുമാർ (യു.കെ ഏജൻസീസ് & ഇലക്ട്രിക്കൽസ്), കെ. ജ്യോതികുമാർ (സമുദ്രതീരം ബീച്ച് റിസോർട്ട്). മരുമക്കൾ: പരമേശ്വരൻ നായർ, പ്രേമകുമാരി, ചന്ദ്രലേഖ, ആശാദേവി, പ്രീത. സഞ്ചയനം : 17 ന് രാവിലെ 8 ന്. ഫോൺ: 9846082304.

## പി. ശാന്തമ്മ
**കോലിയക്കോട്:** ചിറ്റാരികോണത്ത് വീട്ടിൽ പി. ശാന്തമ്മ (84) നിര്യാതയായി. മക്കൾ : ജയകുമാർ, ശൈലജ, പരേതനായ ഉണ്ണികൃഷ്ണൻ. മരുമക്കൾ: ജയ, ജലജകുമാരി, ജയകുമാർ. സഞ്ചയനം വ്യാഴാഴ്ച 8.30 ന്.

## ശ്യാമള വിജയൻ
**കൊച്ചി:** തൃശൂർ വെള്ളാങ്ങല്ലൂർ പാറാപറമ്പിൽ വിജയന്റെ ഭാര്യ വലപ്പാട് വെള്ളൂർ രാമനിലയത്തിൽ ശ്യാമള വിജയൻ (69) നിര്യാതയായി. മക്കൾ : മഹേഷ് ( മാഗ്നെറ്റിക് ഓട്ടോ കൺട്രോൾസ്, ചെന്നൈ ), മഞ്ജുള ( സെൻട്രൽ എക്സൈസ്, എറണാകുളം ). മരുമക്കൾ: കവിത, ശിവറാം. സംസ്കാരം പച്ചാളം ശ്മശാനത്തിൽ ഇന്ന് ഉച്ചയ്ക്ക് 12 ന്.

## സുലേഖ
**മുരുക്കുംപുഴ :** കൈലാസിൽ പരേതനായ നാരായണന്റെ ഭാര്യ സുലേഖ (87) നിര്യാതയായി. മക്കൾ : മോഹൻദാസ്, സുധീർകുമാർ, അനിത, സിദ്ധൻ. മരുമക്കൾ: ശൈലജ, സുജാത, സുരേഷ്, സുജ.

## ബായി
**കോവളം :** വെണ്ണിയൂർ അന്തപ്പ് നിവാസിൽ പരേതനായ രാജയ്യൻ നാടാരുടെ ഭാര്യ ബായി (85) നിര്യാതയായി. മക്കൾ : ഗോപി, വിജയൻ, സുധ, പരേതരായ ബാബു, സുരേഷ്. മരുമക്കൾ : സുധ, ഗീത. രവി, സുമ. മരണാനന്തര ചടങ്ങ് വ്യാഴാഴ്ച രാവിലെ 8 ന്.

## ഭാരതി അമ്മ
**തിരുവനന്തപുരം :** കല്ലിയൂർ വള്ളംകോട് ശ്രീഭവനിൽ ഭാരതിഅമ്മ (94) നിര്യാതയായി. ഭർത്താവ് പരേതനായ വാസുദേവൻ നായർ. മക്കൾ : ശ്യാമളകുമാരി, ഭുവനചന്ദ്രൻ നായർ, ഗിരിജകുമാരി, ഗീതകുമാരി, ലതകുമാരി. മരുമക്കൾ : പരമേശ്വരൻ നായർ, കുമാരി തുളസി, കൃഷ്ണൻ നായർ, പ്രഭാകരൻ നായർ, മധുസൂദനൻ നായർ. സഞ്ചയനം ഞായറാഴ്ച രാവിലെ 8ന്.

## കെ. രാധിക
**തിരുവനന്തപുരം :** തമ്പാനൂർ അരിസ്റ്റോ ജംഗ്ഷനിൽ, കൃഷ്ണസരസിൽ സുരേഷ്കുമാറിന്റെ ഭാര്യ: കെ. രാധിക (51, പി.ആർ.എസ്. സ്റ്റാഫ്) നിര്യാതയായി. മക്കൾ: ഗായത്രി എസ്.ആർ., ദേവികൃഷ്ണ എസ്.ആർ. സഞ്ചയനം ഞായറാഴ്ച രാവിലെ 9ന്.

## ജി.സുഭാഷിണി
**വർക്കല :** പാലച്ചിറ ബാബു നിവാസിൽ പരേതരായ ഗോപാലൻ- രാജമ്മ ദമ്പതികളുടെ മകൾ ജി. സുഭാഷിണി (70) നിര്യാതയായി. ഭർത്താവ്: സി.സോമശേഖരൻ. മക്കൾ : സ്വപ്ന, സംഗീത, പരേതനായ സബൻ, ശ്യാംകുമാർ, സജിത, സരിത. മരുമക്കൾ : അനിൽകുമാർ, സന്ധ്യ, സജീവ്. സഞ്ചയനം 14ന് രാവിലെ 9 മണിക്ക്.

## ഇന്ദിരാദേവി
**വിതുര:** ചേന്നൻപാറ കെ. ആർ.മന്ദിരത്തിൽ രാമൻനായരുടെ ഭാര്യ ഇന്ദിരാദേവി (72) നിര്യാതയായി. മക്കൾ : പ്രഭകുമാർ, പ്രസന്നകുമാരി, പുഷ്പകുമാരി, പ്രമീളകുമാരി. മരുമക്കൾ: വൃന്ദ, പ്രസന്നകുമാർ, വിജയകുമാരൻനായർ, രാജ്കുമാർ. സഞ്ചയനം ഞായറാഴ്ച രാവിലെ ഒമ്പതിന്.

## അമ്മുക്കുട്ടി
**നെയ്യാറ്റിൻകര:** വ്ലാങ്ങാമുറി വിഷ്ണുഭവനിൽ പരേതനായ പൊന്നപ്പന്റെ ഭാര്യ അമ്മുക്കുട്ടി (80) നിര്യാതയായി. മക്കൾ: രാധ, വത്സല, ശശി, വിക്രമൻ (കോൺട്രാക്ടർ), മായ. മരുമക്കൾ: സുകുമാരൻ, വിജി, ബിന്ദു. സംസ്കാരം ഇന്ന് രാവിലെ 10ന്.

## ബി.ചന്ദ്രിക അമ്മ
**നെടുമങ്ങാട്:** പേരയം കുടവനാട് മേക്കുംകര പുത്തൻവീട്ടിൽ ബി. ചന്ദ്രിക അമ്മ (67) നിര്യാതയായി. മകൻ : പ്രദീപ്, മരുമകൾ: സജിത. സഞ്ചയനം : ഞായറാഴ്ച രാവിലെ ഒമ്പതിന്.

## സാവിത്രി
**തിരുവനന്തപുരം :** വഞ്ചിയൂർ മുട്ടമ്പിൽ വീട്ടിൽ ടി.സി. 27/1763 ൽ എ. സാവിത്രി (75) നിര്യാതയായി. ഭർത്താവ്: പരേതനായ അപ്പുക്കുട്ടൻ. മക്കൾ: ശ്രീകുമാർ, പരേതനായ ഉദയകുമാർ, ശ്രീലത. മരുമക്കൾ : ഷീല, ഷീജ. സഞ്ചയനം 17ന് രാവിലെ 9ന്.

## അംബുജം
**പാങ്ങോട്:** ശ്രീചിത്രാ നഗർ സി-19ൽ താമസിക്കുന്ന മലയിൻകീഴ് പറയാട്ടുകോണം മേക്കിൻകര വീട്ടിൽ അംബുജം (70) നിര്യാതയായി. മക്കൾ: അമ്മിണി.എ, മധു.എസ്, രാധാകൃഷ്ണൻ.എ, മരുമക്കൾ: സുരേന്ദ്രൻ ഇടപ്പഴിഞ്ഞി, രാധ.എസ്. സഞ്ചയനം: ഞായറാഴ്ച രാവിലെ 8.30 ന്.

## റംലാബീവി
**കല്ലമ്പലം :** ഞാറയിൽക്കോണം പള്ളിമൂലയിൽ (റംലാ മന്ദിരം) ഷംസുദ്ദീന്റെ ഭാര്യ റംലാബീവി (76) നിര്യാതയായി. മക്കൾ: പാത്തുമ്മ, അബ്ദുൽറഹ്മാൻ, അയിഷത്ത്, അബ്ദുൽസമദ്, ഷരീഫ, മുംതാസ്. മരുമക്കൾ: അബ്ദുൽ ലത്തീഫ്, ലൈല, ഷാക്കീർ, ഹസീന, അബ്ദുൽ ലത്തീഫ്, സലിം.

## മല്ലിക കുമാരി
**പാലിയോട്:** പാലിയോട് തട്ടാംവിളാകം കൗസ്തുഭത്തിൽ മല്ലികകുമാരി (54) നിര്യാതയായി. മക്കൾ: സുനിൽകുമാർ, സുധീഷ് കുമാർ, സുരേഷ് കുമാർ. മരുമകൾ കാവ്യ. സഞ്ചയനം : വ്യാഴാഴ്ച.

## വനജാക്ഷി
**തിരുവനന്തപുരം:** പുലയനാർകോട്ട ശ്രീകൃഷ്ണ നഗർ കാട്ടിൽപുത്തൻ വീട്ടിൽ പരേതനായ രാമകൃഷ്ണന്റെ ഭാര്യ വനജാക്ഷി (87) നിര്യാതയായി. മക്കൾ : ശശികുമാർ, സിന്ധു, ബിന്ദുകുമാർ, സന്തോഷ്കുമാർ.

സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8.30 ന്. 9847040912

## തങ്കമണി
**മാത്തിക്കോണം:** ചായ്ക്കുളം തേരിയിൽ വീട്ടിൽ തങ്കമണി (65) നിര്യാതയായി. സഹോദരങ്ങൾ : ബേബി, പരേതരായ ദമരീസ്, അമ്മുക്കുട്ടി. മരണാനന്തര പ്രാർത്ഥന ബുധനാഴ്ച രാവിലെ 10ന്.

## ഭാർഗവി അമ്മ
**നെയ്യാറ്റിൻകര :** മര്യാപുരം പൂവണ്ണറത്തലവിളാകത്ത് മേലെ പുത്തൻവീട്ടിൽ പരേതനായ കുട്ടപ്പൻപിള്ളയുടെ ഭാര്യ ഭാർഗവി അമ്മ (95) നിര്യാതയായി.

മക്കൾ: തങ്കപ്പൻ നായർ, ശാന്തകുമാരി, ശശിധരൻ നായർ, ജനാർദ്ദനൻ നായർ. മരുമക്കൾ: പ്രസന്നകുമാരി, വിക്രമൻ നായർ, സതികുമാരി, ശോഭനകുമാരി. സഞ്ചയനം 17ന് രാവിലെ 9ന്.

## ബ്രിജിത്തമ്മാൾ
**അമരവിള :** ആർ.സി തെരുവിൽ വലിയവിള വീട്ടിൽ പരേതനായ സൺജോൺസന്റെ ഭാര്യ ബ്രിജിത്തമ്മാൾ (88) നിര്യാതയായി.

## പ്രഭാവതി അമ്മ
**കല്ലയം :** കാരമൂട് പ്ലാക്കോട്ടികോണത്ത് വീട്ടിൽ റിട്ട. ആർമി ഉദ്യോഗസ്ഥനായ ചന്ദ്രശേഖരൻ നായരുടെ ഭാര്യ പ്രഭാവതി അമ്മ (65) നിര്യാതയായി. സംസ്കാരം നാളെ 12ന് ശാന്തികവാടത്തിൽ. മക്കൾ: ചിത്രലേഖ, ജയചന്ദ്രൻ നായർ, ചിത്രകല, ചിത്രലത. മരുമക്കൾ: പ്രസന്നകുമാർ, മായാദേവി, തുളസീധരൻ നായർ, അനിൽകുമാർ.

# പരിക്കേറ്റ ആർ.ഡി.എ ഏജന്റ് മരിച്ചു

**ഊന്നിൻമൂട്:** കളീലിൽ വീട്ടിൽ പരേതനായ സദാശിവൻപിള്ളയുടെ ഭാര്യയും ആർ.ഡി.എ ഏജന്റുമായ സുശീലഅമ്മ (64) സ്കൂട്ടർയാത്രയ്ക്കിടെ വീണ് പരിക്കേറ്റ് സ്വകാര്യാശുപത്രിയിൽ ചികിത്സയിലിരിക്കെ മരിച്ചു. ബന്ധുവിന്റെ വിവാഹ ചടങ്ങിൽ പങ്കെടുക്കാൻ മകൾക്കൊപ്പം സ്കൂട്ടറിന്റെ പോകവെ ഊന്നിൻമൂട് ശാരദാമുക്കിൽ വച്ചാണ് അപകടം നടന്നത്.

പാരിപ്പള്ളി മെഡിക്കൽ കോളേജിലും തിരുവനന്തപുരം മെഡിക്കൽകോളേജിലും തുടർന്ന് സ്വകാര്യ



സുശീലഅമ്മ

ആശുപത്രിയിലേക്കും മാറ്റിയെങ്കിലും മരണം സംഭവിച്ചു. സുശീല അമ്മ വർക്കല ബ്ലോക്ക് മഹിളാപ്രധാൻ ഏജന്റായി വർക്ക് ചെയ്യുകയായിരുന്നു. മക്കൾ: രാജി, രാജേഷ്. മരുമക്കൾ : സുനിൽകുമാർ, രമ്യ. സംസ്കാരം നാളെ വീട്ടുവളപ്പിൽ.

## എസ്.എ. അച്ചാമ്മ
**തിരുവനന്തപുരം:** കണ്ണമ്മൂല വിദ്യാധിരാജ റോഡിൽ ബോവൻസിൽ പരേതനായ കെ. ഇ. ഈപ്പന്റെ ഭാര്യ റിട്ട. ഇൻസ്പെക്ടർ എസ്.എ. അച്ചാമ്മ (84) നിര്യാതയായി. പരേത തൃശൂർ കുരിയച്ചിറ സ്വദേശിയാണ്. മക്കൾ : ബാബു ഈപ്പൻ, സൂസൻ ഈപ്പൻ. മരുമക്കൾ : ജോസ്, ബീന. സംസ്കാരം നാളെ 2.30 ന് വസതിയിലെ ശുശ്രൂഷയ്ക്കുശേഷം പാറ്റൂർ സെന്റ് ജോർജ് ഓർത്തഡോക്സ് സെമിത്തേരിയിൽ നടക്കും. ഫോൺ : 9847601972.

## ശ്യാമള അമ്മ
**തിരുവനന്തപുരം :** ഇലിപ്പോട്, അവിട്ടം വീട്ടിൽ (യു.എൻ. ആർ.എ 27) സോമശേഖരൻ നായരുടെ ഭാര്യ ആർ. ശ്യാമള അമ്മ (74) നിര്യാതയായി. മക്കൾ: ജയകുമാർ, വിജയകുമാർ, രാജൻ, രാജി. സഞ്ചയനം : 17 ന് രാവിലെ 8.30 ന്. ഫോൺ: 9495061404.

## കെ.വിശാലാക്ഷി
**കോവളം :** വാഴമുട്ടം പനനിന്നവിളവീട്ടിൽ പരേതനായ ഭാസ്ക്കരന്റെ ഭാര്യ കെ.വിശാലാക്ഷി(78) നിര്യാതയായി. മക്കൾ : ഗോപകുമാർ, വിജയകുമാരി, രാജ്കുമാർ മരുമക്കൾ : സുധാകരൻ, ബിന്ദു. സഞ്ചയനം : വ്യാഴാഴ്ച രാവിലെ 9 ന്

## ജി. സുകുമാരൻ
**നഗരൂർ :** കൊടുവഴന്നൂർ മേൽക്കോണത്തു വീട്ടിൽ ജി. സുകുമാരൻ (87, റിട്ട. ഹെഡ്മാസ്റ്റർ, അടയമൺ യു.പി. എസ്) നിര്യാതനായി. മുൻ പുളിമാത്ത് ഗ്രാമപഞ്ചായത്ത് മെമ്പർ, മുൻ കൊടുവഴന്നൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് എന്നീ സ്ഥാനങ്ങൾ വഹിച്ചിരുന്നു. ഭാര്യ : എം. കമലാവതി (റിട്ട. ഹെഡ്മിസ്ട്രസ്, പേടികുളം എൽ.പി.എസ്). മക്കൾ: എസ്. ലത, കെ.എസ്. ജയ, കെ.എസ്. അനിൽ (ഫിംഗർപ്രിന്റ് ബ്യൂറോ), കെ.എസ്. ബിന്ദു. മരുമക്കൾ: ശിശുപാലൻ, എസ്. രമണൻ (സലാല), എം. ലാൽസിനി, സി. ദ്വിജേന്ദ്രലാൽ (സലാല). സഞ്ചയനം 15ന് രാവിലെ.

## സി.എസ്. സത്യശീലൻ
**തിരുവനന്തപുരം :** കുന്നംപുറം ടി.സി. 28/275ൽ സി.എസ്. സത്യശീലൻ (79, റിട്ട. അഡി. സെക്രട്ടറി) നിര്യാതനായി. ഭാര്യ : ജാനറ്റ് സത്യശീലൻ. മക്കൾ: ആനി എസ്.ജെ. (വിജയാബാങ്ക്), സോഫി ജാനറ്റ് (യു.എസ്.ടി ഗ്ലോബൽ). സംസ്കാരം എൽ.എം.എസ്. സെമിത്തേരിയിൽ ഇന്ന് 3 മണിക്ക്. പ്രാർത്ഥന വെള്ളിയാഴ്ച വൈകിട്ട് 4ന്.

## യശോദ
**ആദിനാട് തെക്ക്:** ബി.കെ ഭവനിൽ വിശ്വനാഥന്റെ ഭാര്യ യശോദ (52) നിര്യാതയായി. മകൾ: സ്വാതി ജിദീഷ്. മരുമകൻ: ജിദീഷ്ബാബു.

## വി. ഗോപിനാഥൻ
**കഴക്കൂട്ടം** ആറ്റിൻകുഴി നിഷാഗിരിയിൽ വി. ഗോപിനാഥൻ (69 ) നിര്യാതനായി. ഭാര്യ: നളിനകുമാരി. മക്കൾ: നിഷ, ഗിരീഷ്. മരുമക്കൾ: ഡോ. അനിൽമുരളി, മായാമുരളി. മരണാനന്തര ചടങ്ങുകൾ വെള്ളിയാഴ്ച രാവിലെ 8 മണിക്ക്.

## അപ്പു
**നേമം:** കല്ലിയൂർ മാത്തൂർ കോളനി ബിന്ദ ഭവനിൽ അപ്പു (68) നിര്യാതനായി. ഭാര്യ : സുലോചന മക്കൾ: ബിന്ദ, ബീന, ബിന്ദു മരുമക്കൾ : സുബിത, ഷാജി, രാജീവ്. സഞ്ചയനം: വെള്ളിയാഴ്ച രാവിലെ.

## സുധാകരൻ നായർ
**തിരുവനന്തപുരം:** പട്ടം കുറങ്ങാനൂർ അറപ്പുരയ്ക്കൽ വീട്ടിൽ, കെ.എൻ.ആർ.ഇ. 8ൽ എസ്. സുധാകരൻ നായർ (76) നിര്യാതനായി. ഭാര്യ : ബി. പ്രസന്നകുമാരി. മക്കൾ : സുനിൽ എസ്. നായർ, ദീപ എസ്. നായർ, പ്രതിഭ എസ്. നായർ. മരുമക്കൾ: ശാലിനി എസ്. നായർ, രഞ്ജിത് വേണുഗോപാൽ, ആർ. വി. ഗോപകുമാർ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

## ആർ.വിക്രമൻ
**വിഴിഞ്ഞം:** വെങ്ങാനൂർ മണലി ശ്രീകല വിലാസത്തിൽ ആർ.വിക്രമൻ (73) നിര്യാതനായി. ഭാര്യ: സരസ്വതി (യശോദ ). മക്കൾ: ശ്രീകല, ശ്രീദേവി. മരുമക്കൾ: മോഹനൻ, അജികുമാർ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8ന്.

## വി. ഭാസ്കരൻ
**തിരുവനന്തപുരം :** കവടിയാർ എസ്.എസ്.കെ. ലെയിനിൽ മഞ്ചുഭവനിൽ വി. ഭാസ്കരൻ (74, റിട്ട. സീനിയർ ആഡിറ്റ് ഓഫീസർ എജീസ്ഓഫീസ്) നിര്യാതനായി. ഭാര്യ : ടി.ജെ. കുഞ്ഞമ്മ. മക്കൾ: മഞ്ചു ജയപാൽ, രഞ്ചു ഭാസ്കർ. മരുമക്കൾ : ബി. ജയപാൽ, സീമ രവീന്ദ്രൻ. സംസ്കാരം ഇന്ന് രാവിലെ 10ന് ശാന്തികവാടത്തിൽ. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

## എൻ. കുമാരപിള്ള
**തിരുവനന്തപുരം :** കല്ലിയൂർ കേളേശ്വരം ശ്രീവിഹാറിൽ എൻ. കുമാരപിള്ള (83, റിട്ട. ടീച്ചർ, വിക്ടറി ഹയർ സെക്കൻഡറി സ്കൂൾ, നേമം ) നിര്യാതനായി. ഭാര്യ : ശാന്തകുമാരിഅമ്മ. മക്കൾ: ശ്രീകല, ശ്രീലത, ശ്രീജിത്ത്. മരുമക്കൾ: ഗോപകുമാർ, അജയകുമാർ, രേണുക. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

## മുഹമ്മദ് ഇബ്രാഹിം
**വർക്കല:** പുത്തൻചന്ത കോണവിളവീട്ടിൽ ഷിഹാബുദ്ദീന്റെയും ഖുറൈഷിയാ ബീവിയുടെയും മകൻ മുഹമ്മദ് ഇബ്രാഹിം (43) ഷാർജയിൽ നിര്യാതനായി. സഹോദരങ്ങൾ സജീന, മുഹമ്മദ് ഇസ്മയിൽ, അസൂറബീവി, അമീൻ.

## മോഹനൻ നായർ
**വെൺപകൽ :** കണിച്ചിറ തിരുവാതിരയിൽ സി.ജി. മോഹനൻ നായർ (69) നിര്യാതനായി. ഭാര്യ : മല്ലിക കുമാരി. മക്കൾ : പ്രിയമോഹൻ, അഖില മോഹൻ. മരുമക്കൾ : ബിനുലാൽ, ബിജുകുമാർ. സംസ്കാരം ഇന്ന് രാവിലെ 9 ന്.

## മുരളീധരൻ നായർ
**വെമ്പായം:** മേനാംകോട്ടുകോണം വിളയിൽ വീട്ടിൽ മുരളീധരൻ നായർ (65) നിര്യാതനായി. ഭാര്യ : സി. സുശീല. മക്കൾ: രതീഷ്, സുരഭി. മരുമക്കൾ : രമ്യ, സതീഷ്ബാബു. സഞ്ചയനം ഞായറാഴ്ച രാവിലെ 8.30ന്.

## സുകുമാരൻ നാടാർ
**നെടുമങ്ങാട്:** അരുവിക്കര ചെറിയകൊണ്ണി ആറണംകോട് ശ്യാമ ഭവനിൽ സുകുമാരൻ നാടാർ (67) നിര്യാതനായി. ഭാര്യ: ജി. ശ്യാമള. മക്കൾ: പ്രദീപ്കുമാർ, പ്രസാദ്, പ്രീത. മരുമക്കൾ: ജലജകുമാരി, നിഷ, രാജേന്ദ്രൻ. പ്രാർത്ഥന വെള്ളിയാഴ്ച രാവിലെ 9-ന് ഇരുമ്പയിലെ മകളുടെ വസതിയായ അമല ഭവനിൽ.

## എൻ. ഭഗീരഥൻ
**വിഴിഞ്ഞം :** പെരിങ്ങമ്മല തെങ്ങുവിള ഉത്രാടത്തിൽ ഭഗീരഥൻ (67) നിര്യാതനായി. ഭാര്യ: യശോദ. മക്കൾ: ശശികല, സനൽകുമാർ, ബിന്ദു. മരുമക്കൾ: ബൈജു, രാജൻ. സഞ്ചയനം വെള്ളിയാഴ്ച രാവിലെ 8.30 ന്. 8921300195

## ബാലകൃഷ്ണൻ
**വെമ്പായം :** ചീരാണിക്കര മഞ്ഞപ്പാറപൊറ്റയിൽ അശോക ഭവനിൽ ബാലകൃഷ്ണൻ (76 ) നിര്യാതനായി. ഭാര്യ : സരള. മക്കൾ: ഗിരിജ, അശോകൻ, ഷീബ, ബിനു, ലത. മരുമക്കൾ: മോഹനൻ, വസന്ത, ശ്രീകുമാർ, അനിത, പരേതനായ ജയൻ. സഞ്ചയനം ഇന്ന് രാവിലെ 9 മണിക്ക്.

## മോഹനൻപിള്ള
**ഇഞ്ചക്കാട്:** മോഹനത്തിൽ (വെളുത്തകുന്നിൽ) മോഹനൻപിള്ള (67) നിര്യാതനായി. സംസ്കാരം നാളെ വൈകിട്ട് 4ന് വീട്ടുവളപ്പിൽ. ഭാര്യ: വത്സലകുമാരി.

## സുധാകരപണിക്കർ
**വിതുര:** ഹൈസ്കൂൾ ജംഗ്ഷനിൽ കാർത്തികയിൽ സുധാകരപണിക്കർ (81) നിര്യാതനായി. മക്കൾ: സഞ്ജീവ്, വിജയശ്രീ, രാജീവ്, ജയശ്രീ. മരുമക്കൾ: സിമി, ഷാജികുമാർ, ജ്യോതിർമയി, മഹിധരൻ. സഞ്ചയനം ചൊവ്വാഴ്ച രാവിലെ ഒമ്പതിന്.

## രാജൻ നായർ
**തിരുവല്ലം:** മേനിലം മേലെ നരിയം പഴിഞ്ഞി വീട്ടിൽ രാജൻ നായർ (69) നിര്യാതനായി. മക്കൾ : രാജലക്ഷ്മി, തുളസി. മരുമക്കൾ : പ്രേമചന്ദ്രൻ, മണികണ്ഠൻ. സഞ്ചയനം : ഞായറാഴ്ച രാവിലെ 8 മണിക്ക്.

## വി.സുരേന്ദ്രൻ
**കിളിമാനൂർ:** മുളയ്ക്കലത്തുകാവ് എ.എസ് ഭവനിൽ വി.സുരേന്ദ്രൻ (62- കടയിൽ ബാബു) നിര്യാതനായി . ഭാര്യ: സുധർമ്മിണി . മക്കൾ : അജിൽ (കണ്ണൻ), ആശ. മരുമക്കൾ: നന്ദിനി, ഷോളിലാൽ.

## അനിൽകുമാർ
**ശ്രീകാര്യം:** മാവർത്തലക്കോണം ഐശ്വര്യ നഗർ പൂരാടം നിവാസിൽ തങ്കപ്പൻ രാധാമണിയുടെ മകൻ അനിൽകുമാർ ടി. (46). നിര്യാതനായി . ഭാര്യ സീമ. എം.വി. മക്കൾ : ഹേമ എ.എസ്, മഹിമ എസ്.എ. സംസ്കാരം ചൊവ്വാഴ്ച ഉച്ചയ്ക്ക് 2 ന് ശാന്തികവാടത്തിൽ.

## ശശിധരൻ നായർ
**കിളിമാനൂർ:** ചെമ്മരത്തുമുക്ക് ഹരിപ്രസാദത്തിൽ ശശിധരൻ നായർ (65) നിര്യാതനായി. ഭാര്യ ലളിതമ്മ. മക്കൾ: ശരത്കൃഷ്ണകുമാർ, ഹരികൃഷ്ണ പ്രസാദ്, രാജേഷ് ശങ്കർ. മരുമക്കൾ : ആര്യ, അമൃത.

### വൃദ്ധ തീ പൊള്ളലേറ്റ് മരിച്ച നിലയിൽ
**പോത്തൻകോട്:** അയിരൂപ്പാറ തേരുവിളയിൽ വൃദ്ധ തീ പൊള്ളലേറ്റ് മരിച്ച നിലയിൽ . അയിരൂപ്പാറ തേരുവിള ഏതൻ ഹൗസിൽ ജസ്ലറ്റ് (58) ആണ് കഴിഞ്ഞ ദിവസം വീട്ടിൽ പൊള്ളലേറ്റ് മരിച്ചത്. മകളോടൊപ്പം തേരുവിളയിലെ വീട്ടിലായിരുന്ന താമസിച്ചിരുന്നത്. തിങ്കളാഴ്ച രാവിലെ മകളും മറ്റ് കുടുംബാംഗങ്ങളും വീട്ടിൽ ഇല്ലായിരുന്നു. പത്ത് മണിയോടെ വീട്ടിനുള്ളിൽ തീപ്പുക ഉയരുന്നതുകണ്ട നാട്ടുകാർ വിവരം പൊലീസിൽ അറിയിക്കുകയായിരുന്നു. തുടർന്ന് നാട്ടുകാരും പൊലീസും ചേർന്ന് ജസ്ലറ്റിനെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചു. മക്കൾ: അനു, ദീപു

## സദാനന്ദൻ പിള്ള
**കുവൈറ്റ് സിറ്റി:** കേരള ആർട്ട് ലവേഴ്സ് അസോസിയേഷൻ, കല കുവൈറ്റ് ഫിന്റാസ് യൂണിറ്റ് എന്നിവയിലെ അംഗമായിരുന്ന ചെങ്ങന്നൂർ കരക്കാട് മല്ലപ്പള്ളിയിൽ വീട്ടിൽ സദാനന്ദൻ പിള്ള (62 ) നിര്യാതനായി. അറബി എനെർട്ടെക് കമ്പനി ജീവനക്കാരനായിരുന്നു. അദാൻ ആശുപത്രിയിൽ ചികിത്സയിലായിരുന്നു. മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കമ്പനിയുടെ സഹകരണത്തോടെ കല കുവൈറ്റ് നടത്തുകയാണ്. ഭാര്യ ഉഷാകുമാരി . മക്കൾ: സൂരജ്, ശ്രീലക്ഷ്മി.

## ആർ. ഗംഗാധരൻ
**കല്ലറ :** കുറുമ്പലം കഴകൻപച്ച സുധർമ്മ വിലാസത്തിൽ ആർ. ഗംഗാധരൻ (98) നിര്യാതനായി. ഭാര്യ : പരേതയായ അംബുജാക്ഷി. മക്കൾ : ജി. ദേവദാസ്, വിലാസിനി, ബേബി, സോമദാസ്, സുധർമ്മ. മരുമക്കൾ : മധുബാലാദേവി, ഷീലാ പ്രസന്നൻ, പരേതനായ ദേവദാസ്, ശശിധരൻ. സഞ്ചയനം വ്യാഴാഴ്ച രാവിലെ 9 മണിക്ക്.

## ജയചന്ദ്രൻ
**മുരുക്കുംപുഴ :** തിരുവാതിരയിൽ ശകുന്തളയുടെ മകൻ ജയചന്ദ്രൻ (57) നിര്യാതനായി. ഭാര്യ: മോളി. മക്കൾ : ആനന്ദ്ജയചന്ദ്രൻ, നയന ജയചന്ദ്രൻ. സഞ്ചയനം വെള്ളിയാഴ്ച 9ന്.

## ആർ.ചെല്ലയ്യൻ
**മാറനല്ലൂർ :** പുന്നാവൂർ നിഗിൽ നിവാസിൽ ആർ.ചെല്ലയ്യൻ (വിമുക്ത ഭടൻ-90) നിര്യാതനായി. ഭാര്യ പി.നേശമ്മ. മക്കൾ : വിൽസൺ (റിട്ട.സബ് ഇൻസ്പെക്ടർ), രാജു (റിട്ട. പി.ഡബ്ലിയു.ഡി), രത്താബായി, സരോജം (ടീച്ചർ), ജയകുമാർ, അമ്പിളി. മരുമക്കൾ: ഗ്ലോറി, സായികുമാരി (ഡി.എച്ച്.എസ്), ചിന്നപ്പൻ (റിട്ട. കെ. എസ്. ആർ. ടി. സി), പരേതനായ സെൽവരാജ് (റിട്ട. ടെക്നിക്കൽ എഡ്യൂക്കേഷൻ), രാധാമണി, തങ്കൻ. പ്രാർത്ഥന വ്യാഴാഴ്ച രാവിലെ 8ന്.

# തൊണ്ടയിൽ എന്തോ കുടുങ്ങി ഒന്നരവയസുകാരൻ മരിച്ചു

**പാറശാല:** വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരുന്ന ഒന്നര വയസുകാരൻ തൊണ്ടയിൽ ഏതോ വസ്തു കുടുങ്ങി മരിച്ചു. കാരോട് മാറാടി പുതുവൽ പുത്തൻവീട്ടിൽ അജി - ഷൈനി ദമ്പതികളുടെ മകൻ ജീവനാണ് മരിച്ചത്. കുട്ടിയുടെ കരച്ചിൽ കേട്ടെത്തിയ ബന്ധുക്കൾ ഉടനേ അടുത്തുള്ള പാറശാല താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ഇന്നലെ വൈകിട്ട് നാല് മണിക്കായിരുന്നു സംഭവം. കൂലിപ്പണിക്കാരനായ അജിയുടെ ഇളയ കുട്ടിയാണ് ജീവൻ. മൂത്തത് സിദ്ധാർത്ഥ്.



*ജീവൻ*

മൃതദേഹം പാറശാല ആശുപത്രി മോർച്ചറിയിൽ. എന്താണ് വിഴുങ്ങിയതെന്ന് പോസ്റ്റുമോർട്ടത്തിലൂടെയേ അറിയാനാകൂവെന്ന് ആശുപത്രി സൂപ്രണ്ട് ഡോ. ഉണ്ണികൃഷ്ണൻ പറഞ്ഞു.

# ബൈക്ക് മതിലിലിടിച്ച് യുവാവ് മരിച്ചു

**വെള്ളറട:** ബൈക്ക് മതിലിലിടിച്ച് മൈലച്ചൽ കോവില്ലുവിള കൃഷ്ണ ഭവനിൽ കൃഷ്ണൻ കുട്ടി- പൊന്നമ്മ ദമ്പതികളുടെ മകൻ സുനിൽ കുമാർ (സന്തോഷ് - 36) മരിച്ചു. ഞായറാഴ്ച രാത്രി 10 മണിയോടെ കുന്നത്തുകാൽ- പെരുങ്കടവിള റോഡിൽ ചാവടി ജംഗ്ഷനു സമീപം വീട്ടിന്റെ മതിലിൽ ബൈക്കിടിക്കുകയായിരുന്നു. സ്വകാര്യ ആശുപത്രിയിൽ എത്തിച്ചുവെങ്കിലും മരിച്ചു. കൂടെയുണ്ടായിരുന്ന അയൽവാസിയായ ബിജു ഗുരുതര



*സുനിൽ കുമാർ*

മായ പരുക്കുകളോടെ മെഡിക്കൽ കോളേജിൽ. കവിതയാണ് ഭാര്യ. രണ്ടുമക്കൾ.

# കളിമൺ ഖനന കുളത്തിൽ ചാടി മരിച്ചു

**പോത്തൻകോട്:** മംഗലപുരത്തെ ക്ലേ കമ്പനിയുടെ ഖനന കുളത്തിൽ ജീവനക്കാരൻ ചാടി മരിച്ചു. വാലിക്കോണം മഹേഷ് നിവാസിൽ മഹീന്ദ്രൻ, വിജി ദമ്പതികളുടെ മകൻ മഹേഷ് (21) ആണ് മരിച്ചത്. ക്ലേയിലെ കരാർ ജീവനക്കാരനായ മഹേഷ് സഹപ്രവർത്തകരുമായി തിങ്കളാഴ്ച ഉച്ച മുതൽ മംഗലപുരത്തെ ക്ലെ മൈനിങ് സ്ഥലത്ത് ഉണ്ടായിരുന്നു. വീട്ടിലേക്ക് പോകുന്നു എന്നുപറഞ്ഞ മഹേഷ്, കുളത്തിലേക്ക് ചാടുകയായിരുന്നു എന്ന് സുഹൃത്തുക്കൾ പറഞ്ഞു. ഒപ്പമുണ്ടായിരുന്നവരിൽ രണ്ടുപേർ ചാടി രക്ഷിക്കാൻ ശ്രമിച്ചുവെങ്കിലും മഹേഷ് വെള്ളത്തിലേക്ക് താണുപോവുകയായിരുന്നു. രക്ഷിക്കാനിറങ്ങിയവരിൽ ഒരാൾ അപ



*മഹേഷ്*

കടത്തിൽപ്പെട്ടതിനെ തുടർന്ന് മുണ്ടുകൾ കൂട്ടിക്കെട്ടി എറിഞ്ഞുകൊടുത്താണ് രക്ഷിച്ചത്. വാലിക്കോണത്തെ ഖനനം നിർത്തിവെച്ചിരിക്കുകയാണ്. ജോലി നഷ്ടപ്പെട്ടതിലുള്ള മാനസിക ബുദ്ധിമുട്ട് കാരണമാണ് മഹേഷ് ആത്മഹത്യ ചെയ്തതെന്ന് ബന്ധുക്കളും സുഹൃത്തുക്കളും പറയുന്നു.

# ബൈക്കും വാനും കൂട്ടിയിടിച്ച് പ്രവാസി മരിച്ചു

**പന്തളം:** വിദേശത്തുനിന്ന് അവധിക്ക് നാട്ടിലെത്തിയ യുവാവ് ബൈക്കും വാനും കൂട്ടിച്ച അപകടത്തിൽ മരിച്ചു. ഉളനാട് ഇടയാടിയിൽ സജി സാമുവലിന്റെ മകൻ ലിജിൻ സജി(26) ആണ് മരിച്ചത്. ഇന്നലെ ഉച്ചകഴിഞ്ഞ് 2.45ന് പന്തളം- പത്തംനംതിട്ട റോഡിൽ മാമ്പിലാലി ജംഗ്ഷനു സമീപമാണ് അപകടം. ബൈക്കിൽ പത്തനംതിട്ടയ്ക്കു പോകുകയായിരുന്നു ലിജിൻ. പന്തളം ഭാഗത്തേയ്ക്ക് പാലുമായി വന്ന വാനാണ് ഇടിച്ചത്. പന്തളത്ത് സ്വകാര്യ ആശുപത്രിയിലെത്തിച്ചപ്പോഴേക്കും മരണം സംഭവിച്ചു. ഷാർജയിൽ ജോലി ചെയ്യുന്ന ലിജിൻ ഉളനാ



*ലിജിൻ സജി*

ട് സെന്റ് ജോൺസ് ഓർത്തഡോക്സ് വലിയപള്ളിയിലെ പെരുന്നാളിന് അവധിയ്ക്ക് കഴിഞ്ഞ മാസം വന്നതാണ്. ബുധനാഴ്ച മടങ്ങിപ്പോകാനിരിക്കുകയായിരുന്നു. ലൈസാമ്മ മാതാവും ലിജിയ , ലിഡിയ എന്നിവർ സഹോദരിമാരും.

---

## 21-ാം ചരമവാർഷികം
(12.02.2019)



**എൻ. സുന്ദരേശൻ**
[റിട്ട. ഹെഡ്ക്ലാർക്ക്, താലൂക്ക് ഓഫീസ്, ആറ്റിങ്ങൽ]
രാജഭവൻ, വടശ്ശേരിക്കോണം.
ദുഃഖിതരായ, ഭാര്യ : കെ. സുധർമ്മിണി,
മക്കൾ : അയിഷ മനോജ്, എസ്. ആദർശ്,
മരുമക്കൾ : എം.എസ്. മനോജ്, പൊന്നി ചന്ദ്രൻ,
ചെറുമക്കൾ : മാനവ് മനു, ചേതന മനു.

---

## വേർപാടിന്റെ 1-ാം വർഷം (12.02.2019)



**കെ.പി.കൃഷ്ണപ്രസാദ് (തങ്കി)**
കൊച്ചുപാർവ്വതി ഭവൻ TNRA.64
ഏണിക്കര, കരകുളം പി.ഒ.,
*ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്*
ദു:ഖിതരായ,
ഷിജി.പി (അശ്വതി)
ആദിത്യ.കെ. പ്രസാദ് (കണ്ണൻ)
ഫോൺ: 9847139618

---

## വേർപാടിന്റെ 13-ാം വർഷം (12.02.2019)



**എ. ഉമാദത്തൻ**
ശ്രീനിലയം,
അയന്തി, വർക്കല.
- സന്തപ്തകുടുംബാംഗങ്ങൾ.

---

## രണ്ടാം ചരമവാർഷികം (12.02.2019)



**അയ്യപ്പദാസ്.വി**
ഉഷസ്സ്, ചെമ്പഴന്തി പി.ഒ.
പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്,
ദുഃഖിതയായ ഭാര്യ :
ഉഷാ അയ്യപ്പദാസ്.

---

## ഈ സ്നേഹദീപത്തിന്റെ വേർപാടിന് ഇന്ന് (12.02.2019) 23 വർഷം തികയുന്നു!



**എൽ.ദേവയാനി**
ജയവിലാസം, കല്ലുംമൂട്,
പേട്ട, തിരുവനന്തപുരം.
- സന്തപ്തകുടുംബാംഗങ്ങൾ.

കേരളകൗമുദി

Established by **C.V. Kunjuraman** as a periodical in 1911



*രാജീവ്ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ഡി. ശരീര രചന പരീക്ഷയിൽ മൂന്നാം റാങ്ക് നേടിയ ഡോ. എസ്. നാരായണൻ. കർണാടകയിലെ ആൽവാസ് ആയുർവേദ മെഡി. കോളേജ് വിദ്യാർത്ഥിയായിരുന്നു. മണ്ണന്തല അമ്പലത്തിൻ വീട്ടിൽ പരേതനായ റിട്ട. ഡെപ്യൂട്ടി കളക്ടർ പി. സുകുമാരന്റെ പൗത്രനും ഷാജി സുകുമാരൻ (റിട്ട. കൺട്രോളിംഗ് ഇൻസ്പെക്ടർ കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ്), സിന്ധു (പേരൂർക്കട സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്) ദമ്പതികളുടെ പുത്രനുമാണ്. ഭാര്യ നിഷ, മകൻ ധ്രുവ് നാരായൺ.*


# ബി.ജെ.പി പ്രചാരണത്തിന് ഇന്ന് തുടക്കം, ആദിത്യനാഥ് 14 നും ഷാ 22 നും എത്തും

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണങ്ങൾക്ക് ഔപചാരിക തുടക്കം കുറിച്ച് ബി.ജെ.പി. ഇന്നു മുതൽ മാർച്ച് രണ്ടു വരെ രാജ്യമാകെ സംഘടിപ്പിക്കുന്ന ആദ്യഘട്ട പ്രചാരണത്തിന്റെ ഭാഗമായാണ് കേരളത്തിലെ പരിപാടികൾ. യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് വ്യാഴാഴ്ച പത്തനംതിട്ടയിലും, പാർട്ടി ദേശീയ അദ്ധ്യക്ഷൻ അമിത്ഷാ 22-ന് പാലക്കാട്ടും വിവിധ സമ്മേളനങ്ങളിൽ പങ്കെടുക്കും. ബൂത്ത്തല പ്രവർത്തകരുമായി പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിംഗ് വഴി സംവദിക്കുമെന്നും സംസ്ഥാന വക്താവ് എം.എസ്.കുമാർ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

'എന്റെ കുടുംബം ബി.ജെ.പി കുടുംബം' എന്ന പേരിൽ പ്രവർത്തകരുടെ വീടുകളിൽ പാർട്ടി പതാക ഉയർത്തൽ, സ്റ്റിക്കർ പതിക്കൽ പരിപാടിയുടെ ഉദ്ഘാടനം സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്. ശ്രീധരൻപിള്ളയുടെ കോഴിക്കോട്ടെ വീട്ടിൽ ഇന്നു നടക്കും. വ്യാഴാഴ്ച പത്തനംതിട്ടയിൽ എത്തുന്ന യോഗി ആദിത്യനാഥ് തിരുവനന്തപുരം, ആറ്റിങ്ങൽ, കൊല്ലം, പത്തനംതിട്ട, ലോക്സഭാ മണ്ഡലങ്ങളിലെ ശക്തികേന്ദ്ര ഇൻ ചാർജ്ജുമാരുടെ യോഗത്തിലും പത്തനംതിട്ടയിൽ, വോട്ടർപട്ടികയിലെ ഓരോ പേജിൽ ഉൾപ്പെടുന്ന വീടുകളിലെയും പ്രചാരണച്ചുമതല വഹിക്കുന്ന പേജ് പ്രമുഖ്മാരുടെ യോഗത്തിലും പങ്കെടുക്കും.



*യോഗി ആദിത്യനാഥ്*



*അമിത്ഷാ*

22ന് പാലക്കാട് എത്തുന്ന അമിത്ഷാ ആലത്തൂർ, മലപ്പുറം, പൊന്നാനി മണ്ഡലങ്ങളിലെ യോഗങ്ങളിൽ പങ്കെടുക്കും. മഹിളാമോർച്ചയുടെ ആഭിമുഖ്യത്തിൽ 26ന് 'കമൽജ്യോതി പ്രതിജ്ഞ' സംഘടിപ്പിക്കും. 28-നാണ് മോദി വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കുക. യുവമോർച്ചയുടെ ആഭിമുഖ്യത്തിൽ മാർച്ച് രണ്ടിന് ആയിരക്കണക്കിന് പ്രവർത്തകർ അണിനിരക്കുന്ന ബൈക്ക് റാലി ജില്ലാതലങ്ങളിൽ സംഘടിപ്പിക്കും. ശബരിമല കർമ്മസമിതിയുടെ പരിപാടികൾക്ക് ബി.ജെ.പി പിന്തുണ നൽകുമെന്നും എം.എസ്.കുമാർ പറഞ്ഞു.

പണ്ഡിറ്റ് ദീനദയാൽ സ്മൃതി ദിനവുമായി ബന്ധപ്പെട്ട് നടക്കുന്ന പരിപാടികൾ 15-ന് സമാപിക്കും.

## ഷൂട്ട് @ സൈറ്റ് — എൻ.ആർ. സുധർമ്മദാസ്



**തേനൂറും അഭ്യാസം...** *കെട്ടിടങ്ങളിലും മറ്റും തേനീച്ചകൾ ഒരുക്കിയ കൂട്ടിൽ നിന്ന് തേൻ എടുത്ത് വഴിയോരങ്ങളിൽ വലിയ വിലയ്ക്ക് വില്ക്കുന്ന അന്യസംസ്ഥാനക്കാരെ ഇപ്പോൾ ധാരാളമായി കാണാം. അതിസാഹസികമായാണ് ഇവർ തേനീച്ചകളെ തുരത്തി തേനെടുക്കുന്നത്. ആലപ്പുഴ ജില്ലയിലെ പാണാവള്ളി നീലംകുളങ്ങരയിലെ കേരള വാട്ടർ അതോറിട്ടിയുടെ ജലസംഭരണിയിലെ കൂട്ടിൽ നിന്ന് തേനെടുക്കുന്ന കാഴ്ച*

## മുല്ലപ്പെരിയാർ: കോടതിയലക്ഷ്യ ഹർജി തീർപ്പാക്കി

ന്യൂഡൽഹി: മുല്ലപ്പെരിയാറിൽ കേന്ദ്രത്തിന്റെയും തമിഴ്നാടിന്റെയും അനുമതിയില്ലാതെ പുതിയ അണക്കെട്ട് നിർമ്മിക്കില്ലെന്ന് കേരളം സുപ്രീംകോടതിയിൽ വ്യക്തമാക്കി. പുതിയ അണക്കെട്ടിന് സാദ്ധ്യതാപഠനം നടത്താൻ പരിസ്ഥിതി മന്ത്രാലയം അനുമതി നൽകിയതിനെതിരെ തമിഴ്നാട് സർക്കാർ നൽകിയ കോടതിയലക്ഷ്യ ഹർജിയിലാണ് കേരളം നിലപാട് വ്യക്തമാക്കിയത്.

മുല്ലപ്പെരിയാറിൽ നിലവിലുള്ള അണക്കെട്ടിന് താഴെ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനാണ് കേന്ദ്രം അനുമതി നൽകിയത്. തമിഴ്നാടിന്റെ സമ്മതത്തോടെയേ പുതിയ അണക്കെട്ട് നിർമ്മിക്കാവൂവെന്ന 2014ലെ സുപ്രീംകോടതി ഉത്തരവിന്റെ ലംഘനമാണിതെന്നും കേരളത്തിനും കേന്ദ്രത്തിനുമെതിരെ കോടതിയലക്ഷ്യ നടപടിയെടുക്കണമെന്നുമായിരുന്നു ആവശ്യം. പുതിയ അണക്കെട്ട് നിർമ്മിക്കുന്ന കാര്യത്തിലേ ഉത്തരവ് ബാധകമാകൂവെന്നും സാദ്ധ്യതാ പഠനം കോടതിയലക്ഷ്യമല്ലെന്നും കേരളം വാദിച്ചു. ഈ നിലപാട് ശരിവച്ച് ജസ്റ്റിസ് എ.കെ. സിക്രി അദ്ധ്യക്ഷനായ ബെഞ്ച് ഹർജി തീർപ്പാക്കുകയായിരുന്നു.

# അരുവിപ്പുറം പ്രതിഷ്ഠ നീതി നിഷേധത്തിനെതിരായ ആദ്യ ചുവടുവയ്പ്പ്: തുഷാർ വെള്ളാപ്പള്ളി

നെയ്യാറ്റിൻകര: കേരളത്തിലെ നീതി നിഷേധത്തിനെതിരെയുള്ള ആദ്യ ചുവടുവയ്പായിരുന്നു ശ്രീനാരായണ ഗുരുദേവൻ നടത്തിയ അരുവിപ്പുറം പ്രതിഷ്ഠയെന്ന് എസ്.എൻ.ഡി.പി യോഗം വൈസ് പ്രസിഡന്റ് തുഷാർ വെള്ളാപ്പള്ളി പറഞ്ഞു. എസ്.എൻ.ഡി.പി യോഗം നെയ്യാറ്റിൻകര യൂണിയനിലെ കരിങ്ങാലുംമൂട് ശാഖയിൽ പ്രതിഷ്ഠാ വാർഷികത്തോടനുബന്ധിച്ചുള്ള സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എസ്.എൻ.ഡി.പി യോഗവും എസ്.എൻ ട്രസ്റ്റും ശ്രീനാരായണ ധർമ്മസംഘവും ഒത്തുചേർന്ന് പ്രവർത്തിക്കുന്ന ഈ കാലഘട്ടം ഓരോ ശ്രീനാരായണീയർക്കും അഭിമാന മുഹൂർത്തമാണ്. സാമൂഹ്യ നീതിനിഷേധം ഭരണകർത്താക്കൾ ഇപ്പോഴും തുടരുന്നുണ്ട്. അതിൽ നിന്നു മോചനം ലഭിച്ച് സാമൂഹ്യപരമായ പുരോഗതി കൈവരിക്കണമെങ്കിൽ സംഘടിത ശക്തിയാകണം.



*എസ്.എൻ.ഡി.പി യോഗം കരിങ്ങാലുംമൂട് ശാഖയിലെ പ്രതിഷ്ഠാ വാർഷികത്തോടനുബന്ധിച്ചുള്ള സാംസ്കാരിക സമ്മേളനം തുഷാർ വെള്ളാപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു. അഡ്വ എസ്.കെ. അശോക് കുമാർ, കരമന ജയൻ, സി.കെ. ഹരീന്ദ്രൻ, എം.എൽ.എ, സുധ , കെ.ധർമ്മജൻ തുടങ്ങിയവർ സമീപം*

അതിനായുള്ള തീവ്രശ്രമങ്ങൾ യോഗം പ്രവർത്തകരുടെ ഭാഗത്ത് നിന്നുണ്ടാകണമെന്നും തുഷാർ വെള്ളാപ്പള്ളി പറഞ്ഞു.

പുതിയ ശാഖാ ഹാളിന്റെ ഉദ്ഘാടനവും തുഷാർ നിർവഹിച്ചു. നെയ്യാറ്റിൻകര യൂണിയൻ വൈസ് പ്രസിഡന്റും ശാഖാ ചെയർമാനുമായ കിരൺചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ പ്രസിഡന്റ് കെ.വി. സൂരജ് കുമാർ സംഘടനാ സന്ദേശവും യൂണിയൻ സെക്രട്ടറി ആവണി ബി. ശ്രീകണ്ഠൻ മുഖ്യ പ്രഭാഷണവും നടത്തി. ശാഖാ അംഗങ്ങൾക്കുള്ള പെൻഷൻ, സാമൂഹ്യക്ഷേമ പദ്ധതിയുടെ ഉദ്ഘാടനം സി.കെ. ഹരീന്ദ്രൻ എം.എൽ.എ നിർവഹിച്ചു.

നിർദ്ധനയായ ഒരു യുവതിയുടെ വിവാഹം നടത്താനുള്ള സ്വർണവും പണവും ചടങ്ങിൽ നൽകി. വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ യോഗം ഡയറക്ടർ ബോർഡ് അംഗം അഡ്വ എസ്.കെ. അശോക് കുമാർ അനുമോദിച്ചു.

റിട്ട. സബ് ജഡ്ജ് കെ.ധർമ്മജൻ, യോഗം ഡയറക്ടർ ബോർഡ് അംഗങ്ങളായ വൈ.എസ്. കുമാർ, സി.കെ. സുരേഷ് കുമാർ, ജില്ലാ പഞ്ചായത്ത് അംഗം അൻസജിത റസൽ, ബി.ജെ.പി ദേശീയ നിർവാഹക സമിതി അംഗം കരമന ജയൻ, തെറ്റിയാറ സുഗതൻ, ശിവകുമാർ, സുധ എന്നിവർ സംസാരിച്ചു. ശാഖാ കൺവീനർ ബിനോജ് മുടക്കവട്ടം സ്വാഗതവും അനി നാരായണപുരം നന്ദിയും പറഞ്ഞു.

## മകളുടെ വിവാഹ വിരുന്ന് സത്കാരം കഴിഞ്ഞ് മടങ്ങവേ അമ്മയ്ക്ക് ദാരുണാന്ത്യം

ആലുവ: മകളുടെ വിവാഹ വിരുന്ന് സത്കാരം കഴിഞ്ഞ് ഭർത്താവിനൊപ്പം ബൈക്കിൽ മടങ്ങിയ വീട്ടമ്മ അപകടത്തിൽ മരിച്ചു. കൊങ്ങോർപ്പിള്ളി കരിങ്ങാംതുരുത്ത് കരിപ്പക്കാട്ടിൽ വീട്ടിൽ കെ.പി. സുരേഷിന്റെ ഭാര്യ രമ (51) ആണ് മരിച്ചത്. സുരേഷിന് ഗുരുതരമായി പരിക്കേറ്റു.

ഞായറാഴ്ച വൈകിട്ട് ഏഴരയോടെ ആലങ്ങാട് പഞ്ചായത്ത് ഓഫീസിന് സമീപമാണ് ബൈക്ക് പോസ്റ്റിൽ ഇടിച്ച് അപകടത്തിൽപ്പെട്ടത്. ദമ്പതികളുടെ മകൾ അംഗിതയും ആലുവ എടയപ്പുറം ചോമാലിപറമ്പിൽ സി.ഡി. പ്രകാശന്റെ മകൻ സനീഷും തമ്മിലുള്ള വിവാഹം ഞായറാഴ്ചയാണ് നടന്നത്. വൈകിട്ട് ചൂണ്ടി സെന്റ് പയസ് ചർച്ച് ഹാളിലായിരുന്നു വരന്റെ വിരുന്ന് സത്കാരം. മക്കളെ വീട്ടിലേക്ക് സ്വീകരിക്കുന്നതിനുള്ള ഒരുക്കങ്ങൾക്കായി സുരേഷും രമയും ഇവിടെ നിന്നും ബൈക്കിൽ നേരത്തേ മടങ്ങുമ്പോഴാണ് അപകടം.

ഇരുവരെയും ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ എത്തിച്ചെങ്കിലും ഇന്നലെ പുലർച്ചെ രണ്ടരയോടെ രമ മരിച്ചു. തലയിലും നെഞ്ചിനും ഏറ്റ ചതവാണ് മരണകാരണം. സുരേഷിന്റെ വാരിയെല്ലിനും കൈയ്ക്കും പൊട്ടലുണ്ട്. വീടിന് സമീപത്തെ സ്റ്റീൽ ഫർണിച്ചർ കമ്പനിയിലെ ജീവനക്കാരിയായിരുന്നു രമ. രമയുടെ മൃതദേഹം കളമശേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം ആലങ്ങാട് നന്ദിപറമ്പ് ശ്മശാനത്തിൽ സംസ്കരിച്ചു. അതുൽ, അശ്വിൻ എന്നിവരാണ് മറ്റ് മക്കൾ.



*രമ*

## സുപ്രീം കോടതിയുടെ നിർദ്ദേശം

# സംസ്ഥാനതലത്തിൽ ന്യൂനപക്ഷ നിർവചനം: ന്യൂനപക്ഷകമ്മിഷൻ തീരുമാനമെടുക്കണം

ന്യൂഡൽഹി: സംസ്ഥാനതലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളെ നിർവചിക്കണമെന്ന ആവശ്യം സുപ്രീംകോടതി ദേശീയ ന്യൂനപക്ഷകമ്മിഷന് വിട്ടു. ഈ ആവശ്യവുമായി ബി.ജെ.പി നേതാവും അഭിഭാഷകനുമായ അശ്വിനികുമാർ ഉപാദ്ധ്യായ നൽകിയ അപേക്ഷയിൽ സാദ്ധ്യമെങ്കിൽ മൂന്നുമാസത്തിനുള്ളിൽ തന്നെ തീരുമാനമെടുക്കണമെന്ന് ചീഫ്ജസ്റ്റിസ് രഞ്ജൻ ഗോഗോയ് അദ്ധ്യക്ഷനായ ബെഞ്ച് നിർദ്ദേശിച്ചു.

ദേശീയാടിസ്ഥാനത്തിലല്ലാതെ സംസ്ഥാന ജനസംഖ്യാടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗങ്ങളെ കണ്ടെത്തണമെന്ന ആവശ്യവുമായി 2017ൽ അശ്വനികുമാർ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. ന്യൂനപക്ഷ കമ്മിഷന് മുന്നിൽ ഉന്നയിക്കാൻ അന്ന് കോടതി നിർദ്ദേശിച്ചു. എന്നാൽ അപേക്ഷ നൽകി 15 മാസം കഴിഞ്ഞിട്ടും കമ്മിഷനിൽ നിന്ന് ഒരു പ്രതികരണവുമുണ്ടായിട്ടില്ലെന്ന് ചൂണ്ടിക്കാട്ടി അശ്വനികുമാർ വീണ്ടും സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു.

സംസ്ഥാനതല പ്രാതിനിദ്ധ്യം കണക്കിലെടുത്ത് ന്യൂനപക്ഷങ്ങളെ നിർവചിക്കണം. ഇതിനായി 1992ലെ ദേശീയ ന്യൂനപക്ഷ കമ്മിഷൻ ആക്ട് റദ്ദാക്കണം. സംസ്ഥാനതലത്തിൽ ന്യൂനപക്ഷങ്ങളെ കണ്ടെത്തുന്നതിന് മാർഗനിർദ്ദേശം പുറപ്പെടുവിക്കണം. എന്നിവയാണ് അശ്വിനികുമാറിന്റെ ആവശ്യം. ന്യൂനപക്ഷങ്ങൾക്കുള്ള അവകാശം യഥാർത്ഥ ന്യൂനപക്ഷങ്ങൾക്ക് നിഷേധിക്കുന്നത് ഏകപക്ഷീയവും യുക്തിരഹിതവുമാണെന്നും ഹർജിയിൽ പറയുന്നു. പലസംസ്ഥാനങ്ങളിലും ഹിന്ദുമതം ന്യൂനപക്ഷമാണെന്നും അശ്വനികുമാർ വ്യക്തമാക്കുന്നു.

### കണക്ക് ഇങ്ങനെ

ദേശീയ ന്യൂനപക്ഷ കമ്മിഷൻ ആക്ട് പ്രകാരം രാജ്യത്ത് മുസ്ലിം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈന വിഭാഗങ്ങളാണ് മത ന്യൂനപക്ഷ പദവിയുള്ളത്.

പഞ്ചാബിൽ സിക്ക്, വടക്കു കിഴക്കൻ സംസ്ഥാനങ്ങളായ അരുണാചൽ പ്രദേശ്, മേഘാലയ, മിസോറാം, നാഗാലാൻഡ് എന്നിവിടങ്ങളിൽ ക്രിസ്തുമതവും ജമ്മുകാശ്മീരിലും ലക്ഷദ്വീപിലും മുസ്ലിങ്ങളുമാണ് ജനസംഖ്യാടിസ്ഥാനത്തിൽ ഭൂരിപക്ഷം.

ഈ കണക്ക് ചൂണ്ടിക്കാട്ടിയാണ് സംസ്ഥാനതലത്തിൽ ന്യൂനപക്ഷങ്ങളെ നിർവചിക്കണമെന്ന് ആവശ്യപ്പെടുന്നത്.

## നിര്യാതയായി



തിരുവനന്തപുരം: വഞ്ചിയൂർ മാത്തുർ ഭവനിൽ കെ.ആർ. ഉണ്ണിക്കൃഷ്ണൻ നായരുടെ ഭാര്യ പ്രമുഖ ഗൈനക്കോളജിസ്റ്റ് ഡോ. രാജേശ്വരി ഉണ്ണിക്കൃഷ്ണൻ (81) നിര്യാതയായി. ജി.ജി ഹോസ്പിറ്റൽ, ആനടിയിൽ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. മക്കൾ : ഡോ. ജ്യോത്സ്ന, ഡോ. ജ്യോതി, ജയറാം. മരുമക്കൾ: ഡോ. ആർളിൻ, അപർണ ആർ. പിള്ള. സംസ്കാരം പിന്നീട്.

## കടലിൽ കുളിക്കാനിറങ്ങിയ 2 വിദ്യാർത്ഥികൾ മുങ്ങി മരിച്ചു

കരുനാഗപ്പള്ളി: വെള്ളനാതുരുത്തിൽ കടലിൽ കുളിക്കാനിറങ്ങിയ മൂന്നു സ്കൂൾ വിദ്യാർത്ഥികളിൽ രണ്ടു പേർ മുങ്ങി മരിച്ചു. ഒരാളെ നാട്ടുകാർ രക്ഷപ്പെടുത്തി. പണ്ടാരതുരുത്ത് കുന്നുംപുറത്ത് മത്സ്യത്തൊഴിലാളിയായ ബേബിയുടെയും ദീപയുടെയും മകൻ അഭിഷേക് (14), ഐ.ആർ.ഇ സിവിൽ ഫോറം തൊഴിലാളി പണ്ടാരതുരുത്ത് കായൽ വാരത്ത് അഭയചന്ദ്രന്റെയും ഷെർളിയുടെയും മകൻ അഭീഷ് ചന്ദ്രൻ (14) എന്നിവരാണ് മരിച്ചത്. പണ്ടാരതുരുത്ത് സ്വദേശി ദ്വാരകനാഥിനെ (14) നാട്ടുകാർ രക്ഷപ്പെടുത്തി.

കരുനാഗപ്പള്ളി ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ 9-ാം ക്ലാസ് വിദ്യാർത്ഥികളാണ് ഇരുവരും. ഇന്നലെ രാവിലെ 10 മണിയോടെയായിരുന്നു ദുരന്തം. രാവിലെ ഒൻപതരയോടെ ഇരുപത്തിയഞ്ചോളം കുട്ടികൾ സ്കൂളിൽ നിന്ന് നാലര കിലോമീറ്റർ അകലെയുള്ള ബീച്ചിൽ എത്തുകയായിരുന്നു. ദുരന്തത്തിനിരയായ വിദ്യാർത്ഥികളുടെ വീടുകൾ ഈ പ്രദേശത്താണ്. അപകടസാദ്ധ്യത മനസിലാക്കിയ നാട്ടുകാർ കുട്ടികളെ വിരട്ടി ഓടിച്ചിരുന്നു. എന്നാൽ നാട്ടുകാരുടെ ശ്രദ്ധയിൽപ്പെടാതെ കടലിൽ കുളിക്കാനിറങ്ങിയ മൂന്നുപേരും തിരയിൽപ്പെടുകയായിരുന്നു. ഇവരുടെ നിലവിളികേട്ട് മത്സ്യത്തൊഴിലാളികൾ ഓടിയെത്തിയെങ്കിലും ദ്വാരകനാഥിനെ മാത്രമേ രക്ഷിക്കാൻ കഴിഞ്ഞുള്ളൂ. ഫയർഫോഴ്സും മത്സ്യത്തൊഴിലാളികളായ നാട്ടുകാരും നടത്തിയ തെരച്ചിലിൽ ഉച്ചയ്ക്ക് ഒന്നരയോടെ മൃതദേഹങ്ങൾ കണ്ടെടുത്തു. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിന് ശേഷം മൃതദേഹങ്ങൾ സംസ്കരിച്ചു.



*അഭിഷേക്*



*അഭീഷ് ചന്ദ്രൻ*

## അനിൽ ആന്റണി യോഗ്യനെന്ന്

കോഴിക്കോട്: കെ.പി.സി.സി ഡിജിറ്റൽ മീഡിയ സെൽ കൺവീനറായി അംഗം എ.കെ. ആന്റണിയുടെ മകൻ അനിൽ ആന്റണിയെ നിയമിച്ച എ.ഐ.സി.സി നടപടിയിൽ കെ.എസ്.യുവിന് വിയോജിപ്പില്ലെന്ന് സംസ്ഥാന പ്രസിഡന്റ് കെ.എം. അഭിജിത്ത് പറഞ്ഞു.

എറണാകുളം ജില്ലാ കമ്മിറ്റി ഇതിനെതിരെ കൊണ്ടുവന്ന പ്രമേയം അനാവശ്യമാണ്.

**ഒന്നാം ചരമ വാർഷികം**

12.02.2019



**കെ.പി.കൃഷ്ണപ്രസാദ് (തങ്കി)**

കൊച്ചുപാർവ്വതി ഭവൻ
ഏണിക്കര, കരകുളം

ദുഃഖാർത്തയായ സഹോദരി: ചന്ദ്രമതി (ഇന്ദിര)

# വീട്ടമ്മയെ കൊന്ന് ചാക്കിൽ കെട്ടിയ സംഭവം: മൂന്നുപേർ അറസ്റ്റിൽ

പാലക്കാട്: കാണാതായ വീട്ടമ്മയുടെ മൃതദേഹം ചാക്കിൽ കെട്ടിയ നിലയിൽ കണ്ടെത്തിയ സംഭവത്തിൽ മൂന്നുപേർ അറസ്റ്റിൽ. ഇവരുടെ അയൽവാസിയായ കമൻകാട് സ്വദേശി ഷൈജു (32), ബന്ധു വിജീഷ് (30), സുഹൃത്ത് കൊഴിഞ്ഞമ്പാറ കൊഴിഞ്ഞൽപറമ്പ് പി.ഗിരീഷ് (34) എന്നിവരാണ് അറസ്റ്റിലായത്. മാത്തൂർ സ്വദേശിയും സി.പി.എം നേതാവായിരുന്ന സഹദേവന്റെ ഭാര്യയുമായ ഓമനയുടെ മൃതദേഹമാണ് കഴിഞ്ഞ ദിവസം അയൽപക്കത്തെ വീട്ടിൽ നിന്ന് കണ്ടെത്തിയത്. ആഭരണങ്ങൾ മോഷ്ടിക്കുന്നതിനായാണ് കൊലനടത്തിയത്. ആഭരണങ്ങൾ അഴിച്ചെടുക്കാൻ ശ്രമിക്കുന്നതിനിടെ മർദ്ദിച്ചതായും ബോധം നഷ്ടപ്പെട്ടപ്പോൾ കെട്ടി ചാക്കിലാക്കിയതായും പ്രതികൾ മൊഴി നൽകിയിട്ടുണ്ട്. പ്രതികളുടെ വീട്ടിൽ നിന്ന് അര കിലോമീറ്റർ അകലെയാണ് ഓമനയുടെ ഉടമസ്ഥതയിലുള്ള നെൽപ്പാടം. രാവിലെയും വൈകിട്ടും ഇവർ പാടത്തെത്തും. പ്രതികളുടെ വീടിനപ്പുറം മറ്റു വീടുകളില്ല. ഇവിടെവച്ചാകാം കൊലപാതകം നടത്തിയതെന്നു സംശയിക്കുന്നതായി പൊലീസ് പറഞ്ഞു.

ശനിയാഴ്ച ഉച്ചയ്ക്കുശേഷം ഓമനയെ കാണാതായതോടെ ബന്ധുക്കളും നാട്ടുകാരും സമീപ പ്രദേശങ്ങളിൽ തെരച്ചിൽ നടത്തിയിരുന്നു. അന്നേ ദിവസം വൈകിട്ട് ഓമനയുടെ ഫോണിൽ ബന്ധപ്പെട്ട മരുമകനോട് ഫോണെടുത്തയാൾ കയർത്ത് സംസാരിച്ചത് ബന്ധുക്കളിൽ സംശയമുണർത്തി. തുടർന്ന് ഞായറാഴ്ച രാവിലെ ഓമനയുടെ കൊച്ചുമകൻ അഭിലാഷിന് ഷൈജുവിന്റെ വീട്ടിനു മുന്നിലെ വെള്ളച്ചാലിൽ നിന്ന് ഓമനയുടെ കുട ലഭിച്ചു.

ഇതിനിടെ ചുങ്കമന്ദത്തെ തുണിക്കടയിൽ രണ്ട് യുവാക്കൾ തുണി വാങ്ങാനെത്തിയ ശേഷം പണത്തിനു പകരം സ്വർണ വള കൊടുക്കാൻ ശ്രമിച്ചതിന്റെ സി.സി.ടി.വി. ദൃശ്യങ്ങൾ കടയുടമ പൊലീസിന് കൈമാറി. ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിലാണ് ബന്ധുവിന്റെ കല്യാണവീട്ടിലായിരുന്ന ഷൈജുവിനെ പിടികൂടിയത്.




www.kaumudy.tv | For Advertisement North Zone - 9946108315 | Central Zone - 9946108251 | South Zone - 9995463872 | www.youtube.com/kaumudy | www.facebook.com/kaumudylive

Vol. No. 109 Issue No. 41 R.No.3052/57 (R.No. KL/TV(N) 72/2018-20 ) Printed and Published by **Darshan Ravi** from Kaumudi Buildings, Thiruvananthapuram-695 024 on behalf of Kerala Kaumudi (Pvt.) Ltd. and printed at Ravi Printers & Publishers (P) Ltd., Thiruvananthapuram. Phone: **2461010, 2461050, 0471 - 7117000, Fax: 7116905** e-mail: **news @ keralakaumudi.com, desk@kaumudi.com** Chief Editor : **Deepu Ravi** (Responsible for selection of news under the PRB Act) .